

കേരള സർക്കാർ

സെക്രട്ടേറിയേറ്റ്,
തിരുവനന്തപുരം-695 001
നം. 134/പ്രസ്/സി.എം.ഒ/2016
ആഗസ്റ്റ് 26, 2016


**പിണറായി വിജയൻ**
മുഖ്യമന്ത്രി

# സന്ദേശം

സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 'സീൻലെറ്റ്' എന്ന പേരിൽ ഓണം വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

ടെലിഫോൺ: 04712333 812, 2333 682; ഫാക്സ്: 0471 2333 488
ഇമെയിൽ: chiefminister@kerala.gov.in വെബ്സൈറ്റ്: www.keralacm.gov.in



കേരള സർക്കാർ

**കടകംപള്ളി സുരേന്ദ്രൻ**
വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി

# സന്ദേശം

ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ മേഖലയിലും ശാസ്ത്രരംഗ ത്തും കേരളത്തിലെ ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന സി-ഡിറ്റിന്റെ കാൽനൂറ്റാണ്ടിൽ അധികമായിട്ടുള്ള പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. സ്തുത്യർഹ സേവനത്തിന്റെ ഇക്കാലയളവിൽ സി-ഡിറ്റിന്റെ സഹയാത്രി കനായ എനിക്കും അഭിമാനത്തിന്റെ മുഹൂർത്തമാണ്. അസോസിയേഷന്റെ മുഖമാസികയായ സീൻലെറ്റിനും നമ്മുടെ എല്ലാ കുടുംബാംഗങ്ങൾക്കും ഓണാശംസകൾ നേരുന്നു.

ആശംസകളോടെ,

**കടകംപള്ളി സുരേന്ദ്രൻ**

ടെലിഫോൺ: 0471233 6605, ഫാക്സ്: 0471 233 6605, മൊബ്: +91 94470 48543
ഇമെയിൽ: kadakampallysurendran99@gmail.com

# CONTENT

11 **ലൂമിയർ സിനിമറ്റോഗ്രാഫ്**
മാക്സിം ഗോർക്കി

08 **പി.ജിയും മാധ്യമങ്ങളും**
ദാമോദർ പ്രസാദ്

14 **ആരാച്ചാർ**
സുജിലാറാണി വി.എം.

18 **Importance of Cloud Computing in Education**
Gayathri Devi A.

24 **മതതീവ്രവാദം ഫാസിസത്തിന്റെ മുഖമുദ്ര**
ബി. സതീശൻ

26 **മതവെറിയുടെ ഭയപ്പെടുത്തലുകൾ**
സപ്നേഷ് വരച്ചൽ

30 **കല കലഹം**
ഷജിത്ത് ആർ.ബി.

34 **ഫാസിസത്തിന്റെ പ്രയോഗം**
എ.ആർ. തമ്പി

38 **തീൻമേശയിലെ ഭയപ്പാടുകൾ**
സുർജിത്ത് വി.എസ്.

42 **കലാലയങ്ങൾ കാവി പുതയ്ക്കുമ്പോൾ**
സുധീർ വാപ്പാല

45 **ഭയകൗടില്യലോഭങ്ങൾ വളർത്തില്ലൊരു നാടിനെ**
സന്തോഷ് സി.

48 **ഭയപ്പെടുന്ന കേരള സമൂഹം**
ഷൈന

50 **ഇത് നമ്മുടെ കഥയല്ല**
അനു ഖാൻ

## CEAN-LET
Editorial Board

*ചീഫ് എഡിറ്റർ*
**ബി. സതീശൻ**

*കൺവീനർ*
**സപ്നേഷ് വരച്ചൽ**

ജിബി പി. എബ്രഹാം
പ്രശാന്ത് വി.
പ്രദീപ് കുമാർ ആർ.
ഗോപീകൃഷ്ണൻ എ.ആർ.
സാജൻ അമ്പാടിയിൽ
രഞ്ജിത്ത് കുമാർ
മനുലാൽ
വിപിൻ
അജയ് വിജയ്
നിലീന പി.
സന്തോഷ് സി.
ഷജിത്ത് ആർ.ബി.
സുർജിത്ത് വി.എസ്.

CEAN-LET Thanks

2015-ലെ ഓണം വിശേഷാൽപ്പതിപ്പിലേക്ക് കലാ-സാഹിത്യസൃഷ്ടികൾ നൽകിയ സി-ഡിറ്റ് ജീവനക്കാർ, വിദ്യാർത്ഥികൾ, സുഹൃത്തുക്കൾ ഇതിനോടൊപ്പം പ്രവർത്തിച്ച സഹപ്രവർത്തകർ, പരസ്യങ്ങൾ നൽകിയ സ്ഥാപനങ്ങൾ എന്നിവർക്ക്.

*Cover Painting*
Shajith R.B.

*Layout Supervision*
Godfrey Das

*Cartoons*
Jishnu P. Raj

*Layout*
Prasanth V.
Pradeep Kumar R.
Anand Godfrey
Sreelekha C.S.
Surjith
Shajith R.B.

*DTP*
Anand Balan
Jaya
Rajeswari
Aswani
Deepa

*Printed at*
Akshara Offset, TVM

*Printed and Published by*
B. Satheesan
General Secretary, CEA for Private circulation only

# CONTENT


55 **പ്രണാമം**
പ്രേംസുജ

56 **വാഗാ അതിർത്തിയിലെ പിൻവാങ്ങൽ പരേഡ്**
ശാന്തിവിള പത്മകുമാർ

58 **മഴ ഒരോർമ്മ**
നിലീന പി.

66 **ഇലമർമ്മരങ്ങൾ**
പ്രേംസുജ

71 **ഓർമ്മയിൽ ഓണം**
അഡ്വ. ബിനോയ് അലോഷ്യസ്

72 **മലമടക്കുകളിലൂടെ ഒരു യാത്ര**
അരുൺബാബു

76 **ആവർത്തനങ്ങൾ**
ധന്യാലാൽ

79 **ലോകത്തിന്റെ അമ്മ**
ഗോപീകൃഷ്ണൻ എ.ആർ.

83 **നിറങ്ങൾ**
ഷിജില മോഹൻ
**നിഴൽ**
വിപിൻ

84 **കടൽ**
അമൃത ബി.
**പുത്രദുഃഖം**
പ്രീത

85 **ഗുണ്ടർട്ടിന്റെ സ്വന്തം നാട്**
രഞ്ജിത്ത് കുമാർ ആർ.

88 **പറയാൻ മറന്നത്**
സുസ്മിത

90 **സൂര്യതപസ്വിനി**
രാജേശ്വരി ആർ.

91 **GNU/Linux Distributions**
Tanzeem M.B.

96 **നീ**
അനസ്യ
**അഗ്നി**
നിത്യ ഡി.കെ.

97 **ആർദ്ര**
ദേശബന്ധു

102 **സിനിമ: പുതുമുഖ സംവിധായകരിലൂടെ**
ജിഷ്ണു

118 **റിയോ ഒളിമ്പിക്സിലെ പെൺകരുത്ത്**
**അഞ്ജിത ഗോവിന്ദ്**

107 **വിദൂരതയിലേക്ക് ഒരു യാത്ര**
സ്വജീഷ് പി.പി.
**വിധവ**
നിഖിൽ

108 **ആത്മവിദ്യാലയമേ നന്ദി**
അഖിൽ പ്രഭാകരൻ

111 **സ്നേഹപൂക്കളം**
വി.ടി. രശ്മി
**ഉറക്കം**
വിജുകുമാർ എൻ.

114 **ദൃശ്യവിസ്മയങ്ങളുടെ ഡിജിറ്റൽ ലോകം**
രാജേഷ് കുമാർ എ.ആർ.

117 **വെളിച്ചം**
അഖിലാരാജു
**Kinship**
Deepa Rajesh
**റോജാവിൻ നിനൈവുകൾ**
മണിമാരൻ

122 **കറുപ്പ് ഒരു നിറം മാത്രമാണ്**
സലേഷ് എം.എസ്.

125 **തിരിഞ്ഞു നോക്കുമ്പോൾ**
ശ്യാഗിൻ എടത്തനിൽ

127 **She**
Prathibha Babu

128 **മുൻപേ നടന്നവർ**
നിലീന

132 **പാമരൻ**



# നല്ല നാളെയ്ക്കുവേണ്ടിയുള്ള പ്രതീക്ഷ



ബി. സതീശൻ

ദുരിതവും ദുരാഗ്രഹികളുടെ ദുർചിന്തയും ദുഷ്പ്രവർത്തിയുമായി തിമിർത്താടിയ കാലം. പ്രതീക്ഷിച്ചതിലുമേറെ അനുഭവിക്കേണ്ടി വന്ന നാളുകൾ. ചെറുത്തുനിൽപ്പിനായി അങ്കംവെട്ടി സ്ഥാപനത്തിനും ജീവനക്കാർക്കും രക്ഷാകവചം തീർത്ത ദിനങ്ങൾ. മലയാളിയുടെ മാനം കവർന്ന സംഭവങ്ങളുടെ കലവറ തുറന്നവേളകൾ. സി-ഡിറ്റിലെ ജീവനക്കാർ ദുസ്വപ്നങ്ങൾ കണ്ട നാളുകളായിരുന്നു യു.ഡി.എഫിന്റെ കഴിഞ്ഞ അഞ്ചുവർഷം. ഇനിയൊരഞ്ച് വർഷം ഇങ്ങനെ ഉണ്ടാകരുതെ എന്ന് മനസ്സിൽ മന്ത്രിച്ചുകൊണ്ടായിരുന്നു ഓരോ ജീവനക്കാരനും ഉറങ്ങിയിരുന്നത്. വിശ്വാസികളുടെ പ്രാർത്ഥനയും അവിശ്വാസികളുടെ ആഗ്രഹങ്ങളും സഫലമായി എന്നത് നല്ല നാളേക്കുവേണ്ടിയുള്ള പ്രതീക്ഷയായി. 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്ന മുദ്രാവാക്യം കേരളത്തിലെ ജനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. യു.ഡി.എഫ്. ഭരണം കൊണ്ട് പൊറുതി മുട്ടി നിൽക്കുന്ന മലയാളിയുടെ മനസ്സിൽ ആശ്വാസകിരണമായി മാറുകയായിരുന്നു 'എല്ലാം ശരിയാകു'മെന്ന സന്ദേശം.

വാഗ്ദാനങ്ങളുടെ മോഹനവലയത്തിൽ ജീവനക്കാരെ ആവാഹിച്ചായിരുന്നു സി-ഡിറ്റിലെ യു.ഡി.എഫ്. ഭരണ തുടക്കം, ഡയറക്ടറുടെ ആദ്യ പ്രഖ്യാപനങ്ങൾ, വാഗ്ദാന പെരുമഴയിൽ കുളിച്ചാറാടിയ പാവം ജീവനക്കാർ പലതും സ്വപ്നംകണ്ടുപോയി. പിന്നീടുള്ള കാഴ്ചകൾ വളരെ ദയനീയമായിരുന്നു. യമന്റെ അവതാരത്തോടെ ഭരണകക്ഷി യൂണിയൻ നേതാവ് ഡയറക്ടറുടെ പുറത്തുകയറിയിരുന്ന് നയിക്കുന്ന ദയനീയ കാഴ്ചായയാണ് കണ്ടത്.

സി-ഡിറ്റിൽ നാളിതുവരെ കാണാൻ കഴിയാത്തവിധം നടന്ന ഭരണകർത്താക്കൾ തമ്മിലുള്ള അധികാരപോരും തുടർന്നുള്ള സംഭവങ്ങളും ജീവനക്കാരെ വല്ലാതെ തളർത്തുകയും സ്ഥാപനത്തിന്റെ താളം തെറ്റിക്കുകയും ചെയ്തു. പുതിയ പദ്ധതികൾ നേടുന്നതിനും സർക്കാരിന്റെ സാമ്പത്തികാനുകൂല്യം കൂടുതൽ ലഭിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുന്നതിനു പകരം അഴിമതി നിയമനങ്ങൾ നടത്തുന്നതിൽ മത്സരിക്കുകയായിരുന്നു ഭരണകർത്താക്കളും ഭരണകക്ഷി യൂണിയൻ നേതാക്കളും. ലക്ഷങ്ങൾ കോഴ വാങ്ങി നടത്തിയ നിയമനങ്ങൾ സ്ഥാ

പനത്തിന് സാമ്പത്തിക പ്രഹരം ഏല്പിച്ചു. മന്ത്രി ഓഫീസിലെയും കോൺഗ്രസ് നേതാക്കളുടെയും സി-ഡിറ്റ് ഭരണകർത്താക്കളുടെയും ബന്ധുക്കളെ കുത്തിനിറച്ചതിനു പുറമെ പാവങ്ങളായ പല ഉദ്യോഗാർത്ഥികളെയും കബളിപ്പിച്ച് ലക്ഷങ്ങൾ തട്ടിയെടുത്ത് സി-ഡിറ്റിൽ നിയമിച്ചു. അവരുടെ തീരാശാപം ആരു കഴുകിക്കളയും.

ഭരണകക്ഷി യൂണിയനാകട്ടെ നേതാക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള നേട്ടോട്ടത്തിലായിരന്നു. അനധികൃത പ്രമോഷനും ശമ്പളവർദ്ധനവും നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾക്കു പുറമെ അവർ ജോലിയെടുക്കുന്ന ഡിപ്പാർട്ടുമെന്റിൽ ക്രമക്കേട് നടത്തി പരമാവധി സാമ്പത്തികം തരപ്പെടുത്തുന്ന തിരക്കിലായിരുന്നു. അഴിമതി നടത്താൻ മത്സരിച്ചവർ ജീവനക്കാരിൽ നിന്നും ഒറ്റപ്പെടുകയും തമ്മിൽ കലഹിച്ച് രണ്ടായി പിരിയുന്നതുമാണ് ഒടുവിൽ നാം കണ്ടത്.

സി-ഡിറ്റിന്റെ ചരിത്രത്തിലെ ഏറ്റവും സംഘർഷപൂരിതമായ കാലഘട്ടമായിരുന്നു. രാഷ്ട്രീയ വിവേചനത്തിലൂടെ നടത്തിയ തരംതാണ ഭരണം. ഇതിനെതിരെ നിരവധി പോരാട്ടങ്ങളാണ് ജീവനക്കാർക്ക് നടത്തേണ്ടി വന്നത്. അഴിമതിക്കെതിരെയും ജീവനക്കാരുടെ അവകാശത്തിനുവേണ്ടിയും നടത്തിയ പോരാട്ടങ്ങളെ അധികാരി പ്രതികാര നടപടികളിലൂടെ നേരിടുവാനാണ് ശ്രമിച്ചത്. എന്നാൽ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടങ്ങൾക്ക് അസോസിയേഷൻ നേതൃത്വം നൽകി ജീവനക്കാർക്ക് സംരക്ഷണം നൽകുകയും അവകാശങ്ങൾ നേടിയെടുക്കുന്നതിൽ വിജയിക്കുകയും ചെയ്തു. ശമ്പളം വർദ്ധിപ്പിക്കുന്നതിലും അപാകതകൾ ഒരുപരിധിവരെ പരിഹരിക്കുന്നതിനും ഇടക്കാലാശ്വാസം ലഭിക്കുന്നതിനും കരാർ കാലാവധി 4 വർഷത്തേക്ക് നീട്ടുന്നതിനും സ്ഥിരപ്പെടുത്തുന്നതിനും കഴിഞ്ഞു എന്നത് വലിയ നേട്ടങ്ങളാണ്.

ഇരുണ്ട കാലഘട്ടം തീരാറായപ്പോഴും ജീവനക്കാരെ വിഘടിപ്പിച്ച് സി.ഇ.എയെ തകർക്കാൻ ശ്രമിച്ചു. സർക്കാരിന്റെയും സി-ഡിറ്റിലെയും ദുർഭരണത്തിന്റെ അന്ത്യത്തിനായി കാത്തിരുന്നവരുടെ മുമ്പാകെ പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നു.

ലോകമലയാളി സമൂഹം തലകുനിച്ചു പോയ നാണംകെട്ട സംഭവങ്ങൾ. സംസ്ഥാനത്തിന്റെ പ്രകൃതി സമ്പത്തിനെ കോർപ്പറേറ്റുകൾക്കും ജയിലിൽ കഴിയുന്ന സ്വാമിമാർക്കും തീറെഴുതി കോടികളുടെ അഴിമതികൾ, ബാർ കോഴ, ഭൂമി തട്ടിപ്പ് എന്നിങ്ങനെ സംസ്ഥാന സർക്കാരിനെതിരെയുള്ള പൊതുസമൂഹത്തിന്റെ പ്രതിഷേധം രേഖപ്പെടുത്താൻ ജനങ്ങൾ കാത്തിരുന്നു. സി-ഡിറ്റിൽ നടത്തിയ ദുർഭരണത്തിനെതിരായ ജീവനക്കാരുടെ വികാരം പ്രകടിപ്പിക്കാനുള്ള അവസരത്തിനായി ജീവനക്കാരും ഒരുങ്ങിയിരുന്നു. തെരഞ്ഞെടുപ്പ് ദിവസം അടുത്തെത്തിയ ഘട്ടത്തിൽ സ്വന്തം സർക്കാരിന്റെ നിർദ്ദേശവും അവഗണിച്ച് ചട്ടലംഘനം നടത്തി ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാരെ കബളിപ്പിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിരീക്ഷണവാഹനങ്ങൾ ദിനവും സി-ഡിറ്റിൽ കയറിയിറങ്ങുന്ന അവസ്ഥ വന്നു. വാർത്തകളിൽ സി-ഡിറ്റ് നിറഞ്ഞുനിന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം ലംഘിച്ചതിന്റെ പേരിൽ സസ്പെൻഷൻ നടപടി ഏറ്റുവാങ്ങുന്ന സംസ്ഥാനത്തെ ഏക അധികാരിയായി സി-ഡിറ്റിന്റെ ഡയറക്ടർ കുപ്രസിദ്ധനായി. പക്ഷെ സ്ഥാപനവും ജീവനക്കാരും പൊതുസമൂഹത്തിന്റെ മുന്നിൽ തലകുനിക്കേണ്ടിവന്നു. വണ്ടിപിടിത്ത വാർത്തകൾ മുഖേനയുണ്ടായ നാണക്കേടിൽനിന്നും കരകയറി വന്നപ്പോഴാകട്ടെ ഇരുട്ടടിപോലെ അവസാനസംഭാവനയും നൽകിയിട്ടാണ് സി-ഡിറ്റ് അധികാരി പടിയിറങ്ങിയത്.

സി-ഡിറ്റ് ജീവനക്കാരെപ്പോലെ കേരളത്തിലെ ജനങ്ങളാകെ ആഗ്രഹിച്ച ഫലം തെരഞ്ഞെടുപ്പിലുണ്ടാകുകയും ഏറെ പ്രതീക്ഷകൾ നൽകി എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരികയും ചെയ്തു. സ: പിണറായി വിജയൻ നയിക്കുന്ന സർക്കാരിൽ സി-ഡിറ്റ് ജീവനക്കാരുടെ പ്രതിനിധി കൂടിയായി തിരുവനന്തപുരം ജില്ലയിലെ സമര നായകൻ സ: കടകംപള്ളി സുരേന്ദ്രൻ വൈദ്യുതിയുടെയും ദേവസ്വത്തിന്റെയും ചുമതലയുള്ള മന്ത്രിയായി എന്നത് ജീവനക്കാർക്ക് ഏറെ സന്തോഷവും അഭിമാനവും പ്രതീക്ഷ നൽകുന്നതുമാണ്.

എൽ.ഡി.എഫിന്റെ സന്ദേശം പോലെ എല്ലാം ശരിയാക്കുവാനുള്ള ശ്രമങ്ങളാണ് സർക്കാർ അധികാരമേറ്റ നാളുമുതൽ നടത്തിവരുന്നത്. ജനങ്ങളുടെ പ്രതീക്ഷകൾക്ക് മങ്ങലേൽക്കാതെ അഴിമതിക്കെതിരെ കർശന നടപടിയെടുക്കുകയും അഴിമതിക്കാരെ മാറ്റിനിർത്തി സൽഭരണത്തിന് തുടക്കം കുറിച്ചിരിക്കുകയുമാണ് സർക്കാർ. സമൂഹത്തിൽ പാവപ്പെട്ടവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന സർക്കാരിൽ ജനങ്ങൾക്കുള്ള പ്രതീക്ഷ ഏറുകയാണ്. അതുപോലെ സി-ഡിറ്റിലും ജീവനക്കാർ ഏറെ പ്രതീക്ഷയിലാണ്.

സി-ഡിറ്റിന്റെ 26 വർഷത്തെ ചരിത്രത്തിൽ അനുഭവിക്കാത്തവിധം കഷ്ടതകളാണ് രാഷ്ട്രീയമായി കഴിഞ്ഞ 5 വർഷം ജീവനക്കാർ അനുഭവിച്ചത്. അഴിമതിയും ധൂർത്തും ദുർഭരണവും അനുഭവിച്ചു മനസ്സ് മടുത്തിരുന്ന ജീവനക്കാർക്ക് ഏറെ പ്രതീക്ഷയാണുള്ളത്. അഴിമതി തുടച്ചു നീക്കാനും അഴിമതിക്കാരെ മാറ്റിനിർത്താനും ജീവനക്കാരുടെ ആവശ്യങ്ങൾ നിറവേറ്റാനും കഴിവും മനസ്സും രാഷ്ട്രീയ ഇച്ഛാശക്തിയുമുള്ള മാനേജ്മെന്റാണ് ഇന്നുള്ളത് എന്നാണ് ജീവനക്കാരും പ്രതീക്ഷിക്കുന്നത്. ജനങ്ങൾ സർക്കാരിലെന്നപോലെ സി-ഡിറ്റിൽ നമുക്കും പ്രതീക്ഷയർപ്പിക്കാം.






# കടകംപള്ളി സുരേന്ദ്രൻ
# പോരാട്ടങ്ങളുടെ നായകൻ

1989–ൽ സി–ഡിറ്റ് രൂപംകൊണ്ട നാൾ മുതൽ നമ്മുടെ സഹജസഞ്ചാരി, സി–ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ പ്രസിഡന്റായി നമ്മെ നയിക്കുന്നു. പ്രതിസന്ധിഘട്ടങ്ങളിലെല്ലാം പോരാട്ടങ്ങളുടെ അമരക്കാരനായി ജീവനക്കാരെയും സ്ഥാപനത്തെയും സംരക്ഷിച്ചു. ജീവനക്കാരുടെ അവകാശങ്ങൾ നേടുവാനുള്ള പ്രക്ഷോഭങ്ങൾ നയിക്കുന്നതിനുപരി സ്ഥാപനത്തെയും പ്രധാന പദ്ധതികളെയും നിലനിർത്തുന്നതിനുവേണ്ടി വിവിധ മേഖലയിലെ ജനങ്ങളെ സംഘടിപ്പിച്ച് നടത്തിയ നിരവധി പോരാട്ടങ്ങൾ സി–ഡിറ്റിനു സ്മരണീയമാണ്. വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളും പോരാട്ടവീര്യത്തോടെയുമുള്ള സഖാവിന്റെ അക്ഷീണ പ്രയത്നത്തിന്റെ നാലുപതിറ്റാണ്ടുകൾക്കു ലഭിച്ച അംഗീകാരമാണ് ഇടതുപക്ഷ മുന്നണി സർക്കാരിൽ മന്ത്രിയായി സേവനത്തിനുള്ള അവസരം. കേരളത്തിലെ ഇടതുപക്ഷമനസ്സുകളെപ്പോലെ സി–ഡിറ്റിലെ ജീവനക്കാരും സന്തോഷത്തിന്റെ നിർവൃതിയിലാണ്. സഖാവ് കടകംപള്ളിക്ക് അഭിവാദ്യങ്ങൾ.

**സി–ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ**



# പി ജിയും മാധ്യമങ്ങളും

”

പ്രഭാഷണം പി ജി യുടെ മാധ്യമമായിരുന്നു. അഴിക്കോടിനെ പോലുള്ള വാഗ്ധോരണിയോ എം.എൻ. വിജയനെ പോലെ താളാത്മകമോ ആയിരുന്നില്ല പി ജിയുടെ പ്രഭാഷണ രീതി. അത് വളരെ ലളിതമായ രീതിയിൽ താൻ മനസ്സിലാക്കിയ ആശയങ്ങൾ പകർന്നു നൽകാനുള്ള ആത്മാർത്ഥമായ ഉദ്യമമായിരുന്നു.



ദാമോദർ പ്രസാദ്

സമൂഹ മാധ്യമത്തിന്റെ വിശാലമായ ഭൂമികയെ പി ജി എങ്ങിനെയായിരിക്കാം സമീപിച്ചിരിക്കുക എന്ന് പലപ്പോഴും ആലോചിച്ചിട്ടുണ്ട്. നവമാധ്യമം പി ജിയ്ക്ക് പൂർണമായും സ്വായത്തമായിരുന്നില്ല. അച്ചടിയായിരുന്നു പി ജിയുടെ മൗലികമായ മാധ്യമം. ദൃശ്യമാധ്യമത്തിലൂടെയും പി ജി ആശയ വിനിമയം നടത്തിയിട്ടുണ്ട്. ‘പി ജിയുടെ ലോകത്തിന്‘ സ്വന്തമായി പ്രേക്ഷകർ ഉണ്ടായിരുന്നുവെങ്കിലും, ടെലിവിഷൻ പി ജിയുടെ മധ്യമായിരുന്നില്ല. എങ്കിലും സമൂഹ മാധ്യമ നൽകുന്ന സവിശേഷമായ സംവേദന സാധ്യതയെ പി ജി യുടെ എഴുത്തുകൾക്ക് പുതിയൊരു ആവേശം പകരുമായിരുന്നു. ‘ആവേശം’ എന്നുള്ളത് പി ജിക്ക് എഴുത്തിലും വർത്തമാനത്തിലും സ്വാഭാവികമായി വന്നിരുന്ന വികാരമാണ്. ഒരു പുത്തൻ ആശയത്തെ പി ജി ആവേശത്തോടെയാണ് പുല്കിയിരുന്നത്. എതിർക്കപ്പെടേണ്ട ഒരു ആശയത്തെ ഉടച്ചു മടക്കാൻ പി ജി അതേ ആവേശത്തോടെ ഇറങ്ങി തിരിച്ചിരുന്നു. ഏറ്റവും അവസാനം വെള്ളാപ്പള്ളിയും സുകുമാരൻ നായരും ഹിന്ദു മഹാമണ്ഡലം പുനരുദ്ധരിക്കാൻ ഇറങ്ങിയപ്പോൾ, പി ജി രൂക്ഷമായ പരിഹാസത്തോടെ അതിനെ സമകാലിക രാഷ്ട്രീയ പരിസരത്തിൽ നിന്നുകൊണ്ടു എതിർത്തിരുന്നു. കമ്മ്യൂണിസ്റ് ലയനത്തെക്കുറിച്ചു ബിനോയ് വിശ്വത്തിനുള്ള മറുപടിയും രാഷ്ട്രീയമായി നല്ല മൂർച്ചയുള്ളതായിരുന്നു. രണ്ടും വന്നത് ദേശാഭിമാനിയിലാണ്. ഇത് രണ്ടു ഉദാഹരണങ്ങൾ മാത്രം. സമൂഹ മാധ്യമങ്ങളിലെ സംഭാഷണ രീതിയിൽ ഏതോ നിലയിൽ അവലംബിക്കുന്ന എഴുത്തു എന്ന നിലയ്ക്കാണ് ഇത് ഓർക്കുന്നത്. സമൂഹ മാധ്യമങ്ങളുടെ മൂന്ന് സവിശേഷ സ്വഭാവം പി ജിയുടെ എഴുത്തിനും പുതിയ വിന്യാസങ്ങലെ സാധ്യമാക്കുമായിരുന്നു എന്ന് തോന്നിയിട്ടുണ്ട്. ഒന്ന്, സമൂഹ മാധ്യമത്തിന്റെ Quick Conversation രീതി. പി ജി യ്ക്ക് അതിൽ നല്ല പ്രാവിണ്യമുണ്ടായിരുന്നു. വായനയിൽ നിന്ന് സ്വായത്തമാക്കിയ വലിയ

അറിവുകൾ ഉള്ള പി ജിയ്ക്കു ഗവേഷണം നടത്തി പുസ്തകം തേടിപ്പിടിച്ചു വേണ്ട ഒരു സംഭാഷണത്തിൽ ഏർപ്പെടാൻ. ഒരു പക്ഷെ എഴുത്തിനേക്കാൾ പി ജിയോടുള്ള നേരിട്ടുള്ള സംഭാഷണത്തിൽ പുതിയ പുതിയ കാര്യങ്ങൾ പി ജി പങ്കുവെക്കുമായിരുന്നു. പക്ഷെ പലപ്പോഴും ഇത് എഴുത്തിൽ നിന്ന് കൊണ്ടുവരാറില്ല. രണ്ടു, വിവാദങ്ങളിൽ നിന്ന് അങ്ങിനെയൊന്നും മാറിനിന്നിരുന്ന ആളല്ല പി ജി. പലപ്പോഴും നല്ല ചൂടുള്ള വിവാദങ്ങൾ പി ജി തന്നെ തിളപ്പിച്ചിരുന്നു. ഒടുവിൽ ആവിയാകാമെങ്കിലും. വിവാദങ്ങൾ നന്നേ തിളച്ചു തന്നെ നിന്നു. ഒരു പക്ഷെ പി ജി യ്ക്ക് തന്നെ കൈപൊള്ളിയേക്കാമെങ്കിലും, വിവാദങ്ങളിലെ കാതലായ ഉള്ളടക്കം പ്രസക്തം തന്നെയാണെന്ന് പി ജിയ്ക്ക് ബോധ്യമായിരുന്നു. അതിൽ ധൈഷണിക സത്യസന്ധത ഉള്ളടങ്ങിയിട്ടുണ്ട്. വിവാദങ്ങളിലെ ഇടപെടലുകൾക്കും മറുപടികൾക്കും ഉള്ള പറ്റിയ ഇടമാണ് സമൂഹ മാധ്യമം.

മൂന്നു, എല്ലാ ദിവസവും വ്യത്യസ്തമായ വായനകളിലേക്ക് സഞ്ചരിച്ചിരുന്ന പി ജിയ്ക്ക് തത്സമയം തന്നെ അറിയപ്പാടുകൾ അവതരിപ്പിക്കാൻ ഏറ്റവും സവിശേഷമായ ഇടമാണ് സമൂഹ മാധ്യമം. ഞാൻ വിശ്വസിക്കുന്നു പി ജി സമൂഹ മാധ്യമത്തെ ആശയ ആവിഷ്ക്കാരത്തിനും ഇടപെടലുകൾക്കും പറ്റിയ സ്ഥലമെന്ന നിയലയിൽ ഇഷ്ടപ്പെടുമായിരുന്നു എന്ന്.

നവമാധ്യമങ്ങളിൽ പി ജി സജീവ സാന്നിധ്യമായി ഉണ്ടായിരുന്നില്ലെങ്കിലും, ഈ മാധ്യമ മണ്ഡലത്തെക്കുറിച്ചു സൈദ്ധാന്തികമായ ഉയർന്ന ധാരണകൾ ഉണ്ടായിരുന്നു. സി ഡിറ്റിന്റെ ഡയറക്റ്റർ എന്ന നിലയിൽ പുതിയ മാധ്യമ സാങ്കേതിക വിദ്യയുടെ ജനകീയമായ പ്രയോഗ സാധ്യതകളെക്കുറിച്ചു പി ജിക്ക് വലിയ ബോധ്യങ്ങളുണ്ടായിരുന്നു. പി ജി യുടെ ജീവിതത്തിന്റെ വലിയൊരു ഭാഗം മാധ്യമ മേഖലയിൽ തന്നെയായിരുന്നുവല്ലോ. മാധ്യമ പ്രവർത്തകൻ, പത്രാധിപർ, കോളമിസ്റ്റ്, മാധ്യമ നിരൂപകൻ, മാധ്യമ സ്ഥാപന തലവൻ എന്ന നിലയ്ക്കെല്ലാം മാധ്യമ മേഖലയിൽ വലിയ വ്യാപ്തിയുണ്ട് പി ജി യുടെ പ്രവർത്തനങ്ങൾക്ക്.

അതു മാത്രമല്ല, മാധ്യമ സാങ്കേതിക വിദ്യകളിലെ മാറ്റങ്ങളെ ശ്രദ്ധാപൂർവം പി ജി നീരീക്ഷിച്ചിരുന്നു. പുതിയ പുതിയ വികാസങ്ങളെ ഏറെ താല്പര്യത്തോടെയും പ്രായോഗികതയോട് കൂടിയുമാണ് പി ജി സമീപിച്ചിരുന്നത്. അച്ചടി ലിപി പരിഷ്കാരത്തെക്കുറിച്ചു ഭാഷശാസ്ത്രപരമായ അറിവോടെയും സാങ്കേതികവിദ്യക്കുറിച്ചുള്ള ധാരണകളും വെച്ചാണ് പി ജി തന്റെ കാഴ്ചപാടുകൾ എഴുതുകയും നടപ്പാക്കുകയും ചെയ്തത്. ഇന്റർനെറ്റ് സാധ്യമാക്കുന്ന പുതിയ പൊതുമണ്ഡലത്തെക്കുറിച്ചു പി ജി പലപ്പോഴും എഴുതിയിട്ടുണ്ട്, ഇത് ഭാവിയെ അറിഞ്ഞുള്ള സമീപനമാണ്. യാഥാസ്ഥിതികമായിരുന്നില്ല പി ജി യുടെ സാമൂഹിക ദർശനം. അതേ സമയത്തു, മാധ്യമങ്ങളുടെ കോർപ്പറേറ്റ്വൽക്കരണത്തിലൂടെ മാധ്യമങ്ങൾ അതിന്റെ അടിസ്ഥാന മൂല്യങ്ങളായ സ്വതന്ത്ര അഭിപ്രായം, വിമർശനാത്മകത എന്നിവ കൈയൊഴിയുന്നതിൽ പി ജി ഉൽക്കണ്ഠകുലനായിരുന്നു. മക്ചെൻസിയുടെ Rich Media, Poor Democracy യിലെ കണ്ടെത്തലുകളെ പി ജി പല സംവാദങ്ങളിലും പങ്ക് വെച്ചിരുന്നു.

പ്രഭാഷണം പി ജി യുടെ മാധ്യമമായിരുന്നു. അഴിക്കോടിനെ പോലുള്ള വാഗ്ധോരണിയോ എം.എൻ. വിജയനെ പോലെ താളാത്മകമോ ആയിരുന്നില്ല പി ജിയുടെ പ്രഭാഷണ രീതി. അത് വളരെ ലളിതമായ രീതിയിൽ താൻ മനസ്സിലാക്കിയ ആശയങ്ങൾ പകർന്നു നൽകാനുള്ള ആത്മാർത്ഥമായ ഉദ്യമമായിരുന്നു. പി ജിമാതൃക ശ്രോതാവായി കണ്ടത് പണ്ഡിതന്മാരോ വിദ്യാർത്ഥികളോ ആയിരുന്നിരിക്കില്ല. ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകനെ പോലെ അദ്ദേഹം സംസാരിച്ചിരുന്നത് തൊഴിലകളോടും അധ്വാനിക്കുന്നവരോടുമായിരിന്നിരിക്കണം. അതുകൊണ്ടു ലളിതമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതിലാണ് കൂടുതൽ ശ്രദ്ധിച്ചത്. ഇത് ലളിതവൽക്കരണം എന്നാരോപണത്തിന്, ഒരു വേള, പി ജിയെ വിധേയനാക്കിയിരിക്കാം. പി ജി അത് അത്രയൊന്നും ഗൗനിച്ചിരുന്നില്ല എന്ന് തോന്നുന്നു. റെയ്മണ്ട് വില്യംസിന്റെ വലിയ സ്വാധീനം പി ജി യുടെ എഴുത്തിലും ചിന്തയിലും ഉള്ളതായി അനുഭവപ്പെട്ടിട്ടുണ്ട്. മാർക്സിസ്റ്റായ റെയ്മണ്ട് വില്യംസ് വിഹരിച്ച മേഖലകളിൽ, അതെ ദർശന പുഷ്ടിയോടെയാണ് പി ജിയും വിഹരിച്ചത്. മാർക്സിസം, സംസ്കാരം, സാഹിത്യം, ചരിത്രം, സാമൂഹ്യ ശാസ്ത്രം, മാധ്യമ സാങ്കേതിക വിദ്യ എന്നിവയാണ് ഇവർ തങ്ങളുടെ ആശയ സമരത്തിനും സാമൂഹ്യ ദർശനവും അവതരിപ്പിക്കാൻ തിരഞ്ഞെടുത്ത മേഖലകൾ.


പി ജിയുടെ ധൈഷണിക ജീവിതത്തിൽ പുസ്തകം ഒരു ആശയാവിഷ്കാര മാധ്യമമായി തുടക്കം മുതലേ ഉണ്ടായിരുന്നു. എങ്കിലും തുലോം ചെറിയ പുസ്തകങ്ങളാണ് പി ജി എഴുതിയത്, മിക്കവയും ലേഖനങ്ങളുടെ സമാഹാരങ്ങൾ മാത്രം.ഒരു പക്ഷെ, പി ജിയുടെ





ജീവിതത്തിന്റെ അവസാന ഘട്ടത്തിലാണ് ഒരുപാട് പുതിയ ഗ്രന്ഥങ്ങൾ പി ജി എഴുതുന്നത്. അതൊന്നും ലേഖനങ്ങളുടെ സമാഹാരം ആയിരുന്നില്ല. ഓരോന്നും ഓരോ പഠനങ്ങളാണ്. കേരള നവോത്ഥാനത്തെക്കുറിച്ചുള്ള പരമ്പര കാലത്തെ അതീജീവിക്കുന്ന ഒന്നായിരിക്കും. പാശ്ചാത്യ ശാസ്ത്ര മുന്നേറ്റത്തെക്കുറിച്ചുള്ള പുസ്തകം മറ്റൊരു വിജ്ഞാന ഗ്രന്ഥ പരമ്പരയുടെ തുടക്കമായിരുന്നു. പക്ഷെ അത് പൂർത്തിയാക്കാൻ പി ജി ക്കു കഴിഞ്ഞില്ല. അത് നമ്മുടെ നഷ്ടമാണ്.

അറിവിന്റെയും ചിന്തയുടെയും വലിയ ലോകങ്ങൾ കണ്ട പി ജി പക്ഷെ വളരെ കുറച്ചേ ആ അറിവുകളും ചിന്തകളും പുസ്തകങ്ങളിലേക്കും മറ്റ് എഴുതുകളിലേക്കും പകർത്തിയുള്ളൂ എന്ന് പി ജിയോട് നേരിട്ട് സംസാരിച്ചവർക്ക് അറിയാം. അല്ലെങ്കിൽ തന്നെ, ഏതാനും ചിലതു വായിക്കുകയും, ഒന്നോ രണ്ടോ കാര്യങ്ങൾ അറിയുന്നവർക്ക് എളുപ്പമാണ് അനേക രചനകൾ നടത്താൻ. വായനയുടെ വിസ്തൃതി തീർച്ചയായും ഇപ്പോഴും കുറച്ചെഴുതാനുള്ള പ്രേരണയാണ് നൽകുക. ആ നിലയിൽ നന്നേ കുറച്ചു വായിച്ചവർ ഭാഗ്യവാന്മാർ! അവർക്ക് പറയാൻ തൊണ്ണൂറായിരം കാര്യങ്ങൾ. പക്ഷെ എല്ലാം തനിയാവർത്തനങ്ങൾ. ഒരു സംശയവും ഒന്നിനെക്കുറിച്ചുമില്ല. എല്ലാം കണ്ടെത്തി കഴിഞ്ഞവരാണ് അവർ. ടെലിവിഷൻ ചാനലുകളിലെ അന്തിചർച്ചകളിലാണ് അവരുടെ പ്രധാന വിഹാരം. മാധ്യമങ്ങളിലെ ഏറ്റവും കുറഞ്ഞ ധൈഷണികതയുള്ള മാധ്യമമാണ് റ്റി വി. അത് പി ജി യുടെ മാധ്യമമായിരുന്നില്ല. എഴുത്തിനുള്ള സിവിലൈസേഷണൽ സ്ട്രെങ്ത്തിൽ (Civilizational Strength) പി ജിയ്ക്ക് വലിയ വിശ്വാസമായിരുന്നു എന്ന് വേണം മനസ്സിലാക്കാൻ. എഴുത്തിന്റെ അത്തരമൊരു വലിയ തുടർച്ച ഇന്ന്, ഒരു പക്ഷെ, അച്ചടിയേക്കാൾ കൂടുതൽ സാധ്യമാക്കുന്നത്, സമൂഹ മാധ്യമമാണ്. അതാണ് പി ജി ഈ പുതു മാധ്യമമത്തെ എങ്ങിനെ സമീപിച്ചിട്ടുണ്ടാകും എന്ന ആലോചിക്കാൻ പ്രേരിപ്പിക്കുന്നത്.

■


ഓണാശംസകൾ
സി-ഡിറ്റ് എംപ്ലോയസ് അസോസിയേഷൻ



# ലൂമിയർ സിനിമറ്റോഗ്രാഫ്

മാക്സിം ഗോർക്കി




ഐ. ഷണ്മുഖദാസ്

ഇന്നലെ, നിഴലുകളുടെ സാമ്രാജ്യത്തിലായിരുന്നു ഞാൻ.

പ്രതീകാത്മകതയോ ഉന്മാദമോ ആയി ഇതു സംശയിക്കപ്പെടുവാൻ ഇടയുള്ളതുകൊണ്ട് വിശദീകരിക്കാം. ഓമൻറ്സ് കഫെയിൽ ഇരിക്കുകയായിരുന്നു ഞാൻ. ലൂമിയർ സഹോദരന്മാരുടെ സിനിമറ്റൊഗ്രഫ്, ചലിക്കുന്ന ചിത്രങ്ങൾ ആയിരുന്നു അവിടെ പ്രദർശിപ്പിച്ചിരുന്നത് . എല്ലാ സൂക്ഷ്മതകളും വ്യക്തമാക്കുവാൻ സാധിക്കാത്ത വിധം തീർത്തും മൌലികവും സങ്കീർണവും അസാധാരണവും ആയിരുന്നു എനിക്കുണ്ടായ അനുഭവം. എങ്കിലും ആ അനുഭവത്തിന്റെ സത്ത ആവിഷ്ക്കരിക്കുവാൻ ശ്രമിക്കാം.

ലൂമിയറുടെ കണ്ടുപിടുത്തം പ്രദർശിപ്പിക്കപ്പെടുന്ന ആ മുറിയിലെ വെളിച്ചം അണയുമ്പോൾ, വെള്ളിത്തിരയിൽ ചാരനിറത്തിൽ ഒരു വലിയ ചിത്രം പെട്ടെന്ന്! പ്രത്യക്ഷപ്പെടുന്നു. 'ഒരു പാരീസ് തെരുവ്' ആയിരുന്നു ചിത്രം. മോശപ്പെട്ട ഒരു ചിത്രം പതിഞ്ഞതിന്റെ നിഴൽ. അതിലേക്കുറ്റു നോക്കുമ്പോൾ നിങ്ങൾ കാണുന്നത്, വാഹനങ്ങളും കെട്ടിടങ്ങളും പല പോസുകളിലുള്ള ആളുകളും ആണ്. എല്ലാം ഒരേ നിശ്ചലതയിൽ ഘനീഭവിച്ചു നിൽക്കുന്നു. മുകളിലുള്ള ആകാശമടക്കം, എല്ലാം തന്നെ ചാരനിറത്തിലാണ്. പാരീസിൻറെ തെരുവുദൃശ്യങ്ങൾ പല വട്ടം കണ്ടിട്ടുള്ളതുകൊണ്ട്, ഈ പരിചിതദൃശ്യത്തിൽ പുതിയതായ ഒന്നും തന്നെ നിങ്ങൾ പ്രതീക്ഷിക്കുന്നില്ല. പക്ഷേ, പെട്ടെന്ന് ഒരു മിന്നൽ വെള്ളിത്തിരയ്ക്കു കു




റുകെ കടന്നുപോകുന്നു, ചിത്രത്തിനു ജീവൻ വെയ്ക്കുന്നു. പിറകിൽ നിന്നു മുൻവശത്തേക്ക്, നിങ്ങളുടെ നേർക്ക്, നിങ്ങൾ ഇരിക്കുന്ന ഇരുട്ടിനു നേർക്ക്, വാഹനങ്ങൾ കടന്നു വരികയാണ്. അകലെ എവിടെയോ നിന്ന്! ആളുകൾ പ്രത്യക്ഷപ്പെടുന്നു. അടുത്തുവരുന്നതിനനുസരിച്ച്, അവരുടെ രൂപം വലുതാകുന്നു. ഒരു നായയുമൊത്ത് കളിക്കുന്ന കുറച്ചു കുട്ടികൾ, കുതിച്ചുപായുന്ന സൈക്കിൾയാത്രക്കാർ, നിരത്തു മുറിച്ചുകടക്കുന്ന കാൽനടക്കാർ, എല്ലാം ചിത്രത്തിൻറെ മുൻഭാഗത്തായി ഉണ്ട്. എല്ലാം ചലിക്കുകയാണ്, എല്ലാത്തിലും ജീവൻ തുടിക്കുകയാണ്, എല്ലാം ചടുലവേഗതയിലാണ്. എല്ലാം കടന്നു വരുന്നത് മുന്നിലേയ്ക്കു തന്നെയാണ്. എന്നിട്ട്, എവിടെയോ അപ്രത്യക്ഷയാകുന്നു.

വിചിത്രമായ ഒരു നിശ്ശബ്ദതയിലാണ് ഇതെല്ലാം സംഭവിക്കുന്നത്. ചക്രങ്ങളുടെ, കാൽവെപ്പുകളുടെ, ആളുകൾ വർത്തമാനം പറയുന്നതിന്റെ, ഒന്നിൻറെയും ഒരു ശബ്ദവും, നിങ്ങൾ കേൾക്കുന്നതേയില്ല. ഒന്നും തന്നെയില്ല, ആളുകളുടെ ചലനങ്ങൾക്ക് അകമ്പടിയായി സാധാരണ ഉണ്ടാകാറുള്ള സൂക്ഷ്മമായ ആ സിംഫണിയുടെ ഒരു തുണ്ടു പോലും ഉയരുന്നതേയില്ല. മരങ്ങളിലെ ചാരനിറമുള്ള ഇലകൾ നിശ്ശബ്ദമായി ഇളകിക്കൊണ്ടിരിക്കുന്നു,ചാരനിറത്തിലുള്ള മണ്ണിലൂടെ ആളുകളുടെ ചാരനിറത്തിലുള്ള നിഴൽരൂപങ്ങൾ നിശ്ശബ്ദമായി നീങ്ങിക്കൊണ്ടിരി ക്കുന്നു. അവസാനമില്ലാത്ത ഒരു നിശ്ശബ്ദതയ്ക്കു വിധിക്കപ്പെട്ടതു പോ ലെ, ജീവിതത്തിന്റെ നിറങ്ങളെല്ലാം നിഷേധിക്കപ്പെടുന്ന ക്രൂരമായ ഒരു ശിക്ഷയ്ക്കു വിധിക്കപ്പെട്ടതുപോലെ.

അവരുടെ ചലനങ്ങൾ കൺവെട്ടത്തിൽ വന്നു നിൽക്കുന്നതിനു മുമ്പു തന്നെ മറഞ്ഞുപോകും വിധം വേഗത കൂടിയതും ജീവന്റെ ഊർജ്ജം നിറഞ്ഞുനിൽക്കുന്നതും ആണ്. എങ്കിലും, അവരുടെ പുഞ്ചിരികൾ ജീവസ്സുറ്റതാണ്. അവരുടെ ചാരനിറത്തിലുള്ള മുഖങ്ങളിൽ പേശികൾ ചുരുങ്ങുന്നത് നിങ്ങൾക്കു കാണാമെങ്കിലും അവരുടെ പൊട്ടിച്ചിരികൾ ശബ്ദമില്ലാത്തവയാണ്. നിങ്ങൾക്കു മുന്നിൽ ഒരു ജീവിതം അലയടിച്ചുയരുന്നു എങ്കിലും ആ ജീവിതം വാക്കുകൾ ഇല്ലാത്ത ഒരു ജീവിതമാണ്. ജീവിതത്തിൻറെ വൈവിദ്ധ്യമാർന്ന നിറങ്ങളെല്ലാം ഒഴിവാക്കപ്പെട്ടതും നിശ്ശബ്ദവും ചാരനിറത്തിലുള്ളതും ആയ ഒരു ദയനീയജീവിതം.

കണ്ടിരിക്കാൻ ഭീതിതമായ ഒന്ന്! പക്ഷേ, അത്, നിഴലുകളുടെ, വെറും നിഴലുകളുടെ, ചലനം ആണ്. ശാപങ്ങളും പ്രേതങ്ങളും ദുർഭൂതങ്ങളും അവസാനിക്കാത്ത നിദ്രയിലേക്ക് മുഴുവൻ നഗരങ്ങളെത്തന്നെ വലിച്ചെറിഞ്ഞു കഴിഞ്ഞിരിക്കുന്നു എന്ന ചിന്ത ഇപ്പോൾ നിങ്ങളുടെ മനസ്സിലേക്കു കടന്നു വന്നേക്കാം. നിങ്ങൾക്കു മുന്നിൽ തൻറെ മാന്ത്രികവിദ്യയുടെ ഒരു പ്രകടനം അവതരിപ്പിക്കുകയാണ് മെർലിൻ എന്നു നിങ്ങൾക്കു തോന്നാം. തന്റെ മാന്ത്രികശക്തിയിൽ ഒരു തെരുവു പൂർണ്ണമായും അയാൾ കീഴ്പ്പെടുത്തിയിരിക്കുന്നു എന്നതു പോലെ, മേൽക്കൂര മുതൽ അടിവാരം വരെ ബഹുനിലമന്ദിരങ്ങളെല്ലാം ചെറുരൂപത്തിലേക്ക് ഒതുങ്ങിക്കൂടിയിരിക്കുന്നു. ഇതിനോടു ചേർന്നുപോകും വിധം മനുഷ്യരെയും അവരുടെ സംസാരശേഷി ചോർത്തിക്കളഞ്ഞ് ചെറുതാക്കിമാറ്റിയിരിക്കുന്നു, ഭൂമിയിലേയും ആകാശത്തിലേയും എല്ലാ





നിറങ്ങളേയും ഏകതാനമായ ഒരേ ചാര നിറത്തിൽ ലയിപ്പിച്ചിരിക്കുന്നു.

താൻ രൂപം നൽകിയ വിചിത്ര സൃഷ്ടിയെ ഈ രൂപപ്പകർച്ചയിൽ അയാൾ, റസ്റ്റോറൻറിലെ ഇരുട്ടുമുറിയിലെ ഒരു മൂലയിലേക്ക് തള്ളി നീക്കിയിരിക്കുകയാണ്. ഒരു ക്ലിക്കിൽ എല്ലാം പെട്ടെന്ന്! അപ്രത്യക്ഷമായിരിക്കുന്നു, വെള്ളിത്തിരയിൽ ഒരു തീവണ്ടി പ്രത്യക്ഷപ്പെടുന്നു. സൂക്ഷിക്കുക. ശരംകണക്കെ അതു കടന്നുവരുന്നത് നിങ്ങളുടെ നേർക്കു തന്നെ. നിങ്ങളിരിക്കുന്ന ഇരുട്ടിലേക്കു കുതിച്ചെത്തി നിങ്ങളെ നുറുങ്ങിയ എല്ലുകളുടെയും ചതഞ്ഞരഞ്ഞ മാംസത്തിന്റെയും തൊലിയുടെ ഒരു ചാക്കുമാത്രമായി മാറ്റിയേക്കാം, വീഞ്ഞും സ്ത്രീകളും സംഗീതവും എല്ലാം നിറഞ്ഞ ഈ ഹാളിനെയും കെട്ടിടത്തേയും തകർത്ത് തവിടുപൊടിയാക്കി മാറ്റിയേക്കാം.

പക്ഷേ, ഇതും കേവലം നിഴലുകളുടെ ഒരു തീവണ്ടി മാത്രമാണ്.

(ഇന്ത്യയിൽ ആദ്യമായി ലൂമിയർ സിനിമകൾ ബോംബെയിലെ വാട്ട്സൻ ഹോട്ടലിൽ പ്രദർശിപ്പിച്ച അതേ ദിവസം തന്നെയാണ് ഒരു റഷ്യൻ ദിനപത്രത്തിൽ ഈ ലേഖനത്തിന്റെ പൂർണ്ണ രൂപം അച്ചടിച്ചു വന്നത്. ജൂലായ് 4, 1896. സിനിമയെ കുറിച്ചെഴുതപ്പെട്ട ആദ്യത്തെ പ്രതികരണങ്ങളിൽ പ്രധാനപ്പെട്ടതാണ്, മാക്സിം ഗോർക്കി എന്ന പേരിൽ ലോകപ്രശസ്തനായ അലക്സി മാക്സിമോവിച്ച് പെഷ്ക്കൊവ് എഴുതിയ 'ലൂമിയറുടെ സിനിമറ്റൊഗ്രാഫ്'. സെക്സും വയലൻസും വാ ണിജ്യവും ആയിരിക്കും സിനിമയുടെ ഭാവി നിശ്ചയിക്കുക എന്ന്, 'അമ്മ' തുടങ്ങിയ നോവലുകളും 'അടിത്തട്ടിൽ ' തുടങ്ങിയ നാടകങ്ങളും നിര വധി ചെറുകഥകളും എഴുതിയ ഗോർക്കി അന്നു തന്നെ ലേഖനത്തിന്റെ അവസാനഭാഗത്തായി പ്രവചിച്ചിരുന്നു. പ്രശസ്ത ഫിലിം എഡിറ്ററും സിനിമയുടെ ചരിത്രത്തിലെ ആദ്യത്തെ സൌണ്ട് ഡിസൈനറും ആയ വാൾട്ടർ മൂർച്ച് 2008 ൽ എഴുതിയ ഒരു കുറിപ്പിൽ ഈ വസ്തുത വ്യക്തമാക്കിയിട്ടുണ്ട്. നിറങ്ങളും ശബ്ദങ്ങളും ഇല്ലാത്ത നിഴലുകളുടെ ഒരു ലോകം കണ്ട തന്റെ അനുഭവത്തെ കുറിച്ച് ഗോർക്കി എഴുതിയ ചെറുലേഖനം, എണ്ണമറ്റ പഠനങ്ങളിലാണ് പിന്നീട് പരാമർശിക്കപ്പെട്ടിരിക്കുന്നത്.

'നിഴലുകളുടെ സാമ്രാജ്യത്തിൽ' എന്ന ശീർഷകത്തിലും അറിയപ്പെടുന്ന ഈ ലേഖനത്തിന്റെ അവസാനത്തിൽ, ''വേറെ ആരും ഇതിനെക്കുറിച്ച് എഴുതിയിട്ടില്ല'' എന്നത്ഭുതപ്പെടുന്ന ഗോർക്കി, ഒടുവിൽ ആശ്വസിക്കുന്നുണ്ട്. ''അതു കാര്യമാക്കേണ്ട, ഉടനെ അതുണ്ടായിക്കോളും''. ലോകത്തിൽ എല്ലായിടത്തും എന്നതു പോലെ മലയാളത്തിലും ഏറ്റവും കൂടുതൽ ഇന്ന്! എഴുതപ്പെടുന്നത് സിനിമയെ കുറിച്ചു തന്നെയാണ്)

■



സുജിലാറാണി വി എം

## അവാർഡിന്റെ നിറവിൽ

# ആരാച്ചാർ.

## തൂക്കു കയറിന്റെ ശക്തിയുള്ള സ്ത്രീത്വം.




**2013-ൽ** കേരള സാഹിത്യ അക്കാദമി പുരസ്കാരവും, 2014-ൽ വയലാർ പുരസ്കാരവും ലഭിച്ച കെ ആർ മീരയുടെ 'ആരാച്ചാർ' എന്ന നോവൽ 2015-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് കൊണ്ടും പുരസ്കൃതമായിരിക്കുകയാണ്. സമകാലിക ഭാരതീയ സാമൂഹിക ചുറ്റുപാടിൽ നിലനിൽക്കുന്ന ഭരണകൂട ഭീകരതയ്ക്കും അസഹിഷ്ണുതയ്ക്കും എതിരായി സാഹിത്യകാരന്മാർ പുരസ്കാരങ്ങൾ തിരിച്ചു നൽകിയും പദവികൾ രാജിവെച്ചും പ്രതികരിക്കുകയും പ്രതിശേധിക്കുകയും ചെയ്യുമ്പോഴാണ് ഭരണകൂട ഭീകരതയെ വരച്ചു കാട്ടാൻ ശ്രമിച്ച ഒരു നോവൽ പുരസ്കാരങ്ങളാൽ അംഗീകൃതമാകുന്നത്.

ഭാരതത്തിന്റെയും മുഴുവൻ ലോകത്തിന്റെയും ശക്തിയുടെയും സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും, രാജ്യസ്നേഹത്തിന്റെയും പ്രതീകമായി ഉയർത്തപ്പെടുന്ന ചേതനാഗൃദ്ധാമല്ലിക് എന്ന 22കാരിയുടെ കഥ പറയുന്ന നോവലാണ് ആരാച്ചാർ. മെയ് 18ന് തൂക്കു വധത്തിനെതിരായുള്ള യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹർജി ഗവർണർ തള്ളിയതു മുതൽ ആഗസ്ത് 14ന് അയാളുടെ വധശിക്ഷ നടപ്പിലാക്കുന്നത് വരെയുള്ള ചേതനാഗൃദ്ധാമല്ലിക്കിന്റെ ഏതാനും ദിവസങ്ങളാണ് നോവലിൽ ചിത്രീകരിക്കുന്നത്.

മലയാള സാഹിത്യത്തിലെ മാത്രമല്ല, ലോകസാഹിത്യത്തിലെ തന്നെ കരുത്തുറ്റ കഥാപാത്രമാണ് ചേതന. ആഖ്യാന ശൈലിയിലും കഥാപാത്ര ചിത്രീകരണത്തിലും കഥാപരിസര രൂപീകരണത്തിലും തികച്ചും വ്യത്യസ്തത പുലർത്തുന്നു കെ ആർ മീര. തൂക്കു കയറിന്റെ കയർ പിരി പോലെ ഭൂത-വർത്തമാന കാലങ്ങൾ പരസ്പരം ഇഴ കലർത്തി ആവിഷ്കരിക്കുന്ന ആഖ്യാന ശൈലി. പാരമ്പര്യത്തിന്റെ മഹത്വത്തിൽ നിന്നും ഊറ്റം കൊള്ളുന്ന കഥാപാത്രങ്ങൾ. എങ്ങും മരണത്തിന്റെ ഗന്ധവും കാഴ്ചയും നൽകുന്ന കഥാപരിസരം. കൊൽക്കത്താ നഗരത്തിന്റെ പ്രൗഢ ഗംഭീരമായ സാംസ്കാരിക പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ കൃതി കാലദേശാതീതമായി, പ്രമേയത്തിലെ നൂതനത്വം കൊണ്ട് സാഹിത്യ നഭസ്സിൽ നിലകൊള്ളും.

സഞ്ജീവ് കുമാർ മിത്രയെന്ന മാധ്യമ പ്രവർത്തകന്റെ കൗശലതയ്ക്കും ഫണി ഭൂഷൻ മല്ലിക് എന്ന പിതാവിന്റെ കരുതലിനും വിധേയമായി ചരിത്രത്തിലെ ആദ്യ ആരാച്ചാരാകുന്ന സ്ത്രീയാണ് ചേതന. വധശിക്ഷ നീതി നടപ്പാക്കില്ലെന്ന് ഉറച്ചു വിശ്വസിക്കുന്നുണ്ടെങ്കിലും ആ ജോലി ചെയ്യാൻ നിർബന്ധിതയാവുകയാണ് ചേതന. പാരമ്പര്യത്തിന്റെ ശക്തിയാൽ രൂപീകരിക്കപ്പെട്ട മാനസിക ശക്തി ചേതനയെ മുന്നോട്ട് നയിക്കുന്നു. ക്രിസ്തുവിനും നാന്നൂറു വർഷം മുമ്പു തുടങ്ങുന്ന തന്റെ ആരാച്ചാർ കുടുംബ ചരിത്രത്തിന്റെ പാരമ്പര്യത്തെക്കുറിച്ചുള്ള പിതാവിന്റെയും ഥാക്കുമാ(പിതാവിന്റെ അമ്മ)യുടെയും നിരന്തരമുള്ള ഉദ്ഘോഷണം കേട്ടാണ് ചേതന വളർന്നത്. ഈ പാരമ്പര്യ കഥകളിൽ നിന്നും വേർതിരിച്ചെടുത്ത നന്മതിന്മകൾ ചേതനയെന്ന കഥാപാത്രത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. അത് അവൾക്ക് പല സന്ദർഭങ്ങളിലും സഹായമാവുകയും ചെയ്തിട്ടുണ്ട്.

എന്തിനെയും വിൽപ്പന ചരക്കാക്കുന്ന സമകാലീക മാധ്യമ സംസ്കാരത്തെ കൃത്യമായി വരച്ചു കാട്ടുന്നുണ്ട് ഈ നോവലിൽ. ചാനലിന്റെ ടി ആർ പി റേറ്റീംഗ് കൂട്ടാൻ, ചരിത്രത്തിലെ ആദ്യത്തെ ആരാച്ചാർ എന്ന അവളുടെ പ്രശസ്തിയെ വിലകൊടുത്തു വാങ്ങി വിറ്റു കാശാക്കുന്നു ഈ മാധ്യമ സംസ്കാരം. ചാനൽ റേറ്റിംഗ് കൂട്ടാൻ വേണ്ടി എന്തും ലൈവായി കാണിക്കുന്ന ദൃശ്യമാധ്യമ സംസ്കാരം കാണുമ്പോൾ ചുച്ഛവും വെറുപ്പും നിറയുന്നു വായനക്കാരനിൽ. ദാരിദ്രം കൊണ്ടുള്ള ചേതനയുടെയും പിതാവിന്റെയും നിസ്സഹായാവസ്ഥ മുതലെടുക്കുകയാണ് സഞ്ജീവ്കുമാർ മിത്രയെന്ന മാധ്യമ പ്രവർത്തകൻ. പണത്തിനു വേണ്ടി തന്റെ പാരമ്പര്യത്തെയും സംസ്കാരത്തെയും ഓർമ്മകളെയും വിൽക്കേണ്ടി വരുന്നു ഫണി ഭൂഷൻ മല്ലിക്കിന്.

കഴുത്തിൽ ആഹ്ലാദകരമായ കയർ കുടുക്ക് മുറുകും പോലെ അനുഭവിച്ച ഒരു പ്രണയത്തിലൂടെയും ചേതന കടന്നു പോകുന്നുണ്ട് ഇതിനിടയിൽ. സഞ്ജീവ്കുമാർ മിത്രയെന്ന മാധ്യമ പ്രവർത്തകനോട് തോന്നിയ പ്രണയം ''എനിക്ക് നിന്നെ ഒരിക്കലെങ്കിലും അനുഭവിക്കണ്''മെന്ന അയാളുടെ ഒറ്റ വാചകത്തിൽപ്പെട്ട് പുളിരസമായി അവളിൽ നിറയുന്നു. ഹൃദയത്തിന്റെ ഒരു പകുതി കൊണ്ട് അയാളെ സ്നേഹിക്കുകയും തീവ്രമായി ആഗ്രഹിക്കുകയും ചെയ്യുമ്പോഴും മറുപകുതി ഹൃദയം കൊണ്ടും പൂർണ്ണ പ്രജ്ഞ കൊണ്ടും അയാളുടേത് യഥാർത്ഥ സ്നേഹമല്ലെന്ന് മനസ്സിലാക്കുകയും അയാളെ നിരാകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട് ചേതന.

ഒരു പെണ്ണിന് ഒരാളുടെ കഴുത്തിൽ കുരുക്കിട്ട് വധശിക്ഷ നടപ്പാക്കാൻ സാധിക്കുമോ എന്ന ചോദ്യം പലപ്പോഴായി പലരിൽ നിന്നും ചേതനയ്ക്ക് അഭിമുഖീകരിയ്ക്കേണ്ടി വരുന്നുണ്ട്. ആരാച്ചാർ പരമ്പരയിലെ സന്തതികളെ കുരുക്കിടാൻ ആരും പഠിപ്പിക്കേണ്ടതില്ലെന്ന് അമ്മയുടെ ഗർഭപാത്രത്തിൽ വെച്ചു തന്നെ തെളിയിച്ചവളാണ് ചേതന. ഗർഭപാത്രത്തിൽ ഞരമ്പുകളാൽ കൂട്ടികെട്ടി കിടന്ന ചേതനയെ വയറുകീറിയാണ് ഡോക്ടർ പുറത്തെടുത്തത്. ഭ്രൂണാവസ്ഥയിൽ പോലും അവളുണ്ടാക്കിയത് ലക്ഷണമൊത്ത കുരുക്കായിരുന്നു. പിന്നീട് അഞ്ചാം വയസ്സിൽ കയറിൽ കുരുക്കിടാൻ പഠിക്കുകയും അത് തന്റെ അയൽക്കാരനായ കൂട്ടുകാരനിൽ പരീക്ഷിച്ച് 'വിജയിക്കുകയും' ചെയ്തവളാണ് ചേതന. ആരാച്ചാർക്ക് കഴുത്തിൽ കുരുക്കിടാൻ കയർ തന്നെ വേണ്ട എന്ന് തന്റെ ദുപ്പട്ടയിൽ പലതവണ ചേതന തെളിയിക്കുന്നുണ്ട്. തന്നെ അനുഭവിക്കാനാഗ്രഹിച്ച് തന്റെ മനസ്സിനെ മുറിവേല്പ്പിച്ച സഞ്ജീവ്കുമാർമിത്രയിൽ, കാമാസക്തിയിൽ തന്റെ ശരീരത്തെ മുറിവേൽപ്പിക്കാൻ ശ്രമിച്ച മാരുതി പ്രസാദ് യാദവിൽ, 'നിനക്ക് ഒരാളെ തൂക്കി കൊല്ലാൻ പറ്റുമോ മോളേ' എന്നു ആശങ്കപ്പെട്ട ഗുരുതുല്യനായ മാനോദായിൽ. ഇവരിലൊക്കെ തന്റെ ദുപ്പട്ട കൊണ്ട് കഴുത്തിൽ കുരുക്കിട്ട ചേതന കഥാപാത്രത്തിൽ നിന്നു പുറത്തേക്ക് വന്ന് ഓരോ സ്ത്രീയുടെയും ആത്മാഭിമാനത്തിന്റെയും പ്രതിരോധത്തിന്റെയും പ്രതീകമാവുന്നു. സ്വയം രക്ഷ നേടാൻ ഓരോ പെണ്ണും തന്റെ ദുപ്പട്ടകൾ കൊണ്ട് ഓന്നാന്തരം കുരുക്കുകൾ സൃഷ്ടിക്കുന്ന ആരാച്ചാരായേ മതിയാവൂ എന്നും ചേതന നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഒരവസരത്തിൽ തൂക്കി കൊല സ്റ്റേ ചെയ്തപ്പോഴും ചേതന മാത്രം നിസ്സഹായയാവുന്നില്ല. തന്നെത്തന്നെ വിൽപ്പനച്ചരക്കാക്കുന്ന മാധ്യമ കച്ചവടത്തിൽ നിന്നും രക്ഷപെട്ടപോലെ തന്റെ ഇഷ്ട ജോലിയായ പ്രൂഫ് റീഡിംഗിലേക്ക് പോകുകയാണ് അവൾ. വധശിക്ഷ സ്റ്റേ ചെയ്തപ്പോൾ സഞ്ജീവ് കുമാർ മിത്രയ്ക്ക് ചേതന, ഭാരത സ്ത്രീത്വത്തിന്റെ പ്രതീകമായിരുന്നില്ല. പക്ഷെ രാഷ്ട്രപതി, യതീന്ദ്രനാഥ ബാനർജി



യുടെ ദയാഹർജി വീണ്ടും തള്ളുകയും വധശിക്ഷ ശരിവെയ്ക്കുകയും ചെയ്യുന്നതിലൂടെ അവളുടെ താരമൂല്യം കൂടുന്നു. ചോദിക്കുന്ന പണം കൊടുത്ത് അവളെ ചാനൽ ചർച്ചയിൽ പങ്കെടുപ്പിക്കാൻ അയാൾ ഒരുങ്ങുന്നു. ചാനൽ ചർച്ചയുടെ പല ഘട്ടങ്ങളിലും മിത്ര അവൾക്കായി ഒരുക്കിവെച്ചത് അതികഠിനമായ പരീക്ഷണങ്ങളായിരുന്നു. തൂക്കി കൊല്ലാൻ പോകുന്ന പ്രതിയുടെ കുടുംബാംഗങ്ങളെ, മുമ്പ് തൂക്കി കൊന്ന കുറ്റവാളിയുടെ ഭാര്യയെ, ഇവരെയെല്ലാം ചാനലിന്റെ ടി ആർ പി റേറ്റിംഗ് കൂട്ടാൻ വേണ്ടി ചേതനയ്ക്കു മുമ്പിൽ എത്തിക്കുന്നു അയാൾ. തന്റെ മനസ്സാന്നിദ്ധ്യം കൊണ്ട് അവരെയെല്ലാം അതിജീവിക്കുന്നു ചേതന.

ആരാച്ചാർ ജോലിയിൽ നിയമിതയാവുമ്പോൾ അച്ഛന്റെ സഹായിയായി മാത്രം ജോലി ചെയ്താൽ മതിയെന്ന അവസ്ഥയിൽ നിന്ന് അപ്രതീക്ഷിതമായാണ് കഥാഗതിയെ മാറ്റി മറിച്ചുകൊണ്ട് പിതാവ് ഇരട്ടക്കൊലപാതക കേസിൽ പ്രതിയാവുന്നതും ചേതന മുഖ്യ ആരാച്ചാരാകുന്നതും. 'എനിക്ക് ആരാച്ചാരുടെ മകൾ എന്ന പദവിയല്ല, ആരാച്ചാർ പദവി തന്നെയാണ് വേണ്ടത്' എന്ന നിശ്ചയദാർഢ്യത്തിലേക്ക് ചേതന എത്തിച്ചേരുമ്പോൾ സ്ത്രീശാക്തീകരണത്തിന്റെ വ്യത്യസ്തമായൊരു മുഖമാണ് ദർശനമാകുന്നത്. ഈ നിശ്ചയദാർഢ്യത്തോടെയാണ് തുടർന്ന് അച്ഛന്റെ താങ്ങായി മാത്രം പ്രവേശിച്ചിട്ടുള്ള ജയിലറയിലേക്ക് പെൺകരുത്തിന്റെ പ്രതീകമായി ചേതന കടന്നു ചെല്ലുന്നത്. അവിടെ അവളെ ക്കാത്ത് അധികാരത്തിന്റെ ക്രൗര്യം നഖം നീട്ടി നിൽക്കുന്നുണ്ടായിരുന്നു. മാറിടത്തിലേക്ക് 'റൂൾത്തടി'യുടെ രൂപത്തിൽ നീണ്ടു വന്ന ജയിൽ ഐ ജിയുടെ അഹങ്കാരവും അധീശത്വഭാവവും അവളുടെ പതർച്ചയില്ലാത്ത ആത്മവിശ്വാസത്തിൽ തളർന്നതു കൊണ്ടാവാം മുറിയിലുണ്ടായിരുന്ന ചെറുപ്പക്കാരന്റെ മുഖത്ത് ഭയത്തിനു പകരം അത്ഭുതവും ആശ്വാസവും പ്രത്യക്ഷപ്പെട്ടത്. ''എനിക്കു നിന്നെ ഇനിയും കാണണം. വൈകിട്ട് ഞാൻ കാറയയ്ക്കും'' എന്ന ജയിൽ ഐ ജിയുടെ അധികാര ധാർഷ്ട്യത്തോട് ''ഞാൻ കാത്തിരിക്കും ബാബൂ'' എന്ന് ചേതന മറുപടി പറയുമ്പോൾ യഥീന്ദ്രനാഥ ബാനർജിയെ മാത്രമല്ല, സ്ത്രീത്വത്തെ അപമാനിക്കുന്ന പുരുഷരാശിയെ മൊത്തം ഒറ്റ കയർ കുടുക്കിൽ തീർക്കാൻ ചേതനയ്ക്ക് ശക്തിയുണ്ട് എന്ന് വായനക്കാരന് ബോധ്യമാവുന്ന നിമിഷം കൂടിയാണിത്. ഈ ഒരു ശക്തിയോടു കൂടിയാണ് പതിനായിരം രൂപയ്ക്ക് ഡീൽ ഉറപ്പിച്ച് വീണ്ടും ചാനൽ ചർച്ചയ്ക്ക് പങ്കെടുക്കാൻ അവൾ തയ്യാറാകുന്നത്. യതീന്ദ്രനാഥ ബാനർജിയുടെ വധശിക്ഷയെ ചോദ്യം ചെയ്യുന്ന സഞ്ജീവ്കുമാർ മിത്രയോട് ലൈവ് ചാനൽ ചർച്ചയിൽ ജയിൽ ഐ ജിയുടെ പെരുമാറ്റത്തെക്കുറിച്ച് പറഞ്ഞുകൊണ്ട്, 'അദ്ദേഹത്താൽ താൻ ബലാൽക്കാരം ചെയ്യപ്പെട്ടാൽ അദ്ദേഹത്തെ പോലെ ഒരാളെ ആ കുറ്റത്തിന് മുഖ്യമന്ത്രി ശിക്ഷിക്കുമോ' എന്ന ചേതനയുടെ ചോദ്യം നീതിന്യായ വ്യവസ്ഥയെയും അധികാര വ്യവസ്ഥയെയും ഒരേ സമയം വിറപ്പിക്കുന്നു.



### ആരാച്ചാർക്ക് കഴുത്തിൽ കുരുക്കിടാൻ കയർ തന്നെ വേണ്ട എന്ന് തന്റെ ദുപ്പട്ടയിൽ പലതവണ ചേതന തെളിയിക്കുന്നുണ്ട്.

തുടർന്ന് കൃത്യനിർവഹണത്തിനായി ജയിലിലെത്തുന്ന ചേതനയിലൂടെയും, അവളും യതീന്ദ്രനാഥ ബാനർജിയുമായുള്ള കൂടിക്കാഴ്ചയിലൂടെയും സമ്മിശ്ര വികാരത്തോടെയല്ലാതെ വായനക്കാരന് കടന്നു പോകാനാവില്ല. ചേതനയാൽ തൂക്കിലേറ്റപ്പെടേണ്ട യതീന്ദ്രനാഥ ബാനർജിയുടെ അന്ത്യാഭിലാഷങ്ങൾ വളരെ വിചിത്രങ്ങളായിരുന്നു. ജയിലിൽ കാണാൻ വന്ന സ്വന്തം കുടുംബാംഗങ്ങളെയെല്ലാം കാണാൻ വിസമ്മതിച്ച അയാൾ അവസാനമായി കാണാൻ ആഗ്രഹിച്ചത് ചേതനയെയായിരുന്നു. തന്റെ സഹോദരനെക്കൊണ്ട് ചേതനയെ വിവാഹം കഴിപ്പിക്കാനും ആഗ്രഹിക്കുന്നു അയാൾ. തന്റെ വിവാഹം കഴിഞ്ഞ് നാലു വർഷം കഴിഞ്ഞപ്പോൾ ജയിലിലായ അയാൾ ചേതനയോട് അയാളെ കെട്ടിപ്പിടിക്കാമോ എന്നു ചോദിക്കുമ്പോൾ പകച്ചുപോകുന്നത് കഥാപാത്രങ്ങൾ മാത്രമല്ല, വായനക്കാർ കൂടിയാണ്. കരുണയോടെ, ഒരു കുട്ടിയെപ്പോലെ അയാളെ ചേർത്ത് പിടിച്ച് അയാൾക്ക് ആശ്വാസമാകാൻ അവൾക്ക് കഴിയുന്നു. വധശിക്ഷ വിധിച്ചിട്ട് 11 വർഷം പിന്നിട്ട പ്രതിയുടെ ആശ്വാസം വായനക്കാരനും അനുഭവിച്ചറിയുന്നു. തുടർന്ന് തന്റെ സെല്ലിനു മുന്നിൽ സുന്ദരിയായ അവളുടെ

സാന്നിധ്യം അയാൾ ആഗ്രഹിക്കുന്നു. മരണം ഉറപ്പായ മനുഷ്യ മനസ്സിന്റെ വിചിത്ര ഗതിവിഗതികൾ ആരറിയുന്നു?

അവസാനത്തെ തൂക്കിക്കൊല്ലൽ രംഗം ഭയാനകമാകാതെ വളരെ തന്മയത്വത്തോടെ അവതരിപ്പിക്കുന്നു കെ ആർ മീര. തന്റെ കൃത്യം യാതൊരു പങ്കപ്പാടോ, വിഭ്രമമോ ഇല്ലാതെ ചെയ്യുന്ന ചേതന, ഭയമോ വേദനയോ ദുഃഖമോ ഇല്ലാതെ മരണത്തെ സ്വീകരിക്കാൻ കാത്തു നിൽക്കുന്ന ബാനർജി, അവസാന നിമിഷങ്ങളിൽ ഇവർ തമ്മിലുള്ള സംഭാഷണങ്ങൾ, കൊല്ലുന്നവളും കൊല്ലപ്പെടുന്നവനും തമ്മിലുള്ള ബന്ധം വളരെ ഇഴയടുപ്പത്തോടെ ആവിഷ്കരിച്ചിരിക്കുന്നു നോവലിസ്റ്റ്. അവസാന നിമിഷങ്ങളിൽ മൗനത്തിന്റെയും ഭയത്തിന്റെയും കയ്പുനീരു കുടിക്കുന്നതിനു പകരം ചേതനയുടെ മധുര ശബ്ദം കേൾക്കാൻ ആഗ്രഹിക്കുന്ന ബാനർജിയ്ക്ക് തന്റെ സ്വതസിദ്ധമായ ശൈലിയിൽ മനോഹരമായ കഥ പറഞ്ഞു കൊടുക്കുന്നു എന്നു കഥ പറയാനാഗ്രഹിച്ച ചേതന. ''ദൈവമേ ഈ കഥ കേൾക്കാതെ ഞാൻ മരിച്ചു പോയിരുന്നെങ്കിൽ എന്തൊരു നഷ്ടമായിരുന്നേനെ'' എന്നു വ്യാകുലപ്പെടുന്ന ബാനർജി വീണ്ടും ചേതനയുടെ കഥ കേൾക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ സമയമായി എന്ന 'അധികാരത്തിന്റെ ഓർമപ്പെടുത്തലിൽ' ചേതന അവളല്ലാതാകുകയും ആരാച്ചാരായി മാറുകയും ചെയ്യുന്നു. 451 തൂക്കികൊലകൾ നടത്തിയ പിതാവിന്റെ ആരാച്ചാർ വൈഭവത്തെ ഒറ്റ തൂക്കികൊലയിലൂടെ അതിശയിപ്പിക്കുന്നു ചേതന. അച്ഛന് തൂക്കികൊല്ലാൻ അരമിനിട്ട് സമയം വേണ്ടപ്പോൾ കേവലം 20സെക്കന്റുകൾ കൊണ്ട് കൃത്യം നടത്തി ചേതന എല്ലാവരെയും വിസ്മയിപ്പിക്കുന്നു.

തുടർന്ന് തന്റെ ഹൃദയത്തിൽ കുരുങ്ങിയ പ്രണയകുരുക്കിനെയും മോചിപ്പിക്കുന്നു ചേതന. ജയിലിലെ തൂക്കികൊല ചാനലിൽ പുനരാവിഷ്കരിക്കാൻ ആവശ്യപ്പെട്ട സഞ്ജീവ്കുമാർമിത്രയുടെ കഴുത്തിൽ 'ഒരിക്കലെങ്കിലും നിങ്ങളെനെയെനിക്ക് അനുഭവിക്കണ'മെന്ന് തിരിച്ചു പറഞ്ഞുകൊണ്ട് കഴുത്തിൽ കുരുക്കിടുന്നു ചേതന. ബാനർജിയുടെ കഴുത്തിലെ കുരുക്കിനേക്കാൾ വായനക്കാരൻ ആഗ്രഹിച്ച നല്ല ഒന്നാന്തരം കുരുക്ക് തന്നെ മിത്രയുടെ കഴുത്തിൽ ഇട്ടുകൊണ്ട് തൂക്കുകയറിന്റെ ശക്തിയുള്ള ഒരു സ്ത്രീ ചൈതന്യം നമ്മുടെ സാഹിത്യ ചക്രവാളത്തിലേക്ക് ഇറങ്ങി വരുന്നു. 'ചരിത്രത്തെ സ്ത്രീകളല്ല, സ്ത്രീകളെ ചരിത്രമാണ് ഭയക്കുന്നത്. അതുകൊണ്ടാണ് ചരിത്രത്തിൽ വളരെക്കുറച്ച് സ്ത്രീകൾ മാത്രം സ്ഥാനം പിടിച്ചിട്ടുള്ളത്' എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നു ചേതന. ■




# Importance of CLOUD COMPUTING in Education


There was a time when, to use files (word processing files, spreadsheets, etc.) on different computers, you needed to save your files on a thumb drive or CD-ROM disk. The drive or disk then travelled around with you so that you could load your information onto other computers while holding your breath until the document or PowerPoint slide was actually retrieved! Not any longer. The safety, stability, and ease-of-use of cloud computing in education is resulting in widespread adoption in educational institutions of all sizes and types.



**Gayathridevi.A**
Matlab Faculty
Cybersri

Why Store in the Cloud?

Are there really any true advantages in education for storing information off-site on a server that could be located anywhere? The answer is yes! A recent conversation about cloud computing with several colleagues in the education field, including a high school chemistry teacher, revealed significant advantages:
No more carrying around devices, such as thumb drives or CDs. You don't need to worry about losing the device, breaking the CD, or not having your information load properly.
Easy access! Lesson plans, labs, grades, notes, PowerPoint slides – just about anything digital that you use in teaching is easily uploaded and accessed anytime.
Stability: cloud computing is now to the point of being a very stable technology that you can rely on.
Security: Your data, content, information, images – anything you store in the cloud usually requires authentication (ID and password, for example) – so it is not easily accessible by anyone. In addition, should something happen




to the technology at school, your content will still be available to you and your students if it is stored elsewhere.

Shareability: Working on an instructional assignment with other teachers? You can share some or all of your files that you have stored in the cloud. No more obtaining an extra thumb drive or burning another CD or DVD. You just need to send a link to the file(s) destination.

Trackability: Make changes to a lesson and want to change it back? No problem. Cloud computing will save multiple revisions and versions of a document so that you can chronologically trace back the evolution of an item.

Collaboration: You can set-up various student groups to work on projects and assignments in the cloud.

Good-bye copier! That's right! With cloud computing, the amount of photocopying is reduced significantly – even more so if each student has their own smart device (computer, laptop, tablet, etc.). Quizzes, tests, assignments all can be taken, scored, shared with student and parents, and stored.

Good-bye file cabinets! With cloud computing redundancy, there is no longer the need to both save files digitally as well as in paper format. Cloud computing systems are regularly backed-up, so the chances of losing content are quite small. And, no more file cabinets means more classroom space for you and your students!

Going Paperless

In the early 1980s, F.W. Lancaster predicted a paperless society. We are not quite there yet and many not be for many years to come. There are some instances where paper is still the preferred format for education. Even though we have e-books, people still prefer to hold an actual paper book in their hand. There are situations, however, that going digital makes sense. Classroom and school administrative management is a perfect example. If your school has information technology infrastructure (wired and/or wireless), it is easy to implement cloud computing. And, the advantages of cloud computing far outweigh any disadvantages. From the administrative perspective:

Staff and teacher time spent printing, filing, and distributing can be better used on more educationally-directed activities that impact student learning.

Cost savings in terms of buying, leasing,



and maintaining photocopiers and printers, ink cartridges, and paper.
Return-on-investment by not needing to invest in purchasing, housing, and maintaining servers, software, and related IT items, such as thumb drives, and CD-ROMs.
Greater efficiencies as teachers and staff can easily access documentation anytime, anywhere without needing to rely on someone being at their desk to sign-out a paper file.
Streamlined workflow: Workflow can be tracked using various analytical tools to see how often files are accessed, busiest times of the day and days of the week, etc.
Short learning curve: It does not take long – a few hours (if that) – to learn how to manage digital documents in the cloud.


The Big Leap
Going from paper to digital requires a big leap of faith. We want to hold onto that paper item because we can feel, see, and touch it – something not available with a digital object. However, think of it this way. Let's say you store your documents in the cloud and back it up in paper format. Along comes a major hurricane and wipes out the paper, yet the digital items are safe and sound and easily accessible because they are stored in a secure environment. No need to worry about having to try and replicate all those paper documents – a task that would literally be impossible to accomplish.

I share these insights with you not to promulgate a 100% digital environment. Like thousands of others, I still enjoy reading hard and soft cover books. During another part of my career I was able to let go of that venerable library card catalogue – but not until the technology proved to be stable and reliable. We are at the time, now, where cloud computing is stable and reliable – providing us with opportunities to implement new ways of collaboration and learning – while letting go of our educational paper archives.

■

# ഭയം

ബി. സതീശൻ
സപ്നേഷ് വരച്ചൽ
ഷജിത്ത് ആർ ബി
എ ആർ തമ്പി
സുർജിത്ത് വി എസ്
സുധീർ വി യു
സന്തോഷ് സി
ഷൈന
അനുഖാൻ



# അസഹിഷ്ണുതയുടെ നാൾവഴികൾ

- നരേന്ദ്ര ധാബോൽക്കർ എന്ന സാമൂഹ്യപരിഷ്കർത്താവിന്റെ ജീവിതം മഹാരാഷ്ട്രയിലെ ജനങ്ങളെ അന്ധവിശ്വാസങ്ങളിൽനിന്ന് രക്ഷിക്കാനുള്ള രണ്ട് ദശകം നീണ്ട പോരാട്ടങ്ങളുടേതായിരുന്നു. മഹാരാഷ്ട്രയിൽ അന്ധവിശ്വാസ–മന്ത്രവാദ നിരോധന നിയമം നടപ്പിലാക്കുവാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ധാബോൽക്കറെ സംഘപരിവാറിന്റെ മുഖ്യ ശത്രുവാക്കി മാറ്റുകയായിരുന്നു. അന്ധവിശ്വാസ പ്രചാരകന്മാരുടെ ഈ അസഹിഷ്ണുതയാണ് 2013 ആഗസ്റ്റ് 20–ന് അദ്ദേഹത്തിന്റെ കൊലപാതകത്തിൽ കലാശിച്ചത്.

- 2014–ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ നരേന്ദ്രമോദി സർക്കാർ അധികാരത്തിലെത്തിയ അവസരത്തിലായിരുന്നു പ്രമുഖ കന്നഡ സാഹിത്യകാരനും ജ്ഞാനപീഠ ജേതാവുമായ ദിവംഗതനായ ഡോ:യു.ആർ.അനന്തമൂർത്തിക്ക് സംഘപരിവാർ സംഘടനകളിൽനിന്ന് ആക്രമണവും ഭീഷണിയും നേരിടേണ്ടിവന്നത്. നരേന്ദ്ര മോദി ഇന്ത്യയിൽ അധികാരത്തിൽ വരികയാണെങ്കിൽ താൻ പാക്കിസ്ഥാനിലേക്ക് താമസം മാറുമെന്ന് മൂർത്തി നടത്തിയ പ്രസ്താവനയുടെ പേരിലായിരുന്നു ആക്രമണം. മോദി തിരഞ്ഞെടുപ്പിൽ വിജയിക്കുകയും പ്രധാനമന്ത്രി പദത്തിലെത്തുകയും ചെയ്തതിനുശേഷം ഒരു സംഘം മൂർത്തിയുടെ വസതിയിലെത്തുകയും അദ്ദേഹത്തെ അസഭ്യം പറയുകയും പാക്കിസ്ഥാനിലേക്കുള്ള വിമാന ടിക്കറ്റ് വാഗ്ദാനം ചെയ്യുകയുമായിരുന്നു.

- 2014 ഡിസംബറിലാണ് ആമിർഖാൻ നായകനായ ജഗ എന്ന ഹിന്ദി ചിത്രം രാജ്യവ്യാപകമായി പ്രദർശനത്തിനെത്തിയത്. ചിത്രത്തിൽ ഹിന്ദുമതത്തെയും ആചാരങ്ങളെയും അവഹേളിക്കുന്ന രംഗങ്ങളുണ്ടെന്ന് ആരോപിച്ചാണ് സംഘ്പരിവാർ സംഘടനകളുടെ നേതൃത്വത്തിൽ ചിത്രം പ്രദർശിപ്പിക്കുന്ന തിയേറ്ററുകൾ ആക്രമിച്ചത്. ഗുജറാത്ത്, യു.പി, മധ്യപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലാണ് തിയേറ്ററുകൾക്കു നേരെ ആക്രമണമുണ്ടായത്.

- ഹിന്ദു മതത്തിലെ അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തിയതിനാണ് മഹാരാഷ്ട്രയിലെ സാമൂഹിക–രാഷ്ട്രീയപ്രവർത്തകനും പ്രമുഖ സാഹിത്യകാരനുമായിരുന്ന ഗോവിന്ദ് പൻസാരെ കൊല്ലപ്പെട്ടത്. മിശ്രവിവാഹങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന ഒരു സംഘടനയ്ക്ക് പൻസാരെ നേതൃത്വം നൽകിയിരുന്നു. നരേന്ദ്ര ധാബോൽക്കറുടെ കൊലപാതകത്തിനുശേഷം അദ്ദേഹം രൂപം നൽകിയ മഹാരാഷ്ട്ര അന്ധവിശ്വാസ നിർമ്മാർജ്ജന സമിതിയുടെ പ്രവർത്തനങ്ങൾക്കും പൻസാരെ നേതൃത്വം നൽകി. 2015 ഫെബ്രുവരി 16ന് പ്രഭാതസവാരിക്കിടെ മോട്ടോർബൈക്കിൽ വന്ന അക്രമികൾ പൻസാരെയുടെയും ഭാര്യയുടെയും നേർക്ക് നിറയൊഴിക്കുകയായിരുന്നു.

- പ്രമുഖ കന്നഡ എഴുത്തുകാരനും അധ്യാപകനുമായ ഡോ.എം.എം.കൽബുർഗിയായിരുന്നു മതതീവ്രവാദികളുടെ മറ്റൊരു ഇര. വിഗ്രഹാരാധനക്കെതിരെയും ഹിന്ദു മതത്തിലെ അനാചാരങ്ങൾക്കെതിരെയും അദ്ദേഹം ശക്തമായി പ്രതികരിക്കുകയും ലേഖനങ്ങളെഴുതുകയും ചെയ്തിരുന്നു. കൽബുർഗി വധത്തിനുശേഷം രാജ്യമെമ്പാടുമുള്ള സാഹിത്യപ്രവർത്തകർ തങ്ങൾക്ക് ലഭിച്ച അക്കാദമി അവാർഡുകൾ ഉൾപ്പെടെ കേന്ദ്ര സാഹിത്യ അക്കാദമിയിൽ തിരികെ ഏല്പിച്ചുകൊണ്ട് സാംസ്കാരിക ഫാസിസത്തിനെതിരായ പ്രതിഷേധസമരത്തിൽ പങ്കാളികളായി.

- പ്രമുഖ തമിഴ് സാഹിത്യകാരനായ പെരുമാൾ മുരുകനാണ് ഹിന്ദു വർഗ്ഗീയവാദികളുടെ അസഹിഷ്ണുതയ്ക്ക് ഇരയായ മറ്റൊരു പ്രമുഖൻ. ആറ് നോവലുകളും ഒട്ടേറെ ചെറുകഥകളും പ്രസിദ്ധീകരിച്ച അദ്ദേഹം തമിഴ്നാട് സർക്കാർ സാഹിത്യ അവാർഡ് ജേതാവ് കൂടിയാണ്. 2010–ൽ അദ്ദേഹം പ്രസിദ്ധീകരിച്ച 'മാതൊരുഭാഗൻ' എന്ന നോവലിൽ ഈശ്വരനിന്ദയുണ്ടെന്ന് ആരോപിച്ചാണ് പെരുമാൾ മുരുകനെ ഹിന്ദുത്വവാദികൾ ആക്രമിച്ചത്. തമിഴ്നാട്ടിലെ കുഗ്രാമങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന ജാതിസമ്പ്രദായവും ശൈശവവിവാഹവുമായിരുന്നു നോവലിന്റെ പ്രമേയം. 2015 ജനുവരിയിൽ ആക്രമണത്തെ തുടർന്ന് താൻ എഴുത്ത് നിർത്തുന്നതായുള്ള പെരുമാൾ മുരുകന്റെ പ്രഖ്യാപനം രാജ്യത്തെ സാഹിത്യലോകവും സാംസ്കാരികപ്രമുഖരും ഞെട്ടലോടെയാണ് പ്രതികരിച്ചത്.

- മുംബൈയിലെ ഒബ്സർവർ റിസർച്ച് ഫൗണ്ടേഷൻ എന്ന സംഘടനയുടെ തലവനായ സുധീന്ദ്ര കുൽക്കർണിയാണ് അസഹിഷ്ണുതാവാദികളുടെ മറ്റൊരു ഇര. പാക്കിസ്ഥാന്റെ വിദേശനയം സംബന്ധിച്ച് മുൻ പാക്ക് വിദേശകാര്യമന്ത്രി ഖുർശിദ് മഹമൂദ് കസൂരി രചിച്ച പുസ്തകത്തിന്റെ പ്രകാശനം മുംബൈ വേർളിയിലെ നെഹ്രു സെന്ററിൽ നടക്കാനിരിക്കെയാണ് സംഭവം. ഇന്ത്യ–പാക് ഏറ്റുമുട്ടലുകളിൽ അതിർത്തിയിൽ കൊല്ലപ്പെട്ട എല്ലാ ഇന്ത്യൻ സൈനികർക്കും കസൂരി ആദരാഞ്ജലി അർപ്പിച്ചാൽ മാത്രമേ ചടങ്ങ് നടത്താൻ അനുവദിക്കുകയുള്ളൂ എന്നതായിരുന്നു ശിവസേനയുടെ നിലപാട്. ചടങ്ങിന്റെ സംഘാടകരായ ഒബ്സർവർ ഫൗണ്ടേഷനോട് ഇതിൽനിന്ന് പിന്മാറണമെന്ന് ശിവസേന ആവശ്യപ്പെട്ടിരുന്നു. എന്നാൽ അദ്ദേഹം അതിന് തയ്യാറായില്ല. തുടർന്നാണ് ശിവസേന പ്രവർത്തകർ കുൽക്കർണിയെ ആക്രമിക്കുകയും അദ്ദേഹത്തിന്റെ മുഖത്ത് കരി ഓയിൽ ഒഴിക്കുകയും ചെയ്തത്. 2015 ഒക്ടോബർ 12–നായിരുന്നു സംഭവം.

- ഹൈദരാബാദ് സർവ്വകലാശാലയിൽ പി.എച്ച്.ഡി വിദ്യാർത്ഥിയായിരുന്ന രോഹിത് ചക്രവർത്തി വെമൂലയുടെ ആത്മഹത്യയും അതിലേക്ക് നയിച്ച സംഭവവികാസങ്ങളുമാണ് രാജ്യത്തെ വിദ്യാർത്ഥിസമൂഹത്തെയും ഫാസിസ്റ്റ് നയങ്ങൾക്കെതിരായ പ്രതിഷേധസമരങ്ങളിലേക്ക് നയിച്ചത്. സ്വതന്ത്രഭാരതം 70 വർഷങ്ങൾ പിന്നിട്ടിട്ടും രാജ്യത്തെ ദലിത് ജനവിഭാഗങ്ങളുടെ ജീവിതം ഇപ്പോഴും അവഗണനയും അടിച്ചമർത്തലും നിറഞ്ഞതായി തുടരുന്നുവെന്ന ദുരന്തവും രോഹിത് വെമൂല സ്വന്തം അനുഭവത്തിലൂടെ വിളിച്ചു പറയുകയാണ്.

- രാജ്യത്ത് നടന്നുവരുന്ന മേൽ വിവരിച്ചതുപോലുള്ള അക്രമസംഭവങ്ങളിലും അസഹിഷ്ണുതയിലും പ്രതിഷേധിച്ച് ജെ എൻ യു സർവ്വകലാശാലയിൽ ഒരു വിഭാഗം വിദ്യാർത്ഥികൾ യൂണിയൻ പ്രസിഡണ്ട് കനയ്യ കുമാറിന്റെ നേതൃത്വത്തിൽ പ്രതിഷേധ യോഗം നടത്തി. പ്രസ്തുത യോഗത്തിൽ തൂക്കിലേറ്റപ്പെട്ട തീവ്രവാദി അഫ്സൽ ഗുരുവിനെ അനുസ്മരിച്ചുവെന്നും ഇന്ത്യാവിരുദ്ധ മുദ്രാവാക്യങ്ങൾ മുഴക്കിയെന്നും ആരോപിച്ച് പോലീസ് കനയ്യ കുമാർ ഉൾപ്പെടെ ഏതാനും വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തു. ഈ സംഭവം രാജ്യത്തെ കലാലയങ്ങളെ മുഴുവൻ പ്രക്ഷുബ്ധമാക്കുകയും രാജ്യം മുഴുവൻ പ്രതിഷേധം അലയടിക്കുകയും ചെയ്തു.

- ഉത്തർപ്രദേശിലെ ദാദ്രിയിൽ കഴിഞ്ഞ വർഷം സെപ്തംബർ 28ന് ഈദുർഫിത്വർ ദിനത്തിൽ പശുവിറച്ചി കൈവശം വെച്ചുവെന്ന് ആരോപിച്ച് മുഹമ്മദ് അഖ്‌ലാഖ് സൈഫി എന്ന മധ്യവയസ്കനെ ഒരു കൂട്ടമാളുകൾ തല്ലിക്കൊല്ലുന്നു. ഇതിന്റെ തുടർച്ചയായി നടന്ന അന്വേഷണത്തിൽ ഇദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നത് ആട്ടിറച്ചിയാണെന്ന് കണ്ടെത്തുന്നു. കൊല്ലപ്പെട്ട അഖ്‌ലാഖിന്റെ മാതാവും വീട്ടിൽ സൂക്ഷിച്ചത് ആട്ടിറച്ചിയാണെന്ന് നേരത്തെ പറഞ്ഞിരുന്നു.

- ദാദ്രി സംഭവത്തിൽ പ്രതിഷേധമെന്ന നിലയ്ക്കാണ് തൃശ്ശൂർ കേരളവർമ്മ കോളേജിൽ എസ്.എഫ്.ഐയുടെ നേതൃത്വത്തിൽ ബീഫ് ഫെസ്റ്റ് സംഘടിപ്പിച്ചത്. ഈ സംഭവത്തെ തുടർന്ന് 6 വിദ്യാർത്ഥികളെ കോളേജ് അധികൃതർ സസ്പെൻഡ് ചെയ്തിരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള കോളേജിൽ സസ്യേതര ഭക്ഷണം വിളമ്പാൻ പാടില്ല എന്ന കീഴ്‌വഴക്കം വിദ്യാർത്ഥികൾ ലംഘിച്ചുവെന്നായിരുന്നു അധികൃതരുടെ വിശദീകരണം. എന്നാൽ ജനാധിപത്യരീതിയിലുള്ള ഒരു പ്രതിഷേധസമരം എന്ന നിലയിലായിരുന്നു വിദ്യാർത്ഥികൾ ഇതിനെ കണ്ടത്. ഈ സംഭവത്തെ അനുകൂലിച്ചും പ്രതികൂലിച്ചും നടന്ന ചർച്ചകളും സംവാദങ്ങളും കേരളത്തിലും ബീഫ് ഒരു പൊള്ളുന്ന വിഷയമാക്കി മാറ്റി.

- ദാദ്രി സംഭവത്തിനുശേഷം പശുവിന്റെ പേരിലുള്ള ഒട്ടേറെ ആക്രമണങ്ങൾക്കും കൊലപാതകങ്ങൾക്കും പ്രതിഷേധ സമരങ്ങൾക്കുമാണ് രാജ്യം സാക്ഷ്യം വഹിച്ചത്.

  ഗുജറാത്തിൽ പശുവിന്റെ തൊലിയുരിച്ച് ഉപജീവനം നടത്തുന്ന ദലിത് വിഭാഗത്തിൽപെട്ടവരെ ഗോരക്ഷാസമിതി പ്രവർത്തകർ മർദ്ദിച്ചവശരാക്കുന്നു.ചത്ത കന്നുകാലികളുടെ ശവം നീക്കം ചെയ്യുന്ന ദലിത് ജനവിഭാഗങ്ങൾക്കെതിരെ ഉത്തർപ്രദേശിൽ ആക്രമണം നടക്കുന്നു.

- ഇത്തരം ആക്രമണങ്ങൾക്കെതിരെ ഗുജറാത്തിലും രാജ്യത്തിന്റെ പല ഭാഗങ്ങളിലും ദലിതർ പ്രക്ഷോഭത്തിലേക്ക് നീങ്ങുന്നു. ഇതിന്റെ ഫലമായി കന്നുകാലികൾ ചത്ത് ചീഞ്ഞഴുകി ദുർഗന്ധം വമിക്കുകയും ജനജീവിതം ദുസ്സഹമാവുകയും ചെയ്യുന്നു.

- കന്നുകാലികളെ കടത്തിക്കൊണ്ടുപോയി എന്നാരോപിച്ച് മുസ്ലിം സമുദായക്കാരായ ഒട്ടേറെ പേർക്ക് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പീഢനങ്ങൾ നേരിടേണ്ടിവരുകയും ചിലരെ ഗോരക്ഷാസമിതി എന്ന പേരിലുള്ള അക്രമിസംഘം ക്രൂരമായി കൊലപ്പെടുത്തുകയും ചെയ്യുന്നു.


- കേരളീയസമൂഹം ഈയടുത്തകാലത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട വിഷയമാണ് തീവ്രവാദസംഘടനയായ ഐ.എസ്.ഐ.എസിലേക്ക് സ്ത്രീകളും കുട്ടികളുമുൾപ്പെടെ 15-ഓളം മലയാളികളെ റിക്രൂട്ട് ചെയ്തു എന്ന വാർത്ത. ഇവരെ കാണാതായതായി അവരുടെ ബന്ധുക്കളും സ്ഥിരീകരിച്ചിട്ടുണ്ട്. ഇങ്ങനെ റിക്രൂട്ട് ചെയ്യപ്പെട്ടവരിൽ ഒരു ഡോക്ടർ ദമ്പതികളും നാല് ബി.ടെക്. ബിരുദധാരികളുമുണ്ടെന്നതാണ് ഞെട്ടിപ്പിക്കുന്ന വസ്തുത. ഇവരിൽ 11 പേർ കാസർഗോഡ് ജില്ലക്കാരും ബാക്കി 4 പേർ പാലക്കാട് സ്വദേശികളുമാണ്. കേരളത്തെ സംബന്ധിച്ച് ഇത് തികച്ചും ആശങ്കാജനകമായ സ്ഥിതിവിശേഷമാണ്. ലോകത്തിന്റെ ഏത് മുക്കിലും മൂലയിലും പോയാലും അവിടെ ഒരു മലയാളി കാണുമെന്ന് നാം അഭിമാനത്തോടെ പറഞ്ഞിരുന്നു. എന്നാൽ ഒരു ആഗോളഭീകരസംഘടനയിൽ അംഗമാകാൻ അഭ്യസ്തവിദ്യരായ മലയാളികൾ തുനിഞ്ഞിറങ്ങുന്നുവെന്നത് നിസ്സാരവത്കരിക്കേണ്ട കാര്യമല്ല. സാമുദായികസൗഹാർദ്ദത്തിന്റെ കാര്യത്തിൽ രാജ്യത്തിന് എന്നെന്നും അഭിമാനമായി നിലകൊണ്ട ഒരു സംസ്ഥാനത്തുനിന്നും എന്തിന്റെ പേരിലായാലും വിധ്വംസകപ്രവർത്തനത്തിന് ആളുകളെ റിക്രൂട്ട് ചെയ്യാൻ കഴിയുന്നുവെങ്കിൽ എവിടെയാണ് തെറ്റുപറ്റിയതെന്ന് ഭരണകൂടം ചിന്തിക്കേണ്ടിയിരിക്കുന്നു.

- സാംസ്കാരിക ഫാസിസത്തിന് കേരളത്തിലും ഇരകളുണ്ടാകുന്നുവെന്നത് ആശങ്കാജനകമാണ്. കർണ്ണാടകയിലും മഹാരാഷ്ട്രയിലും സാഹിത്യകാരന്മാരെ ആക്രമിച്ചതും കൊലപ്പെടുത്തിയതും ഹിന്ദു വർഗ്ഗീയവാദികളാണെങ്കിൽ കേരളത്തിൽ മുസ്ലിം തീവ്രവാദികളാണ് ആക്രമണത്തിന് പിന്നിൽ. പാലക്കാട് സ്വദേശിയായ പി.ജിംഷാർ എന്ന യുവ എഴുത്തുകാരനാണ് മതഭ്രാന്തന്മാരുടെ ആക്രമണത്തിനിരയായത്. 'പടച്ചോന്റെ ചിത്രപ്രദർശനം' എന്ന പേരിലുള്ള അദ്ദേഹത്തിന്റെ പുതിയ ചെറുകഥാസമാഹാരം പുറത്തിറങ്ങാനിരിക്കെയാണ് ആക്രമണമുണ്ടായത്. പുസ്തകത്തിൽ ദൈവത്തെ പരിഹാസരൂപേണ ചിത്രീകരിച്ചു എന്ന് ആരോപിച്ചുകൊണ്ട് ജിംഷാറിനെ ഏതാനും പേർ ചേർന്ന് പൊതുസ്ഥലത്തുവെച്ച് മർദ്ദിക്കുകയായിരുന്നു.

# മതതീവ്രവാദം
## ഫാസിസത്തിന്റെ മുഖമുദ്ര

ബി. സതീശൻ






**അ**ന്തർദേശീയ സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മതതീവ്രവാദവും അതിനുവേണ്ടി നടത്തിവരുന്ന മനുഷ്യകുരുതികളുമാണ്. സമൂഹത്തെയാകെ ഭയപ്പെടുത്തി അവരുടെ മതതീവ്രത അടിച്ചേൽപ്പിക്കുന്നതിന് ഇസ്ലാമിക് സ്റ്റേറ്റുപോലുള്ള സംഘടനകൾ മനുഷ്യഹത്യകൾ അതിക്രൂരമായി നടത്തുന്നു. അതിന്റെ ദൃശ്യങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെ അവർ തന്നെ പ്രചരിപ്പിക്കുന്നു. ഇത്തരം ബോധപൂർവ്വമായ പ്രചരണം കൊണ്ട് അവർ ഉദ്ദേശിക്കുന്നത് ലോകത്തെ മുസ്ലീം യുവജനങ്ങളിൽ മതതീവ്രത ഊട്ടിവളർത്താനും അവരെ ആകർഷിക്കുന്നതിനും മാത്രമല്ല എതിർപ്പിന്റെ ശബ്ദങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുകൂടിയാണ്. നൂറ്റാണ്ടുകളുടെ ചരിത്രമാണ് മതതീവ്രപ്രവർത്തനത്തിന് ലോകത്താകെയുള്ളത്. പ്രത്യേകിച്ച് യൂറോപ്പ്യൻ രാജ്യങ്ങളിലും അറേബ്യൻ രാജ്യങ്ങളിലും നടക്കുന്ന മതതീവ്രവാദപ്രവർത്തനങ്ങളും അതിന്റെ പേരിൽ നടക്കുന്ന മനുഷ്യത്വരഹിത അക്രമങ്ങളും. ഇസ്രേയൽ പാലസ്റ്റിൻ പോരാട്ടങ്ങൾ ഇതിന്റെ ചരിത്രപരമായ ഉദാഹരണമാണ്. ലോകരാജ്യങ്ങളിൽ പലയിടത്തും ക്രിസ്തുമത തീവ്രവാദവും ക്രൂരമായ ആക്രമണങ്ങളും മുസ്ലീമിനും മറ്റ് മതവിഭാഗത്തിനെതിരായി നടന്നുവരുന്നുണ്ട്. പശ്ചാത്യമാധ്യമങ്ങളിൽ ഇത്തരം സംഭവങ്ങൾക്ക് വലിയ പ്രചാരം നൽകാത്തതിനാലാണ് നമുക്ക് കൂടുതൽ അറിയാൻ കഴിയാത്തത്. മുസ്ലീം ക്രിസ്ത്യൻ തീവ്രവാദ ആക്രമണങ്ങൾ ഏതെങ്കിലും പ്രത്യേക മതവിശ്വാസികൾക്കെതിരെ മാത്രമല്ല എന്നതാണ് വളരെ ഗൗരവത്തോടെ കാണേണ്ടത്. മുസ്ലീംതീവ്രവാദ സംഘടനകൾ മുസ്ലീം രാഷ്ട്രങ്ങളിലെ മുസ്ലീങ്ങൾക്കെതിരായി ആക്രമണങ്ങൾ നടത്തുന്നു. ക്രിസ്ത്യൻ തീവ്രവാദസംഘടനകൾ ക്രിസ്ത്യൻ രാജ്യങ്ങൾക്കെതിരെ ആക്രമണങ്ങൾ നടത്താറുണ്ട്. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് ഏതെങ്കിലും ഒരു മതത്തിന്റെ വിശ്വാസങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും മതത്തിന്റെ വളർച്ചക്കുംവേണ്ടിയല്ല. തികച്ചും ജനങ്ങളെ ഭയപ്പെടുത്തി അധികാരവും ഭൂമിയും സമ്പത്തും കൈക്കലാക്കുക എന്നതാണ്. അൽഖെയ്ദ്, ISIS, Boko, Haram, JKCF, SIMI, താലിബാൻ, ഹിസ്ബുൾ മുജാഹിദീൻ തുടങ്ങി എണ്ണമറ്റ മുസ്ലീം തീവ്രവാദസംഘടനകളുടെയും അമേരിക്കൻ സിവിൽവാർ നടന്ന കാലത്ത് രൂപീകരിക്കപ്പെട്ട ക്രിസ്ത്യൻ തീവ്രവാദ സംഘടനയായ കുകുക്ലാൻ (KKK) ഉൾപ്പെടെ Army of God, Eastern Lightning, AKA, National Liberation Front of Tripura, CC, USA എന്നിങ്ങനെയുള്ളവയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ ഇക്കാര്യം വളരെ വ്യക്തമാണ്.

നാട്ടുരാജ്യങ്ങളിൽ നിന്നും ഇന്ത്യയെന്ന ഐക്യനാടു രൂപപ്പെട്ട കാലങ്ങൾക്കു മുൻപ് തന്നെ എല്ലാ മതവിശ്വാസങ്ങളെയും സ്വീകരിക്കുന്ന പാരമ്പര്യമാണ് ഇവിടുത്തെ ജനങ്ങൾക്കുണ്ടായിരുന്നത്. അതിന്റെ തുടർ




ച്ചയെന്നോണം സ്വാതന്ത്ര്യത്തിനുശേഷവും മതനിരപേക്ഷതയും എല്ലാ സാംസ്കാരങ്ങളെയും തത്വസംഹിതകളെയും ഉൾക്കൊള്ളുവാനുള്ള ശേഷി ഇന്ത്യൻ മനസുകൾക്ക് ഉണ്ടായിരുന്നു. ഇതിന്റെ പ്രതിഫലനമായാണ് ഭരണഘടന രൂപപ്പെട്ടപ്പോൾ മതേതര ജനാധിപത്യ സോഷിലിസ്റ്റ് റിപ്പബ്ലിക് ഇന്ത്യ എന്ന അടിസ്ഥാന നിയമനിർമ്മാണം സാദ്ധ്യമായത്. എന്നാൽ ഭരണഘടന നിലവിൽ വന്നപ്പോഴും ഇന്ത്യ സ്വാതന്ത്ര്യം കിട്ടിയവസരത്തിലുമെല്ലാം ഇന്ത്യയിലെ ഹിന്ദുവർഗ്ഗീയ സംഘടനയായ ആർ.എസ്.എസ്സിന് ഇത് പൂർണ്ണായും അംഗീകരിക്കാൻ കഴിഞ്ഞില്ല. അതിന്റെ ഫലമായിട്ടാണ് ചരിത്രത്തിന് മാപ്പ് നൽകാൻ കഴിയാത്തവിധമുള്ള പല നഷ്ടങ്ങളും നമുക്കുണ്ടായത്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയസമരസേനാനികളുടെ കണ്ണീർ കൊണ്ട് കുതിർന്ന പ്രതലത്തിൽ നിന്നു കൊണ്ടാണ് ഇന്ത്യയും പാകിസ്ഥാനും എന്ന ആശയം നട്ടുവളർത്തിയതും സാധ്യമാക്കിയതും. ഇന്ത്യ പിറവിയെടുത്ത അന്നുമുതൽ ആർ.എസ്.എസും ഹിന്ദുസംഘടനകളും ഹിന്ദുരാഷ്ട്രമാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. എന്നാൽ ജനാധിപത്യ വ്യവസ്ഥയിലൂടെ ജനങ്ങളുടെ മനസ്സ് കീഴടക്കാൻ കഴിയാത്തതിനാൽ ഇവർക്ക് ഇന്ത്യയുടെ നിയന്ത്രണം ഏറ്റെടുക്കുവാൻ ഇത്രയും കാലം കാത്തിരിക്കേണ്ടി വന്നു.

ലോക മതതീവ്രവാദത്തിന്റെ പരിഛേദനം പോലെ ഇന്ത്യയിലും പല സംഘടനകളുടെ പേരിൽ തീവ്രപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എല്ലാം സംസ്കാരത്തെയും വിശ്വാസത്തെയും സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു പോന്നിരുന്ന ഇന്ത്യൻ ജനതയെ വർഗ്ഗീയമായി വേർതിരിച്ച് അധികാരം നിലനിർത്തുന്നതിനും പിടിച്ചെടുക്കുന്നതിനുമാണ് എല്ലാ മതതീവ്രവാദസംഘടനകളും ഇന്ത്യയിലും ചെയ്തു വരുന്നത്. പ്രധാനമായും ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളിൽപ്പെടുന്ന ചിലസംഘടനകൾ രാജ്യത്ത് അക്രമം അഴിച്ചുവിട്ട് ജനങ്ങളെ ഭയപ്പെടുത്തി കൂടെ നിർത്തുവാൻ ശ്രമിച്ചു വരുന്നു. ലോക സ്ഥിതി പോലെ ഇവർ ഏതെങ്കിലും ജനവിഭാഗത്തിനെതിരെ മാത്രമല്ല പ്രവർത്തിക്കുന്നതും ആക്രമിക്കുന്നതും. ഹിന്ദുസംഘടനകളും തീവ്രവാദികളും ഇന്ത്യയിലെ ഹിന്ദുക്കളെ കൊല്ലാറുണ്ട്. അന്ധവിശ്വാസത്തിന്റെ പേരിൽ ദളിതരെ കൊലചെയ്യുന്നു. അവരെ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്തുന്നു. ചാതുർവർണ്ണ്യ സമ്പ്രദായത്തിൽ ഉറച്ചുവിശ്വസിക്കുന്ന ഇവർ ഹിന്ദുക്കളെ പല തട്ടുകളിലാക്കി ജാതിവ്യവസ്ഥയിൽ അടിമപ്പെടുത്തി നിലനിർത്തിയിരിക്കുന്നു. മുസ്ലീം, ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട ചില തീവ്രസംഘടനകൾ അധികാരത്തിനും സ്വത്തിനും സമ്പത്തിനു വേണ്ടി പരസ്പരം കൊലചെയ്യപ്പെടുകയും മറ്റ് മതങ്ങൾക്കെതിരായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഏതെങ്കിലും മതത്തിന്റെ വിശ്വാസങ്ങളെ പ്രചരിപ്പിക്കാനോ മതഗ്രന്ഥങ്ങൾ കാട്ടുന്നവഴിയിലൂടെ സഞ്ചരിക്കുവാനോ അല്ല ഇത്തരം തീവ്രപ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നത്. ഭൂരിപക്ഷ തീവ്രവാദവും ന്യൂനപക്ഷ തീവ്രവാദവും ഒരുപോലെ അപകടകരമാണെന്നതുകൊണ്ട് ഇവ രണ്ടും ഇല്ലായ്മ ചെയ്യുവാൻ ഇന്ത്യൻ ജനതയ്ക്ക് കഴിയണം. ഭയപ്പെടുത്തി ഒരു ജനതയെ മുഴുവൻ അടിമകളാക്കാമെന്നും അവരെ ചൂഷണം ചെയ്യാമെന്നും അധികാരം കൈയാളാമെന്നു കരുതുന്ന എല്ലാ തീവ്രവാദസംഘടനകളും മൂഢസ്വർഗ്ഗത്തിലാണ്. ഇവരെ നേർവഴിക്ക് നയിക്കാൻ മതനിരപേക്ഷതയുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയും അതിനുള്ള പ്രസ്ഥാനങ്ങൾ ശക്തിപ്പെടുകയുമാണ് വേണ്ടത്.

കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് ചിന്തകളുടെ കുറവുണ്ടാക്കുന്ന സമൂഹത്തിൽ മതതീവ്രവാദം ശക്തിപ്പെടുകയും മനുഷ്യത്വരഹിതപ്രസ്ഥാനങ്ങൾ ജനങ്ങളെ ഭയപ്പെടുത്തി ചൂക്ഷണം ചെയ്യപ്പെടുകയും ഇവർ ഫാസിസ്റ്റ് ശക്തികളായി രൂപാന്തരപ്പെടുകയും ചെയ്യുമെന്ന തിരിച്ചറിവ് ഇന്ത്യയിലെ ജനങ്ങളിലേക്ക് കൂടുതലായി എത്തിക്കുക എന്നതാണ് ഏക പരിഹാരമാർഗ്ഗം. ■

# മതവെറിയുടെ ഭയപ്പെടുത്തലുകൾ



'ധീരനും സ്വതന്ത്രനും സർവ്വോപരി സർഗ്ഗാത്മകനുമായ മനുഷ്യശിശു അറുപതോ എഴുപതോ വർഷം കൊണ്ട് ഭീരുവും പരതന്ത്രനുമായിത്തീർന്ന് സ്വന്തം സൃഷ്ടിപരത വംശവൃദ്ധിക്കുവേണ്ടി മാത്രം ചെലവിട്ട് ഒടുവിൽ വൃദ്ധവേഷം കെട്ടിയ വലിയൊരു കുട്ടിയായി മരിച്ചുപോകുന്നതിനെയാണ് മനുഷ്യജീവിതം എന്ന് പറയുന്നതെങ്കിൽ പ്രിയപ്പെട്ടവളെ, മനുഷ്യനായി പിറന്നതിൽ എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല'

– മനുഷ്യന് ഒരു ആമുഖം, സുഭാഷ് ചന്ദ്രൻ



**സപ്നേഷ് വരച്ചൽ**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്


**അ**വനവന്റെ നിലനില്പിന് നേരിട്ടോ അല്ലാതെയോ സംഭവിക്കാൻ പോകുന്ന അപകടത്തോട് മനസ്സ് വൈകാരികമായി പ്രകടിപ്പിക്കുന്ന ഒരു വികാരമാണ് ഭയം. മനുഷ്യകുലത്തിന്റെ ഏറ്റവും പ്രാചീനവും ആഴത്തിൽ വേരുപിടിച്ചതുമായ ഒരേയൊരു വികാരവും ഭയംതന്നെ. ലോകത്ത് മൺമറഞ്ഞ് പോയതും ഇപ്പോൾ നിലനിൽക്കുന്നതുമായ എല്ലാ മതങ്ങളുടെയും അടിസ്ഥാനശിലയും മതം തന്നെ. ദൈവഭയം, രോഗഭയം, മരണഭയം ഇവ മൂന്നും കേവലയുക്തിയെ നിരസിച്ച് മനുഷ്യനെ മതങ്ങളുടെ പൗരാണിക ഇരുട്ട

റകളിലേക്ക് ആനയിച്ചിരുന്നു. പാപം -പുണ്യം, നരകം-സ്വർഗ്ഗം എന്ന ദ്വന്ദ്വങ്ങളിൽ അധിഷ്ഠിതമാണ് എല്ലാ മതഗ്രന്ഥങ്ങളും. 'പാപത്തിന്റെ ശമ്പളം മരണമത്രെ' (റോമ 6:23) എന്ന ബൈബിൾ വചനം ഒരുദാഹരണം മാത്രം. മതത്തിന്റെ ചട്ടക്കൂട്ടിലേക്ക് മനുഷ്യനെ തളച്ചിടുന്ന ഇതിനു സമാനമായ ഉദ്ധരണികൾ എല്ലാ മതഗ്രന്ഥങ്ങളിലും ഉണ്ടാകും. ഇത്തരം മതഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കുന്ന പുരോഹിതർ യുക്തിയുടെ കണികപോലും പ്രവേശിക്കാത്ത ഇരുണ്ട കാലത്തിലേക്ക് മനുഷ്യകുലത്തെയാകെ ആനയിക്കുകയാണ്.

## ശ്രേഷ്ഠസംസ്കാരം

ലോകത്തിൽ 4200-ൽപരം മതങ്ങൾ/സംസ്കാരങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പലതും ഇന്ന് ഭൂമുഖത്തുനിന്നും അവസാന അനുയായിയെയും നഷ്ടപ്പെട്ട് പൂർണ്ണമായി ഇല്ലാതായി. സുമേറിയൻ, മായൻ, ഗ്രീക്ക്, റൂമാവ, വേദിസം, അസൂറിയനിസം, മിത്രയിസം, മിനോയനിസം, ചേര-ചോള-പാണ്ഡ്യ സംസ്കാരം, സിന്ധു നദീതട സംസ്കാരം ഇവയെല്ലാം ഭൂമുഖത്തുനിന്നും പൂർണ്ണമായി ഇല്ലാതായവയിൽ ചിലതു മാത്രം. ഒരു മതം അഥവാ സംസ്കാരം ഇല്ലാതാവുമ്പോൾ അവരുടെ ദൈവങ്ങളും കൂടിയാണ് ഇല്ലാതാവുന്നത്. ചിതലരിച്ച് മണ്ണടരുകളിൽ ലയിച്ചില്ലാതായ ഇത്തരം സംസ്കാരങ്ങളുടെ ശേഷിപ്പുകൾ സംസ്കാരപഠിതാക്കളുടെ പ്രധാന വിഷയമാണിന്ന്.

ഇന്ന് നിലവിലുള്ള മതങ്ങൾക്കകത്തുതന്നെ നിരവധി അവാന്തരവിഭാഗങ്ങൾ ഉണ്ട്. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വിശ്വാസരീതികളിലും പ്രാർത്ഥനകളിലും വ്യത്യസ്തതകൾ നിരവധി ഉണ്ടെന്നിരിക്കെ തന്റെ വിശ്വാസമാണ്/മതമാണ്/സംസ്കാരമാണ് ശ്രേഷ്ഠം എന്ന് എങ്ങിനെ പറയാൻ കഴിയും. ശ്രേഷ്ഠസംസ്കാരവാദവുമായി ബന്ധപ്പെട്ട് സമകാലീന ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന കലഹങ്ങൾ/കലാപങ്ങൾ ഉണ്ടാക്കുന്ന കെടുതികൾ ഭയം ഒന്നിപ്പിക്കുന്നതാണ്. വ്യക്തിനിരാസം മുഖമുദ്രയാക്കിയ സെമിറ്റിക് മതങ്ങളും മാനവിക വിരുദ്ധത പ്രവൃത്തിപഥത്തിൽ എത്തിച്ച മറ്റു മതങ്ങളും തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം കലഹങ്ങളിൽ നിന്നും ഒരു പാഠവും മനുഷ്യർ പഠിക്കുന്നില്ല എന്നതാണ് ഏറ്റവും ദു:ഖകരമായ വസ്തുത. മതങ്ങൾക്കകത്തുതന്നെ വിഭാഗങ്ങൾ/ജാതികൾ ഉണ്ടാവുകയും ഒന്ന് മറ്റൊന്നിന്റെ നാശം കാണുന്നതുവരെ നിരന്തര കലാപം അഴിച്ചുവിടുകയും ചെയ്യുന്നതിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പശ്ചിമേഷ്യയിലെ സുന്നി-ഷിയാ പോരാട്ടവും ഇന്ത്യയിലെ ദളിത് വിരുദ്ധ കലാപങ്ങളും ഉദാഹരണങ്ങൾ മാത്രമാണ്. ഇത്തരം കാഴ്ചകൾ നമ്മുടെ കാഴ്ചകളെയും കാഴ്ച്ചപ്പാടിനെയും നിരന്തരം അലോസരപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.



ഇത്തരം മതഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കുന്ന പുരോഹിതർ യുക്തിയുടെ കണികപോലും പ്രവേശിക്കാത്ത ഇരു കാലത്തിലേക്ക് മനുഷ്യകുലത്തെയാകെ ആനയിക്കുകയാണ്.

## മതവും അധികാരവും

പരസ്പരപൂരകങ്ങളായ ഒട്ടേറെ കൊടുക്കൽ വാങ്ങലുകളാൽ സമൃദ്ധമായ രണ്ട് സംജ്ഞകളാണ് മതവും അധികാരവും. 19-ാം നൂറ്റാണ്ടിൽ മതരഹിതമായ കമ്മ്യൂണിസ്റ്റ്/മാർക്സിസ്റ്റ്/ലെനിനിസ്റ്റ് ചിന്താധാര ലോകത്ത് പ്രചാരത്തിൽ വന്നുതുടങ്ങിയിരുന്നു. 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' എന്ന കാറൽ മാർക്സിന്റെ വാക്കുകൾ യൂറോപ്പിലും ലാറ്റിനമേരിക്കയിലും ഉണ്ടാക്കിയ വിചാരവിപ്ളവങ്ങൾക്ക്/നവോത്ഥാനപ്രസ്ഥാനങ്ങൾക്ക് മാനവികതയായിരുന്നു അടിസ്ഥാന പ്രത്യയശാസ്ത്രമായി വർത്തിച്ചത്. ജർമ്മൻ ചിന്തകനായ ഫ്രെഡറിക് നീഷെയുടെ "God is dead" എന്ന ഉജ്ജ്വലമായ പ്രഖ്യാപനം ലോകത്തിലെ ക്യാമ്പസ്സുകളിലും തൊഴിൽശാലകളിലും തെരുവിടങ്ങളിലും പുത്തനുണർവ്വ് നൽകി. മതവിശ്വാസത്തിന്റെയും മാനവികസ്




നേഹത്തിന്റെയും മനോഹരഗാഥകൾ നാടാകെ പരന്നൊരു കാലം നമ്മുടെ നാട്ടിലും ഉണ്ടായിരുന്നു. രാജാറാം മോഹൻ റോയ് മുതൽ ശ്രീനാരായണഗുരുവും ചട്ടമ്പി സ്വാമികളും വാഗ്ഭടാനന്ദഗുരുവും ഇ.എം.എസ്സും ഉൾപ്പെടെയുള്ള സാമൂഹ്യപരിഷ്കർത്താക്കളുടെ ഒരു നീണ്ട നിര നമുക്കുണ്ടായി.

എന്നാൽ സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ലോകക്രമത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. മതരഹിത സമത്വസുന്ദര സോഷ്യലിസ്റ്റ് രാഷ്ട്രസങ്കല്പം നിലനിൽക്കില്ലെന്ന മതപ്രചാരണം റോമൻ കത്തോലിക്കരിൽനിന്നും




ലോകത്താകമാനം പ്രചരിച്ചു. മറ്റ് നിരവധി കാരണങ്ങൾ ഉണ്ടായിരുന്നെങ്കിലും സോവിയറ്റ് യൂണിയന്റെ തകർച്ചയാണ് മതപ്രചാരകരുടെ പ്രതിപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയത്. സോഷ്യലിസ്റ്റ് തകർച്ചക്കായി അഹോരാത്രം പണമൊഴുക്കിയിരുന്ന സാമ്രാജ്യത്വ-മൂലധനശക്തികൾ അവരുടെ മുഴുവൻ ശക്തിയുമെടുത്തുകൊണ്ട് മതത്തോടു ചേർന്ന് മാനവിക സങ്കല്പങ്ങളെ ഇല്ലാതാക്കാൻ ശ്രമിച്ചു.ഇതിന്റെ തുടർച്ചയായി ലോകത്താകമാനം കച്ചവടകേന്ദ്രീകൃതമായി ഒരു സമ്പദ് വ്യവസ്ഥ വരികയും ആയുധക്കച്ചവടം മറ്റേത് കച്ചവടത്തേക്കാളും വലിയ ലാഭകരമായ ബിസിനസ്സായി കോർപ്പറേറ്റ് മുതലാളിത്തം കാണാൻ തുടങ്ങുകയും ചെയ്തു. കോർപ്പറേറ്റുകൾ ലോകക്രമത്തിലെ നിർണ്ണായക ശക്തികളായി ഉയർത്തപ്പെട്ടു. നിർമ്മിക്കപ്പെടുന്ന ആയുധങ്ങൾ നിർബാധം വിറ്റുപോകണമെങ്കിൽ യുദ്ധം വരണം.



മതങ്ങൾ/സംസ്കാരങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്ക് കോർപ്പറേറ്റ് മുതലാളിത്തം കൈയയച്ച് സഹായിച്ചു. ലോകമാകമാനം വെറുപ്പിന്റെ പ്രത്യയശാസ്ത്രം യുവത്വത്തെ തീവ്രമായി ആവേശിച്ചു. ജനാധിപത്യം മതകേന്ദ്രീകൃത ഏകാധിപത്യത്തിന് വഴിപ്പെട്ടു. മതചിഹ്നങ്ങൾ ഉയർത്തി



വംശഹത്യപരമ്പരകൾ മുതലാളിത്തത്തിന്റെ ആശീർവാദത്തോടെ ലോകമെങ്ങും നടന്നു.

പൗരാണിക സ്മാരകങ്ങളും കലകളും മ്യൂസിയങ്ങളും തുടർച്ചയായി നശിപ്പിക്കപ്പെട്ടു. മതോന്മാദം സഹജഭാവമായി മാറി. പലായനങ്ങളും അഭയാർത്ഥികളും ലോകമെങ്ങുമുണ്ടായി. ഭയം...........ലോകക്രമത്തിൽ ഭയം മാത്രം സർവ്വസാധാരണവികാരമായി മാറി, മതം ജയിച്ചു. മാനവികത പരാജയപ്പെട്ടു.

## ദേശീയത എന്ന സങ്കല്പം

ദേശീയത എന്നത് ഏറെ ദുർവ്യാഖ്യാനം ചെയ്യപ്പെട്ട ഒരു പദപ്രയോഗമാണ്. ലോകചരിത്രം പരിശോധിച്ചാൽ മതകേന്ദ്രീകൃത ഏകാധിപത്യ വാഴ്ചയുടെ തുടക്കം ദേശീയതാവാദത്തിലൂന്നിയായിരിക്കും. ക്ഷേമരാഷ്ട്ര സങ്കല്പങ്ങൾക്ക് വിരുദ്ധമായ സങ്കുചിത ദേശീയവാദം എക്കാലത്തും അധികാരമോഹികളുടെ ഇഷ്ടവിഷയംതന്നെ. ജർമ്മൻ ദേശീയത ഏറ്റവുമൊടുവിൽ ജൂതവംശഹത്യയുടെ ഭീതിദമായ അവസ്ഥയിലേക്കാണ് എത്തിച്ചേർന്നതെന്ന കാര്യം ഓർക്കേണ്ടതാണ്. ജർമ്മനിയിൽ മാത്രമല്ല, ഇറ്റലിയിലും ലിബിയയിലും ഇറാഖിലും ഇന്തോനേഷ്യയിലും ........ഉദാഹരണങ്ങൾ നിരവധി.

നിരവധി സാംസ്കാരിക ധാരകളുടെ സമന്വയമായ നമ്മുടെ ഇന്ത്യയിലും ഇന്ന് ഏറ്റവും കൂടുതൽ ഉയർന്ന് കേൾക്കുന്ന വാക്കും ദേശീയത തന്നെ. 200 വർഷം നമ്മെ അടക്കി ഭരിച്ച, അടിമകളാക്കിവെച്ച, നമ്മുടെ സമ്പത്ത് പൂർണ്ണമായി കൊള്ളയടിച്ച, മതവിദ്വേഷത്തിന്റെ തീപ്പൊരികൾ ഓരോരുത്തരിലും

കുത്തിവെച്ച ബ്രിട്ടനോട് ഇല്ലാത്ത ശത്രുതയാണ് നൂറ്റാണ്ടുകളോളം നമ്മുടെ രാജ്യത്തിന്റെ ഭാഗമായിരുന്ന പാക്കിസ്ഥാനോട്. പാക്കിസ്ഥാൻ, വെറുപ്പുത്പാദിപ്പിക്കുന്ന, ഭീകരവാദം കയറ്റുമതി ചെയ്യുന്ന ഒരു മത കേന്ദ്രീകൃത രാജ്യമാണ്. ഇന്ത്യയാകട്ടെ ഒരു മതനിരപേക്ഷ റിപ്പബ്ലിക്കും. ഹിന്ദു എന്ന വ്യാജ അഭിമാനബോധമാണ് RSS-സംഘപരിവാരം നിരന്തരം ഉണ്ടാക്കുന്നത്. മാനവീകതാനിരാസം മുഖമുദ്രയാക്കിയ സംഘപരിവാരത്തിന്റെ അധികാരതന്ത്രമാണ് ശത്രുസങ്കല്പം. പാക്കിസ്ഥാനെ മാത്രമല്ല, സംഘപരിവാരത്തിന്റെ കപടദേശീയതയെ ചോദ്യം ചെയ്യുന്നവരൊക്കെ അവരുടെ കണ്ണിൽ ശത്രുക്കളും ദേശവിരുദ്ധരുമാണ്.

## ഭയം വിതയ്ക്കുന്നവർ

കേരളത്തിൽനിന്ന് വിദ്യാസമ്പന്നരായ യുവാക്കളും യുവതികളും ലോകഭീകരസംഘടനയായ ഇസ്ലാമിക് സ്റ്റേറ്റിൽ ചേർന്നുവെന്ന സ്തോഭജനകമായ വാർത്ത മലയാളി സമൂഹത്തെ തെല്ലൊന്നുമല്ല ഭയപ്പെടുത്തിയിരിക്കുന്നത്. പൊതുസമൂഹത്തിൽ ഇസ്ലാം വിരുദ്ധ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാൻ സംഘപരിവാരത്തെ ഈ സംഭവം ഏറെ സഹായിച്ചിട്ടുമുണ്ട്. മതനിരപേക്ഷതക്കും സഹവർത്തിത്വത്തിനും പുകൾപെറ്റ കേരളത്തിൽ മതത്തിന്റെയും വംശത്തിന്റെയും പേരിൽ ഭീകരവാദവും തീവ്രവാദവും വർഗ്ഗീയ ധ്രുവീകരണങ്ങളും




സംഘടിപ്പിക്കുന്ന മതകേന്ദ്രീകൃത-മാനവികരഹിതരായ എല്ലാത്തരം പ്രവർത്തനങ്ങളെയും ഇല്ലാതാക്കാൻ, ഭയരഹിതമായ ഒരു സമൂഹം ഉണ്ടാക്കാൻ ജനാധിപത്യബോധമുള്ള മുഴുവൻ പേരും മൗനം വെടിഞ്ഞ് തെരുവിലിറങ്ങി, മനുഷ്യത്വത്തിന് മാനവികതയുടെ പുതിയൊരു ആമുഖം രചിക്കേണ്ട സമയം സംജാതമായിരിക്കുന്നു.

■

PLUS
DIGITAL
MEDIA

TC-25/2727(7)
LUKE LAME,
PULIMOOD, G.P.O,
TRIVANDRUM,
KERALA STATE
9495354555





**ഷജിത്ത് ആർ ബി.**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

# കല കലഹം

**ഭാവി നമുക്കായി കരുതിവച്ചിട്ടുള്ള വിജയത്തിലേക്ക് ഒരു ചുവടെങ്കിലും അടുത്തേക്കെത്താൻ നമ്മെ സഹായിക്കുമെങ്കിൽ ഒരു ജോലിയും ഹീനമല്ല എന്ന് നാം മനസ്സിലാക്കണം. വിമർശിക്കാതെ തള്ളിക്കളയാവുന്നത്ര അപ്രധാനമായി ഒന്നും തന്നെയില്ല. ദൃഷ്ടിപഥത്തിൽ പ്രത്യക്ഷപ്പെടുന്ന (വിമർശനീയമായ) ഒന്നും തന്നെ അക്രമിക്കപ്പെടാതിരുന്നുകൂട. അപമാനകരമാണെങ്കിലും ഈ ജോലികൾ പൂർത്തീകരിക്കാനുള്ള ക്ഷമ പ്രദർശിപ്പിക്കാൻ നാം തയ്യാറാവുക.**

*പോൾ നിസ്സാൻ*

ലാവണ്യാത്മകതയുടെ ആകാരമായി നിലകൊള്ളുന്ന ഒരു സ്വയം പര്യാപ്തസ്ഥാനത്തെ കല എന്ന സങ്കൽപനം വിഭാവനം ചെയ്യുന്നുണ്ട്. വ്യക്തികൾ തങ്ങളുടെ ഏകാന്തതയിൽ വിനിമയം സാധിച്ചെടുക്കുന്ന ഒരു ലോകമാണിത്. ഭാവനാത്മകവും ബൗദ്ധികവും സർഗ്ഗാത്മകവുമായ വിശേഷരൂപം എന്ന അർത്ഥം 18–ാം ശതകത്തിന്റെ ആദ്യ പകുതിയിലാണ് കലയ്ക്ക് കൈവരുന്നത്.

ഴാക് റാൻഷ്യേർ ജനാധിപത്യത്തോടുള്ള വിദ്വേഷം (Hatred of Democracy 2006) എന്ന പുസ്തകത്തിൽ പറയുന്നു, ജനാധികാരത്തെ പരിമിതപ്പെടുത്താനും ചെറുക്കാനും അടിച്ചമർത്താനുമാണ് ലോകത്ത് ഭരണകൂടം ഉണ്ടായത് എന്ന്, കലയിലായാലും ഭരണകൂടത്തിലായാലും അരാഷ്ട്രീയത ചെയ്യുന്നത് ജനങ്ങളുടെ ഇടം സങ്കോചിപ്പിക്കുകയും അവരെ നിശബ്ദരാക്കുകയുമാണ്.

'നാനാത്വത്തിൽ ഏകത്വം' എന്ന രാഷ്ട്ര കൽപ്പനയ്ക്കു പിറകിൽ സൗകര്യപൂർവ്വം ഒളിച്ചുവെക്കാവുന്ന ഒരാശയസംഘാതമാണ് മതേതരത്വം എന്നതും. മതേതരത്വം അതിന്റെ സിദ്ധാന്തത്തിൽ ഇതര മതങ്ങളെ മാനിക്കുന്ന ഒന്നാണെങ്കിലും പ്രയോഗത്തിൽ അതു കൂടുതൽക്കൂടുതൽ (ഒറ്റയൊറ്റ) മതനിർമ്മിതികളെ സ്വാർത്ഥമായി നിർവ്വചിക്കുന്ന ഒന്നാണ് എന്നു ഇന്ത്യയുടെ സമീപവർത്തമാനം കാണിക്കുന്നു. ചരിത്രം ആവശ്യപ്പെടുന്ന സന്ദർഭത്തിലാണു കല അതിന്റെ രാഷ്ട്രീയപക്ഷം ഏറ്റവും നഗ്നമായി വിളംബരം ചെയ്യാറുള്ളതും. ദേശീയതയുടെ അടിവേരുകൾ ദേശത്തെ വിഭാവനം ചെയ്യുമ്പോൾ പലപ്പോഴും സംസ്കാരം അ








തിന്റെ ചിഹ്നങ്ങൾ നിർമ്മിച്ചു കൊണ്ടിരിക്കും. കല ഈ ചിഹ്നനിർമ്മാണങ്ങളുടെ പ്രത്യക്ഷമായി വ്യവഹരിക്കപ്പെടുന്ന ഒന്നായിവേണം മനസ്സിലാക്കാൻ . ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ സാംസ്കാരിക ഇന്ത്യയിൽ സ്വദേശത്തെ ആവിഷ്കരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സാമ്രാജ്യത്വഭരണത്തിനു കീഴിലെ വിധേയത്വം ഇന്ത്യൻ ജനതയുടെ ആത്മാഭിമാനത്തിനേൽപ്പിച്ച പ്രഹരങ്ങളാണ് അന്ന് അത്തരമൊരു ഐക്യമതത്തിനുവേണ്ടി ആശയസംഘാതം നടത്തിയത്.

കലയിലെ അധീശപ്രത്യയശാസ്ത്രത്തോട് കലഹിച്ചുകൊണ്ട് ഭാരതത്തിന് തനതായ കലാപാരമ്പര്യമുണ്ടെന്നും ആ കലാപാരമ്പര്യത്തെ ഉൾക്കൊള്ളണമെന്നും ഉദ്ഘോഷിച്ച ഇ.ബി. ഹാവേലാണ്, ഇന്ത്യൻ കലയ്ക്ക് ഒരു ദേശീയ മുഖം ഉണ്ടെന്ന് വിളിച്ചുപറഞ്ഞയാൾ. ബംഗാൾ സ്കൂളിന് സൈദ്ധാന്തിക അടിത്തറയുണ്ടാക്കുന്നതിലും കലാപഠനത്തിൽ ദേശീയാവബോധം കൊണ്ടുവരികയും ചെയ്തുകൊണ്ട് ഹാവേൽ മുന്നോട്ടുവെച്ചത് ദേശഭക്തിയിലൂന്നിയ കലാവീക്ഷണമായിരുന്നു. പാരമ്പര്യ കലാരീതികൾ അവിടെ ഊർജ്ജദായകമായി. സിസ്റ്റർ നിവേദിത, ആനന്ദ കുമാരസ്വാമി, ഒകാകുറ തുടങ്ങിയവരും ആദ്യകാല ഭാരതീയത്വത്തിന്റെ അണിയറശില്പി കളായി. ബംഗാൾസ്കൂൾ ഒരു പ്രതിരോധകലാപ്രസ്ഥാനമായി വളർന്നു.

ദേശീയത= ഹൈന്ദവഭാരതം എന്ന അലിഖിത ദൃശ്യപ്രത്യയശാസ്ത്രത്തിന് എളുപ്പം വേരോടാനെങ്കിലും ബംഗാൾ ഉത്ഥാനശ്രമങ്ങൾ കാരണഭൂതമായി എന്ന് ഇന്നെത്തി നിൽക്കുന്ന കലാവിചാരത്തിന്റെ വിമർശപക്ഷത്തിന് പറയാനൊക്കും. പിൽക്കാല നവമാനവികവാദികൾക്ക് തിരസ്കരിക്കുവാനും പോരാടാനും തക്ക നടപടികൾ സ്വദേശിവാദകല തീർക്കുകയായിരുന്നു. ചരിത്രത്തിലെ സവർണ്ണഭൂതകാലത്തെ പുനരാനയിക്കൽ അല്ല പ്രതിരോധം എന്ന് തിരിച്ചറിയുന്ന കലാസമൂഹം പിന്നീടുണ്ടാവാനെങ്കിലും പാരമ്പര്യവാദം തുണച്ചു.

എം.എഫ്.ഹുസൈന്റെ വിവാദമായ 'ഭാരത്മാത്' ഭാരതാംബയുടെ ഭാവിജീവിതം ബ്രിട്ടീഷ് ആധിപത്യത്തിന്റെ പാരുഷ്യങ്ങളെ ചെറുക്കാൻ സാംസ്കാരികഭാരതം നിർമ്മിച്ച പ്രതീകമാണ്. ദേശത്തെ ദേവസ്ത്രീ/മാതൃദേവതയായി ഭാവന ചെയ്തതിലൂടെ രൂപം കൊണ്ടത് ദൂരവ്യാപകമായ ഒരു ഇന്ത്യനെസ്സ് ആയിരുന്നു. നൂറ്റാണ്ടിനെ നിർവ്വചിക്കാൻ തക്കശേഷിയുള്ള ഒരു സങ്കൽപ്പമായി അത് ഇന്ത്യൻ പൊതുബോധത്തിൽ ഉള്ളടക്കം ചെയ്യപ്പെട്ടു. അബനീന്ദ്രനാഥ ടാഗോറിന്റെ ഭാരതമാതയിൽ നിന്നും ഉത്ഭൂതമായ അനേകം ഭാരതമാതകളുണ്ട്. എം.എഫ് ഹുസൈനിൽ എത്തുമ്പോൾ ഈ ഭാരതസ്ത്രീ ഏറ്റിവെച്ച അർത്ഥഭാരങ്ങളിൽ നിന്ന് രാജ്യത്തെ വിമോചിപ്പിക്കുന്നു. സദാചാരസംരക്ഷകരുടെ കണ്ണിൽ, ഇന്ത്യൻ ആത്മീയതയുടെ രക്ഷാകവചമാണ് ഹുസൈൻ എന്ന 'അഹിന്ദു' വലിച്ചെറിഞ്ഞത്. അതിൽ കലയുടെ





വിമർശത്തിലുപരി മതവികാരത്തോടുള്ള വൈരമാണ് എന്ന് കണ്ടെത്താൻ ഹിന്ദുദേശീയതയ്ക്ക് മറ്റുകാരണങ്ങൾ വേണ്ടിയിരുന്നില്ല. കല കലയ്ക്കുള്ളിൽത്തന്നെ വ്യവഹരിക്കപ്പെടുന്ന ഒരു വിനിമയപദ്ധതി അല്ലെന്ന് ഈ സാഹചര്യം സാക്ഷ്യപ്പെടുത്തുന്നു. കലയുടെയും കാഴ്ചയുടെയും പരിമിതവലയങ്ങളെ ഭേദിച്ചുകൊണ്ട് പൊതുബോധനിർമ്മാണത്തിന്റെ ഉപകരണങ്ങൾ കലയെ ഏറ്റെടുക്കുന്നതായിക്കാണാം.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നിന്ന് സ്വാതന്ത്ര്യത്തെപ്പറ്റിത്തന്നെയുള്ള മാനുഷിക പ്രതീക്ഷകളാണ് മോഡേണിസ്റ്റ് ആർട്ട് ഗ്രൂപ്പുകൾ മുന്നോട്ട് വെച്ച പൊതുമതം. സ്വാതന്ത്ര്യലബ്ധി വർഷം തന്നെ രൂപീകരിക്കപ്പെട്ട പ്രോഗ്രസ്സീവ് ആർട്ട് മൂവ്മെന്റ് അതുവരെ നിലനിന്ന സങ്കുചിതദേശീയതകളെ രചനയിലൂടെ വിമർശിച്ചു. ആത്യന്തികമായ സ്വാതന്ത്ര്യം എന്നതായിരുന്നു പ്രോഗ്രസ്സീവ് ആർട്ട് മൂവ്മെന്റിന്റെ പ്രധാന മുദ്രാവാക്യം. ആധുനികർ പൊതുവെ അനുഭവിച്ച സ്വത്വപ്രതിസന്ധി കലയുടെ മണ്ഡലത്തിലും പ്രകടമായിരുന്നു. കലയും അമൂർത്തതയും അനാർക്കിസവും കൂട്ടിയോജിപ്പിച്ചുകൊണ്ട് കലാകാര വ്യക്തിത്വരൂപീകരണങ്ങൾ പരക്കെ നടന്നു. ദേശത്തെ മതവുമായി ഇണക്കിച്ചേർത്ത സാംസ്കാരിക പദ്ധതിയോടു കലഹിച്ചു കൊണ്ടേ ആധുനിക കലാകാരന് തന്റെ അസ്തിത്വത്തെ പ്രഖ്യാപിക്കാൻ കഴിയുമായിരുന്നുള്ളൂ.

പ്രധാനപ്പെട്ട മറ്റൊരുകാര്യം കൃത്രിമമായി ശീലിച്ച 'മതേതരത്വം' അത്യാവശ്യങ്ങളിൽ മാത്രം എടുത്തണിയുകയും ഉള്ളിൽ തൊട്ടു ഒരു കാര്യത്തെ കുറിച്ചു പറയുമ്പോൾ മതഭ്രാന്ത്പുറത്തെടുക്കുകയും ചെയ്യുന്ന കുറെപേര് എങ്കിലും ഈ 'മതയുക്തി' എളുപ്പം ബോധിക്കുന്നവരാണ് എന്നതാണ്. കലാകാരന്റെ സ്വാതന്ത്ര്യം അത്ര വലിയ മണ്ണാങ്കട്ടയാണോ എന്ന് അടക്കിപ്പറയുന്നവർ ഭൂരിപക്ഷം വരുന്നെങ്കിൽ അത്ഭുതമില്ല. ആ 'സ്വാതന്ത്ര്യം' വൈവിധ്യങ്ങളുടെയും പരസ്പരമുള്ള വിമർശനങ്ങളുടെയും രൂപാന്തരങ്ങളുടെയും സാധ്യതകളുള്ള ഒരു സമൂഹഭാവനയിൽ നിന്നും പ്രയോഗത്തിൽ നിന്നും മാത്രം വരുന്ന ആപേക്ഷികമായ ഒരു ആശയമാണ്.

നിയന്ത്രണങ്ങൾക്ക് വിധേയമായി ഒരു സ്റ്റേറ്റിൽ പ്രദാനം ചെയ്യപ്പെടുന്ന സുരക്ഷിതത്വവും അവകാശവും ചുമ



Progressive Artist A Group,Bombay,1949
1st row(left to right):F.N.Souza,K.H.Ara,H.A.Gade
2nd row (left to right)M.F.Husain,S.K.Baker,S.H.Raza

തലകളും ആണ് പൗരത്വം. പൗരത്വം ഒരു സാങ്കേതിക പദം ആകുന്നതും അവിടെയാണ്. ഒന്നിൽ നിന്ന് മാറി മറ്റൊന്നിൽ എത്തിയാലും കലാകാരനെ സംബന്ധിച്ച് അയാളുടെ ഭാവനയുടെ വൈചിത്ര്യങ്ങൾക്ക് ഒരു പൌരത്വവും 'ക്ഷമ' പ്രദാനം ചെയ്തെന്നു വരില്ല.

ഫാസിസം അധികാരസിംഹാസനങ്ങളിലേക്കും പടർന്നുകയറിയ കാലത്ത് സഫ്ദർ ഒരു പ്രതിരോധത്തിന്റെ അടയാളമായിത്തീരുന്നു. അതുതന്നെയാണ് സഫ്ദർ ഉയർത്തിപ്പിടിച്ച രാഷ്ട്രീയത്തിന്റെ അനിവാര്യത. സാഹിബാബാദിലെ തെരുവിൽ ഈ പുതുവർഷത്തിലും സഫ്ദർ രൂപീകരിച്ച ജനാട്യമഞ്ചിന്റെ കലാകാരന്മാർ തെരുവുനാടകം അവതരിപ്പിച്ചു. സഫ്ദറിനെ മറക്കാതെ ആയിരങ്ങൾ അത് കാണാനെത്തി. പുരോഗമനപക്ഷത്തുനിന്ന ഒരു കലാകാരന്റെ രക്തസാക്ഷിത്വം ഒരു ജനതയൊന്നാകെ ഇന്നും ഓർമ കെടാതെ സൂക്ഷിക്കുന്നു. കടന്നുപോന്ന ചരിത്രത്തെപ്പറ്റിയുള്ള ബോധം ഒരു തെറ്റല്ല, എന്നുമാത്രമല്ല, ഏറ്റവും അനിവാര്യമായ ശരിയുമാണ്. എന്നാൽ വർഗബോധത്തെ വിസ്മരിക്കാൻ പ്രേരിപ്പിക്കുന്ന വർഗീയബോധംവരെ എത്തിനിൽക്കുന്ന ജാതിരാഷ്ട്രീയം സാംസ്കാരികലോകത്തിനെ ഭരിക്കുന്നതിന് ഉദാഹരണങ്ങൾ ആർക്കും ആവശ്യമുണ്ടാവില്ല. യേശുദാസിനു കയറേണ്ട ഗുരുവായൂരമ്പലവും പൊതുവാൾക്കും മാരാർക്കുമല്ലാതെ കയറിക്കൊട്ടേണ്ട വാദ്യസ്ഥലങ്ങളും വാർത്തകളിലിടം പിടിയ്ക്കുന്ന സാമൂഹ്യവ്യവസ്ഥ തകർക്കാൻ പോലും ഇത്രയും കാലമായിട്ട് നമുക്ക് സാദ്ധ്യമായിട്ടില്ല. ജാതിയുടെ സങ്കീർണപ്രയോഗത്തെ അഭിസംബോധനചെയ്യുന്നതിൽ നമുക്കുണ്ടായപിഴവുകൾ അതിന്റെ ഭീഷണരൂപമാർജ്ജിച്ച് സാംസ്കാരികരംഗം ഭരിക്കുന്നതാണ് എന്നത്തേയും ഇന്നത്തേയും ചിത്രം. ഇന്ത്യയും,പാകിസ്താനും,ബംഗ്ലാദേശും ഒരേ സാംസ്കാരിക പൈതൃകമുള്ള രാജ്യങ്ങളാണ്. ഭൂമിയും അധികാരവുമൊക്കെ പങ്കിടാനായേക്കാം. അവയ്ക്കെല്ലാമപ്പുറമാണ് സംസ്കാരം. അല്ലാമാ മുഹമ്മദ് ഇഖ്ബാലും,സാദത്ത് ഹസ്സൻ മൻതോയും,ഖാസി നസറുൽ ഇസ്ലാമും,ബഡേ ഗുലാം അലിഖാനും,മെഹ്ദി ഹസ്സനും,ഗുലാം അലിയുമെല്ലാം ഈ പൊതു പൈതൃകത്തിന്നവകാശപ്പെട്ടവരാണ്. അത് പങ്കുവയ്ക്കാനാവില്ല. മനസ്സും ഹൃദയവും എങ്ങനെ പങ്കുവയ്ക്കും? എഫ് ടി ഐയിൽ ഗജേന്ദ്ര ചൗഹാനെ പോലെ ഒരു തരത്തിലും അർഹതയില്ലാത്തവരെയാണ് അധികാരസ്ഥാനങ്ങളിൽ ഇരുത്തിയിട്ടുള്ളത്. ജനശത്രുക്കൾ പിടിച്ചെടുത്തുകൊണ്ടിരിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾ, ഐ സി എച്ച് ആറിൽ സുദർശൻ റാവുവും. നരേന്ദ്ര ബോൽക്കർ, ഗോവിന്ദ് പൻസാരെ, എം എം കൽബുർഗി ഇങ്ങനെയുള്ള സ്വതന്ത്ര ചിന്തകരും എഴുത്തുകാരും വധിക്കപ്പെടുമ്പോൾ പ്രധാനമന്ത്രി മൗനം കൊണ്ട് പിന്താങ്ങുന്നു.




സ്വാതന്ത്ര്യസമരകാലം മുതലും ജനാധിപത്യ ഭരണഘടന സ്വീകരിച്ചതുമുതൽ കൂടുതൽ ശക്തമായും ഇന്ത്യ ഇത്തരം ഏകവീക്ഷണം അടിച്ചേൽപിക്കുന്നതിൽനിന്നു വിട്ടുനിന്നിട്ടേയുള്ളൂ. അത് ഭൂതകാലത്തെപ്പറ്റിയായാലും വർത്തമാനത്തെപ്പറ്റിയായാലും ഭാവിയെപ്പറ്റിയായാലും. ബഹുസ്വരതയും സംവദിക്കാനും അഭിപ്രായഭിന്നത രേഖപ്പെടുത്താനുമുള്ള സാംസ്കാരിക സ്വാതന്ത്ര്യവും ഇന്ത്യയുടെ പാരമ്പര്യത്തിന്റെ അവശ്യഘടകമാണ്.

ബുദ്ധി ജീവികൾക്ക് അഭിപ്രായം പറയാൻ രണ്ട് വഴികളുണ്ട്. ഒന്ന് കലാസൃഷ്ടികളിലൂടെയും മറ്റൊന്ന് തുറന്ന രാഷ്ട്രീയ പ്രതിഷേധത്തിലൂടെയും മികച്ച കലാസൃഷ്ടിയിലൂടെ മാത്രമേ നമുക്ക് ഭൂതകാലത്തെ വർത്തമാന കാലത്തിലേക്കും ഭാവികാലത്തിലേക്കും ബന്ധിപ്പിക്കാനാവൂ. ■



# ഫാസിസത്തിന്റെ പ്രയോഗം

ഫാസിസ്റ്റ് ഭീകരവാദം രാഷ്ട്രീയ മണ്ഡലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. മനുഷ്യ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യ മൂല്യങ്ങളുടെയും വിനാശം കുറിക്കുന്ന ഒന്നാണത്. ഫാസിസം മതാത്മകമാണ്. യുക്തിവാദത്തെ ആപത്തായും സ്വേച്ഛാധിപത്യത്തിനും ഹിംസയ്ക്കും പ്രാധാന്യം കൊടുക്കുന്ന അക്രമണോത്സുകമായ ആത്മീയവാദമാണ് ഫാസിസത്തിന്റെ തത്വശാസ്ത്രം. മാർക്സിസത്തോടുള്ള ഭ്രാന്തമായ വിരോധം ഇതിൽ അന്തർലീനമാണ്.

1919-ൽ ഇറ്റലിയിൽ ആണ് ഫാസിസം പ്രത്യക്ഷപ്പെട്ടത്. പിന്നീട് യൂറോപ്പിലെ ഒട്ടുമിക്ക രാഷ്ട്രങ്ങളിലും അത് പടർന്നു. വളരെപ്പെട്ടെന്നുള്ള ഫാസിസത്തിന്റെ വളർച്ച സ്വാഭാവികമായും ലോകം ചർച്ച ചെയ്യപ്പെട്ടു. അതിന്റെ നിഷ്ഠൂരതകൾ ജനാധിപത്യവാദികളെയും പുരോഗമനവാദികളെയും സോഷ്യലിസ്റ്റുകളെയും ഞെട്ടിച്ചു. അതിന് വൈതാളികരും വക്കാലത്തുകാരും ഉണ്ടായിരുന്നു. അതിമാനുഷാരാധന സവിശേഷതയായി കാണപ്പെട്ടു. ഫാസിസ്റ്റുകളുടെ പ്രത്യയശാസ്ത്രത്തിന് ഇന്ത്യയിലെ യാഥാസ്ഥിതിക ദേശീയവാദികളുടെ പ്രത്യയ ശാസ്ത്രവുമായി പ്രകടമായ സാദൃശ്യം കാണാൻ സാധിക്കും. മനുഷ്യനെ അപേക്ഷിച്ച് ദൈവമാണ് പരമ പ്രധാനം. നമ്മുടെ രാജ്യത്ത് മൃഗങ്ങളും ദൈവത്തിന്റെ പ്രതിരൂപങ്ങളായി വളർന്ന് വരുകയാണല്ലോ. ബഹുജനങ്ങളെ എളുപ്പത്തിൽ ചൂഷണത്തിന് വിധേയരാക്കുന്നത് ഒരു പരിധി വരെ ഭക്തിയും ഭക്തിപ്രസ്ഥാനങ്ങളും കപട ആത്മീയവാദികളും. വിശ്വാസത്തിന് ബഹുമാന്യത നൽകുന്നതിനാൽ ഫാസിസം ഇത്തരക്കാർക്ക് സംരക്ഷണം നൽകുന്നതോടൊപ്പം മതത്തിന് സംരക്ഷണം നൽകുന്നതായി ഭാവിക്കുന്നു.



എ.ആർ. തമ്പി
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

ഫാസിസ്റ്റ് ദർശനം മതത്തെ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയത്തിൽ മാത്രം ഒതുക്കപ്പെടേണ്ട ഒന്നല്ല, എന്നു പറയാൻ കാരണം പലതാണ്. ഉദാഹരണത്തിന് നമ്മൾ ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു വാക്കാണ് 'സഹിഷ്ണുത'. ഫാസിസ്റ്റുകൾക്ക് സഹിഷ്ണുത എന്തെന്നറിയില്ല. ഹിറ്റ്ലർ അധികാരത്തിൽ വരുന്ന സമയത്ത് ജർമ്മനിയിലെ പ്രൊട്ടസ്റ്റന്റു സഭയുടെ അദ്ധ്യക്ഷൻ വളരെ ജനകീയനും മഹാനായ പുരോഹിതനുമായ ബിഷപ്പ് 'ബുഡ്ഷേൽ ഷിൻഗ്'. അദ്ദേഹം ദൈവമീമാംസകനായിരുന്നു. എന്ന് മാത്രമല്ല, ക്രൈസ്തവ ധർമ്മനിഷ്ഠയിലും കാരുണ്യത്തിലും അധിഷ്ഠിതമായ അദ്ദേഹത്തിന്റെ ജനാധിപത്യ ബോധങ്ങൾ ''പാവങ്ങളുടെ ബിഷപ്പ്'' എന്ന വിശേഷണം അക്കാലഘട്ടത്തിൽ ഷിൻഗ്വന് നേടിക്കൊടുത്തു. അത്തരമൊരു മനുഷ്യനെ മതപ്രമാണിമാരുടെ ഒരു സമ്മേളനത്തിൽ വെച്ച് ഹിറ്റ്ലറുടെ അനുയായികൾക്ക് ന്യായയുക്തമായ രീതിയിൽ പുറത്താക്കാനായില്ല. അദ്ദേഹം വീണ്ടും ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടു. അതിനെ തുടർന്ന് ഫാസിസ്റ്റുകൾ അവിടെ കൃത്രിമ തെരഞ്ഞെടുപ്പ് നടത്തി. അധികാരത്തിലുള്ള അവർ ഭീകരതയുടെയും ബലപ്രയോഗത്തിന്റെയും അപവാദത്തിന്റെയും എല്ലാ മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്തി. ജർമ്മനിയിലെ വലിയൊരു വിഭാഗമായ തൊഴിലാളി വർഗ്ഗത്തിലെ ഭൂരിഭാഗവും സഭാതിരഞ്ഞെടുപ്പിനോട് ഉദാസീനത കാട്ടിയിരുന്നതിനാൽ ഫാസിസ്റ്റു സ്ഥാനാർത്ഥിയുടെ വിജയം സുനിശ്ചിതമായിരുന്നു.

ജനകീയനും സത്യസന്ധനുമായ ഒരു ക്രൈസ്തവ പുരോഹിതനെ മാറ്റി തത്സ്ഥാനത്ത്

ഹിറ്റ്ലറുടെ ശിങ്കിടിയെ അവരോധിക്കാനായി അവർ പ്രചരണം നടത്തിയത്, "ഞങ്ങൾ യേശുക്രിസ്തുവിന്റെ മിന്നൽപ്പടയാണ്" എന്ന മുദ്രാവാക്യത്തോടെയാണ്. അങ്ങനെ "ജർമ്മൻ ക്രൈസ്തവത" സ്ഥാപിക്കപ്പെട്ടു. ഹിറ്റ്ലർ പറഞ്ഞു "സഭയെ സംരക്ഷിക്കാത്ത രാഷ്ട്രം വിലകെട്ടതാണ്". ഇതിലൂടെ ഫാസിസ്റ്റ് അസഹിഷ്ണുതയുടെയും മതാന്ധതയുടെയും സമഗ്രാധിപത്യം അദ്ദേഹം പ്രകടമാക്കി. മാത്രമല്ല ഹിറ്റ്ലറുടെ വിജയശ്രീലാളിതരായ ശിങ്കിടികൾ ദൈവം സൃഷ്ടിച്ച അത്ഭുതമായി അതിനെ പ്രഖ്യാപിച്ചു.

ഈ ചരിത്രബോധത്തിൽ നിന്ന് ഇന്ത്യയിലേക്ക് ഒന്ന് കണ്ണോടിച്ച് നോക്കൂ. ഫാസിസത്തെക്കുറിച്ച് പറയുമ്പോൾ സാമാന്യമായ ഒരു ചരിത്രബോധം വേണം. ഹിറ്റ്ലറുടെ കാലഘട്ടത്തിൽ ബി ജെ പിയില്ല. ആർ എസ്സ് എസ്സും ഇല്ല. എന്നാൽ ഹൈന്ദവ സംഘടനകൾ സമൂഹത്തിൽ സക്രിയരായിരുന്നു. ഹൈന്ദവ സംഘടനകൾ ഭരണത്തിൽ എത്തുന്നതിന് മുമ്പു തന്നെ അനേകം എഴുത്തുകാർക്കും, കലാകാരന്മാർക്കും, ചിന്തകർക്കും എതിരെ പ്രവർത്തനം നടത്തിയിരുന്നു. ഹബീബ് തൻവീർ, വെൻഡി ഡോനിഗർ, യു ആർ അനന്തമൂർത്തി, നന്ദിതാദാസ്, ദീപാമേത്ത, ആനന്ദ് പട്വർദ്ധൻ, ഗിരീഷ് കർണാട്, ജെ എസ് ഭഗവാൻ, റൊമിലാഥാപ്പർ, മേധാ പട്കർ അങ്ങനെ എത്രയോപേർ. കേരളത്തിലേക്ക് വന്നാൽ 'ഭഗവാൻ കാലം മാറുന്നു' കൂടാതെ മറ്റ് മത രാഷ്ട്രീയ വിഭാഗങ്ങൾ ക്രിസ്തുവിന്റെ ആറാം തിരുമുറിവിനോടും, തസ്‌ളീമ നസ്റീന്റെ ലജ്ജയോടും തികഞ്ഞ അസഹിഷ്ണുത പുലർത്തി. സഫ്ദർ ഹാഷ്മി കൊല്ലപ്പെട്ടത് ഇവിടെ വിസ്മരിക്കുന്നില്ല. ഇത്തരം അസഹിഷ്ണുതയുടെയും ഫാസിസ്റ്റ് അക്രമത്തിന്റെയും ചരിത്ര സംഭവങ്ങളുടെ പരമ്പര തന്നെ നമുക്ക് പറയാൻ സാധിക്കും.


അതിമാനുഷാരാധനയെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. ഫാസിസ്റ്റ് ദർശനത്തിന്റെ വളരെ പ്രധാനപ്പെട്ട സവിശേഷത അതിമാനുഷാരാധനയാണ്. കപട വികസന വാഗ്ദാനങ്ങൾ നൽകി നവസാങ്കേതിക വിദ്യ ഉപയോഗിച്ച് ബിംബ നിർമ്മാണം നടത്തിയത് നാം കണ്ടതാണല്ലോ. ആർ എസ് എസ് പിന്തുണയോടെ മുപ്പത്തിയൊന്നു ശതമാനം വോട്ടു നേടി അധികാരത്തിലെത്തിയവർ അക്രമണോത്സുകരായിത്തീർന്നു. 'പെരുമാൾ മുരുകൻ' എന്ന തമിഴ് നോവലിസ്റ്റിനെതിരെ ഒരു ജാതി വിഭാഗത്തെ ഇളക്കിവിട്ട് അദ്ദേഹത്തെ നിശ്ശബ്ദനാക്കി. അധികാര മനോഭാവത്തിന്റെയും, ക്രൂരതയുടെയും മകുടോദാഹരണമായി നമുക്ക് ഇതിനെ കാണാൻ കഴിയും. 'ഫാസിസ്റ്റ് സർവാധിപത്യം' എന്ന് വിലപിച്ചോ പ്രതിഷേധിച്ചോ ഇതിനെ അവസാനിപ്പിക്കുന്നത് മൗഢ്യമാണ്. രാഷ്ട്രീയത്തിന്റെയും മതസഹിഷ്ണുതയുടെയും കാര്യത്തിൽ നാം ഏറെ ചർച്ച ചെയ്ത 'ഘർവാപസി' പുഃനമതപരിവർത്തനത്തിന് നാന്ദിക്കുറിക്കുന്ന ഒന്നായി കാണാം.

വിയോജിക്കുന്നവരെ ഉന്മൂലനം ചെയ്യുക എന്നത് ഈ രാജ്യത്ത് മാത്രമല്ല, മറ്റൊരു രാജ്യത്തോ രാഷ്ട്രീയ വ്യവസ്ഥയിലോ സമൂഹത്തിലോ ലോകത്ത് എവിടെയും എപ്പോഴും അത് സംഭവിക്കാം, ഇന്ത്യയിലെ സ്വതന്ത്ര എഴുത്തുകാർക്ക് നരേന്ദ്ര ദബോൽക്കർ, എം എം കുൽബർഗി, ഗോവിന്ദ് പൻസാരെ തുടങ്ങിയവർക്ക് സംഭവിച്ചത് തന്നെയാണ് ഫ്രാൻസിലെ കാർട്ടൂണിസ്റ്റുകൾക്കും, ബംഗ്ലാദേശിലെ ബ്ളോഗർമാർക്കും സംഭവിച്ചത്. ബോംബെയിൽ ഗുലാം അലിയെ പാടാൻ



## WHAT IS FASCISM

Fascism is having a leader that everyone must follow in what he/she believes in. But if you didn't follower the same beliefs or what the leader wants, then he would punish you. Lock you in jail or kill you. For example Hitler.






അനുവദിക്കാതിരുന്നവരും, സൽമാൻ റുഷ്ദിയെ ജയ്പൂരിൽ പ്രസംഗിക്കാൻ അനുവദിക്കാതിരുന്നവരും, നരേന്ദ്ര കുൽക്കർണിയുടെ തലയിൽ കരി ഓയിൽ ഒഴിച്ച കൈകളും പണ്ട് ഹൈദരാബാദിൽ വെച്ച് തസ്‌ലീമാ നസ്റിന്റെ ഉടുവസ്ത്രം വലിച്ച് കീറിയതും വിദ്വേഷത്തിന്റെയും അസഹിഷ്ണുതയുടെയും ഫാസിസ്റ്റ് മനോഭാവം വെച്ച് പുലർത്തുന്നവരാണ്.

ക്ഷേമ രാഷ്ട്ര സങ്കല്പം ഉപേക്ഷിക്കുകയും അങ്ങനെ സാമ്പത്തിക ഫാസിസം നടപ്പിലാക്കാനും ഫാസിസ്റ്റുകൾ വ്യഗ്രത കാട്ടുന്നു. സ്വകാര്യ വത്കരണം തീഷ്ണമാക്കുകയും ചില വ്യവസായങ്ങൾ നൂറു ശതമാനം വരെ നേരിട്ടുള്ള വിദേശ നിക്ഷേപത്തിന് വാതിൽ തുറന്നിടുകയും, തൊഴിലാളി സമരങ്ങൾക്ക് വിലക്ക് കല്പിക്കുകയും ഇവർ ചെയ്യുന്നുണ്ട്. ചുരുക്കത്തിൽ ഫാസിസ്റ്റ് ഭരണകൂടം എന്നത് ജനാധിപത്യത്തിന്റെ മുഖംമൂടി അഴിച്ചുവെച്ച മുതലാളി വർഗ്ഗത്തിന്റെ സർവ്വാധിപത്യ ഉപകരണമാണ്.

1914ൽ മദൻ മോഹൻ മാളവ്യയും, ലാലാ ലജ്പത് റായിയും സ്ഥാപിച്ച 'ഹിന്ദു മഹാസഭ' എന്താണോ ലക്ഷ്യമിട്ടത് അത് ആവർത്തിക്കപ്പെടുന്നു. തിരിഞ്ഞു നോക്കിയാൽ 1925ൽ കെ ബി ഹെഡ്ഗെവാർ ജന്മം നൽകിയ ആർ.എസ്.എസ് ഒരിക്കലും ഇന്ത്യൻ സ്വാതന്ത്ര സമരത്തിൽ പങ്കെടുത്തതായി കാണുന്നില്ല, എന്നു മാത്രമല്ല രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷുകാരെ പിന്തുണയ്ക്കുകയും ഗാന്ധിജിയുടെ ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തെ എതിർക്കുകയും ചെയ്തു. ഗാന്ധിയെ വധിച്ച ഗോഡ്സെ ആ സമയത്ത് ഒരു ആർ.എസ്.എസ് പ്രവർത്തകൻ ആയിരുന്നില്ലെങ്കിലും ആ മനോഭാവമുള്ള ഒരാളെ വാർത്തെടുക്കുന്നതിൽ ആർ.എസ്.എസ് വലിയ പങ്ക് വഹിച്ചതായി കോടതി പോലും നിരീക്ഷിച്ചിട്ടുള്ളതാണ്. അതിന് ശേഷം ആർ.എസ്.എസ് തീവ്രവാദി സംഘടന എന്ന നിലയിൽ നിരോധിക്കപ്പെട്ടു. വർഗ്ഗീയ വിദ്വേഷം, അസഹിഷ്ണുത, മതസ്പർദ്ധ, ദേശദ്രോഹ പ്രവർത്തനങ്ങൾ തുടങ്ങിയവ നമുക്ക് എണ്ണി എണ്ണി പറയാം. ഗുജറാത്തിലെ വംശഹത്യ, മക്കമസ്ജിദ് സ്ഫോടനം, സംഝോഥാ എക്സ്പ്രസ്സ് സ്ഫോടനം, മുസഫർ നഗർ വർഗ്ഗീയ ലഹള കൂടാതെ ദളിത് പീഢനങ്ങൾ, പ്രാദേശിക അക്രമങ്ങൾ... ഇന്ത്യ എന്ന മതേതരത്വ രാഷ്ട്രത്തിനെ തീവ്രവാദ ഹൈന്ദവ സംഘടനകൾ മതാന്ധതയിലൂടെ വിഷലിപ്തമാക്കിയിരിക്കുന്നു.

1951–ൽ ശ്യാമപ്രസാദ് മുഖർജി ഭാരതീയ ജനസംഘം രൂപീകരിച്ചു. 1980ൽ ബി ജെ പി എന്ന രാഷ്ട്രീയ പാർട്ടിയായി അത് മാറുന്നു. ഹിന്ദുക്കളെ പീഢിപ്പിച്ചിരുന്ന, ക്ഷേത്രങ്ങളുടെ സമ്പത്ത് കൊള്ളയടിച്ച ഒരു മുസ്ലീം ഭരണകാലം ഇവിടെ ഉണ്ടായിരുന്നു എന്ന കെട്ടുകഥ പ്രചരിപ്പിച്ചു. ജർമ്മനിയിലെ ഫാസിസ്റ്റുകൾ എങ്ങനെയാണോ ചരിത്രത്തെ ദുരുപയോഗം ചെയ്ത് മതവൈരത്തിന്റെ വിത്ത് പാകിയത് അതു പോലെ ഇന്ത്യയിലും ഹൈന്ദവ പ്രസ്ഥാനങ്ങൾ ചരിത്രത്തെ വളച്ചൊടിച്ചു. ബാബറിനെയും, അക്ബറിനെയും, ഔറംഗസീബിനെയും തുടങ്ങി ഒട്ടനവധി മുസ്ലിം ഭരണാധികാരികളെ ഹിന്ദു വിരുദ്ധരാക്കി. ചരിത്രത്തിൽ ഇവർ മതമൈത്രിക്കു വേണ്ടി ക്ഷേത്രങ്ങൾ നിർമ്മിക്കുന്നവരോ പുനർ നിർമ്മിക്കുന്നവരോ ആയി നമുക്ക് കാണാൻ കഴിയും. ഹിന്ദുത്വവാദികൾ പറയുന്ന മറ്റൊരു ആരോപണം മതം മാറ്റത്തെക്കുറിച്ചാണ്. ഹിന്ദുമതത്തിൽ ഏറ്റവും പീഢനം അനുഭവിച്ചിരുന്നവരാണ് മതം മാറുന്നത് എന്ന് നമുക്ക് കാണാൻ കഴിയും, ആദിവാസികൾ, ദളിത് വിഭാഗങ്ങളിൽപ്പെട്ടവർ (വിവിധ സംസ്ഥാനങ്ങളിലെ ദളിത് വിഭാഗങ്ങൾ). മതംമാറ്റവുമായി ബന്ധപ്പെട്ട ഒരു സ്വാഭാവിക സംശയം കൂടി ചോദിക്കട്ടെ, ഇന്ത്യയുടെ മുൻ ഭരണാധികാരികൾ നിർബന്ധിച്ച് മതം മാറ്റിയിരുന്നെങ്കിൽ ഇന്ന് ഇന്ത്യയിൽ ഇത്രയും ഹിന്ദുക്കൾ ഉണ്ടാവാൻ സാധ്യതയില്ല.

ഇത് മനസ്സിലാക്കാൻ മോഹൻഭാഗവതിന്റെ ചരിത്രം പഠിക്കണമെന്നില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സാംസ്കാരിക സ്ഥാപനങ്ങളിലും ഫാസിസ്റ്റ് പ്രവണത പൂർണ്ണമായും കടന്ന് കയറിയിട്ടില്ലെങ്കിലും അത് ചലിച്ചു തുടങ്ങിയതായി നമുക്ക് കാണാൻ കഴിയും. ദേശീയ വിദ്യാഭ്യാസ നയത്തിനെതിരായി പ്രവർത്തിച്ചതിനാണ് 'പർവീൻ സിൻക്ലെയർ' എൻ.സി.ഇ.ആർ.ടിയിൽ നിന്ന് പിരിച്ചുവിടപ്പെട്ടത്. നാഷണൽ മ്യൂസിയത്തിൽ പ്രവർത്തിച്ചി





രുന്ന വേണുവിനെ മാറ്റിയതു പോലെ പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, ഐസി.സി.സി.ആർ, ഐസി.പി.എച്ച്.ആർ എന്നീ എണ്ണിയാൽ തീരാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സാംസ്കാരിക സ്ഥാപനങ്ങളിലും സ്തുതി പാഠകരെ അവരോധിച്ചു.

ശാസ്ത്രം ഹിറ്റ്ലറുടെ കാലത്ത് അശ്ലീലമാക്കപ്പെട്ടിരുന്നു. ഹിറ്റ്ലർ അധികാരത്തിൽ വന്ന് മൂന്ന് മാസത്തിനുള്ളിൽ ഇരുനൂറിലധികം വരുന്ന പ്രമുഖ പണ്ഡിതന്മാരെ ഉന്നത പദവികളിൽ നിന്നും പുറത്താക്കി. പണ്ഡിതന്മാർ യഹൂദന്മാരായിരുന്നു എന്ന കപട ന്യായം പറഞ്ഞു കൊണ്ടാണ് ഇത് നടപ്പിലാക്കിയത്. ഉദാഹരണത്തിന് 'ആൽബർട്ട് ഐൻസ്റ്റീന്റെ' കാര്യം നോക്കാം. ഫാസിസ്റ്റുകൾ അദ്ദേഹത്തെ ജർമ്മനിയുടെ ഒന്നാം നമ്പർ ശത്രു എന്ന് പ്രഖ്യാപിച്ചു. അവസാനം ഐൻസ്റ്റിന് ജർമ്മനി ഉപേക്ഷിക്കേണ്ടതായി വന്നു. ഇന്ത്യയിലേക്ക് വരാം, ഹൈന്ദവ സംഘടനകളും അവരുടെ നേതാക്കളും എന്തൊക്കെ വിടുവായിത്തങ്ങളാണ് പറ



ഞ്ഞു കൊണ്ടിരിക്കുന്നത്. 'ദിവ്യ ദൃഷ്ടി ടെലിവിഷന് മുന്നോടി', 'കൗരവർ സ്റ്റെംസെൽ ഉത്പാദനത്തിന് തെളിവ്', 'ഗണപതി പ്ലാസ്റ്റിക് സർജറിയുടെ ഉത്പന്നം' എന്നൊക്കെ ഈ മഹാരാജ്യത്തിരുന്ന് നമുക്ക് കേൾക്കേണ്ടതായി വന്നു. ശാസ്ത്ര ലോകം അത്ഭുതപ്പെട്ടു. പകച്ചു പോയി നമ്മുടെ ശാസ്ത്രാവബോധം. കൂടുതൽ പറയേണ്ടതില്ലല്ലോ.

സ്ത്രീകളെ ഫാസിസ്റ്റുകൾക്ക് പൊതുവേ പുച്ഛമാണ്. ജനത സ്ത്രീയെ പോലെയാണെന്നും ശക്തനായ പുരുഷന് കീഴടങ്ങണമെന്നും ഹിറ്റ്ലർ. സ്ത്രീയുടെ കർത്തവ്യം സുന്ദരിയായിരിക്കുകയും കുട്ടികളെ പ്രസവിക്കുകയുമാണ്. ഈ തത്വമനുസരിച്ച്, സ്ത്രീകൾക്കെതിരായ അക്രമങ്ങൾ വർദ്ധിക്കുകയും സദാചാര പോലീസ് മുതൽ ദുരഭിമാനകൊല, ബലാത്സംഗം വരെയുള്ള കാര്യങ്ങളിൽ ഇരകളാവുന്നതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ.

നമ്മുടെ രാജ്യത്തിന്റെ 70-ാം സ്വാതന്ത്ര്യദിനാഘോഷം നടക്കുന്ന ഈ അവസരത്തിൽ സ്വാതന്ത്ര്യത്തിനു വേണ്ടി രാജ്യ പതാക മാനംമുട്ടെ ഉയർത്തിക്കൊണ്ട് രോഹിത് വെമൂലയുടെ അമ്മ രാധിക വെമൂലയ്ക്ക് അംബേദ്കറുടെ പ്രതിമയെ സാക്ഷി നിർത്തി, പതിനായിരക്കണക്കിന് ജനങ്ങളെ സാക്ഷി നിർത്തി സ്വാതന്ത്ര്യം പ്രഖ്യാപിക്കേണ്ടി വന്നു. കീഴാളത്തത്തിൽ നിന്നുള്ള മോചനം, 350 കിലോമീറ്റർ സഞ്ചരിച്ച് സബർമതിയിൽ എത്തിച്ചേർന്ന യാത്ര, ഒരു തരത്തിൽ ഫാസിസ്റ്റ് വിമോചന യാത്ര, തോട്ടിപ്പണിയിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ച ഐതിഹാസികമായ യാത്ര ഇത് കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള ദളിത് ആദിവാസി സമൂഹത്തിന് പുത്തൻ ഉണർവും ജനാധിപത്യ വിശ്വാസികൾക്ക് ജനാധിപത്യ മൂല്യത്തോടുള്ള പ്രതീക്ഷയും പകരുന്നതായി കാണാം.

മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്ന വർഗ്ഗീയ ലഹള, ദളിത് പീഡനം, ബീഫ് വിവാദം, ന്യൂനപക്ഷ വിരുദ്ധത ഒന്നും വിസ്മരിക്കുന്നില്ല. ജവഹർലാൽ നെഹ്റു പറഞ്ഞു ''ന്യൂനപക്ഷ വർഗ്ഗീയത ഏറിയാൽ രാജ്യം വിഭജിക്കപ്പെടും. ഭൂരിപക്ഷ വർഗ്ഗീയത ഫാസിസത്തിന്റെ ഉറച്ച അടിത്തറയാകും''. ജനാധിപത്യത്തോടുള്ള വിദ്വേഷം ഫാസിസ്റ്റ് രീതിയാണ്. ജനാധിപത്യത്തിന് നേരെയുള്ള കൈയേറ്റം നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നു, എന്നിരുന്നാലും നമ്മുടെ ജനാധിപത്യ വ്യവസ്ഥ ഇപ്പോഴും തകർക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ഫാസിസ്റ്റ് പ്രവണതകൾ മാത്രമാണ് നാം ഇപ്പോൾ കാണുന്നത്.

അവലംബം:-
ഫാസിസത്തിന്റെ തത്വശാസ്ത്രം-എം.എൻ. റോയ്



# തീൻമേശയിലെ ഭയപ്പാടുകൾ



"ആദ്യം അവർ കമ്മ്യൂണിസ്റ്റുകളെ തേടി വന്നു
ഞാൻ ഒന്നും മിണ്ടിയില്ല
കാരണം ഞാൻ ഒരു കമ്മ്യൂണിസ്റ്റ് അല്ലായിരുന്നു.
പിന്നീട് അവർ തൊഴിലാളികളെ തേടി വന്നു
അപ്പോഴു ഞാനൊന്നും മിണ്ടിയില്ല
കാരണം ഞാനൊരു തൊഴിലാളി ആയിരുന്നില്ല.
പിന്നീട് അവർ ജൂതരെ തേടി വന്നു
ഞാനൊന്നും മിണ്ടിയില്ല.
കാരണം ഞാനൊരു ജൂതനായിരുന്നില്ല
ഒടുവിൽ അവർ എന്നെ തേടി വന്നു
അപ്പോൾ എനിക്ക് വേണ്ടി സംസാരിക്കുവാൻ
ആരും അവശേഷിച്ചിട്ടുണ്ടായിരുന്നില്ല.
-മാർട്ടിൻ നീമൊളെർ



**സുർജിത് വി എസ്.**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

അതെ, ഇനിയും മൗനം പാതകമാണ്. ഭയപ്പെടുത്തുന്ന ഫാസിസം നമ്മുടെ വീടിന്റെ പടിവാതിലും കടന്ന് തീൻമേശ വരെ എത്തിയിരിക്കുന്നു. നാം എന്ത് കഴിക്കണം എന്ന് വരെ തീരുമാനിക്കുന്ന നിലയിലേക്ക് ആ ഭീകരത നമ്മെ പിടിമുറുക്കിയിരിക്കുന്നു. സമീപകാലത്തെ സംഭവവികാസങ്ങൾ നമ്മോട് ഉറപ്പിച്ച് പറയുന്നതും ഇതു തന്നെയാണ്.

2015 സെപ്തംബർ 28ന് ഉത്തർ പ്രദേശിലെ ദാദ്രിയിൽ നടന്ന സംഭവം ഫാസിസത്തിന്റെ ഇന്ത്യൻ പതിപ്പിനെ നന്നായി വരച്ച് കാട്ടുന്ന ഒരു ഉദാഹരണകാഴ്ച്ച മാത്രമാണ്. മുഹമ്മദ് അഖ്‌ലക് എന്ന ഒരു 52 വയസ്സുകാരനെ വീട്ടിൽ ഗോമാംസം സൂക്ഷിച്ചു എന്ന് ആരോപിച്ച് (ഫോറൻസിക് പരിഷോധനയിൽ അത് ആട്ടിറച്ചി ആണെന്ന് തെളിഞ്ഞു). തന്റെ മാതാവിന്റെയും ഭാര്യയുടെയും മക്കളുടെയും മുമ്പിൽവെച്ച് അതിഭീകരമായി അക്രമിച്ച് കൊലപ്പെടുത്തിയത് വാർത്തകളിൽ നിറഞ്ഞു നിന്നതുകൊണ്ടു മാത്രം പുറം ലോകം ചർച്ച ചെയ്തു. അഖ്‌ലക്കിനൊപ്പം അദ്ദേഹത്തിന്റെ ഭാര്യയെയും മക്കളെയും ക്രൂരമായി മർദ്ദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ 22കാരനായ മകൻ ദാനിഷിന് ഗുരുതരമായി പരുക്കേറ്റു. അഖ്‌ലാക്കിന്റെ മൂത്തമകൻ ഇന്ത്യൻ എയർഫോഴ്സിലെ ഉദ്യോഗസ്ഥനാണ്. രാജ്യസേവനം നടത്തുന്ന ഒരു സൈനികന്റെ കുടുംബത്തിനാണ് ഈ അവസ്ഥ ഉണ്ടായതെന്ന് നാമെല്ലാം ഭയത്തോടു കൂടി ചിന്തിക്കേണ്ട കാര്യമാണ്.

അതിലും ഗൗരവതരമായ കാര്യം, ഈ അക്രമത്തിന് നേതൃത്വപരമായ പങ്ക് വഹിച്ചത് ആ ഗ്രാമത്തിലുള്ള ക്ഷേത്രത്തിലെ പുരോഹിതനാണ് എന്നതാണ്. അഖ്‌ലാക്കിന്റെ വീട്ടിൽ പശു ഇറച്ചി സൂക്ഷിക്കുന്നു എന്ന് പച്ചക്കളം ക്ഷേത്രത്തിലെ ഉച്ചഭാഷണിയിലൂടെ പ്രചരിപ്പിച്ച് അക്രമത്തിന് പ്രേരണ നൽകിയതിലൂടെ ഒരു വർഗ്ഗീയകലാപത്തിന് കോപ്പ് കൂട്ടുകയായിരുന്നു സംഘപരിവാർകാരനായ പുരോഹിതൻ.

മധ്യപ്രദേശിലെ മാൻഡ്സോർ റെയിൽവേ സ്റ്റേഷന് സമീപത്ത് വച്ച് ബീഫ് കൈവശം വച്ച് യാത്ര ചെയ്തുവെന്ന് ആരോപിച്ച് രണ്ട് സ്ത്രീകളെ ക്രൂരമായി മർദ്ദിച്ചത് ഗോസംരക്ഷകരെന്ന് സ്വയം ചമഞ്ഞ് എത്തിയവർ ആയിരുന്നു. സംഭവം കണ്ട് തടിച്ച് കൂടിയവർ ആത് മൊബൈലിൽ പകർത്തുകയല്ലാതെ. സ്ത്രീകൾക്ക് നേരെയുള്ള ഈ അക്രമം തടയാൻ ശ്രമിച്ചതുമില്ല.

സൂറത്തിനടുത്ത് പശുവിന്റെ ശരീരഭാഗങ്ങൾ വാഹനങ്ങളിൽ കൊണ്ട് പോകുമ്പോൾ ഇല്ല്യാസ് മുഹമ്മദ് എന്ന 63കാരനെ അതിക്രൂരമായി അക്രമിച്ചതും സമാനമായ സംഭവമാണ്.

പശുവിനെ കടത്തി എന്ന് ആരോപിച്ച് ഗുജറാത്തിൽ അഞ്ച് ചെറുപ്പക്കാരെ പൊതുനിരത്തിൽ കെട്ടിയിട്ട് ക്രൂരമായി മർദ്ദിക്കുന്ന കാഴ്ച നടുക്കത്തോടും വേദനയോടും കൂടി മാത്രമേ സാധാരണ മനുഷ്യന് കണ്ടിരിക്കാൻ കഴിയുകയുള്ളൂ. പരമ്പരാഗതമായി തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലി ചെയ്തതിനാണ് നിസ്സഹായരായ ആ ദളിത് ചെറുപ്പക്കാർക്ക് ഈ ക്രൂരതയേൽക്കേണ്ടി വന്നത്. ഈ ക്രൂരതയുടെ ദൃശ്യങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തി സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് പശുവിനെ തൊട്ടാൽ ഇതായിരിക്കും അനുഭവമെന്ന് ജനങ്ങളിൽ ഭീതി നിറയ്ക്കുകയായിരുന്നു സംഘപരിവാർ.

മതസൗഹാർദ്ദത്തിന്റെയും പുരോഗമന ചിന്താഗതിയുടെയും പറുദീസയായി നാം വിശ്വസിക്കുന്ന നമ്മുടെ കേരളത്തിലേക്കും ആർ.എസ്.എസ് തങ്ങളുടെ പ്രതിലോമ ആശയങ്ങൾ ശക്തമായി നടപ്പിലാക്കാൻ തുടങ്ങിയിരിക്കുന്നു എന്നതും നാം ഭയത്തോടെ ഓർക്കേണ്ട കാര്യമാണ്. തൃശ്ശൂർ കേരളവർമ്മ കോളേജിൽ വിദ്യാർത്ഥികൾ സംഘടിപ്പിച്ച ബീഫ് ഫെസ്റ്റിനു നേരെ നടത്തിയ അതിക്രമം അതിനുദാഹരണമാണ്. തൃശ്ശൂരിൽ തന്നെ പോലീസ് അക്കാദമിയിൽ ബീഫ് വിളമ്പുന്നതിന് നിരോധനം ഏർപ്പെടുത്തിയത് ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ആയിരുന്നു എന്നത് കേരളത്തിലെ പോലീസ് സേനയിൽ പോലും സംഘപരിവാർ ആശയങ്ങളുടെ വക്താക്കൾ കടന്നുകൂടി എന്നതിന്റെ വ്യക്തമായ തെളിവാണ്.



ഗോമാംസം വിളമ്പുന്നു എന്നാരോപിച്ച് ഡൽഹിയിലെ കേരളാ ഹൗസിൽ ഡൽഹി പോലീസ് നടത്തിയ പരാക്രമം നാം കണ്ടതാണ്. ഒരു ആർ.എസ്.എസ്കാരന്റെ വ്യാജപരാതിയിന്മേലായിരുന്നു കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡൽഹിപോലീസ് ബീഫ് വേട്ടക്ക് ഇറങ്ങിയത്. ഇന്ത്യൻ പാർലമെന്റിന്റെ കല്പടവുകളിൽ തൊട്ടുവണങ്ങി പ്രധാനമന്ത്രി കസേരയിൽ നരേന്ദ്രമോദി എന്ന ആർ.എസ്.എസ് കാരൻ വന്ന നാൾ മുതൽ രാജ്യത്ത് ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുക്കൊണ്ടിരിക്കുന്നു. നരേന്ദ്രമോദി പാർലമെന്റിലെ കൽപടവുകളിൽ തൊട്ടുവണങ്ങിയതിന് സമാനമായ സംഭവം ഇന്ത്യയുടെ ചരിത്ര പുസ്തകത്തിന്റെ കറുത്ത അദ്ധ്യായത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ നെഞ്ചിലേക്ക് വെടിയുണ്ട പായിക്കുന്നതിന് തൊട്ടുമുമ്പ് ആർ.എസ്.എസ്കാരനായ ഗോഡ്സേ ഗാന്ധിജിയുടെ പാദങ്ങളിൽ തൊട്ടുവണങ്ങിയിരുന്നു.

സസ്യഭോജനത്തിന്റെ സൗമ്യ സദാചാരം കൊണ്ട് സമ്പന്നനും സ്വയ മാർജ്ജിച്ച അച്ചടക്കമുള്ളവനുമായ നാഥുറാം വിനായക് ഗോഡ്സേ എന്ന ബ്രാഹ്മണയുവാവ് ഗാന്ധി ഘാതകനായ ആർ.എസ്.എസ്കാരനായി മാറിയത് അയാൾ ഒരു കൊലപാതകിയായി പിറന്നതുകൊണ്ടല്ല. നിരന്തരം ഫാസിസ്റ്റ് പ്രത്യയ ശാസ്ത്രത്തിന്റെ സമുദ്രത്തിൽ നീന്തി തുടിച്ചതു കൊണ്ടാണ്. സൗമ്യതകളെ മുഴുവൻ രൗദ്രതകളാക്കി മാറ്റാനുള്ള അസാധാരണ കഴിവ് ഫാസിസത്തിനുണ്ട്.

ഭീകരവാദത്തെയും ഫാസിസത്തെയും താരതമ്യപ്പെടുത്തി രണ്ടും ഒരു പോലെയാണ് എന്ന് പറയുന്നത് യാഥാർത്ഥ്യത്തിൽ നിന്നുള്ള ഒഴിഞ്ഞുമാറലാണ്.



ഒരു ഭീകരവാദിക്ക് ഒളിക്കാൻ സ്ഥലമില്ല. ഭീകരവാദി എളുപ്പം തുറന്ന് കാട്ടപ്പെടുകയും തളയ്ക്കപ്പെടുകയും ചെയ്യും. എന്നാൽ ഫാസിസം അങ്ങനെയല്ല. ഫാസിസത്തിന്റെ ഇന്ത്യൻ പതിപ്പായ സംഘപരിവാരത്തിന് ദേശീയതയും സംസ്കാരവും പൈതൃകവുമെല്ലാം ഒളിഞ്ഞിരിക്കാനുള്ള ഇടങ്ങളാണ്. അതിൽ ഒളിഞ്ഞിരുന്നു കൊണ്ടാണ് എം.എം.കൽബുർഗ്ഗിയെയും, നരേന്ദ്രധബോൽക്കറേയും, ഗോവിന്ദ് പൻസാരെയും വകവരുത്തിയതും രോഹിത് വെമൂലയെ ആത്മഹത്യയിലേക്ക് തള്ളിവിട്ടതും, പെരുമാൾ മുരുകന്റെ എഴുത്ത് നിർത്തിയതും, കനയ്യകുമാർ അടക്കമുള്ള വിദ്യാർത്ഥി പ്രതീകങ്ങളെ രാജ്യദ്രോഹികളായി മുദ്രകുത്തിയതും.

## ഹിന്ദുത്വവും ഭക്ഷണശീലങ്ങളും

നമ്മുടെ പാരമ്പര്യം സഹിഷ്ണുതാപരമാണ്. ഹിന്ദുമതം എന്നൊരു മതമില്ല എന്ന് യഥാർത്ഥ്യബോധത്തോടെ പരിശോധിച്ചാൽ മനസ്സിലാകും. ഒരു മതമുണ്ടെങ്കിൽ മതസ്ഥാപകനുണ്ടാകും, സംഘടനയുണ്ടാകും, വിശുദ്ധ ഗ്രന്ഥം ഉണ്ടാകും. ഹിന്ദു മതത്തിന്റെ വിശുദ്ധ ഗ്രന്ഥം ഏതാണെന്ന് ചോദിച്ചാൽ പലർക്കും പല ഉത്തരങ്ങളാണ് പറയാനുണ്ടാകുക. ചിലർ വേദങ്ങളും ഉപനിഷത്തുകളുമാണെന്ന് പറയും. മറ്റു ചിലർ ഭഗവദ്ഗീതയുടെയും, രാമായണത്തിന്റെയും, മഹാഭാരതത്തിന്റെയും പേര് പറയും. മറ്റു ചിലർ മനുസ്മൃതി ആണെന്നു പറയും. ഹിന്ദുക്കൾക്ക് മുഴുവൻ ബാധകമായ ഒന്നില്ല. ഹിന്ദു എന്ന ഒരു സമൂഹമുണ്ടോ എന്നുള്ള ചോദ്യത്തിനും വ്യക്തമായൊരു ഉത്തരമില്ല. നാനാ ജാതികളും, വ്യത്യസ്ത ആചാരങ്ങളും, പല ദേവന്മാരും ദേവതകളും, വിഗ്രഹാരാധകരും അല്ലാത്തവരും, ആസ്തികരും, നാസ്തികരും എല്ലാം ഇവിടെയുണ്ട്. വേദാന്തികൾക്ക് ഈശ്വരനില്ല. നാലു വർണ്ണങ്ങളേയുള്ളൂവെങ്കിലും ജാതികൾ നൂറുകണക്കിനുണ്ട്. ഭക്ഷണത്തിന്റെ കാര്യത്തിൽ ഈ വർണ്ണങ്ങളോ ജാതികളോ എല്ലായിടത്തും, എല്ലാ കാലത്തും ഒരു പോലെയല്ല ഉണ്ടായിരുന്നത്. കാശ്മീർ ബ്രാഹ്മണർ മാംസം കഴിക്കുന്നവരാണ്. ബംഗാൾ ബ്രാഹ്മണർ മത്സ്യം കഴിക്കുക മാത്രമല്ല അതിനെ ഗംഗാപുഷ്പം എന്നു പേരിട്ടു വിളിക്കുകയും ചെയ്യുന്നു. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ മത്സ്യത്തിന്റെ തല വെട്ടിക്കളയും, എന്നാൽ ബംഗാളിൽ മത്സ്യത്തലയാണ് ഏറ്റവും പ്രധാനപ്പെട്ട ഭാഗം.

പ്രാചീനകാലത്ത് മഹർഷിമാരുടെ ആശ്രമങ്ങളിൽ അതിഥിയായി ഒരാൾ ചെന്നാൽ അയാൾക്ക് വേണ്ടി കാളയെ കൊന്ന് പാകം ചെയ്തിരുന്നതായി പ്രാചീന സംസ്കൃത ഗ്രന്ഥങ്ങളിൽ കാണാം. അങ്ങനെ അതിഥി എന്ന വാക്കിന് ഗോഘ്നൻ എന്ന പര്യായവുമുണ്ടായി. അതായത് ഗോവിനെ കൊന്ന് മാംസം ഭക്ഷിക്കുന്നവൻ. വാത്മീകി രാമായണത്തിൽ ശ്രീരാമനും സീതയും വനവാസകാലത്ത് മൃഗങ്ങളെ വേട്ടയാടി കൊന്ന് അവയുടെ മാംസം വെയിലത്തിട്ട് ഉണക്കുന്നതായി വിവരിച്ചിട്ടുണ്ട്. ബ്രാഹ്മണർ പൊതുവേ സസ്യഭുക്കുകൾ ആയിരുന്നില്ല. പശ്ചിമേന്ത്യയിലെ ജൈനരാണ് സസ്യാഹാരം പ്രധാനമായും പ്രചരിപ്പിച്ചത്.

പ്രശസ്ത പുരാതത്വശാസ്ത്ര വിദഗ്ദനായ എച്ച്.ഡി.സംഘാലിയ The Cow In Indian History എന്ന പ്രബന്ധത്തിൽ പ്രാചീന ഇന്ത്യയിലെ ഗോമാംസ ഭോജനത്തെപ്പറ്റി തെളിവുകളുടെ വെളിച്ചത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രാചീന കാലത്തെ ബ്രാഹ്മണർ യാഗങ്ങളിലും മറ്റും കുതിര ഉൾപ്പെടെയുള്ള മൃഗങ്ങളെയും ബലി കൊടുത്തതായി വിവരിക്കുകയും തെളിവുകൾ നിരത്തുകയും ചെയ്യുന്നു.

ആർ.എസ്.എസ് ഇപ്പോൾ അവരുടെ പ്രതീകമായി ഉയർത്തിക്കാട്ടുന്ന സ്വാമി വിവേകാനന്ദൻ ഗോമാംസ ഭോജനത്തെ അനുകൂലിക്കുന്ന ആളായിരുന്നു. വി.ഡി.സർവ്വക്കറാകട്ടെ "പശുക്കളെ വളർത്തിക്കൊള്ളൂ, അവയെ ആരാധിക്കേണ്ടതില്ല" എന്ന് ലേഖനമെഴുതി ഗോപൂജയെ നിശിതമായി വിമർശിച്ചയാളാണ്. പശുവിനെ വിശുദ്ധമൃഗമായി കാണുന്നത് വിഡ്ഢിത്തവും ഭ്രാന്തുമാണെന്ന് സവർക്കർ ആ ലേഖനത്തിൽ പറയുന്നു.

അടുത്ത കാലം മുതലാണ് മുസ്ലീങ്ങൾക്കെതിരെയുള്ള പ്രചാരണങ്ങൾക്ക് ഇന്ധനം പകരാൻ വേണ്ടി ഗോമാംസ നിരോധനം ഒരു മുദ്രാവാക്യമായി ഹിന്ദുത്വവാദികൾ സ്വീകരിച്ചു തുടങ്ങിയത്. എന്നാൽ ലോകത്ത് ഏറ്റവും കൂടുതൽ ബീഫ് കയറ്റുമതി ചെയ്യുന്ന രാജ്യം ഇന്ത്യയാണെന്ന് ഇവർ വിസ്മരിക്കുന്നു.

ആർ.എസ്.എസ്സിന് ഭാരതീയ ദർശനവുമായി ഒരു ബന്ധവുമില്ല, എന്ന് മാത്രമല്ല അതിന്റെ രൂപവും ഘടനയു

| | World | 9,990,000 | 9,601,000 | -389,000 |
|---|---|---|---|---|
| Rank | Country | 2014 | 2015 | Change |
| 1 | India | 2,082,000 | 2,000,000 | -82,000 |
| 2 | Australia | 1,851,000 | 1,815,000 | -36,000 |
| 3 | Brazil | 1,909,000 | 1,625,000 | -284,000 |
| 4 | United States | 1,167,000 | 1,035,000 | -132,000 |
| 5 | New Zealand | 579,000 | 590,000 | 11,000 |
| 6 | Paraguay | 389,000 | 400,000 | 11,000 |
| 7 | Canada | 378,000 | 375,000 | -3,000 |
| 8 | Uruguay | 350,000 | 360,000 | 10,000 |
| 9 | EU | 300,000 | 300,000 | 0 |
| 10 | Mexico | 194,000 | 245,000 | 51,000 |
| 11 | Argentina | 197,000 | 230,000 | 33,000 |
| 12 | Belarus | 184,000 | 195,000 | 11,000 |
| 13 | Nicaragua | 133,000 | 125,000 | -8,000 |
| 14 | Pakistan | 59,000 | 65,000 | 6,000 |
| 15 | South Africa | 44,000 | 60,000 | 16,000 |
| 16 | Ukraine | 30,000 | 45,000 | 15,000 |
| 17 | Costa Rica | 23,000 | 25,000 | 2,000 |
| 18 | China | 30,000 | 20,000 | -10,000 |
| 19 | Saudi Arabia | 20,000 | 20,000 | 0 |
| 20 | Malaysia | 11,000 | 13,000 | 2,000 |
| 21 | Bosnia | 2,000 | 10,000 | 8,000 |
| 22 | Chile | 6,000 | 10,000 | 4,000 |
| 23 | Russia | 10,000 | 8,000 | -2,000 |
| 24 | Honduras | 7,000 | 6,000 | -1,000 |
| 25 | Colombia | 13,000 | 5,000 | -8,000 |
| 26 | Guatemala | 4,000 | 5,000 | 1,000 |
| 27 | South Korea | 3,000 | 5,000 | 2,000 |
| 28 | Switzerland | 3,000 | 3,000 | 0 |
| 29 | Japan | 1,000 | 2,000 | 1,000 |
| 30 | Lebanon | 4,000 | 2,000 | -2,000 |
| 31 | Kazakhstan | 1,000 | 1,000 | 0 |
| 32 | Philippines | 1,000 | 1,000 | 0 |
| 33 | Azerbaijan | 3,000 | 0 | -3,000 |
| 34 | Jamaica | 1,000 | 0 | -1,000 |
| 35 | Taiwan | 1,000 | 0 | -1,000 |

Source: FAS/USDA (metric tons)




മെല്ലാം വാർത്തെടുത്തത് മുസ്സോളിനിയുടെ ഫാസിസ്റ്റ് പരിശീലന രീതി അവലംബിച്ചാണ്. ദേശാഭിമാനം അതിന്റെ അത്യുന്നത രൂപത്തിൽ ഹിറ്റ്ലറുടെ ജർമ്മനിയിൽ പ്രത്യക്ഷപ്പെട്ടതായി ആർ.എസ്.എസ് ആത്മീയാചാര്യൻ ഗോൾവാക്കർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ജൂതന്മാരുമായിരുന്നു ഹിറ്റ്ലറുടെ ശത്രുക്കളെങ്കിൽ, മുസ്ലീമും, ക്രിസ്ത്യാനിയും, കമ്മ്യൂണിസ്റ്റ്കാരുമാണ് ആർ.എസ്.എസ്സിന്റെ ശത്രുക്കൾ.

വിധ്വംസക ആശയ പ്രചാരണത്തിന് പ്രധാനമായും അവർ ഉപയോഗിച്ചത് മുൻവിധികളും, നുണകളുമാണ്. ലഘുലേഖകളുടെ ഒരു വൻ പ്രളയം ഗുജറാത്ത് കലാപകാലത്ത് ഉണ്ടായിട്ടുണ്ട്. അവയുടെ ഉള്ളടക്കം മുസ്ലിം ജനസമൂഹത്തെ മൊത്തമായും ഉന്മൂലനം ചെയ്യാൻ ഉദ്ദേശിച്ചുള്ളതാണ്.

ലോകത്തെങ്ങും ഫാസിസം അതിന്റെ സ്വാധീനമുറപ്പിക്കാൻ സ്വീകരിക്കുന്ന പ്രധാനപ്പെട്ട വഴികളിൽ ഒന്ന് ജനതയെ ഭീതിയ്ക്ക് അടിമപ്പെടുത്തുക എന്നതാണ്. അത് തന്നെയാണ് ആർ എസ് എസും ഇന്ത്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഫാസിസത്തിനെതിരെയുള്ള പ്രതിരോധത്തെ നിർവീര്യമാക്കലാണ് പേടിപ്പെടുത്തലുകളിലൂടെ അവർ ലക്ഷ്യം വെയ്ക്കുന്നത്. അതിന്റെ ആസന്ന ഇരകളെ മാത്രമല്ല, വിദൂരമായ കാലത്ത് രൂപപ്പെടാൻ ഇടയുള്ള മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും പക്ഷത്തു നിന്നുള്ള പ്രതിരോധങ്ങളെ പോലും മുളയിലേ നുള്ളാനുള്ള ആസൂത്രണത്തിന്റെ ഭാഗമാണ് ഈ ഭീതി പടർത്തൽ.

ഇന്ത്യയെന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ മതേതര രാഷ്ട്രത്തെ വിഴുങ്ങാനായി വളർന്നുക്കൊണ്ടിരിക്കുന്ന ഈ ഭീകരസത്വത്തെ ചെറുക്കേണ്ടത് ഏതൊരു മതേതരവാദിയുടെയും കടമയാണ്. 1930കളിലെ ഫാസിസ്റ്റ് അതിക്രമങ്ങൾ കണ്ട് അന്ധാളിച്ചു നിന്ന് പോയവർക്ക് ഒരു മുൻമാതൃക ഇല്ലായിരുന്നു എന്ന 'കാരണം' എങ്കിലും ഉണ്ടായിരുന്നു. ഇന്ന് ഈ 2016ൽ ഇന്ത്യയിൽ ജീവിക്കുന്ന നമുക്ക് ഫാസിസ്റ്റ് അതിക്രമങ്ങളെ ഏറ്റവും ചുരുങ്ങിയത് ധീരമായി നിവർന്ന് നിന്ന് അപലപിക്കാതിരിക്കാൻ എന്ത് 'കാരണം' ആണ് പറയാനുള്ളത്? മാർക്സ് പറഞ്ഞത് ഇപ്രകാരമാണ്, "പ്രായോഗിക മനുഷ്യരെന്ന് പറയുന്നവരോടും അവരുടെ ബുദ്ധിയോടും എനിക്ക് പുച്ഛമാണ്". ഒരു മൃഗമാവണമെന്നുണ്ടെങ്കിൽ തീർച്ചയായും മനുഷ്യരാശിയുടെ മാനദണ്ഡങ്ങൾക്ക് പുറംതിരിഞ്ഞ് നിൽക്കാം, സ്വന്തം തൊലി രക്ഷിക്കുന്നതിൽ ശ്രദ്ധിക്കാം. ■






# കലാലയങ്ങൾ കാവി പുതയ്ക്കുമ്പോൾ



**സുധീർ വാപ്പാല**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

**Punjivad se lenge Azaadi**
**Manuvad se lenge Azaadi**
**Brahmanwad se lenge Azaadi**
**Sanghwad se lenge Azaadi**
**Bhrashtachar se lenge Azaadi**
**Bhukmari se lenge Azaadi**
**Hai haq hamara Azaadi**
**Hum leke rahenge Azaadi**

പരിഭാഷ:-

മുതലാളിത്തത്തിൽനിന്ന് മോചനം നേടും
ജാതിസമ്പ്രദായത്തിൽനിന്ന് മോചനം നേടും
ബ്രാഹ്മണമേധാവിത്വത്തിൽനിന്ന് മോചനം നേടും
സംഘരാജ്യത്തിൽനിന്ന് മോചനം നേടും
അഴിമതിയിൽനിന്ന് മോചനം നേടും
പട്ടിണിയിൽനിന്ന് മോചനം നേടും
ഞങ്ങൾ മോചനം നേടിയിരിക്കും

**ക**ഴിഞ്ഞ ഏതാനും മാസങ്ങളായി രാജ്യത്തെ വിവിധ സർവ്വകലാശാലാ ക്യാംപസുകളിൽനിന്ന് ഉയർന്നുകേൾക്കുന്ന മുദ്രാവാക്യമാണിത്. ഈ മുദ്രാവാക്യങ്ങളുടെ പേരിലാണ് ഇതുയർത്തിയ വിദ്യാർത്ഥിസമൂഹത്തെയും അവർക്ക് പിന്തുണ പ്രഖ്യാപിച്ച പുരോഗമനപ്രസ്ഥാനങ്ങളെയും സാംസ്കാരിക-സാഹിത്യ പ്രവർത്തകരെയും ഒരു ഭരണകൂടം രാജ്യദ്രോഹികളായി ചിത്രീകരിച്ചത്.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യം ഫാസിസ്റ്റ് ഭരണത്തിന്റെ പിടിയിലമർന്നിട്ട് രണ്ട് വർഷങ്ങൾ കടന്നുപോയിരിക്കുന്നു. രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കാവിവത്കരിക്കാനും എതിർശബ്ദങ്ങളെ നിഷ്കരുണം ഇല്ലായ്മ ചെയ്യാനുമുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. ഈ അവസരത്തിൽ ഭരണകൂടത്തിന്റെ അടിച്ചമർത്തലുകൾക്കെതിരെ പ്രതിഷേധസ്വരങ്ങൾ ഉയരേണ്ടതുണ്ട്. രാജ്യത്തെ പ്രമുഖ സർവ്വകലാശാലകളിലും സാംസ്കാരികലോകത്തും ഉയർന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങളിലേക്ക് നയിച്ച സാഹചര്യങ്ങളാണ് ഇവിടെ വിലയിരുത്തുന്നത്.

ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്രു സർവ്വകലാശാല ഒട്ടേറെ ചരിത്രമുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും തലസ്ഥാന നഗരിയിൽ സാംസ്കാരികനവോത്ഥാനത്തിന് നേതൃത്വം നൽകുകയും ചെയ്ത മഹത് സ്ഥാപനമാണ്. രവീന്ദ്രനാഥ് ടാഗോർ, ഡോ.അംബേദ്കർ തുടങ്ങിയ പ്രഗത്ഭരുടെ ചിന്തകൾ വിദ്യാർത്ഥികൾക്ക് എന്നും പ്രചോദനമേകിയിട്ടുണ്ട്. ഈ പാരമ്പര്യത്തെയും ചിന്തകളെയും വിദ്യാർത്ഥികളിൽനിന്ന്




അടർത്തിമാറ്റാനുള്ള ശ്രമം ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടായി.

2016 ഫെബ്രുവരി 9-നാണ് സംഭവങ്ങളുടെ തുടക്കം. കാശ്മീർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ജെ.എൻ.യു ക്യാംപസിലെ ഒരുകൂട്ടം വിദ്യാർത്ഥികൾ "The country without a post office" എന്ന പേരിൽ കൂട്ടായ്മ സംഘടിപ്പിച്ചു. ജെ.എൻ.യു സ്റ്റുഡന്റ്സ് യൂണിയൻ ചെയർമാൻ എ.ഐ.എസ്.എഫ് പ്രതിനിധി കനയ്യ കുമാർ ആയിരുന്നു ഈ കൂട്ടായ്മക്ക് നേതൃത്വം നൽകിയത്. പ്രസ്തുത പരിപാടി ദേശവിരുദ്ധമാണെന്ന് ആരോപിച്ചുകൊണ്ട് എ.ബി.വി.പി പ്രതിഷേധപ്രകടനം സംഘടിപ്പിക്കുകയും ഇതിൽ പങ്കെടുത്ത വിദ്യാർത്ഥികളെ പുറത്താക്കണമെന്ന് അവർ വൈസ് ചാൻസിലറോട് ആവശ്യപ്പെടുകയും ചെയ്തു. സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജെ.എൻ.യു വൈസ് ചാൻസിലർ നിയോഗിച്ച കമ്മീഷന്റെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കനയ്യ കുമാർ ഉൾപ്പെടെ 7 വിദ്യാർത്ഥികളെ സർവ്വകലാശാല ഡീബാർ ചെയ്യുകയായിരുന്നു. വിദ്യാർത്ഥികൾ പ്രസ്തുത പരിപാടിയിൽ ഇന്ത്യാ വിരുദ്ധ മുദ്രാവാക്യങ്ങൾ മുഴക്കിയെന്നായിരുന്നു ആരോപണം.

പിന്നീട് മാർച്ച് 12-ാം തീയതിയാണ് രാജ്യദ്രോഹക്കുറ്റവും (സെക്ഷൻ 124-അ) ക്രിമിനൽ ഗൂഡാലോചനയും (സെക്ഷൻ 120 ആ) ചുമത്തി കനയ്യയെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്യുന്നത്. തനിക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെല്ലാം കോടതിയിൽ കനയ്യ നിഷേധിച്ചു. ഫെബ്രുവരി 17ന് 6 മാസത്തെ ഇടക്കാലജാമ്യം അനുവദിക്കുന്നതുവരെ അദ്ദേഹം ജുഡീഷ്യൽ കസ്റ്റഡിയിലായിരുന്നു. കനയ്യയെ പട്യാല ഹൗസ് കോടതിയിൽ ഹാജരാക്കിയ ദിവസം കോടതിയിലെ അഭിഭാഷകർ അദ്ദേഹത്തിന് നേരെ നടത്തിയ കയ്യേറ്റം ഇന്ത്യൻ ജുഡീഷ്യറിക്ക് തീരാകളങ്കമാണ് എന്ന് പറയാതെ വയ്യ. ഒരു കൊലപാതക കേസ് പ്രതിക്കുപോലും ഇത്തരമൊരനുഭവം അഭിഭാഷകരിൽനിന്ന് നേരിടേണ്ടിവന്നിട്ടില്ല. അഭിഭാഷകരുടെ ഈ നടപടി തികച്ചും ആസൂത്രിതമാണെന്ന കാര്യത്തിൽ സംശയമില്ല. കനയ്യയെ കോടതിയിൽ വിചാരണ ചെയ്ത ഫെബ്രുവരി 15നും 17നും ഇടയിലുള്ള രണ്ട് ദിവസങ്ങളിലാണ് ബി.ജെ.പി. MLA ഒ.പി.ശർമ്മയുടെ നേതൃത്വത്തിൽ ഒരു സംഘം അഭിഭാഷകർ ജെ.എൻ.യു വിദ്യാർത്ഥികൾ, അധ്യാപകർ, മാധ്യമപ്രവർത്തകർ എന്നിവർക്കുനേരെ കോടതിവളപ്പിൽ ആക്രമണം അഴിച്ചുവിട്ടത്. ഭരണകൂടം അതിന്റെ ഭ്രാന്തൻ ആശയങ്ങളെ പ്രതിരോധിക്കുന്നവരോട് എത്രമാത്രം അസഹിഷ്ണുത പുലർത്തുന്നുവെന്നും അത്തരം പ്രതിഷേധങ്ങളെ അടിച്ചൊതുക്കാൻ ഏത് നെറികെട്ട മാർഗ്ഗവും സ്വീകരിക്കുമെന്ന് മേൽ വിവരിച്ച സംഭവങ്ങൾ അടിവരയിടുന്നു.




ഇതോടൊപ്പം ചേർത്തുവായിക്കേണ്ട സംഭവമാണ് മരണത്തെ സ്വയം വരിച്ച രോഹിത് ചക്രവർത്തി വെമൂല എന്ന യുവ വിപ്ളവകാരിയുടെ ജീവിതം. ഹൈദരാബാദ് സർവ്വകലാശാലയിൽ പി.എച്ച്.ഡി വിദ്യാർത്ഥിയായിരുന്ന രോഹിത് വെമൂല ഈ വർഷം ജനുവരി 17-നായിരുന്നു സ്വയം ജീവനൊടുക്കിയത്. രോഹിതിന്റെ മരണം അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ മാത്രമല്ല, രാജ്യത്തെ വിദ്യാർത്ഥിസമൂഹം ഒന്നടങ്കം ഞെട്ടലോടെയും, ഭയത്തോടെയുമാണ് വീക്ഷിച്ചത്. ഇന്ത്യയിലെ ജാതിവ്യവസ്ഥയിലധിഷ്ഠിതമായ ജനതയുടെ ഭാവിയിലുള്ള ആശങ്കയാണ് രോഹിത് തന്റെ മരണത്തിലൂടെ പറയാൻ ശ്രമിച്ചത്. തന്റെ ആത്മാവും ശരീരവും തമ്മിലുള്ള വിടവ് വർധിച്ചു വരുന്നതിനാൽ താനൊരു മൃഗമായി മാറിഎന്ന തോന്നലുണ്ടാക്കുന്നുവെന്നാണ് രോഹിത് ആത്മഹത്യാ കുറിപ്പിൽ പറയുന്നത്. തന്റെ മനസ്സ് കാൾ സാഗന്റെ പോലെ ഒരു ജ്യോതിസാസ്ത്ര അധ്യാപകനാകണമെന്ന് ആഗ്രഹിക്കുമ്പോൾ തന്റെ ശരീരം രാഷ്ട്രീയത്തിൽ കെട്ടുപിണഞ്ഞുപോയതായി രോഹിത് എഴുതുന്നു. ഇത് തന്റെ ആത്മാവിനെ നശിപ്പിച്ചിരിക്കുന്നു. ശരീരത്തെ ആത്മാവിൽനിന്ന് വേർപെടുത്തുന്ന ഈ രാഷ്ട്രീയം തനിക്ക് യോജിച്ചതല്ലെന്നും വെമൂല കൂട്ടിച്ചേർക്കുന്നു.

രോഹിത് ഒരു ദളിതനാണ് എന്നതായിരുന്നു അദ്ദേഹത്തിന്റെ അക്കാദമിക് ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തത്തിന് കാരണമായത്. രാജ്യത്തെ ഹിന്ദു ജാതിസമ്പ്രദായം ഇപ്പോഴും മധ്യകാലഘട്ടത്തിലെ അതേ അവസ്ഥയിലാണുള്ളതെന്ന യാഥാർത്ഥ്യം ഞെട്ടിപ്പിക്കുന്നതാണ്. ദളിത് ആണെ




ന്നതിന്റെ പേരിൽ അടിച്ചമർത്തലും അവഹേളനങ്ങളും രോഹിത്തിന് ഒട്ടേറെ നേരിടേണ്ടിവന്നിട്ടുണ്ട്. നാസി ഭരണകാലത്ത് ജൂതവംശജനായ വിഖ്യാത ജർമ്മൻ കവി പോൾ സെലാന് നേരിടേണ്ടിവന്ന പീഡാനുഭവങ്ങളെ ഇതിനോട് താരതമ്യപ്പെടുത്താം. ജാതീയതയും വംശവെറിയും ഒരു രാജ്യത്തെ പരിഷ്കൃത സമൂഹത്തെ എങ്ങനെ ഷണ്ഡന്മാരാക്കുന്നുവെന്നതിന് മികച്ച ഉദാഹരണങ്ങളാണ് വെമൂലയുടെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

ഒരു സഹപാഠിയെ കയ്യേറ്റം ചെയ്തു എന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് വെമൂലയെ സർവ്വകലാശാലയിൽനിന്ന് സസ്പെൻഡ് ചെയ്തത്. എന്നാൽ ഈ പരാതി സത്യമാണോ എന്നന്വേഷിക്കാൻ അധികൃതർ തയ്യാറായിരുന്നില്ല. ഈ ഘട്ടത്തിലാണ് ഒരു കേന്ദ്രമന്ത്രി വെമൂലയെ തീവ്രജാതീയവാദി എന്നും ദേശവിരുദ്ധനെന്നും വിളിച്ച് ആക്ഷേപിക്കുന്നത്. ഇത് തീർച്ചയായും വെമൂലയുടെ ഹൃദയം തകർക്കുന്നതായിരുന്നു. ജാതിസമ്പ്രദായത്തിന്റെ ഇരയായ ഒരു ദളിതന് എങ്ങനെയാണ് തീവ്രജാതീയവാദി ആകാൻ കഴിയുക? ജാതീയതയുടെ രാഷ്ട്രീയത്തിൽ ഇത്തരം യുക്തിഹീനമായ ഒട്ടേറെ ആരോപണങ്ങൾ നേരിടേണ്ടിവന്നേക്കാം. എന്നാൽ ഇതൊന്നും രോഹിത്തിന്റെ ബുദ്ധിക്കും യുക്തിക്കും നിരക്കുന്നതായിരുന്നില്ല.

മുസാഫർനഗർ കലാപത്തെക്കുറിച്ചുള്ള ഒരു ഹ്രസ്വചിത്രത്തിന്റെ പ്രദർശനം ഡൽഹി സർവ്വകലാശാലയിൽ ഹിന്ദു വലതുപക്ഷ വിദ്യാർത്ഥിസംഘടനയുടെ പ്രവർത്തകർ തടസ്സപ്പെടുത്തിയതിനെതിരെയുള്ള പ്രതിഷേധ സമരമാണ് പ്രശ്നങ്ങളുടെ തുടക്കം. ഈ പ്രതിഷേധസമരത്തിൽ രോഹിതും പങ്കെടുത്തിരുന്നു. ഇത്തരമൊരു പ്രതിഷേധത്തിൽ പങ്കെടുക്കുക എന്ന ഒരു പൗരന്റെ ജനാധിപത്യപരമായ അവകാശം വിനിയോഗിച്ചതിനാണ് രോഹിത്തിന് വലിയ വില നൽകേണ്ടിവന്നത്. തന്റെ ആത്മഹത്യാ കുറിപ്പ് രോഹിത് അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്:- "ഒരു ജനാധിപത്യരാജ്യത്ത് മനുഷ്യന്റെ വില വെറുമൊരു വോട്ട് അഥവാ നമ്പർ മാത്രമായി മാറിയിരിക്കുന്നു. ഇത്തരമൊരു അവസ്ഥയിലേക്കാണ് മുതലാളിത്തവും വംശീയജനാധിപത്യ വ്യവസ്ഥകളും പൗരന്മാരെ കൊണ്ടെത്തിക്കുന്നത്. ജനാധിപത്യവും ജാതിരാഷ്ട്രീയവും പരസ്പരം പോർവിളികൾ നടത്തുന്ന ഈ കാലഘട്ടതതിൽ കേവലം ഒരു നമ്പർ കഴുത്തിലണിയുന്ന അടയാള ചിഹ്നമായി അവശേഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല."

വെമൂലയുടെ മരണത്തെ തുടർന്ന് ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥിസമരങ്ങളുടെ വേലിയേറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. പ്രക്ഷോഭത്തിന്റെ അലയൊലികൾ രാജ്യം മുഴുവൻ വ്യാപിച്ചു. കേന്ദ്രത്തിലെ എൻ.ഡി.എ സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെയും രാജ്യത്തെ ക്യാംപസുകൾ കാവിവത്കരിക്കാനുള്ള ശ്രമങ്ങൾക്കെതിരെയും വിദ്യാർത്ഥിസമൂഹവും അധ്യാപകരും ഒറ്റക്കെട്ടായി രംഗത്തുവന്നു. രാജ്യത്തെ ക്യാംപസുകളിൽ ദളിത് വിദ്യാർത്ഥികൾക്കെതിരെയും ദളിത് അധ്യാപകർക്കെതിരെയും നടക്കുന്ന അതിക്രമങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചത് ബി.ജെ.പി യുടെ വിദ്യാർത്ഥി വിഭാഗമായിരുന്നു. ഇത് രാജ്യത്തെ കലാലയങ്ങളുടെ സ്വയംഭരണാവകാശത്തിന്മേലുള്ള കൈകടത്തലും കലാലയങ്ങളിലെ സമാധാനാന്തരീക്ഷം തകർത്ത് അരാജകത്വം സൃഷ്ടിക്കാനുള്ള ശ്രമങ്ങളുടെ ഭാഗവുമായിരുന്നു. ഈയൊരവസരത്തിലാണ് അടിയന്തിരാവസ്ഥക്ക് മുമ്പും അതിനു ശേഷവും നടന്ന തെരഞ്ഞെടുപ്പുകളിൽ ഇന്ദിരാ ഭരണകൂടത്തെ തകർത്തെറിഞ്ഞ വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ ഓർമ്മകൾ ആവേശം പകരുന്നത്. ഇപ്പോഴത്തെ ഭരണകർത്താക്കൾ ചരിത്രത്തിൽനിന്ന് പാഠമുൾക്കൊണ്ട് രാജ്യത്തെ ക്യാംപസുകളിൽ സമാധാനാന്തരീക്ഷം ഉറപ്പുവരുത്താനും ജാതി-മത-ഭാഷാ വേർതിരിവുകളില്ലാത്ത ഉത്തമപൗരന്മാരെ വാർത്തെടുക്കാനും പരിശ്രമിക്കുമെന്നു തന്നെ നമുക്ക് പ്രതീക്ഷിക്കാം. ■


[I myself strike these words off. V.R.C.]

I am not hurt at this moment. I am not sad. I am just empty. Unconcerned about myself. That's pathetic. And that's why I am doing this.



# ഭയ
## കൗടില്യലോഭങ്ങൾ വളർത്തില്ലൊരു നാടിനെ



**സന്തോഷ് സി**
വെബ് ഡിസൈനർ
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

ഭയം ......അത് അങ്ങനെയാണ്. ഭയന്ന് വളരുക എന്നത് നല്ല കുട്ടിയുടെ ലക്ഷണം. ശൈശവത്തിലും, ബാല്യത്തിലും സംരക്ഷണം ആവശ്യമാണ്. ഭയത്തിന്റെ സന്നിവേശം ചിന്തയെ തടയുന്നതായാലോ? അപ്പോ? സംരക്ഷണം എന്നത് ഭയം ജനിപ്പിക്കലായി മാറുന്നു. ശാസ്ത്രബോധത്തേയും, സ്വതന്ത്ര ചിന്തയെയും തടയുന്ന പാരമ്പര്യബോധം മനുഷ്യന്റെ മാനസിക വളർച്ചയെ പുറകോട്ട് വലിക്കുന്നു.

"നീ പെണ്ണാണ്" എന്ന് ഭയപ്പെടുത്തി സുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുമ്പോൾ യഥാർത്ഥത്തിൽ സുരക്ഷിതത്വമാണോ? ചാടുന്ന പെണ്ണ് 'ആണിനെ പോലെ ചാടുന്നു'. 'ചോദ്യങ്ങൾ ചോദിക്കുന്ന പെണ്ണ്' നിഷേധി. വസ്ത്രധാരണത്തിലെ മാറ്റങ്ങൾ അഭികാമ്യമാണോ എന്ന് തീരുമാനിക്കാൻ സദാചാര പോലീസ്! അങ്ങനെ സ്ത്രീയിൽ ഭയം സന്നിവേശിപ്പിക്കാൻ നിരവധി വഴികൾ.

സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കി കാല്പനിക ഭാവം കൈവരാം, അന്വേഷണ തൃഷ്ണ ഉടലെടുക്കാം. ഇനിയും അനാവരണം ചെയ്യപ്പെടാത്ത അനന്തമായ പ്രപഞ്ചത്തെക്കുറിച്ച് ശാസ്ത്രബോധം കൂടുതൽ അറിയുന്നതിനുള്ള താല്പര്യം ജനിപ്പിക്കും. എന്നാൽ ശാസ്ത്രത്തിന്റെ മേലങ്കി അണിഞ്ഞ അശാസ്ത്രീയ ചിന്തകൾ ഭയം

ജനിപ്പിക്കുക മാത്രമല്ല സാധാരണ സാമൂഹ്യ ജീവിതം തന്നെ സാധ്യമല്ലാതാക്കും. പഠിപ്പും പത്രാസുമുള്ളവർ പള്ളിക്കൂടത്തിന്റെ വരാന്തപോലും കണ്ടിട്ടില്ലാത്ത കവടിനിരത്തുകാരന്റെ മുന്നിൽ ഭയഭക്തിബഹുമാനത്തോടെ കുമ്പിടുന്നതിലെ വൈപരീത്യം പാരമ്പര്യ ഭയംജനിപ്പിക്കൽ തന്ത്രത്തിൽ നിന്നുണ്ടാകുന്നതാണ്. മംഗളായാൻ വിജയത്തിന്റെ മംഗള 'മുഹൂർത്തത്തിലും' 'ചൊവ്വാദോഷ'ത്തിന്റെ 'അപഹാരം' കാരണം ജീവിതം നിശിപ്പിക്കുന്ന 'സംസ്ക്കാരസമ്പന്നർ' നിരവധി!



'മുഹൂർത്തത്തിന്റെ' അപരാപത്യത സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ തടസ്സമാകുന്നു. 'രാഹുകാലം' യാത്രകൾ അമാന്തിപ്പിക്കുന്നു, അവസരങ്ങൾ നഷ്ടപ്പെടുത്തുന്നു. 'ശകുനപ്പിഴകൾ' അത്യാഹിതങ്ങൾക്ക് കാരണമാകുമോ എന്ന ഭയം... ഇവിടം സമൂഹം ബോധപൂർവ്വം നിങ്ങളിൽ ഭയം സൃഷ്ടിക്കുന്നു. കാരണവന്മാർ പഠിപ്പിച്ച പാഠങ്ങൾ അതേ പടി നിങ്ങളും ഏറ്റു പാടുന്നു. ജനിച്ചു വീഴുന്ന ഓരോ പെൺകുട്ടിയെയും നിങ്ങൾ അത് പഠിപ്പിക്കുന്നു .ഇവിടം ജിഷയുടെയും നിർഭയയുടെയും മരണം നാം സമൂഹത്തിനു ചാർത്തി കൊടുത്ത ഈ ഭയത്തിൽ നിന്ന് ഉണ്ടായവയാണ് .എന്തെന്നാൽ കുറച്ചു ചോദ്യങ്ങൾ നിങ്ങളോട് ചോദിക്കാം

നിങ്ങൾ സ്ത്രീകൾക്ക് സ്വന്തം കുടുംബത്തിൽ അവശ്യത്തിലധികം സ്വാതന്ത്ര്യം നൽകുന്നു എന്ന് ചിന്തിക്കുന്നവനാണോ???

നിങ്ങൾ സ്ത്രീകൾ അവർക്കിഷ്ടമുള്ള വസ്ത്രം ധരിക്കുന്നതിൽ എതിർപ്പുള്ളവരാണോ???

നിങ്ങൾ സിനിമകളിൽ നായകർ സ്ത്രീകളെ നിലയ്ക്ക് നിർത്തുന്ന പഞ്ച് ഡയലോഗിൽ സന്തോഷം കണ്ടെത്തുന്നവൻ ആണോ???

രാത്രി സ്ത്രീകൾ സഞ്ചരിക്കാൻ പാടില്ല എന്ന് കരുതുന്നവരാണോ ???

ആൺ പെൺ സൗഹൃദങ്ങൾക്ക് എതിർപ്പ് പ്രകടിപ്പിക്കുന്നവരാണോ ???

ആണും പെണ്ണും ഒരുമിച്ചു ബൈക്കിൽ യാത്ര ചെയ്താൽ ഒന്നിച്ചു ബീച്ചിലോ പാർക്കിലോ ഇരുന്നാൽ ചോദ്യം ചെയ്യുന്നവരാണോ ??

അശുദ്ധിയുടെ പേരിൽ സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശങ്ങളെ നിഷേധിക്കുന്നവർ ആണോ ???

നിങ്ങൾ കല്യാണത്തിനു സ്ത്രീധനം വാങ്ങിയിരുന്നോ, സ്ത്രീധന സമ്പ്രദായം ശരിയാണെന്ന് വിശ്വസിക്കുന്നവർ ആണോ ???

ഇതൊക്കെ നിങ്ങൾ ആണങ്കിൽ സൗമ്യ,നിർഭയ,ജിഷ മുതലായ സ്ത്രീകൾ ധാരുണമായി കൊല്ലപ്പെടുമ്പോൾ അതിൽ നിങ്ങളും കൂടി കാരണക്കാർ ആണ്.... ഒരു ബലാൽസംഗം നടക്കുമ്പോൾ അയാളെ തൂക്കിലേറ്റിയാൽ മതി എന്ന് മാത്രം ചോര തിളയ്ക്കുന്ന പുതിയ മനോരോഗികളെ സൃഷ്ടിക്കാൻ അവസരം പിന്നെയും ഒരുക്കി കാത്തിരിക്കുന്ന വിഡ്ഢികൾ ആണ് നിങ്ങൾ. നിങ്ങൾ ഈ സമൂഹത്തിനു നൽകിക്കൊണ്ടിരിക്കുന്ന സ്ത്രീ വിരുദ്ധതയുടെ ഇരകൾ ആണ് ഈ സൗമ്യ, ജിഷ, നിർഭയ. സ്ത്രീ അടങ്ങി ഒതുങ്ങി കഴിയേണ്ടവൾ ആണെന്നും പുരുഷനാണ് നിങ്ങൾക്ക് തുണയെന്നും ജനിച്ചു വീഴുന്ന ഓരോ പെൺകുട്ടികളെയും നിങ്ങൾ പഠിപ്പിച്ചുകൊണ്ടേയിരിക്കുന്നു. എവിടെ ഏതൊരു കുറ്റവാളിയും ഈ സ്ത്രീ വിരുദ്ധതയുടെ തണലിൽ കുറ്റം ചെയ്യുന്നവരാണ്. ഡൽഹിയിൽ നടന്ന സംഭവത്തിൽ കുറ്റവാളിയും സമൂഹവും പറയുന്നത് ഒന്ന് തന്നെ എന്തിനു രാത്രി അവൾ സഞ്ചരിച്ചു???..

മാറേണ്ടത് സമൂഹം ആണ്.. സ്ത്രീയെ ഒരു മനുഷ്യ ജീവി ആയി സമൂഹം കാണട്ടെ. അവളുടെ സ്വാതന്ത്ര്യം കെടുത്തുവാൻ അധികാരം ഇല്ല എന്ന് ഓരോ പുരുഷനും മനസിലാക്കട്ടെ... എല്ലാവർക്കും ഉള്ള അവകാശങ്ങൾ അവൾക്കും ഉണ്ടെന്നു സമൂഹം ചിന്തിക്കട്ടെ

ഈ ഭയങ്ങളെല്ലാം തന്നെ ഇന്നലെ വരെ വ്യക്തിഗതഭയങ്ങളായി ഒരു പരിധിവരെ നിലനിന്നിരുന്നെങ്കിൽ ഇന്നിതെല്ലാം സമൂഹത്തിന്റെ പൊതു ഭയമായി ഉയർത്തി കൊണ്ട് വരാനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നു. ആചാരങ്ങളും, അനുഷ്ഠാനങ്ങളും വ്യക്തിപരമായ കാര്യങ്ങളാണ്. പൊതു ഇടങ്ങളിൽ



കാപട്യം നിറഞ്ഞ ആചാരാനുഷ്ഠാന ആഘോഷ വ്യാപനം ആശ്വാസ്യമല്ലാത്ത വേർതിരിവിന് കാരണമാകും. ജാതി മത വ്യത്യാസമില്ലാതെ ഒത്തു ചേരാനും സംവാദത്തിലേർപ്പെടാനുള്ള പൊതു ഇടങ്ങളാണ് വികസിപ്പിക്കേണ്ടത്. അവരവരുടെ ദൈവങ്ങളുടെ കരുത്ത് തെളിയിക്കുന്ന മത്സരവേദിയായി പൊതുസ്ഥലങ്ങൾ മാറുന്നത് ആശാസ്യമല്ല. പുതിയൊരു നവോത്ഥാന പ്രക്രിയയ്ക്ക് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു.....നമ്മുടെ കുടുംബങ്ങളിൽ നിന്ന് തന്നെ ഇത് തുടങ്ങാം. പുതിയ തലമുറകൾ അത് പഠിക്കട്ടെ ..

മാറേണ്ടത് സമൂഹം ആണ് 'ഭയ കൌടില്യലോഭങ്ങൾ വളർത്തില്ലൊരു നാടിനെ'.

■






# ഭയപ്പെടുന്ന കേരള സമൂഹം

കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്നാണ് കേരളീയർ അഭിമാനപൂർവ്വം പറയുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ സദാചാര കൊലപാതകങ്ങളും അക്രമങ്ങളും നടക്കുമ്പോൾ ഇതൊന്നും നമ്മുടെ കേരളത്തിൽ സംഭവിക്കില്ലെന്ന് കരുതി ആശ്വസിച്ചവരാണ് മലയാളികൾ. എന്നാൽ കേരളം ഇന്ന് ദൈവത്തിന്റെയല്ല മറിച്ച് സദാചാര ഗുണ്ടകളുടെ നാടായാണ് മാറിയിരിക്കുന്നത്. സദാചാര പോലീസ് ചമയുന്നത് മലയാളിക്ക് ഒരു ഹരമായി മാറികൊണ്ടിരിക്കുകയാണ്. നാട്ടുകാർ സദാചാര പോലീസ് ചമയുന്നത് കേരളത്തിൽ ഇപ്പോൾ വാർത്തയല്ല. ഒരു ദിവസം ഒരു റിപ്പോർട്ടെങ്കിലും സദാചാര പോലീസിനെതിരെ മാധ്യമങ്ങൾക്ക് ലഭിക്കുന്നുണ്ട്.

കഴിഞ്ഞ ജൂണിൽ സദാചാര പോലീസ് ചമഞ്ഞെത്തിയ ഒരു സംഘം യുവാവിനെ മർദ്ദിച്ച് കൊന്നുവെന്ന വാർത്ത കേരള സമൂഹം ഞെട്ടലോടെയാണ് വായിച്ചത്. വിവാഹ സർട്ടിഫിക്കറ്റില്ലാതെ പുറത്തിറങ്ങാൻ ഭൂരിഭാഗം ദമ്പതികളും ഭയപ്പെടുകയാണ്. മാധ്യമ പ്രവർത്തകരായ ദമ്പതികളും സദാചാര പോലീസിന്റെ ആക്രമണത്തിന് ഇരയായിട്ടുണ്ട്. വിവാഹിതരാണെന്നു പറഞ്ഞാലും, താലി കാട്ടി കൊടുത്താലും ഒരു കാര്യവുമില്ല. 50രൂപയ്ക്കും താലി കിട്ടും എന്നാണീക്കൂട്ടർ പറയുന്നത്. സുഹൃത്തുക്കളുടെ വീട്ടിൽ വിരുന്നുണ്ണാൻ പോകാൻ പരിചയ സർട്ടിഫിക്കറ്റടക്കം കാണിക്കേണ്ട അവസ്ഥയാണെന്നാണ് യുവാക്കളടക്കം പറയുന്നത്. സംസ്കാര പ്രേമികൾ സോഷ്യൽ മീഡിയകളിലൂടെ ചോദിക്കുന്നു. നമ്മുടെ നാടിന് എന്താണ് സംഭവിച്ചത്? സാംസ്കാരികമായ അധഃപതനം ഉണ്ടാവുന്നു എങ്കിൽ നാം അതിനോട് പ്രതികരിക്കണം. പ്രതിരോധത്തിനും പ്രതികരണത്തി



രേഷ്മ,
കമ്യൂണിക്കേഷൻ ഗ്രൂപ്പ്



നുമുള്ള വാതിലുകൾ നമുക്ക് മുന്നിൽ ആരും കൊട്ടിയടച്ചിട്ടില്ല. ജനാധിപത്യ വിരുദ്ധ സമീപനങ്ങളെ സാസ്കാരിക അധഃപതനത്തിനൊപ്പം തന്നെ എതിർക്കേണ്ടതാണ്. ഇപ്പോൾ നമ്മുടെ നാട്ടിൽ സഹോദരീ സഹോദരന്മാർക്ക് പോലും ഒരുമിച്ച് പുറത്തിറങ്ങി നടക്കാൻ പറ്റാത്ത അവസ്ഥയാണ് സംജാതമായിക്കൊണ്ടിരിക്കുന്നത്.

ബീഫ് കഴിക്കുന്നവർക്കെതിരെ ഹൈന്ദവ വർഗ്ഗീയവാദികൾ രംഗത്തെത്തിയതോടെ ഉത്തരേന്ത്യയിലെ ബീഫ് വിവാദം കേരളത്തിലും ചൂട് പിടിച്ചു. കേരളവർമ്മ കോളേജിലെ സംഘർഷം സമൂഹത്തിലേക്ക് പടർന്നതോടെ പല ഹോട്ടലുകളുടെയും മെനുവിൽ നിന്നും ബീഫ് റോസ്റ്റ് അപ്രത്യക്ഷമായി. പെരുമ്പാവൂരിൽ ജിഷയെന്ന നിർദ്ധന വിദ്യാർത്ഥിനി വീട്ടിനുള്ളിൽ വച്ച് ക്രൂരമായ കൊല ചെയ്യപ്പെട്ടത് കേരളത്തിലെ വീട്ടമ്മമാരുടെ ഉറക്കം കെടുത്തി. സ്വന്തം വീട്ടിനുള്ളിൽ പോലും അരക്ഷിതരാണെന്ന അവസ്ഥയെക്കുറിച്ച് പലരും ആശങ്കപ്പെട്ടു. പ്രതിയെ പിടികൂടാനുണ്ടായ കാലതാമസം കേരളത്തിന്റെ മനസാക്ഷിയെ ഉത്കണ്ഠാകുലരാക്കി. പെൺമക്കളെക്കുറിച്ച് മാതാപിതാക്കളുടെ ഹൃദയത്തിൽ കനലെരിയുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഉപരിപഠനത്തിനായി ഹോസ്റ്റലുകളിലേക്ക് പറഞ്ഞയച്ച വിദ്യാർത്ഥികളെ മതം മാറ്റി ഐസിസിലേക്ക് റിക്രൂട്ട് ചെയ്യുന്നുവെന്ന വെളിപ്പെടുത്തൽ രക്ഷിതാക്കൾക്ക് വെല്ലുവിളിയായി. മകളെ കാണാനില്ലെന്ന അമ്മയുടെ പരാതിയിൽ കോടതിയിലെത്തിയ മകൾ പറഞ്ഞത് തനിക്ക് മുസ്ലിമായി ജീവിക്കാനും ആ മതത്തിൽപ്പെട്ടവരോടൊപ്പം കഴിയാനുമാണ് താത്പര്യമെന്നാണ്. തന്റെ മകളുടെ മനസ്സ് മാറ്റിയെടുത്തതു കൊണ്ടാണ് അവൾ ഇങ്ങനെ പറയുന്നത് എന്നാണ് അമ്മയുടെ ആരോപണം. വസ്തുത എന്തായാലും ധാരാളം മലയാളി വിദ്യാർത്ഥികളെ ഇ



പ്രകാരം മതംമാറ്റി ഐ.എസ്.ഐ.എസിലേക്ക് റിക്രൂട്ട് ചെയ്യുന്നുവെന്നാണ് ഇന്റലിജൻസ് റിപ്പോർട്ട്.

സദാചാര പോലീസിനെതിരെ കിസ്സ് ഓഫ് ലവ് പ്രവർത്തകർ ചുംബനസമരം ആഹ്വാനം ചെയ്തത് വ്യാപക പ്രതിരോധത്തിനും അക്രമത്തിനും വഴിവെച്ചു. സദാചാരം ഒരു വ്യക്തിയോ സംഘടനയോ നിശ്ചയിക്കേണ്ട കാര്യമല്ല. സദാചാര പോലീസിനെതിരെ ശക്തമായ ജനവികാരം ഉണ്ടായ നാടാണ് കേരളം. എന്നാലും ദുരാചാര പോലീസിന് ഒരു കുഴപ്പവുമില്ല. തെരുവിൽ മനുഷ്യർ വേട്ടയാടപ്പെടുന്ന അവസ്ഥയാണുള്ളത്. നമ്മുടെ നാട് അധഃപതിച്ചുക്കൊണ്ടിരിക്കുകയാണോ എന്ന ചോദ്യം നമ്മളെല്ലാം പരസ്പരം ചോദിക്കേണ്ടിയിരിക്കുന്നു. ■


UPS Universal Print Systems

— Driven by Creativity, Committed to Human Values

**Plot No.113, ALEAP Industrial Estate,**
**Surampalli (V), Gannavaram (M),**
**Krishna District,**
**Andhra Pradesh–521 212.**
**Phone 08676-325724**
**Mobile 9391540240**
**Website: www.universalprintsystems.com**

# ഇത് നമ്മുടെ കഥയല്ല



**അനുഖാൻ,**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

കഥ നടക്കുന്നത് ലോകത്ത് തെക്കേ ഏഷ്യയിൽ മുന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ഭാരത മഹാരാജ്യത്താണ്. രാജ്യം വിശാലമായതിനാലും ജനസംഖ്യ കൂടുതലായതിനാലും പ്രവിശ്യകൾ തിരിച്ച് പ്രവിശ്യ തലവൻമാരെ ഇവിടുത്തെ ജനങ്ങൾ തന്നെ തിരഞ്ഞെടുത്തിട്ടുണ്ട്. രാജ്യത്തെ ജനങ്ങളിൽ രൂപത്തിലോ വേഷത്തിലോ പെരുമാറ്റത്തിലോ ഭാഷയിലോ ഒരു സാമ്യവും ഇല്ലെന്നതാണ് ഇവിടുത്തുകാരുടെ പ്രത്യേകത. ഇവിടുത്തുകാർക്ക് ആകെ യോജിക്കുന്നത് ഒരു പ്രവിശ്യയിൽ താമസിക്കുന്നവർക്ക് മറ്റൊരു പ്രവിശ്യയിൽ താമസിക്കുന്നവരെ കണ്ടൂടാ എന്നതിലും ജനസംഖ്യ വർദ്ധിപ്പിക്കുന്നതിലും മാത്രമാണ്. എല്ലായിടത്തെയും പോലെ രാജ്യത്തെയും പരമാധികാരി രാജാവാണ്. രാജാവ് പരമാധികാരികളാണെങ്കിലും പലയിടത്തെയും പ്രവിശ്യ തലവൻമാരും മാറിമാറി വരുന്ന രാജാക്കൻമാരോട് മുട്ടൻ കലിപ്പാണ്. ഇവൻമാരെ കൊണ്ട് രാജാവ് പലപ്പോഴും പൊറുതി മുട്ടാറുണ്ട്(രാജാക്കൻമാരുടെ ഒക്കെ ഒരോ ഗതികേട്).

ഇനിയിപ്പോ കഥ തുടങ്ങി കളയാം. പത്ത് വർഷക്കാലം രാജ്യം ഭരിച്ച മദമനോഹൻ ബന്ദോപദ്യായിലൂടെയാണ് കഥ തുടങ്ങുന്നത്. രാജാവായ കാലം തൊട്ട് രാജ്യത്തെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ രാജ്യത്ത് അനേകം പരിഷ്കാരങ്ങൾ മദമനോഹൻ നടത്തിയെങ്കിലും മിക്കതും എട്ടു നിലയിൽ പൊട്ടി. അത് പിന്നെ രാജ്യത്തെ പ്രഭുക്കൻമാരെ പ്രീതിപ്പെടുത്തി വരുമ്പോൾ പറ്റുന്നതാണ്. ശരിക്കും മദമനോഹൻ നല്ലവനും അധികം സംസാരിക്കാതത്തവനുമായ ഒരു പാവത്താനായിരുന്നു. മദമനോഹന് തന്റെ രാജ്ഞിയുടെയും ഉപജാപക സംഘത്തിന്റെയും പല കൊള്ളരുതായ്മകൾക്കും അദ്ദേഹം ബലിയാടാവുകയായിരുന്നു.

ഒരിക്കൽ ചക്രവർത്തി ബുഷവർമ്മൻ ഒരുക്കിയ വിരുന്നിൽ പങ്കെടുക്കാനായി സ്വപ്ന നഗരിയായ അമേധ്യയിലേക്ക് മദമനോഹൻ എത്തി. ലോകത്തെ



മുഴുവൻ രാജ്യങ്ങളിൽ കയറി ആവിശ്യമില്ലാതെ ഇടപെടുന്നത് ബുഷവർമ്മന്റെയും അദ്ദേഹത്തിന്റെ പിതൃക്കൻമാരുടെയും ഹോബിയായിരുന്നു. ഇതിന് സമ്മതിക്കാത്ത ചില ഇടതൻമാരുടെ രാജ്യങ്ങളിൽ മാത്രമാണ് ഇവരുടെ കളി നടക്കാഞ്ഞത്. എന്തായാലും വിരുന്നിൽ മദമനോഹന് ഇഷ്ട്ടപ്പെട്ട വിഭവങ്ങളെല്ലാം ബുഷവർമ്മൻ വിളമ്പി ഒരു പാത്രത്തിൽ ഒഴിച്ച്. അതിന്റെ മണം അടിച്ചതോടെ 'ഇല്ലെ ഗ്രഹണിപിടിച്ച പിള്ളാർ ചക്കകൂട്ടാൻ കണ്ടപോലെ'മദനോഹൻ ചാടി വീണപ്പോൾ ബുഷവർമ്മൻ തടഞ്ഞിട്ട് പറഞ്ഞു.



'ഇത് തരണമെങ്കിൽ നിന്റെ രാജ്യത്ത് എനിക്ക് വന്ന് അഴിഞ്ഞാടനുള്ള ലൈസൻസ് നീ ഇപ്പോ ഒപ്പിട്ടു തരണം' ഉടൻ തന്നെ ഒപ്പിടാനായി എഴുത്താണി എടുത്തപ്പോൾ മദമനോഹൻ ഒന്ന് പകച്ചു. രാജ്യത്തെ ഇടത് പയലുകൾ മൊട കണിക്കും ഉറപ്പാണ്. പിന്നെ വായിൽ കപ്പലോടി നിൽക്കുമ്പോൾ ഇടതൻമാരെ പേടിച്ചാലെങ്ങനെയാ ഇട്ടൂ വാൽ നക്ഷത്രത്തെ പോലെ ഒപ്പ്. ചോദിക്കാത്തിടത് പോലും ഒപ്പും ഇട്ട് വയറും നിറച്ച് മദമനോഹൻ രാജ്യത്തെത്തി. കരാറിനെക്കുറിച്ചറിഞ്ഞത് മുതൽ വലതൻമാരെ ഒതുക്കാനായി തൽക്കാലം മദമനോഹനെയും കൂട്ടാരെയും താൽക്കാലികമായി പിന്തുണച്ച ഇടതൻമാർ മുട്ടൻ കലിപ്പ് തുടങ്ങി. പിന്നെ മദമനോഹന്റെ പ്രധാന എതിരാളികളായ വലതൻമാർ തന്നെ ചക്രവർത്തിയെയും കൂട്ടരെയും സഹായിച്ചു പ്രശ്നം താൽക്കാലികമായി ഒതുക്കി ജനങ്ങളെയും ഇടതൻമാരെയും ഒരുപോലെ പറ്റിച്ചു.

മദമനോഹനെ പെടുത്താനായി പിന്നെ വന്നത് പ്രഭുക്കൻമാരായിരുന്നു. അത്രയും നാള് രാജസദസ്സിലായിരുന്ന രാജ്യത്തെ ഇന്ധന വില അവൻമാർക്ക് തീരുമാനിക്കണം. മദമനോഹൻ ആകെ നിസ്സഹനായി . രാജ്യത്തെ ജനങ്ങളെ ഓർക്കുമ്പോൾ ചെയ്യാനും തോന്നുന്നില്ല. പിന്നെ പ്രഭുക്കൻമാരെ പിണക്കിയാൽ രാജ്ഞി കെറുവിക്കുമെന്ന് പേടിച്ച് മദമനോഹൻ അതിനും സമ്മതിച്ചു. അനുമതി കിട്ടിയ ഉടനെ പ്രഭുക്കൻമാർ തോന്നും പോലെ വില കൂട്ടാൻ തുടങ്ങി. പിന്നെ രാജ്യത്തെ ജനങ്ങൾ നോക്കുമ്പോൾ ഇന്ധനത്തിന്റെയും സർവ്വ സാധനങ്ങളുടെയും വില റോക്കറ്റിനെ പിന്നിലാക്കി ഉയർന്ന് പോകുന്നതാണ് കണ്ടത്.

ഈ അവസരം മുതലെടുത്ത് വലതൻമാർ രാജ്യം പിടിക്കാൻ തയ്യാറെടുത്തു. മദമനോഹന്റെ സഹായം കുറച്ച് കിട്ടി കൊണ്ടിരുന്ന വ്യാപാരികളും പ്രഭുക്കൻമാരും വലതൻമാരെ സഹായിക്കാൻ തീരുമാനിച്ചു. വലതൻമാർ രാജാവാക്കാൻ ഉദ്ദേശിച്ച വിജേന്ദ്ര ദത്തൻ തങ്ങൾക്ക് പറ്റിയളായിരുന്നുവെന്നതും പ്രഭുക്കൻമാർക്ക് ഗുണം ചെയ്തു. രാജ്യത്ത് മൊത്തം സർവ്വത്ര പരസ്യങ്ങളും ആ പെരുമ്പറയും മുഴങ്ങി വിശാല ഹൃദയനായ വിജേന്ദ്ര ദത്തിനായി. മദമനോഹന്റെ കുറവുകളെ വിമർശിച്ചും എല്ലാം പരിഹരിക്കപ്പെടാമെന്നും പറഞ്ഞ് രാജാവായി.

പോയതിലും വലുത് വന്നതു പോലെ രാജ്യത്ത് വിജേന്ദ്ര ദത്തന്റെയും കാലത്ത് ജനങ്ങൾക്ക് കഷ്ടപ്പാടും ദുരന്തവും തന്നെ ബാക്കിയായി. മദമോഹൻ രാജാവായിരുന്നപ്പോൾ പുള്ളിക്കാരൻ ഒന്നും മിണ്ടില്ലെന്ന പ്രശ്നമായിരുന്നു. വിജേന്ദ്ര ദത്തനെ രാജ്യത്തെ ജനങ്ങൾക്ക് കാണാൻ പോലും കിട്ടില്ലെന്നായി. നേരത്തെ കുറച്ച് വ്യാപാരികൾക്കായി കിട്ടികൊണ്ടിരുന്ന സൗജന്യങ്ങൾ പുതിയ കുറച്ച് പേർക്കും കൂടി കിട്ടുകയും ചെയ്തു.

അയൽക്കാരുമായി നല്ല സൗഹൃദത്തിലായതിനാൽ രാജ്യം ആവശ്യത്തിലധികം ആയുധങ്ങൾ ശേഖരിക്കുന്നത് പതിവായിരുന്നു. ആയുധങ്ങളുടെ കച്ചവടവും മറ്റ് ചെറുകിട കച്ചവടങ്ങളും സ്വകാര്യ വ്യക്തികൾക്കും തുറന്ന് കൊടുത്ത് വിജേന്ദ്ര ദത്തൻ തന്റെ ഹൃദയ വിശാലത വീണ്ടും രാജ്യത്തിന് കാട്ടി കൊടുത്തു.കൂടാതെ മാറി വന്ന ചക്രവർത്തിയോടും കൂടുംബത്തോടും വിജേന്ദ്ര ദത്തന് അമിത വിധേയത്വം വന്ന് ഇടയ്ക്കിടയ്ക്ക് ചക്രവർത്തിയെ സന്ദർശിച്ച് പ്രകിപ്പിച്ചു കൊണ്ടേയിരുന്നു.

പക്ഷേ കളി അതൊന്നുമല്ലായിരുന്നു. വലതൻമാർ അധികാരത്തിലെത്തിയ കാലം തൊട്ട് വിജേന്ദ്രന്റെ ശിങ്കടികളായിരുന്നവൻമാരുടെ ആകെ ബഹളമായിരുന്നു. ഇവൻമാർ ഓരോ പേരിൽ ഓരോ നിയമവുമായി രാജ്യത്ത് അഴിഞ്ഞാട്ടം തുടങ്ങി. എല്ലാ പോക്രിത്തരവും കാണിച്ച് അത് പഴമക്കാരുടെ മുകളിൽ കൊണ്ടിടും. ആരുടെയെങ്കിലും മുൻപിൽ ഉത്തരം മുട്ടിയാൽ രാജ്യം വിട്ട് പോകാനുള്ള സാരോപദേശം നൽകും. ഇടയ്ക്ക് ഇവർ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ വിജേന്ദ്ര ദത്തന് തലവേദന സൃഷ്ടിക്കുന്നുണ്ടെങ്കിലും പഞ്ചാബീ ഹൗസിലെ കൊച്ചിൻ ഹനീഫയെ പോലെ

'മണ്ടനും പോയി പൊട്ടനും പോയി ബോട്ട് കിട്ടി ഹൈലസ'

എന്നുള്ള പാട്ടും പാടി സന്തോഷത്തിലാണ് നടപ്പ്. മദനമോഹൻ എന്ത് തെറ്റ് ചെയ്താലും രാജ്യം മുഴുവൻ അത് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ വിജേന്ദ്ര ദത്തിന്റെ അനുയായികളുണ്ടാക്കുന്ന പ്രശങ്ങളിൽ രാജ്യത്തെ ജനങ്ങൾക്ക് ശ്രദ്ധിക്കാൻ സമയമില്ലാത്തത് കൊണ്ട് പുള്ളിക്കാരൻ തൽക്കാലത്തേക്കെങ്കിലും സുരക്ഷിതനായി. രാജ്യത്തെ വികസന,തൊഴിൽ, അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ തൽക്കാലം ആരും ശ്രദ്ധിക്കുന്നതുമില്ല.

ഈ സമയത്താണ് തുടക്കത്തിൽ പ്രവിശ്യകളുടെ ഭരണ തലവൻമാരിൽ മാറ്റം വന്നു തുടങ്ങിയത്. രാജാവിനോട് കൂറുള്ളവരെയെല്ലാം ജനങ്ങൾ നിർദാക്ഷിണ്യം പുറത്തെറിഞ്ഞു. തലസ്ഥാന നഗരിയിൽ തലവനായെത്തിയ അരവിന്ദ വർമ്മൻ വിജേന്ദ്രന്റെ ഉറക്കം പോലും കളഞ്ഞു. മറ്റ് പ്രവിശ്യകളിലും മാറ്റങ്ങൾ വരുന്നത് വിജേന്ദ്രനെ നിരന്തരം വലയ്ക്കുന്നുമുണ്ട്. അപ്പോളാണ് മുൻപ് പറഞ്ഞ അനുയായികളുടെ പ്രവർത്തനം ശല്യമായി തുടങ്ങിയത്. വടക്കൻ പ്രവിശ്യകളിലെ കലിപ്പൻമാർ രാജാവിനെതിരെ പടപ്പുറപ്പാടിന് തന്നെ തയ്യാറുമെടുക്കുന്നു. ശിങ്കിടികളുടെ ഉപദ്രവം കാരണം പൊറുതി മുട്ടിയ രാജ്യത്തെ വിവേകമുള്ളവരും എതിരായപ്പോൾ വിജേന്ദ്ര ദത്തന് പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല.

ഒരിക്കലും നടക്കാത്ത വാഗ്ദാനങ്ങൾ പുറകെ കിടക്കുകയും അനുയായികൾ തന്നെ മാന്ത്രികനും ദൈവവും പുണ്യാളനുമാക്കാനുള്ള ശ്രമവു കൂടിയായപ്പോൾ എല്ലാ പഴം കഥകളിലേതും പോലെ രാജാവ് വടക്കൻ പ്രവിശ്യകളിലെവിടേയ്ക്കോ ഓടി ഒളിച്ചു. അപ്പോഴും വാ തുറക്കാതെ മദനമോഹൻ ഇതെല്ലാം കാണുന്നുണ്ടായിരുന്നു.

പറഞ്ഞ് നിർത്താൻ വേറെ വഴിയില്ലാത്തത് കൊണ്ടാ...

■




# സീൻലെറ്റ് പ്രകാശനം

## 2015 ഓഗസ്റ്റ് 24





സീൻലെറ്റിന്റെ 2015–ലെ ഓണപ്പതിപ്പ് 2015 ഓഗസ്റ്റ് 24 ന് സി–ഡിറ്റ് ക്യാമ്പസിൽവച്ച് പ്രശസ്ത സാഹിത്യകാരനും സാംസ്ക്കാരിക പ്രവർത്തകനുമായ ഏഴാച്ചേരി രാമചന്ദ്രൻ നിർവഹിച്ചു. ചടങ്ങിൽ സി–ഡിറ്റ് രജിസ്ട്രാർ ഡോ. എസ്.എ. ഷാനവാസ് സി.ഇ.എ. പ്രസിഡന്റ് കടകംപള്ളി സുരേന്ദ്രൻ, സജി നാരായണൻ, ജനറൽ സെക്രട്ടറി ബി. സതീശൻ എന്നിവർ പങ്കെടുത്തു.


‘സീൻലെറ്റ്’
2015










CEAN-LE









Equipped with the latest Multicolour Printing Machine with Computer Print Controls
Professional Agents. Premier Results.
Akshara Offset
ISO 9001:2008 COMPANY
T.C. 25/3230(1), Near Old GPO, Vanchiyoor
Thiruvananthapuram 695 035, Kerala, South India
Phone: ++91-471-2471174, 2473470, Fax: 0471-3012289
e-mail: aksharaoffset@yahoo.com
Our sister concern
Computer-to-plate (CtP)
Graphic designing
Color separation
Digital printing
abc Color Systems (P) Ltd.
T.C. 25/3230(2), Near Old GPO, Vanchiyoor
Thiruvananthapuram 695 035, Kerala, South India
Phone: ++91-471-2473911, Fax: 0471-3012289
QUALITY | COMMITMENT | PERFECTION



**പ്രേംസുജ**
കോഴ്സ് ഡിവിഷൻ, കവടിയാർ

# പ്രണാമം

മഹാശ്വേത, നിശ്ചയം ദേവി തന്നെ
ഉണ്ണാനുമുടുക്കാനും ഉറങ്ങാനുമില്ലാ-
ത്തോർക്കെന്നുമവർ ദേവി തന്നെ.
ജൻമത്തിൽ വരേണ്യ; കർമ്മത്തിലന്ത്യം
വരേയും പകർന്നതോ കേവലം മനുഷ്യത്വം.
ഒഴിവാക്കപ്പെടുന്നോർക്കും നിന്ദിതർക്കും
നേർക്കായുള്ളനീതിക്കെതിരായെന്നും
ശബ്ദമുയർത്തി, ചുവപ്പിൻ നോവുപകർത്തി
പറഞ്ഞ വാക്കിലും തൂലികത്തുമ്പിൽ
പിറന്ന പദത്തിലും നീതി പുലർത്തി,
മണ്ണിനും പുഴയ്ക്കും മരത്തിനുമെല്ലാം
മനസ്സിലെന്നും മഹത്വം കൽപിച്ചവൾ
മഹാശ്വേത, എഴുത്തിൻ ദേവീ പ്രണാമം

അനുഭവം

# വാഗാ

## അതിർത്തിയിലെ പിൻവാങ്ങൽ പരേഡ്



സുവർണ്ണ ക്ഷേത്രവും, ജാലിയൻ വാലാബാഗും സ്ഥിതി ചെയ്യുന്ന അമൃത്സറിൽ നിന്നും 35 കി.മീ. ദൂരത്തിലാണ് വാഗാ അതിർത്തി. ഇതിനിടയിൽ വരുന്ന പ്രധാന ജംഗ്ഷനുകളാണ് കാസ, അട്ടാരി എന്നിവ. കാസാ പട്ടാള യൂണിറ്റിൽ മൂന്നു വർഷത്തോളം സേവനം ചെയ്ത പട്ടാളക്കാരനാണ് ഈ ലേഖകൻ. പാകിസ്ഥാനിലെ ലാഹോറിൽ നിന്ന് 25കി.മീ. കിഴക്കു മാറിയാണ് വാഗാ അതിർത്തി. വാഗയിൽ ദിവസവും വൈകുന്നേരം നടക്കുന്ന ബീറ്റിംഗ് ദ റിട്രീറ്റ് (പിൻവാങ്ങൽ പരേഡ്) എന്ന ചടങ്ങ് കാണാൻ ധാരാളം പേർ എത്തുന്നുണ്ട്.

നമ്മുടെ അയൽരാജ്യം, ഒരു ഉടലിൽ നിന്ന് വേർപെട്ടു പോയ സഹോദരരാഷ്ട്രം. വേർപിരിയലിന്റെയും രണ്ടു യുദ്ധങ്ങളുടെയും തീവ്രമായ അനുഭവങ്ങൾ തന്നെ നേരിട്ട രാജ്യം.

കറുത്ത കുർത്തയും പൈജാമയും തലപ്പാവും ധരിച്ച പാകിസ്ഥാൻ റെയ്ഞ്ചേഴ്സ് മറുവശത്ത് അണിനിരക്കുമ്പോൾ നമ്മുടെ ബി എസ് എഫ് ജവാന്മാർക്ക് കാക്കി പാന്റ്സും ഷർട്ടുമാണ്. ചുവപ്പും മഞ്ഞയും ഇടകലർന്ന കിന്നരി തലപ്പാവും അതേ നിറത്തിലുള്ള ബെൽറ്റുമാണ് ഇവർ ഉപയോഗിക്കുന്നത്. ഇന്ത്യയുടെയും പാകിസ്ഥാന്റെയും ഗേറ്റുകൾ തമ്മിലുള്ള വ്യത്യാസം വെറും രണ്ടു മീറ്ററാണ്. 25 മിനിറ്റാണ് ഈ പരേഡിന്റെ സമയം. കാലാവസ്ഥയ്ക്കനുസരിച്ച് പരേഡിന്റെ സമയത്തിൽ ചെറിയ വ്യത്യാസം കാണും. എങ്കിലും അഞ്ചു മണിയോടു കൂടി സന്ദർശകരെ ഗാലറിയിലേക്ക് വിട്ടു തുടങ്ങും. ഞായറാഴ്ചകളിൽ നമ്മുടെ ഭാഗത്തും വെള്ളിയാഴ്ചകളിൽ പാക് വശത്തുമാണ് ഏറ്റവും കൂടുതൽ ആളുകൾ കാണാൻ വരുന്നത്. പാകിസ്ഥാൻ ഭാഗത്ത് ഇന്ത്യക്കാർക്ക് കാണാവുന്ന രീതിയിൽ 'സ്വാഗത'മെന്നത് ഉറുദുവിലും ഇന്ത്യൻഭാഗത്ത് 'ഹമാരാ ഭാരത് മഹാൻ' എന്ന് ഹിന്ദിയിലും എഴുതിയ കമാനങ്ങൾ കാണാം.

രണ്ടു ഭാഗത്തു നിന്നും രണ്ട് ഭടന്മാർ വീതമാണ് പരേഡിന് തുടക്കം കുറിക്കുന്നത്. ബൂട്ട്സിട്ടു ചവിട്ടുന്നതിന്റെ പ്രകമ്പനം ഓരോ ദേശ സ്നേഹിയുടെയും മുഖത്ത് വ്യാപിക്കുന്നത് കാണാം. ഇത് എന്റെ മാതൃരാജ്യമാണെന്ന് ഓരോ മനസ്സും മന്ത്രിക്കും. കൃത്യതയോടും, കരുത്തോടും ചുവട് വച്ച് നീങ്ങുന്ന ബി.എസ്.എഫ് ജവാന്മാരുടെ ചുവടുകൾക്കനുസ്സരിച്ച് ദേശസ്നേഹികളുടെ കൈയടി ഉയരുന്നു. ഒരേ താളത്തിൽ, ഒരേ വേഗത്തിൽ പരേഡിന്റെ തുടക്കത്തിൽ തന്നെ അതത് രാജ്യത്തിന്റെ കൂറ്റൻ അതിർത്തി ഗേറ്റുകൾ പിടിച്ചു തുറക്കുന്നു. പിന്നാലെ പരേഡ് ചെയ്തെത്തുന്ന പ്ലാറ്റൂൺ കമാൻഡർമാർ പരസ്പരം കൈകൊടുത്തു പിൻവാങ്ങുന്നു. പിന്നീട് നടക്കുന്ന ചടങ്ങുകൾ നമുക്ക് വൈദ്യുതാഘാതം ഏൽക്കുന്നതു



ശാന്തിവിള പത്മകുമാർ
സുരക്ഷാജീവനക്കാരൻ,
സി-ഡിറ്റ്, ഗോർക്കിഭവൻ

പോലെയാണ്. ഇപ്പോൾ ഇന്ത്യയും പാകിസ്ഥാനും മുഖാമുഖം നിൽ നിൽക്കുകയാണ്. തമ്മിൽ വേർതിരിക്കുന്നത് ഒരു വെള്ള വര മാത്രം. അതായത് അതിർത്തി രേഖ. ഉഛ്വാസ വായു പോലും മുഖത്തടിക്കുന്നത് അറിയാൻ കഴിയും. പാക് ഭടന്മാർ 5 അടി ഉയരത്തിൽ കാലുകൾ ഉയർത്തി ചവിട്ടുമ്പോൾ നമ്മുടെ ഭടന്മാർ അര അടി കൂടി കൂടുതൽ ഉയർത്തി ചവിട്ടുന്നു. ഇവർ കാണിക്കുന്ന ദേശീയ വികാരം പരേഡ് കാണാൻ വരുന്ന എല്ലാവരിലും അനുഭവപ്പെടുന്നത് കാണാം. ജയ്ഹിന്ദ് വിളികളും വന്ദേമാതരവുമാണ് ഇന്ത്യൻ ഗാലറിയിൽ നിന്ന് ഉയരുന്നതെങ്കിൽ പാകിസ്ഥാൻ സിന്ദാബാദ് വിളികളാണ് പാകിസ്ഥാൻ ഗാലറികളിൽ കേൾക്കാൻ കഴിയുന്നത്. ഇനി എല്ലാ കണ്ണുകളും റോഡിന്റെ അരികിലായി കാണുന്ന ദേശീയ പതാകകളിലേയ്ക്കാണ്. ബി എസ് എഫ് ജവാൻ ബഹുമാനത്തോടെ ത്രിവർണ്ണ പതാക താഴ്ത്തുന്നു. ഈ നിമിഷം തന്നെ പാക് പതാകയും താണു വരുന്നു. അസ്തമയ സൂര്യനെ സാക്ഷി നിർത്തി പതിവായി നടക്കുന്ന ഈ ചടങ്ങ് കഴിയുമ്പോൾ കാഴ്ചക്കാരനിൽ പടർന്ന വൈദ്യുത ആഘാതം മെല്ലെ മെല്ലെ കുറഞ്ഞു വരുന്നു.

സുരക്ഷാ ഭടന്മാർ ഗേറ്റ് വലിച്ച് അടയ്ക്കുന്നതോടെ നാം വീണ്ടും അയൽവാസികൾ മാത്രം. അശോകസ്തംഭം പതിച്ച ഗേറ്റിന് സമീപം ഇന്ത്യക്കാരും, ചന്ദ്രക്കലയും നക്ഷത്രവും പതിച്ച ഗേറ്റിന് താഴെ പാകിസ്ഥാനികളും. ഉയരം കുറഞ്ഞ ഗേറ്റിന് മുകളിലൂടെ അവർ പരസ്പരം നോക്കുന്നു. ചിരിയും സന്തോഷവുമെല്ലാം ചേരുന്നു. 'ഹായ്', 'ഹലോ' എന്നൊക്കെ പറയുന്നു. ചിലർ ഹിന്ദിയിലും, പഞ്ചാബിയിലും, ഉറുദുവിലും, ഇംഗ്ലീഷിലും പരിചയപ്പെടുന്നു. ഇതെല്ലാം കുറച്ച് നേരത്തേക്ക് മാത്രം. രണ്ടു വശത്തുമുള്ള ഭടന്മാർ കൽപ്പിക്കുന്നു. എല്ലാവരും പോകണം. ഇരുവശത്തെയും ആൾക്കാരുടെ മുഖം മ്ലാനമാകുന്നു. ഈ പിരിയലിന്റെ ആവശ്യം ഉണ്ടായിരുന്നോ? ഇനി വീണ്ടും സുരക്ഷാ ഭടന്മാരുടെ കൈകളിൽ, മൊട്ടുസൂചി വീണാൽ കേൾക്കുന്ന നിശ്ശബ്ദത. അതിർത്തിയെ കാത്ത് സൂക്ഷിക്കാൻ കണ്ണിലെണ്ണയൊഴിച്ച് വീണ്ടും ഒരു ദിവസം.

എല്ലാം കണ്ടതിനു ശേഷം നാട്ടിൽ നിന്ന് വന്ന ചില മലയാളികൾ സംശയം തീർക്കാൻ ഒരു മലയാളി ബി എസ് എഫ് ഭടനോട് നേരിട്ട് ചോദിച്ചു. ഞങ്ങൾ പോയി കഴിഞ്ഞാൽ ഇവിടെ ശാന്തമല്ലേ. വേറെ പ്രശ്നമൊന്നുമില്ലല്ലോ. ബി എസ് എഫ് ഭടൻ അൽപം ഗൗരവത്തോടെ – ''അത് നിങ്ങൾക്കറിയില്ല. ഒരു ഈച്ച അനങ്ങിയാലും ശ്രദ്ധിക്കണം. മുകളിൽ കൂടി ഒരു കാക്ക പറന്നാൽ തന്നെ ആ കാക്കയെയും സൂക്ഷിക്കണം''. ഇമവെട്ടാതെ കാത്തു സൂക്ഷിക്കേണ്ടതാണ് നമ്മുടെ രാജ്യം. സുഹൃത്തുക്കൾക്ക് അതിൽ നിന്നു തന്നെ കാര്യങ്ങൾ മനസ്സിലായി. തുടർന്ന് അടുത്തു നിന്ന് ഈ ലേഖകൻ അവരെ കൂടുതൽ മനസ്സിലാക്കികൊടുത്തു. വാഗയിൽ മാത്രമല്ല, ഇന്ത്യൻ അതിർത്തികളിൽ എല്ലാം പട്ടാളക്കാർ ഇമവെട്ടാതെ തന്നെയാണ് കാവൽക്കാരാകുന്നത്. നമ്മുടെ നാട്ടിൽ 42 ചൂടു കൂടുമ്പോൾ സഹിക്കാൻ വയ്യാത്ത ചൂടും 28 താഴുമ്പോൾ സഹിക്കാൻ കഴിയാത്ത തണുപ്പുമാണെന്നാണ് പറയുന്നത്. 50 ഡിഗ്രി ചൂടുള്ള മണലാരണ്യത്തിലും 0 ഡിഗ്രിക്കു താഴെ തണുപ്പുള്ള ലേ ലഡാക്കിലും സിക്കിമിലെ നത്തുള്ളായിലും പട്ടാളക്കാർ കാണിക്കുന്ന ജാഗ്രത എത്ര പറഞ്ഞാലും വിശ്വസിക്കില്ല. രാജ്യത്തോടുള്ള കൂറ് പുലർത്തിക്കൊണ്ട് രാജ്യത്തിന് ഒരു ചെറിയ പോറൽ പോലും ഏൽപിക്കാതെ സേവനം ചെയ്യുന്നവരാണ് എല്ലാ സൈനികരും.

ഇത്രയും എഴുതിയപ്പോൾ നിര്യാതനായ ഫീൽഡ് മാർഷൽ സാം മനേക് ഷായെ ഓർത്തു പോയി. അദ്ദേഹത്തിന്റെ കാലത്താണ് വാഗയിൽ ഈ പരേഡ് തുടങ്ങിയത്. ബംഗ്ലാദേശ് യുദ്ധം കഴിഞ്ഞ് ഇന്ത്യയുടെ രാഷ്ട്രീയ കാലാവസ്ഥ മോശമായപ്പോൾ ഇന്ദിരാഗാന്ധിക്ക് സംശയം തോന്നി മനേക്ഷായോടു ചോദിച്ചു, ''നിങ്ങൾ പട്ടാളഭരണം നടത്താൻ പോകുന്നുവെന്നു കേട്ടല്ലോ''? മനേക്ഷായുടെ മറുപടി ഇതായിരുന്നു. ''രാഷ്ട്രീയക്കാർ ഇന്ത്യ ഭരിക്കേണ്ടവരും പട്ടാളക്കാർ അതിർത്തി കാക്കേണ്ടവരുമാണ്''. മനേക്ഷായുടെ ഈ മനശാസ്ത്രം ഇന്നും പട്ടാളക്കാരും പിരിഞ്ഞു വന്ന സൈനികരും നിതാന്ത ജാഗ്രതയോടെ ദേശസ്നേഹത്തിനു വേണ്ടി പുലർത്തുന്നു. അതു തന്നെയാണ് നമ്മുടെ രാജ്യത്തിന്റെ ഐക്യവും കെട്ടുറപ്പും.

■



# മഴ ഓർമ



നിമിന പി
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

ഈ മഴയുടെ കുളിരിൽ,
ട്രെയിനിലെ തുറന്ന ജനാലയിലൂടെ
അടിച്ചെത്തുന്ന മഴത്തുള്ളികളിൽ
ഓർമ്മ നിന്നെ മാത്രം.

ഒരു മഴക്കാലം എന്നോടു ചോദിക്കാതെ
എന്നിൽ നിന്നും പറിച്ചെടുത്ത
എന്റെ പ്രിയ സുഹൃത്തേ,
നിന്നെക്കുറിച്ചുള്ള ഓർമ്മകൾ മാത്രം.

ഓരോ മഴക്കാലവും, സുഖമുള്ള നൊമ്പരമായ്,
മധുരമുള്ള ഒരോർമ്മയായ്
മനസ്സിൽ ഉണർത്തുന്നു നിൻ ചിത്രങ്ങൾ,
നാം ഒന്നായ് പങ്കിട്ട നിമിഷങ്ങൾ.

നാം ഒന്നിച്ചു പങ്കു വെച്ച സ്വപ്നങ്ങൾ,
ആർക്കും പകരം വെയ്ക്കാനാകാത്ത
നീ തന്ന നിമിഷങ്ങൾ,
എല്ലാം വെറും ഓർമ്മ മാത്രമായ്,
കിനാവായ് മാറി നീ അകന്നെങ്കിലും,
ഓരോ മഴക്കാലത്തിലും ഞാൻ കാത്തിരിക്കുന്നു,
നിന്റെ വിളിക്കായ്,
നാം പങ്കു വെച്ച ആ സുഖമുള്ള മഴക്കിനാവുകൾ,
ഒന്നായ് പങ്കു വെയ്ക്കുവാൻ നീ വരുന്നതും കാത്ത്.








# സ. കടകംപള്ളി സുരേന്ദ്രന് സ്വീകരണം



എൽ.ഡി.എഫ്. സർക്കാരിൽ വൈദ്യുതി, ദേവസ്വം വകുപ്പുമന്ത്രിയായി ചുമതലയേറ്റ സി.ഡി.റ്റ് എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റ് സ. കടകംപള്ളി സുരേന്ദ്രന് 2016 ജൂൺ 7-ന് സിഡിറ്റ് മെയിൻ ഓഫീസ് അങ്കണത്തിൽവെച്ച് സി.ഇ.എ.യുടെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. രജിസ്ട്രാർ ശ്രീ ടി. ജയരാജ് അധ്യക്ഷതവഹിച്ചു. സ്വീകരണസമ്മേളനത്തിൽ സി. ഇ. എ. ജനറൽ സെക്രട്ടറി സ. ബി. സതീശൻ, വൈസ് പ്രസിഡന്റ് സ. സജി നാരായണൻ, സ. ആർ. കുമാർ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ വിവിധ സർവീസ് സംഘടനാ നേ












താക്കൾ, വർഗബഹുജനമുന്നണി നേതാക്കൾ, നാട്ടുകാർ എന്നിവർ സന്നിഹിതരായിരുന്നു. തദവസര ത്തിൽ സി. ഇ. എ. യുടെ നേതൃ ത്വത്തിൽ അടുത്ത 20 വർഷത്തെ സി.ഡി.റ്റിന്റെ പ്രവർത്തനമേഖല സംബന്ധിച്ച് തയ്യാറാക്കിയ CDIT VISION 2025 കർമപദ്ധതിരേഖ ര ജിസ്ട്രാർക്കു നൽകി ബഹു. മന്ത്രി സ. കടകംപള്ളി സുരേന്ദ്രൻ പ്രകാ ശനം ചെയ്തു.







































സി–ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ



# സി–ഡിറ്റ് വിഷൻ 2025



## സോളാർ ടെസ്റ്റിംഗ് ലാബ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ സൗരോർജ്ജ പ്ലാന്റ് നിർവ്വഹണം, കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠന അനുമതി എന്നിവയുടെ തുടർച്ചയായി സി–ഡിറ്റിന് കീഴിൽ അത്യന്താധുനിക സംവിധാനങ്ങളോടുകൂടിയ സോളാർ ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കണം. അന്താരാഷ്ട്ര നിലവാരമുള്ള സെർട്ടിഫൈഡ് സോളാർ റൂട്ടിംഗ് പ്രൊഫഷണൽ മാതൃകയിലുള്ള കോഴ്സുകൾ നടത്തുന്നതിനുള്ള സാധ്യതയും പരിഗണിക്കണം.



## നാഷണൽ സെന്റർ ഓഫ് എക്സലൻസ് ഇൻ സെക്യൂരിറ്റി പ്രിന്റിംഗ്

സെക്യൂരിറ്റി ഹോളോഗ്രാഫി, സെക്യൂരിറ്റി പ്രിന്റിംഗ് മേഖലകളിൽ ആർജ്ജിക്കാൻ കഴിഞ്ഞ അനുഭവസമ്പത്തിന്റെയും വൈദഗ്ദ്ധ്യത്തിന്റെയും വെളിച്ചത്തിൽ ദേശീയതലത്തിൽ സെക്യൂരിറ്റി പ്രിന്റിംഗ് മേഖലയിൽ സെന്റർ ഓഫ് എക്സലൻസ് ആയി സി–ഡിറ്റിനെ ഉയർത്താവുന്നതാണ്. കൂടാതെ ദേശീയ തലത്തിൽ ജല–ഉപരിതല ഗതാഗതത്തിനുള്ള സെക്യൂരിറ്റി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ഏജൻസിയായി സി–ഡിറ്റിന് വളരാൻ കഴിയുന്നതാണ്. ഇതുകൂടാതെ സം

സ്ഥാനതല ഡോക്യുമെന്റേഷൻ ആന്റ് ഇമേജ് ഫൊറൻസിക് ലാബും സി-ഡിറ്റിൽ സ്ഥാപിക്കാവുന്നതാണ്.



## സ്റ്റേറ്റ് ലെവൽ ലബോറട്ടറി ഫോർ ഡോക്യുമെന്റ് ആന്റ് ഇമേജ് ഫോറൻസിക്

വ്യാജരേഖകളുടെയും ഇതോടനുബന്ധിച്ച സൈബർ കുറ്റകൃത്യങ്ങളുടെയും വർദ്ധിച്ചുവരുന്ന  തോതിന്റെ അടിസ്ഥാനത്തിൽ വസ്തുതാപരിശോധനയ്ക്ക് അന്വേഷണ ഏജൻസികളെ സഹായിക്കുക എന്നതാണ് സ്റ്റേറ്റ് ലെവൽ ലബോറട്ടറി ഫോർ ഡോക്യുമെന്റ് ആന്റ് ഇമേജ് ഫോറൻസിക് എന്ന സ്ഥാപനത്തിലൂടെ സി-ഡിറ്റ് വിഭാവനം ചെയ്യുന്നത്.

## സെന്റർ ഓഫ് എക്സലൻസ് ഇൻ ഡിജിറ്റൈസേഷൻ



സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ സി-ഡിറ്റ് ഏറ്റെടുത്ത് പ്രശംസനീയമായ വിധത്തിൽ നടപ്പാക്കിയ ഡിജിറ്റൈസേഷൻ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ സി-ഡിറ്റിന് സംസ്ഥാനത്തെ സെന്റർ ഓഫ് എക്സലൻസ് ഇൻ ഡിജിറ്റൈസേഷൻ പദവി ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കണം.

## സെന്റർ ഫോർ എം-ഗവേണൻസ്

ഇ-ഗവേണൻസ് മേഖലയിൽ സംസ്ഥാനം കൈവരിച്ച തിളക്കമാർന്ന നേട്ടങ്ങളുടെ തുടർച്ചയായി എം-ഗവേണൻസ് മേഖലയിലേക്ക് നാം ചുവടുവയ്ക്കുകയാണ്. ഈ പശ്ചാത്തലത്തിൽ സി-ഡിറ്റ് എം-ഗവേണൻസ് നിർവ്വഹണത്തിനുള്ള ശേഷി എല്ലാ നിലയിലും കൈവരിക്കണം.



## സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി ഫോർ സെൻട്രലി സ്പോൺസേർഡ് പ്രോജക്ട്സ്

സി.ഇ.പി. മുഖേന നൂതന ഓൺലൈൻ കോഴ്സുകൾ നടത്തുന്നതിനുള്ള സാധ്യത പരിഗണിക്കണം. സി.ഇ.പി. സെന്ററുകൾക്ക് ഗ്രേഡിംഗ് നടത്തി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിവിധ പരിശീലന പരിപാടികൾ നടപ്പാക്കുന്നതിനുള്ള സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി നിലവാരത്തിലേക്ക് സി-ഡിറ്റ് ഉയരണം. സ്കൂൾ വിദ്യാർത്ഥികൾക്ക് അഡ്വാൻസ്ഡ് ടൂട്ടോറിയൽ സപ്പോർട്ട് സിസ്റ്റം സി.ഇ.പി. സെന്ററുകളിലൂടെ നൽകി പുതുതലമുറയെ ആകർഷിക്കണം.

## ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് പ്രൊവൈഡർ



ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് മേഖലയിലെ സി-ഡിറ്റിന്റെ പ്രവൃത്തി പരിചയത്തിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതികളുടെ ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് പ്രൊവൈഡർ അംഗീകാരം സി-ഡിറ്റിന് ലഭ്യമാക്കണം.

## സൈബർ ക്യാമ്പയിൻ സെൽ

സൈബർ സുരക്ഷാ രംഗത്ത് സി-ഡിറ്റ് തുടക്കമിട്ട ബോധവൽക്കരണ പരിപാടികളുടെ അനുഭവത്തികവിൽ സർക്കാർ നയപരിപാടികളായ മദ്യവർജ്ജനം, റോഡ് സുരക്ഷ, ജൈവപച്ചക്കറി, പ്ലാസ്റ്റിക് വിമുക്ത കേരളം എന്നിത്യാദി ബോധവൽക്കരണ പരിപാടികളുടെ സമന്വയം സാധ്യമാക്കുന്ന ക്യാമ്പയിൻ സെൽ എന്ന സ്ഥാനത്തേക്ക് സി-ഡിറ്റ് ചുവടുറപ്പിക്കണം.

## സ്വയംപര്യാപ്തമായ റീജണൽ സെന്ററുകൾ

സംസ്ഥാനതലത്തിൽ ലഭ്യമാകുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി റീജണൽ സെന്ററുകളുടെ വിഭവവും ശേഷിയും പരമാവധി പ്രയോജനപ്പെടുത്തണം. ഇതിലൂടെയും പ്രാദേശിക തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭിക്കാവുന്ന ഐ.സി.റ്റി. പദ്ധതികളുടെ നിർവ്വഹണ ചുമതല നൽകിയും റീജിയണൽ സെന്ററുകളെ സ്വയംപര്യാപ്തമാക്കണം.




## ഫെസിലിറ്റേഷൻ ഹബ്ബ്

നിലവിൽ കേരളത്തിലെ ഫ്രണ്ട്സ് ജനസേവന കേന്ദ്രം അതിജീവനത്തിനായുള്ള പോരാട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിന്റെ ഇൻഫ്രാസ്ട്രക്ചർ സി-ഡിറ്റിന് കൈമാറുന്നതിലൂടെ സർക്കാരിന് കീഴിലുള്ള വിവിധ ജനസേവന, തൊഴിൽ, സാമൂഹിക സുരക്ഷ പദ്ധതികളുടെ വിവരം നൽകുന്നതും സേവനം സാധ്യമാക്കുന്നതുമായ ഫെസിലിറ്റേഷൻ ഹബ് എന്ന നിലയിൽ രൂപമാറ്റം സാധ്യമാക്കണം.

## സ്കിൽ ഡെവലപ്മെന്റ് ഫെസിലിറ്റേഷൻ സെന്റർ

സർക്കാരിനു കീഴിലുള്ള വിവിധ വകുപ്പിലെ ജീവനക്കാർക്ക് ഐ.റ്റി, കമ്മ്യൂണിക്കേഷൻ, ഇ-ഗവേണൻസ്, എം-ഗവേണൻസ്, ഫോട്ടോഗ്രാഫി, റിന്യൂവബിൾ എനർജി



തുടങ്ങിയ സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് നൽകുന്നതിനുള്ള ഫെസിലിറ്റേഷൻ സെന്റർ ആയി സി-ഡിറ്റ് മാറണം.

## സോഷ്യൽ മീഡിയ ക്യാമ്പയിൻ സെന്റർ

സർക്കാരിന്റെ പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും സംവേദനം നടത്തുന്നതിനുമുള്ള സോഷ്യൽ മീഡിയ ക്യാമ്പയിൻ സെന്ററായി സി-ഡിറ്റ് പ്രവർത്തിക്കും.



## ജില്ലാതല നോളഡ്ജ് ഹബ്ബ്

ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി മേഖലയിൽ ബിരുദം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഉന്നത തൊഴിൽ ലഭിക്കുന്നതിനുവേണ്ടി അവരെ പ്രാപ്തരാക്കേണ്ടതുണ്ട്. കഴിഞ്ഞ 10 വർഷം സൈബർശ്രീ പരിശീലനം നൽകിയതിന്റെ അനുഭവത്തിൽ കേരളത്തിലെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കുവേണ്ടി ഓരോ ജില്ലാ കേന്ദ്രങ്ങളിലും നോളഡ്ജ് ഹബ്ബ് ആയി സൈബർശ്രീയെ ഉയർത്താവുന്നതാണ്.



# ഇലമർമ്മരങ്ങൾ



**പ്രേംസുജ**
കോഴ്സ് ഡിവിഷൻ

മഴ സൗന്ദര്യമാണ്...മനസ്സിനെ ദ്രവിപ്പിക്കുന്ന കുളിര്. പക്ഷെ...ചില മഴകൾ ഭീതിയുണർത്തുന്നവയാണ്. ആർത്തലച്ചു പെയ്ത് പ്രകൃതിയോട് രോഷം തുള്ളുന്ന മഴ. അങ്ങനൊരു മഴയത്താണ് നഗരത്തിന്റെ ഹൃദയഭാഗത്ത് വന്നുപെട്ടത്. പാളയത്ത് പ്രമുഖ വസ്ത്രവ്യാപാരശാലയുടെ മുന്നിലെ വലിയ മരച്ചോട്ടിലേക്ക് ഒതുങ്ങിക്കൂടി ഞാൻ. മഴ തകർക്കുന്നു. ഇളംവയലറ്റു നിറത്തിലെ അരിക് ഞൊറിവുകൾ പിടിപ്പിച്ചൊരു ഭാരം കുറഞ്ഞ കുട ഭംഗി കണ്ട് മാത്രം ഞാൻ വാങ്ങിയതാണ്. മഴയത്തുപകാരപ്പെടില്ലായെന്നുറപ്പായി. കുട ഏതു നിമിഷവും കൈവിട്ട് പറന്നു പോവുമെന്ന് തോന്നി. അതുകൊണ്ടാണ് ഈ വൻമരച്ചോട്ടിൽ അഭയം തേടിയത്. വഴിയാത്രക്കാർക്ക് ഈ മരം ഒരനുഗ്രഹം തന്നെ. എൺപതോളം വയസ്സുണ്ടാവും ഈ മരത്തിന്...പരിചിതമാണ് ഈ മരം. മഴമരം എന്നാണ് പേര്. നാട്ടുമരമല്ല വിദേശിയാണ്. കൂറ്റൻ മലപോലെ വിരിഞ്ഞു നിൽക്കുന്നയിത് 'അൽബിസീയ' ഇനത്തിൽപ്പെട്ടതാണ്. മഴമരങ്ങൾ സാധാരണയായി എൺപതടിയോളം ഉയരം വയ്ക്കും. മാനത്ത് മഴമേഘങ്ങൾ ഉരുണ്ടുകൂടുമ്പോഴും സന്ധ്യാനേരത്തും ഇതിന്റെ ഇലകൾ, കൂമ്പിയടയും. അതുകൊണ്ടാവാം അഞ്ചുമണിമരമെന്നും ഈ മരം അറിയപ്പെടുന്നു. തൊട്ടാവാടിപ്പൂക്കളെ അനുസ്മരിപ്പിക്കുന്ന പൂക്കളാണ് മഴമരത്തിന്. ഇളം പിങ്ക് നിറത്തിലും സ്വർണ്ണനിറത്തിലും പൂക്കളുണ്ടാകുന്ന ഇനങ്ങളുണ്ട്.

മരങ്ങളെ അറിയുകയെന്നത് രസകരമായ അനുഭവമാണ്. കൂടുതല റിയുന്തോറും നമുക്കവയോട് ആരാധന തോന്നും. നമ്മിൽ നിന്നൊന്നും ആഗ്രഹിക്കാതെ തണുപ്പും തണലും പകർന്ന് പ്രകൃതിയുടെ ജീവൻതുടിപ്പായി നിൽക്കുന്ന നിസ്വാർത്ഥർ.സുഗതകുമാരി ടീച്ചറുടെ അർത്ഥവത്തായ ആ വരികൾ ഓർമ്മയിലെത്തുന്നു.

'കാട്ടിലെ കിളികൾക്കു മരം വേണം
നാട്ടിലെ മനുഷ്യർക്കും മരം വേണം
പറക്കുന്ന തുമ്പിക്കും മരം വേണം
ചിരിക്കുന്ന കുഞ്ഞിനും മരം വേണം
മരിക്കുന്ന വൃദ്ധനും മരം വേണം'

തിരുവനന്തപുരം നഗരപാതകൾക്കരികിലായി ഏകദേശം മുന്നൂറോളം തണൽ മരങ്ങളുണ്ട്. നൂറു നൂറ്റമ്പതും വർഷങ്ങൾക്കുമേൽ പ്രായമുള്ളവരുണ്ട്. കവടിയാർ മുതൽ സെക്രട്ടറിയേറ്റ് നടവരെയുള്ള പ്രധാന പാതയ്ക്ക് വശങ്ങളിലായി കാണാവുന്ന തരത്തിൽ നൂറ്റമ്പതോളം മരങ്ങൾ. ഒട്ടനവധി വിദേശയിനങ്ങൾ. എന്നോ സ്വന്തം നാട്ടിൽനിന്നു പറിച്ചു നടപ്പെട്ട് ഇവർ നമ്മുടെ മണ്ണിൽ കാലുറച്ച്, വളർന്ന് പന്തലിച്ച് നമുക്കായി പുഷ്പവസന്തമൊരുക്കുന്ന അതികായന്മാർ. ചില അപൂർവ്വയിനങ്ങളുമുണ്ട് തീർത്തും സംരക്ഷിക്കപ്പെടേണ്ടവ.

ലങ്കയിൽ അശോകവനത്തിൽ ശിംശിപാവൃക്ഷച്ചോട്ടിലാണ് സീതയെ രാവണൻ പാർപ്പിച്ചത് എന്നാണ് പുരാണം. ബർമ്മയിലും മറ്റും ബുദ്ധക്ഷേത്രങ്ങളിലീ മരങ്ങൾ പ്രത്യേകയിടം നൽകിയിട്ടുണ്ട്. അപൂർവ്വയിനങ്ങളാണിവ. സ്വർഗ്ഗത്തിലെ മരം എന്നും വിളിപ്പേരുള്ള ശിംശിപാവൃക്ഷങ്ങൾക്ക് ചുവപ്പും മഞ്ഞയും നിറങ്ങളിലുള്ള പൂക്കളാണുള്ളത്. നമ്മുടെ അശോകമരത്തിന്റെ ഇലകളുമായി സാദൃശ്യമുള്ള ഇലകൾ. മ്യൂസിയം റോഡിനരികിലായി ശിംശിപാമരങ്ങളുണ്ട്. അശോകവുമുണ്ട്. ദേവസ്പർശമുള്ള വൃക്ഷമെന്നാണ് ഹൈന്ദവ പുരാണങ്ങളിൽ ശിംശിപാവൃക്ഷത്തെ പരാമർശിച്ചു കാണുന്നത്. വിത്തു പാകി മുളപ്പിക്കുകയെന്നത് ശ്രമകരമാണെന്ന് പറയപ്പെടുന്നു. മനോഹരമായ ചുവന്ന പൂക്കൾ നിറയുന്ന മറ്റൊരു മരം ഇവിടെ കാണാം. കൊളംബിയക്കാരിയായ റോസ് ഓഫ് വെനിസ്വേല എന്ന പൂമരം വർഷം മുഴുവനും പുഷ്പിക്കുന്നവയാണ്. വെനിസ്വേലയിലാണ് ഇത് ധാരാളമായി കാണുന്നത്. ഔഷധഗുണമുള്ള വൃക്ഷമാണ് ബ്ലീഡിംഗ് കുറയ്ക്കുന്നതിനുള്ള മരുന്നായി മറ്റും പുറംരാജ്യങ്ങൾ വെനിസ്വേലൻ റോസ് മരം ഉപയോഗിക്കാറുണ്ട്. ഈ മരങ്ങൾക്കൊപ്പം മ്യൂസിയം പാതയിൽ അങ്ങിങ്ങായി റബ്ബർമരങ്ങളുമുണ്ട്.

മ്യൂസിയം പോലീസ് സ്റ്റേഷനു സമീപത്തായി മറ്റൊരു പുറംനാട്ടി





ലെ മരമുണ്ട്. പപ്പടമരം അഥവാ ക്ലെയിൻ ഹോവിയ. ഒത്ത വൃത്താകൃതിയിൽ നമ്മുടെ പപ്പടം പോലെയുള്ള ഇലകൾ. പൂക്കൾ തൊങ്ങൽ പോലെയാണ്. ഇളം പിങ്ക് നിറത്തിലാണ് പൂക്കൾ. വസന്തകാലത്തും ശിശിരകാലത്തും പൂവിടാറുണ്ട് പപ്പടമരം. വെളുത്തനിറത്തിലുള്ള വിത്തുകൾ പാകാവുന്നവയാണ്.

തിരുവനന്തപുരത്തിന് കനകത്തിളക്കം നൽകുന്ന, കലകളുടെയും ആഘോഷങ്ങളുടെയും ഭൂമികയാണ് കനകക്കുന്ന് അഥവാ പഴമക്കാരുടെ പട്ടുകുന്ന്. കനകക്കുന്നിനെ വശ്യമനോഹരിയാക്കുന്ന വൃക്ഷങ്ങളാണ് ഗുൽമോഹർ അഥവാ പൂവാക. പൂത്താൽ ഇലമറച്ച് നിറയെ ചെഞ്ചോരവർണ്ണപ്പൂക്കൾ..കൊഴിഞ്ഞാൽ മണ്ണിലാകെ മനോഹരമായ ചുവന്ന പരവതാനി വിരിച്ചപോലെ...വേനൽക്കാലത്താണ് പൂവാക ചുവന്നപൂക്കളാൽ മേലാട ചാർത്തുന്നത്. മെയ് ഫ്ളവർ എന്നും വിളിപ്പേരണ്ട് ഗുൽമോഹറിന്. കോളേജ് കാമ്പസുകളുടെ നിറസാന്നിദ്ധ്യമാണ് പൂത്തുലഞ്ഞ ഗുൽമോഹർ. കലാലയജീവിതത്തെ ഊഷ്മളമാക്കുന്നു. ദൃഢസൗഹൃദങ്ങളുടെയും തീക്ഷ്ണമായ ചർച്ചകളുടെയും വിരഹനൊമ്പരങ്ങളുടെയുമൊക്കെ എത്രയെത്ര കഥകൾ കാമ്പസ് ഗുൽമോഹറുകൾക്ക് പറയാനുണ്ടാവും.

കുറച്ചകലെയായി എൽ.എം.എസ്. കോമ്പൗണ്ടിനരികിലതാ തീജ്ജ്വാല വർണ്ണത്തിൽ ഭംഗിയുള്ള പൂക്കൾ പൂക്കുന്ന സ്പാത്തോഡിയ കാണാം. കപ്പുപോലെയുള്ള പൂക്കൾ. 80 അടിയോളം ഉയരം വയ്ക്കുന്നവയാണ് സ്പാത്തോഡിയ. മൃദുവാണ് തടി. തേനും നീരും നിറയുന്ന പൂക്കൾ കുരുവികൾക്കും കുഞ്ഞുകിളികൾക്കും പ്രിയങ്കരമാണ്.

200 വർഷത്തിലധികം പഴക്കം ചെന്ന തിരുവനന്ത



പുരത്തെ പള്ളികളുടെ മുത്തച്ഛനാണ് എൽ.എം.എസിലെ മാറ്റീർ മെമ്മോറിയൽ ചർച്ച്. പാറകൾ അടുക്കിവച്ച് പണിത പള്ളി അതിന്റെ പുരാതന പ്രൗഢിയോടെ ഇന്നും കേടുപാടൊന്നും കൂടാതെ നിലനിൽക്കുന്നു. പള്ളിയുടെ കോമ്പൗണ്ടിൽ റോഡിനരികത്തായി ജക്കരാന്തകളുണ്ട്. ശിശിരകാലത്ത് പർപ്പിൾ നിറത്തിൽ പൂക്കളുടെ പറുദീസ തീർക്കുന്ന ജക്കരാന്ത നല്ലൊരു പൂമരമാണ്. അഞ്ചിതളുകളുള്ള പൂവ് നാടൻ കണ്ണാംപൂ പോലെയിരിക്കും. മരച്ചില്ലകൾ നിറയെ പൂക്കുന്നവയാണ് ജക്കരാന്തകൾ.

തിരിയെ പാളയത്തുവന്നാൽ കണ്ണൻമേര മാർക്കറ്റിന്റെ പാർക്കിംഗ് സ്ഥലത്തിനരികിലായി കാണുന്ന മരങ്ങളാണ് ബേർഡ്ചെറികൾ. വല്ലാത്ത മണമുള്ള പൂക്കൾ പൂങ്കുലകളായാണ് കാണുക. നാൽപ്പതടിക്കുമേലെ ഇവ ഉയരം വയ്ക്കാറില്ല. വസന്തകാലത്താണ് സാധാരണയായി പൂവിടാറുള്ളത്. കറുത്ത ചെറുപഴങ്ങളാണ് ബേർഡ്ചെറിക്ക് ഉള്ളത്. ആകർഷണീയമാണ് ഈ തണൽമരങ്ങൾ. പാളയത്താകെ അങ്ങിങ്ങായി സ്പാനിഷ് റ്റാമറിഡ് മരങ്ങളെ കാണാവുന്നതാണ്. വാളൻപുളി മരത്തിനു സമാനമായ മരങ്ങൾ. ഓറഞ്ച് നിറത്തിലാണ് പഴങ്ങൾ. നല്ലൊരു തണൽമരമാണ് സ്പാനിഷ് റ്റാമറിന്റ്. നല്ല ഉയരമാണിവയ്ക്ക്.

യൂണിവേഴ്സിറ്റി കോളേജിനരികിൽ പന്ത്രണ്ടോളം മഹാഗണി മരങ്ങളുണ്ട്. 1934ൽ അന്നത്തെ പ്രിൻസിപ്പൽ യു. ഗോപാലമേനോനാണ് ഇവ ഇവിടെ നട്ടുപിടിപ്പിച്ചത്. ഈ മഹാഗണിശ്രേണിയിലൊരു മരം ഈയിടെ മുറിച്ചുമാറ്റപ്പെട്ടത് വാർത്തകളിൽ ഇടംനേടിയിരുന്നു. ദൃഢതയുള്ള കാതലും തടിയും മഹാഗണിയെ മറ്റുള്ളവയിൽനിന്ന് വ്യത്യസ്തമാക്കി തീർക്കുന്നു.

സെക്രട്ടറിയേറ്റ് സമരഗേറ്റിനരികിൽ ചെറു ഇലകളുള്ള മഹാഗണിമരങ്ങളെ കാണാം. ഇവ മഹാഗണിയിൽ നിന്നു വ്യത്യസ്തമാണ്. അത്ര കാഠിന്യം തടിക്ക് ഉണ്ടാവില്ല. ഈ രണ്ടു മഹാഗണികളും വ്യത്യസ്ത വംശജരാണ്. ചെറിയ ഇലകളുള്ള മഹാഗണി പ്രധാനമായും തണൽമരം മാത്രമാണ്. ഏതു കാലാവസ്ഥയിലും ഇവ വളരും. ഏതു മണ്ണിലും ഏതു ഈ വലിയ വൃക്ഷങ്ങൾ പച്ചപിടിക്കും. അന്തരീക്ഷ ഊഷ്മാവ് കുറച്ച് കാർബൺ ആഗിരണശേഷി കൂടുതലുള്ള മരങ്ങളാണിവയൊക്കെ. കീടബാധയൊന്നും ഏൽക്കാറില്ലായെന്നതും ശ്രദ്ധേയമാണ്. അധികം പ്രായം എത്തുന്നതിനു മുമ്പു തന്നെ കൂറ്റൻ മരങ്ങളാവും ഇവർ.

ഇളംതലമുറക്കാരായ അധികം ഉയരമില്ലാത്ത ധാരാളം പൂമരങ്ങളെയും നഗരിയിലങ്ങോളമിങ്ങോളം നമുക്ക് കാണാം. പിങ്ക് വർണ്ണമനോഹരമായ പൂങ്കുലകൾകൊണ്ട് മൂടുന്ന ഇവ പിങ്ക് കാസിയയാണ്. ദ്രുതഗതിയിൽ വളരുന്നവയാണിവ. ദക്ഷിണേഷ്യൻ മരങ്ങളായ പിങ്ക് കാസിയ ഫാബേസിയ ഇനത്തിൽപ്പെട്ടതാണ്. 20 അടി മുതൽ നാൽപ്പത് വരെ പരമാവധി ഉയരമുണ്ടാകുകയുള്ളൂ. വേനൽക്കാലം പൂത്തുലയുന്ന ഈ മരങ്ങൾ ഔഷധഗുണമേറിയവയാണ്.

അങ്ങനെയെത്രയെത്ര മരങ്ങൾ. വിദേശീയരും സ്വദേശീയരുമായി നമുക്ക് തണലായി നഗരവീഥിക്കിരുപുറവുമായി നിൽക്കുന്നു. വിദേശാധിനിവേശത്തിന്റെ ഗുണകരമായ ബാക്കിപത്രങ്ങളിലൊന്നാണീ മരങ്ങൾ. സായിപ്പന്മാർ നമ്മുടെ നാട്ടിൽ അവശേഷിപ്പിച്ചു പോയവയോ അന്നത്തെ തിരുവിതാംകൂർ രാജാക്കന്മാർ പുറംനാടുകൾ സന്ദർശിക്കുന്ന വേളയിൽ ശേഖരിച്ച് വിത്തുപാകി വളർത്തിയവയോ ഒക്കെയാണ്.

**നഗരവൽക്കരണവും വികസനോന്മുഖ പ്രവർത്തനങ്ങളുമൊക്കെ ഇവയുടെ ആയുസ്സിനന്ത്യം കുറിക്കുമെന്ന് വരികിൽ ഒരു മരത്തിന് പത്ത് തൈമരങ്ങൾ നടുകയെന്നതാണ് ശരിയായ രീതി.**

ഭക്ഷണയോഗ്യമായ ചെറുതേങ്ങപോലെ കായ്കളുള്ള ബുദ്ധാസ് കോക്കനട്ട് ട്രീ, ലെറ്റ്യൂസ്, കാൻഡിൽ ട്രീ യെല്ലോ ബെൽസ്...ഇവർക്കൊപ്പം തലയുയർത്തി നമ്മുടെ നാട്ടുമരങ്ങൾ. കേദാരക്കൊന്ന, ചാരക്കൊന്ന, ചെമ്പകം, അഴിഞ്ഞി, സുബ്രഹ്മണ്യ കിരീടമരം, പിന്നെ ആലും അരശും അത്തിയും ഇത്തിയുമൊക്കെയുണ്ട്. കവടിയാർ മുതൽ സ്റ്റാച്യു ജംഗ്ഷൻവരെയുള്ള ഫുട്പാത്തിലൂടെ സായാഹ്നങ്ങളിൽ ഇവയൊക്കെ കണ്ടങ്ങനെ നടക്കുകയെന്നത് ഒരു പ്രത്യേക അനുഭവമായിരിക്കും. അനേകം പക്ഷികൾ കലപില ഒച്ചവച്ച് ഇവയുടെ തലപ്പത്ത് കൂടണയുന്നതും കാണാം.

നമ്മുടെ രാജപാതയ്ക്കും സമാന്തര പാതകൾക്കും തണൽവിരിച്ച് ഇവ വർഷങ്ങൾ ഏറെയായി നിലകൊള്ളുന്നു. അപൂർവ്വയിനങ്ങളും ഉണ്ട്. നഗരവൽക്കരണവും വികസനോന്മുഖ പ്രവർത്തനങ്ങളുമൊക്കെ ഇവയുടെ ആയുസ്സിനന്ത്യം കുറിക്കുമെന്ന് വരികിൽ ഒരു മരത്തിന് പത്ത് തൈമരങ്ങൾ നടുകയെന്നതാണ് ശരിയായ രീതി. അതനുവർത്തിച്ചേ തീരൂ.

ട്രീവാക്ക് എന്ന പേരിലുള്ള പരിസ്ഥിതി സ്നേഹികളുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. പരിസ്ഥിതി പ്രവർത്തകരും ഈ പച്ചപ്പ് നഷ്ടപ്പെടരുതെന്നാഗ്രഹിക്കുന്ന എഴുത്തുകാരുടെയും മാധ്യമപ്രവർത്തകരുടെയുമൊക്കെ ഇടപെടൽ കൊണ്ടുതന്നെയാണ് ഈ ഹരിതഭംഗി ഇവിടെ മായാതെ നിലനിൽക്കുന്നതെന്ന വസ്തുതയും വിസ്മരിക്കാനാവില്ല.

ഇന്ത്യയുടെ നിത്യവസന്തനഗരി എന്നാണത്രേ തിരുവനന്തപുരത്തെ ഗാന്ധിജി വിശേഷിപ്പിച്ചിട്ടുള്ളത്. തണലും തണുപ്പും നൽകി അനന്തപുരിക്ക് ചന്തം ചാർത്തുന്ന ഈ നിത്യവസന്തങ്ങൾ പഴയ തലമുറ നമുക്ക് നൽകിയ വരദാനമാണ്. ആ വരദാനം വസന്തമായി തന്നെ വരും തലമുറയ്ക്കും നമുക്ക് കൈപകരാൻ കഴിയണം.

പി. ഭാസ്കരൻ മാഷിന്റെ മനോഹരമായ കവിതയുണ്ട് മരങ്ങളെക്കുറിച്ച്.



ആ മരം ഈ മരം കായ്മരം പൂമരം
ആടുന്നു ചുറ്റും മാമരങ്ങൾ
ഭൂമിയെ വീശുന്ന ചാമരങ്ങൾ
മണ്ണിൽ ജീവിതനൗകതൻ പാമരങ്ങൾ


തെങ്ങ്, തേക്ക്, ഉങ്ങ്, കവുങ്ങ്, ചമ്പകം, ചാമ്പ, പൂക്കടമ്പ്, മട്ടി, മരോട്ടി, പുന്ന, പൂമരുത്, നെൻമേനി വാക, പൂവാക അങ്ങനെ സകലമാന നാട്ടുമരങ്ങളുടെയും പേരുകൾ ആ കവിതയിലുണ്ട്.

കവി പറയുന്നു, ഈ മരങ്ങളൊക്കെയും
''നട്ടുനനച്ചതും കാത്തു രക്ഷിച്ചതും
ഞാനല്ല, നീയല്ല, നമ്മളല്ല
മാനത്തെ വീട്ടിലെ കാരണോന്മാർ
പിന്നെ മണ്ണാകും വീട്ടിലെവീട്ടമ്മ''

എത്ര ഭംഗിയോടെയാണ് കവി മരങ്ങളുടെ ഉടമസ്ഥതയെക്കുറിച്ച് പറഞ്ഞുതരുന്നത്. നട്ടുനനയ്ക്കാത്ത നമുക്ക് ഈ മരങ്ങളെ വെട്ടിനശിപ്പിക്കാനെന്തവകാശമാണുള്ളത്.

മഴയാണ് മനസ്സിനെ മരച്ചിന്തകളിലേക്കു എന്നെ കൂട്ടിക്കൊണ്ടുപോയത്. മഴയും മരവും പരസ്പര പൂരകങ്ങളാണ്. മരത്തിനു മഴ വേണം. മഴയ്ക്കു മരവും. ഇവിടെ, ഇനിയും മഴ പെയ്യും, ആർത്തലച്ചു പെയ്യും...കാറ്റിലും മഴയിലും ഈ മരങ്ങൾ ഇലകൾ നീട്ടിയിളകിയാടി അന്യോന്യം കുശലം ചൊല്ലും. മർമ്മരങ്ങൾ... ഇലമർമ്മരങ്ങൾ.

■





GLORIOUS YEARS
SBT
A Long Tradition of Trust
ലോൺ ഉത്സവ്
June 20 - September 21, 2016
ആഘോഷങ്ങൾ ആരംഭിക്കാൻ
ലോൺ ഉത്സവകാലം
ഹോം ലോൺ വ്യക്തിഗത സൗകര്യങ്ങളോടെ
കാർ ലോൺ കുറഞ്ഞ പലിശനിരക്കിൽ
ഹോം കാഷ് നിലവിലുള്ള ഭവന വായ്പയ്ക്ക് ടോപ്-അപ് സൗകര്യം
ഗോൾഡ് ലോൺ 100 രൂപയ്ക്ക് പ്രതിമാസം 80 പൈസ മാത്രം
മേൽപ്പറഞ്ഞ 4 ലോണുകൾക്കും
പ്രോസസിംഗ് ചാർജുകൾ ഒഴിവാക്കിയിരിക്കുന്നു
*Conditions apply
SBT
A Long Tradition of Trust
State Bank of Travancore
statebankoftravancore | www.statebankoftravancore.com | You Tube user/sbtofficialchannel
SBT Care: 1800 425 7733 | Missed Call for Account Balance: 1800 270 2525



# ഓർമയിൽ ഓണം



അഡ്വ. വിനോയ് അലോഷ്യസ്
ഡി.ഡി.എം.പി

അത്തം പത്തിനു പൊന്നോണം
അത്തച്ചമയമതാഘോഷം
പൂക്കളമെഴുതിവരും തിരുമുറ്റങ്ങൾ
നൃത്തമാടിവരും ഉല്ലാസത്തിരമാലയിൽ
...യുഗത്തിലുമായുള്ള സ്മരണകൾ മധുരംകിനിയും
തുമ്പപ്പൂവൊരുമപ്പൂവും ആഘോഷം

കരകാട്ടം കുമ്മി പൊയ്ക്കാൽ നൃത്തംവച്ച്
കുമ്മാട്ടി കോൽക്കളി പുലികളി
കുടവയറൻ പുലിയച്ഛൻ ഓട്ടം.
തോക്കേന്തിയ തൊപ്പിക്കാരൻ പിന്നേ പായുന്നേ

തിരുവോണത്തോണിയേറി പമ്പയാറിനോളം തള്ളി
പാണ്ടോടി കൃഷ്ണനാർക്കുന്നരങ്ങം
നാട്ടുപൂക്കൾ നുള്ളിയെടുത്തൊരു കൊച്ചുപൂക്കളമിട്ട്
നാട്ടുമാങ്കൊമ്പിലൂഞ്ഞാലാടിത്തിമിർത്ത്
ഇടവഴി നടവഴിയോടി നേരം
പത്തുപറക്കണ്ടത്തിൽ ആർപ്പുവിളിച്ചാരവമോടെ
പമ്പയാറ്റിന്നോളത്തിൽ കൊച്ചുവള്ളക്കാരോടിയതിരുന്നു-
കുതിയിതും ചുണ്ടനും
ആവേശത്തിമർപ്പിലായും വള്ളംകളി
ഓണത്തുമ്പികൾ പ്രണയച്ചിറകടിച്ചാമോദത്തിൽ
കൂട്ടുകൂടുകൂട്ടി
അസ്തമയാർക്കന്റെ കിരണങ്ങൾ പമ്പയെ പുണർന്ന നേരത്ത്
കലയുടെ കർണ്ണരശ്മിതീർത്തലെമുണർന്നു
വെൺനിലാവുവെണ്ണിലെച്ചോര ഓച്ചിത്രത്തിൽ, ഞാൻ
നന്നുവരുമ്പിരുന്നഴിയിൽ പടിക്കെട്ടുമായ് നിന്നവൾ
അഴിഞ്ഞുലഞ്ഞമുടിക്കെട്ടുമായ് തെല്ലൊന്നൊതുക്കി
അന്നവൾതൻ കാതിലോതിയ രഹസ്യം
അവളുടെ കവിളിൽ തന്ന ആദ്യത്തെ ചെറുചുംബനം.



# മലമടക്കുകളിലൂടെ ഒരു യാത്ര



**അരുൺബാബു,**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

ധനുഷ്കോടി യാത്ര കഴിഞ്ഞ് ഞങ്ങൾ ഒരുപാട് യാത്ര പ്ലാൻ ചെയ്തെങ്കിലും ഒന്നും നടന്നില്ല. അങ്ങനെ ഒരു ദിവസം പെട്ടെന്ന് അറിഞ്ഞു സുകുമാരൻ ചേട്ടന് അഗ്രികൾച്ചർ ഡിപാർട്ട്മെന്റിൽ! അഗ്രികൾച്ചർ അസ്സിസ്റ്റന്റ് ആയി ജോലി കിട്ടി (എന്നാണ് ടെസ്റ്റ് എഴുതിയത് എന്ന് അങ്ങേർക്കു പോലും ഓർമ്മയില്ല) അതും മുന്നാറിനപ്പുറം ഉള്ള ഒരു പഞ്ചായത്തിൽ 'വട്ടവടയിൽ'. മനസില്ലാമനസോടെ അങ്ങേര് അവിടെ പോയി ജോയിൻ ചെയ്തു (സാമ്പത്തിക പ്രശ്നം എന്നൊക്കെ ആണ് പറച്ചിൽ, നമ്മളെയൊക്കെ ഉജ്ജ്വലം ആക്കീട്ടു പോയതാന്നു നമുക്കല്ലേ അറിയൂ).

അപ്പൊതന്നെ മുതലാളീ (കാർത്തിക് ചേട്ടൻ) അടുത്ത പ്ലാൻ ഇട്ടു "അടുത്ത ട്രിപ്പ് വട്ടവടക്ക്, നീ വരുന്നോ"?

അപ്പൊ തന്നെ ഞാൻ: "ഞാൻ റെഡി"

കാർത്തിക് ചേട്ടൻ: "ആരൊക്കെ ഉണ്ടെന്നു ചോദിക്ക്".

മൊത്തം കണക്കെടുത്തപ്പോ 14 പേർ, രണ്ടു വണ്ടിയിൽ പോകാമെന്നും തീരുമാനമായി. ഏപ്രിൽ 21 തീയതിയും തീരുമാനിച്ചു, സമയം അടുത്ത് വന്നപ്പോ ആളെണ്ണം കുറഞ്ഞു കുറഞ്ഞ് പരിപാടി വേണ്ടാന്നു വെച്ചു.

കുറച്ചു മാസങ്ങൾ കഴിഞ്ഞ് ഒരു തിങ്കൾ രാവിലെ നോക്കുമ്പോ ജോലി കിട്ടി പോയ സുകു അണ്ണൻ കതകും തള്ളി തുറന്നു വരുന്നു. അപ്പൊ തന്നെ കാർത്തിക് ചേട്ടൻ അടുത്ത പ്ലാൻ ഇട്ടു, സുകുമാരൻ പോകുമ്പോ കൂടെ നമുക്കും വട്ടവട പോകാം, താല്പര്യമുള്ളവർ മാത്രം വന്നാമതി. അങ്ങനെ വീണ്ടും കണക്കെടുപ്പ്, അങ്ങനെ ജൂൺ 30 നു രാവിലെ തിരുവനന്തപുരത്തു നിന്നും വട്ടവട മൂന്നാർ വഴി വാൽപാറ വാഴച്ചാൽ അതിരപള്ളി പോയിട്ട് അവിടുന്ന് തൊടുപുഴ വഴി തിരുവനന്തപുരം. ഇതായിരുന്നു പ്ലാൻ.

അങ്ങനെ ആ വ്യാഴം വന്നെത്തി, ഞങ്ങൾ പോകാൻ തീരുമാനിച്ചത് രാവിലെ 9.30നു തന്നെ ഞാൻ എത്തി, എല്ലാ തവണത്തേം പോലെ തമ്പി ചേട്ടൻ ഇത്തവണേം കൃത്യം ഒരു മണിക്കൂർ ലേറ്റ്... അങ്ങനെ 11നു തിരുവനന്തപുരത്തു നിന്നും തിരിച്ച് കോട്ടയം വഴി മൂന്നാർ. പോകും വഴി ചെറിയ കടകളിൽ നിന്നും ചായകുടി ഊണ് വീണ്ടും ചായകുടി രാത്രി 9.30 നു അടുപ്പിച്ചു മൂന്നാർ, രാത്രി അവിടെ ഒരു ഹോട്ടലിൽ സ്റ്റേ (പേര് ഓർമ്മയില്ല, മുന്നാർ bevco ബോർഡ് നേരെ ഓപ്പോസിറ്റ് കണ്ട പോലെ ഒരു ഓർമ്മ).

രണ്ടു മുറികളിലായി 8 പേർ. ഒരു റൂമിൽ ചീട്ടുകളിക്കുന്ന ടീമും മറ്റേതിൽ ഫുട്ബോൾ കാണുന്ന ടീമും കയറി. അവിടെ ചീട്ടുകളി, ഇപ്പുറത്ത് ഫുട്ബോൾ കാണൽ. അങ്ങനെ രാത്രി രണ്ടര ആയപ്പോ ഞങ്ങടെ റൂമിന്റെ കതകിൽ ആരോ മുട്ടുന്നു, ഞാൻ റൂമിന്റെ കതക് തുറന്ന് നോക്കുമ്പോ അതാ നിക്കുന്നു നമ്മടെ സ്വന്തം തമ്പിചേട്ടൻ. 'പാതിരാത്രി ആയാലും ഉറക്കമില്ലേ മനുഷ്യാ...' എന്ന് ചോദിച്ച എന്നോട് 'പുറത്തോട്ടു വന്നാൽ ഒരു സൂപ്പർ കാഴ്ച കാണിച്ചു തരാം' എന്ന് അങ്ങേരും. 'അതെന്താണ് അത്ര സൂപ്പർ കാഴ്ച' അതും ഈ പാതിരാത്രിക്ക്, എന്നാൽ ഒന്ന് കാണണമല്ലോ എന്ന് പറഞ്ഞു ഞാൻ, കേട്ട പാതി കേക്കാത്ത പാതി സലേഷും ചാടി ഇറങ്ങി. ചെന്ന് കണ്ട ഞങ്ങടെ ബാല്യോം കൗമാരോം എല്ലാം പകച്ചുപോയി.........

വെളുപ്പിന് 5 മണിക്ക് പാറപ്പുറത്ത് ചിരട്ടയിട്ടുരക്കുന്നതിലും വൃത്തികെട്ട ഒച്ച കേട്ടാണ് ഞാൻ ഉണർന്നത്, ഇയാളെ (കെ.എസ്. സുകുമാരൻ) കൊണ്ട് ഒരു നിവർത്തിയുമില്ലല്ലോ എന്ന് ശപിച്ച് കൊണ്ട് തലപൊക്കി

നോക്കുമ്പോ അങ്ങേരുടെ വലതു വശത്ത് കിടക്കുന്ന സെനിത്ത് അങ്ങോട്ടും ഇങ്ങോട്ടും തിരിയുന്നു, ഇടതു കിടക്കുന്ന സലേഷ് മാത്രം ബോധമില്ലാതെ സുഖമായി ഉറങ്ങുന്നു. അവിടുന്ന് പുറത്തിറങ്ങി രാവിലെ ചായയും കുടിച്ച് കുളിച്ചു റെഡിയായി കുറച്ച് പർചെയ്സും കഴിഞ്ഞു നേരെ വട്ടവടക്ക്, ഞാനും സുകുമാരൻ ചേട്ടനും സലേഷും തമ്പിചേട്ടനും ഒരു കാറിൽ, മറ്റുള്ളോർ കാർത്തിക് ചേട്ടന്റെ കാറിൽ.
സുകുമാരൻ ചേട്ടന് മാത്രം അറിയാവുന്ന നാടായതുകൊണ്ടും വഴി കണ്ടുപിടിച്ചു പോകണം എന്നതിനാലും ഞങ്ങടെ വണ്ടി മുന്നിലും രണ്ടാമത്തേത് പുറകിലുമായി ഓടിക്കൊണ്ടേയിരുന്നു. ഇടയ്ക്കു ഒരു ചെറിയ തട്ട് കടയിൽ കയറി ദോശയും ഓംലെറ്റും മനോഹരമായ കട്ടൻ ചായേം കുടിച്ച് അവിടുന്ന് വീണ്ടും യാത്ര തുടന്നു കൊണ്ടേ ഇരുന്നു.
അങ്ങനെ ഞങ്ങൾ മൂന്നാർ ടോപ്സ്റ്റേഷനിൽ എത്തി. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 6200-ഓളം അടി ഉയരത്തിൽ നിൽക്കുമ്പോൾ... അകലെ തമിഴ്നാട്ടിലെ തേനി ജില്ലയുടെ ഭാഗങ്ങളും കാറ്റാടി പാടങ്ങളും കാണാം. ടോപ്പ്സ്റ്റേഷനിലെ ഭീകര കാറ്റും ആസ്വദിച്ച് വേണം താഴോട്ടു പോകാൻ, താഴെ ചെന്ന് കണ്ട കാഴ്ച, ഹോ! പറഞ്ഞറിയിക്കാൻ പറ്റില്ലാ, അത്രക്ക് ഗംഭീരമായ കാഴ്ച.
അവിടെ നിന്നു കുറച്ചു ഫോട്ടോസും എടുത്ത് ഇഴഞ്ഞും കിടന്നും നിരങ്ങിയും തിരിച്ചു കയറി (ഞാനല്ല). അവിടുന്ന് ഉച്ചഭക്ഷണവും കഴിച്ചു നേരെ വട്ടവടക്ക്, വട്ടവടക്ക് പോകുന്നത് പക്കാ വനത്തിൽ കൂടി തന്നെയാണ്. വനം കടന്നു ചെല്ലുന്നത് ഒരു പുൽമേട്ടിലും. അവിടെ ചെറിയ കുറച്ചു വനം വകുപ്പിന്റെ കെട്ടിടങ്ങൾ. അവിടെ ചെന്നിറങ്ങിയതും കണ്ട കാഴ്ച ബാഹുബലിയിലേക്കാൾ വല്യ കാട്ടുപോത്തുകൾ മേഞ്ഞുനടക്കുന്നതാണ്. അവിടെ ചെന്ന് നമ്മുടെ റൂമിന്റെ താക്കോലും വാങ്ങി വണ്ടിയും പാർക്ക് ചെയ്തിട്ടു റൂമിൽ കയറി ഒന്ന് ഫ്രഷ് ആയി നോക്കുമ്പോ സപ്നേഷ് ചേട്ടൻ വീണ്ടും സെൽഫി





പിടിത്തവുമായി മറിഞ്ഞു കിടക്കുന്ന മരത്തിന്റെ പുറത്ത്, ആ ഫോട്ടോ സെക്ഷനും കഴിഞ്ഞ് നേരെ വട്ടവട സുകുമാരന്റെ സാമ്രാജ്യം കാണാൻ പോയി, കണ്ട് ഇഷ്ടായി!!! കാറ്റ് കാരണം കറണ്ട് കട്ടായിട്ട് മൂന്ന് ദിവസം ആയെന്ന്... കുളിയുമില്ല നനയുമില്ല. അവിടെ നിന്നും വട്ടവട സിറ്റിയും കണ്ട് നേരെ തിരിച്ചു റൂമിലേക്ക് തിരിച്ചെത്തി. കുറച്ചു നേരം പ്രകൃതി രമണീയത ആസ്വദിച്ചങ്ങനെയിരുന്നു, ഭാഗ്യത്തിന് വനം വകുപ്പ് വൈദ്യുതിക്കായി സൂര്യനെ ആശ്രയിക്കുന്നത് കൊണ്ട് ഞങ്ങൾ ഇരുട്ടിലായില്ല, പിന്നെ രാത്രി ഭക്ഷണം കഴിക്കാൻ വീണ്ടും സുകുമാരാൻ ചേട്ടന്റെ സാമ്രാജ്യത്തിലേക്ക്, അവിടെ ഒരു വീട്ടിൽ ആണ് ആഹാരം തരപ്പെടുത്തിയിരുന്നത്, നാട്ടിൽ നിന്നും പരിചയക്കാർ വരികയാണെങ്കിൽ ഇവിടെ ആണ് ആഹാരം കഴിക്കാൻ കൊണ്ടുവരാറുപോലും, (കടയില്ല അതെന്നെ) ഈ പറഞ്ഞ സ്ഥലത്തെത്തി ഞങ്ങൾ ഒരുമിച്ചിരുന്നു ഭക്ഷണവും കഴിച്ചു. എല്ലാം കഴിഞ്ഞ് വീണ്ടും ഞങ്ങൾ അവരെ ക്വാർട്ടേഴ്സിൽ കൊണ്ടാക്കാൻ തുടങ്ങുമ്പോൾ ഓരോരുത്തരായി വന്ന് യാത്ര പറയുന്നു, കെട്ടി പിടിക്കുന്നു, കരയുന്നു. അങ്ങനെ ഞാനും സുകുമാരൻ ചേട്ടനും കൂടി അവരെ കൊണ്ട് വിട്ടിട്ടു നേരെ ഭക്ഷണം കഴിച്ച സ്ഥലത്തേക്ക് തിരിച്ചു പാഞ്ഞു, അവിടെ നമ്മുടെ ടീം നിൽപ്പൊണ്ട് റൂമിലേക്ക് പോകാൻ, പാഞ്ഞു പിടിച്ച് ചെന്ന് നോക്കുമ്പോ കണ്ട കാഴ്ച, വണ്ടീടെ ചുറ്റിലും ആൾക്കാർ! എന്താന്ന് അറിയാൻ വയ്യ, ഞങ്ങടെ വണ്ടിടെ ഹെഡ് ലൈറ്റിന്റെ പ്രകാശത്തിൽ കണ്ടത് ആരോ ഒരാൾ ഒരു വെട്ട് കത്തിയുമായി വണ്ടീടെ നേരെ വരുന്നു, എന്താ സംഭവം എന്നറിയാൻ ഞാൻ വണ്ടി കുറച്ച് പിന്നിലേക്ക് നിർത്തിയിട്ട് സുകുമാരൻ ചേട്ടനെ പറഞ്ഞയച്ചു, (അങ്ങേർക്കു അവിടെ മൊത്തം പരിച്ചയക്കരാണല്ലോ, എനിക്കാണേൽ ആ നാട്ടിൽ കൂടെ ഓടാൻ വഴി പോലും അറിയില്ല) പിന്നെ കണ്ടത് ആ വെട്ട് കത്തി പിടിച്ച് നിക്കുന്ന ഒരു എല്ലിച്ച രൂപത്തെ ആണ്, നോക്കുമ്പോ നമ്മുടെ സലേഷ് ആണ്, പിന്നെ എന്ത് പേടിക്കാൻ ഞാൻ വണ്ടി അവിടെ ഒതുക്കിയിട്ടിട്ട് ചെന്ന് നോക്കി എന്താ കാര്യം എന്നറിയാൻ, സംഭവം ഇത്രേയുള്ളു, സുകുമാരൻ ചേട്ടന്റെ പുതിയ മൊതലാളിയെ കെട്ടിപിടിച്ചു യാത്രയാക്കാൻ വന്ന പഴയ മൊതലാളി വണ്ടി സ്റ്റാർട്ട് ചെയ്തു എ സി യും ഇട്ട് താക്കോലും അകത്ത് വച്ച്, ഡോർ ഭദ്രമായി അടച്ചിട്ടാണ് വന്നത്, വണ്ടി സെന്റർലോക്ക് ആയി, സലേഷ് ഡോർ ചവിട്ടി പൊളിക്കാൻ നോക്കിട്ട് നടക്കാത്തോണ്ട് വെട്ടി പൊളിക്കാൻ വെട്ടുകത്തീം കൊണ്ട് വന്ന കാഴ്ച കണ്ടാണ് ഞാൻ തെറ്റിദ്ധരിച്ചത്. പിന്നെ ആരാണ്ട് പറഞ്ഞുകൊടുത്ത ബുദ്ധി ആയിരുന്നു വണ്ടിടെ പുറകിലത്തെ അടിഭാഗത്ത് എന്തോ ഒരു ഓപ്ഷൻ ഉണ്ട് അങ്ങനെ ഡിക്കി

തുറക്കാം എന്ന്, അത് കേട്ട പാതി തമ്പിചേട്ടന്റെ വണ്ടിടെ ജാക്കി എടുത്തു തമ്പി ചേട്ടന്റെ  കൈയ്യിലേക്ക് കൊടുത്തു. അപ്പോഴാണ് ആ വലിയ സത്യം ഞങ്ങൾ അറിയുന്നത്, സ്വന്തം വണ്ടിടെ ജാക്കിപോലും വയ്ക്കാനറിയാത്ത ഒരു മഹാനാണ് ഈ തമ്പി ചേട്ടൻ എന്ന്, അവസാനം നിവൃത്തിയില്ലാതെ പുറകിലെ ക്വാർട്ടർ ഗ്ലാസ് പൊട്ടിച്ച് പുറകിലെ ഡോർ തുറന്ന് അകത്തു കയറി, അങ്ങനെ നേരെ റൂമിലേക്ക്. അങ്ങനെ 11 മണികഴിഞ്ഞ് ഞങ്ങൾ റൂമിലെത്തി. ഞാൻ നേരെപോയി ഒരു കട്ടിൽ കണ്ടെത്തി പുതച്ചു മൂടി കിടന്നു. മറ്റെല്ലാവരും ചീട്ടു കളിക്കാനും കാണാനുമായി കൂടി. കോട്ടേജിന്റെ ഏതോ ഒരു ഷീറ്റ് കാറ്റത്ത് ഇളകി അടിക്കുന്ന ഒച്ച എനിക്ക് അല്പ്പം ബുദ്ധിമുട്ടായി തോന്നിയെങ്കിലും സുഖമായി കിടന്നുറങ്ങി. ഷീറ്റിളകി കേൾക്കുന്ന ഒച്ചയെക്കാൾ ഉച്ചത്തിൽ വേറെ ഒരു വൃത്തികെട്ട ശബ്ദം കേട്ടാണ് ഞാൻ രാവിലെ ഉണർന്നത്, അപ്പുറത്തെ മുറിയിൽ സുകുമാരൻ ചേട്ടൻ കിടന്നമറുന്ന ശബ്ദം. അങ്ങേരെ മനസ്സിൽ ശപിച്ചുകൊണ്ട് നോക്കുമ്പോ മുറ്റത്ത് കാട്ടുപോത്ത് തമ്പി ചേട്ടന്റെ കാറിൽ ചേർന്നു  നിന്ന് പുല്ല് മേയുന്നു. പേടിച്ചു പേടിച്ചു കതകുതുറന്ന് നോക്കുമ്പോ മുറ്റം നിറയെ കാട്ടുപോത്തുകൾ മേഞ്ഞുനടക്കുന്നു. എന്നെ കണ്ടതും അവറ്റകൾ അകന്നകന്നു പൊയ്ക്കൊണ്ടിരുന്നു, കാട്ടുപോത്തിന്റെ കൂടെ ചേർന്നു  നിന്നില്ലയെങ്കിലും ഞാനും



എടുത്തു 'സെൽഫി'.

എല്ലാവരും ഉണർന്നപ്പോൾ തന്നെ ഞങ്ങൾ കുളിച്ചു റെഡിയായി നേരെ മൂന്നാർ ടൗണിൽ പോയി, കാറിന്റെ ക്വാർട്ടർ ഗ്ലാസ് മാറാനായി. ഭാഗ്യം അവിടെങ്ങും ഗ്ലാസ് ഇല്ല. പിന്നെ സ്റ്റിക്കർ കടയിൽ പോയി സിന്തേറ്റിക് ബോഡ്  വാങ്ങി വെട്ടി ഒട്ടിച്ചിട്ട് അതിന്റെ പുറത്ത് മാറ്റ് പേപ്പർ ഒട്ടിച്ചു നാട്ടുകാരെ പ റ്റിക്കുന്ന കണക്കിന് ഒരു ഗ്ലാസ് പോലെ ആക്കി.അത് കഴിഞ്ഞ് കാപ്പികുടിയും കഴിഞ്ഞ് ചോക്ക്ലെറ്റും വാങ്ങി നേരെ വിട്ടു വാൽപ്പാറക്ക്.

യാത്രക്കിടയിൽ ഒരു വെള്ളച്ചാട്ടത്തിൽ ഇറങ്ങി അവരൊക്കെ കുളിതുടങ്ങി. ഞാനും സുകുമാരൻ ചേട്ടനും സെനിത്തും ഫോട്ടോപിടുത്തവും വീഡിയോ പിടിത്തവുമായി മാറി നിന്നു. കുളികഴിഞ്ഞു വീണ്ടും യാത്ര തുടങ്ങി, ഇടക്ക് കുറച്ചു ഫോട്ടോപിടിത്തവും നാടൻ ഭക്ഷണവും.  മറയൂർ കാടുകളിലൂടുള്ള യാത്ര തേയിലത്തോട്ടങ്ങളും ചന്ദനമരങ്ങളും പാറക്കെട്ടുകളും പിന്നെ കുറച്ച് തമാശകളും. ഇടക്ക് എപ്പോഴോ സലേഷിനു അന്താക്ഷരി കളിക്കാൻ ഒരു മോഹം തോന്നി, അവന് എന്തോ വലുത് വരാനിരിക്കുന്നു എന്ന് എനിക്കും



തോന്നി. കളിച്ചു കളിച്ചു അടിയായി കളിയാക്കലായി അവസാനം സലേഷ് ഒരു മൂലയ്ക്ക് പിണങ്ങി ഇരിപ്പുമായി. തമ്പി ചേട്ടനെ നേരിട്ട് തോല്പ്പിക്കാൻ കഴിയില്ല എന്നറിയാവുന്ന സുകുമാരൻ ചേട്ടൻ സലേഷിനെ അങ്ങേർക്കിട്ട് കൊടുത്തിട്ട് നൈസായി മാറിനിന്നു.

കുറച്ചു മുന്നോട്ടു പോയപ്പോ ഒരു ബോർഡ് കണ്ടു മറയൂർ ടൈഗർ റിസർവ് ഫോറസ്റ്റ് എന്ന്. ഒരു പച്ചപ്പും ഇല്ലാത്ത കാട്. അടുത്ത ബോർഡ് കണ്ടു, ആനയുണ്ട് 30km താഴെ സ്പീഡിൽ പോവുക എന്നൊക്കെ. ഭാഗ്യത്തിന് ആനെപോയിട്ട് ഒരു കുഴിയാനെ പോലും കണ്ടുകിട്ടിയില്ല. പുറകിൽ നിന്നും കൂർക്കം വലികേട്ട് പ കലും ഇങ്ങേര് സമാധാനം തരില്ലല്ലോ തമ്പിചേട്ടാ എന്ന് പറഞ്ഞു സൈഡിലോട്ട് നോക്കുമ്പോ സലേഷുമായി യുദ്ധം ജയിച്ച ധീര ജവാൻ ആകാശത്തോട്ട് നോക്കി വായും തുറന്ന് കിടന്നുറങ്ങുന്നു. അങ്ങനെ കുറച്ചു ദൂരം മുന്നോട്ട് ചെന്നപ്പോൾ ഒരു ചെക്ക്പോസ്റ്റ്, ഞാൻ വണ്ടി സൈഡാക്കി. ചെക്ക്പോസ്റ്റ് കഴിഞ്ഞുള്ള റോഡ് വളരെ നല്ല റോഡ് ആയിരുന്നു. കുറെ കുഞ്ഞ് ഗ്രാമങ്ങളും കൃഷി സ്ഥലങ്ങളും ഒക്കെ കടന്ന് വാൽപ്പാറയുടെ താഴ്വാരതെത്തി. അവിടെ നല്ല ഭംഗിയിൽ വറ്റി വരണ്ടു കിടക്കുന്ന ഒരു ഡാം റിസർവോയർ. അവിടെ കുറച്ചു സെൽഫിയും ഫോട്ടോസും എടുത്തു  കഴിഞ്ഞ് ഞങ്ങൾ ചുരം കയറാൻ തുടങ്ങി. ഹെയർ പിൻ എന്ന് പറഞ്ഞാൽ അതാണ് ഹെയർ പിൻ താമരശ്ശേരി ഒക്കെ എന്ത്! പൊന്മുടിയിൽ കാണുന്ന രണ്ടും മൂന്നും ഹെയർ പിൻ ഒക്കെ ഇവിടെ ഒന്നായി ആണ് കൂട്ടുന്നത് എന്ന് തോന്നിപോയി. അമ്പതോളം കിലോമീറ്റർ നാൽപ്പതോളം അപകടകരമായ ഹെയർപിൻ വളവുകൾ. ഹെയർ പിൻ കയറി കഴിഞ്ഞപ്പോൾ ഏതാണ്ട് സന്ധ്യയായി. വളരെ മനോഹരമായ കാഴ്ചകളും കണ്ട് ഞങ്ങൾ അങ്ങനെ വാൽപ്പാറയിൽ എത്തി. റൂമൊക്കെ തപ്പിയെടുത്തു വണ്ടിയും പാർക്ക്  ചെയ്തു കഴിഞ്ഞപ്പോൾ ഏതാണ്ട് 10മണിയായി. റസ്റ്റോറന്റ് ഒക്കെ അടച്ചു കഴിഞ്ഞു. പിന്നെ പോയി കട കണ്ട് പിടിച്ച് ആഹാരം ഒക്കെ വാങ്ങി വന്നപ്പോൾ 12.00 മണിയായി. അന്ന് രാത്രിയിൽ കിടന്നുറങ്ങാൻ എനിക്ക് ഒരു ഡിമാന്റ് വെച്ചത് സുകുമാരൻ ചേട്ടൻ കിടക്കുന്ന റൂമിൽ ഞാനില്ല.

എനിക്ക് വേണ്ടി എന്റെ  തമ്പി ചേട്ടൻ ത്യാഗം ചെയ്തു. അങ്ങനെ സപ്നേഷ് ചേട്ടനും  കാർത്തിക് ചേട്ടനും കണ്ണനും കിടന്ന റൂമിൽ ഞാനും കൂടി.
അന്ന് രാവിലെ ഞങ്ങൾ 9.45 ആഹാരോം കഴിച്ചു വാൽപാറയിൽ നിന്നും വാഴച്ചാൽ വഴി ആതിരപ ള്ളിയിലേക്ക് തിരിച്ചു, വാൽപ്പാറയിൽ കാണേണ്ട സ്ഥലങ്ങൾ ഒക്കെ നേരത്തെ തന്നെ ഹോട്ടൽ റിസപ്ഷനിൽ നിന്നും മനസിലാക്കി അവിടൊക്കെ കറങ്ങിയിട്ട് ഞങ്ങൾ നേരെ നല്ലമുടിയിലേക്ക്  പോന്നു. കുറച്ച് ദൂരം ന ടക്കേണ്ടി വന്നെങ്കിലും അവിടെ കണ്ട കാഴ്ച വളരെ മനോഹരമായിരുന്നു, ഇങ്ങ് തമിഴ് നാട്ടിന്റെ പൊക്കം കൂടിയ മലകളിൽ ഒന്നിൽ  നിന്നുകൊണ്ട് കേരളത്തിലെ ഏറ്റവും പൊക്കം കൂടിയ കൊടുമുടിയായ ആനമുടിയും ഒരു ദിവസം മുന്നേ താമസിച്ച മൂന്നാറും അപ്പുറത്ത്, ഇതിനൊക്കെ ഇടയ്ക്ക് കൂടി ഒഴുകുന്ന വെള്ളച്ചാട്ടവും ഒക്കെ കാണേണ്ട കാഴ്ച തന്നെയായിരുന്നു.
അവിടുന്ന് ഞങ്ങൾ വീണ്ടും മല നിരകൾക്കിടയിലൂടെ തിരിച്ചു വാഴച്ചാൽ ലക്ഷ്യം വെച്ചു പുറപ്പെട്ടു. കേരളത്തിന്റെ വനം ആണ്. വനം നിറയെ പച്ചപ്പും ഹരിതാഭയും. പിന്നെ കിളികളുടെ കളകളാരവവും, എല്ലായിടത്തും ബോർഡുകളും ഇവിടെ നിർത്തരുത് ഇറങ്ങരുത് ആനയുണ്ട് കടുവയുണ്ട് മുതലയുണ്ട് എന്നൊക്കെ, ഞങ്ങൾ എല്ലാ നിയമങ്ങളും പാലിച്ചു കൊണ്ട് 30km സ്പീഡിൽ യാത്ര തുടർന്നു ഇടയ്ക്ക് ഒരു ഫാമിലി, ഒരു കൊമ്പനും അതിന്റെ പിടിയും കുട്ടിയും പുഴയിൽ നിന്നും കുളിച്ചിട്ട് തിരിച്ചു കാട്ടിലേക്ക് കയറാൻ റോഡ് ക്രോസ് ചെയ്യുന്നു, ഞാൻ ഒരു 50 അടി മുന്നിലായി വണ്ടി നിർത്തി, ഉടൻ തന്നെ തമ്പി ചേട്ടൻ വണ്ടിയിൽ നിന്നും ചാടിയിറങ്ങി ആനേടെ പടം പിടിക്കാൻ പോകുന്നു പോലും, പിന്നെ അങ്ങോട്ട് തമ്പി ചേട്ടന്റെ  ടൈം ആയിരുന്നു, അന്താക്ഷരിയ്ക്ക് കിട്ടിയതിന്റെ മുതലും പലിശേം കൂടി സലേഷും കൊടുത്തു.
അങ്ങനെ ഞങ്ങൾ വാഴച്ചാൽ എത്തി, അവിടെ കുറച്ചുനേ രം വെള്ളച്ചാട്ടം കണ്ട് അസ്വദിച്ചിട്ടു കുറച്ചു ഫോട്ടോസും എടുത്തിട്ട് നേരെ വണ്ടിയുടെ അടുത്തെത്തി, സുകുമാരൻ ചേട്ടന് നാട്ടിലേക്കു പോകാനുള്ള അവസാന ബസ് രാത്രി 8.30നാണ്, അതിനു മുൻപ്  തൊടുപുഴ എത്തണം. വണ്ടിയുടെ അടുത്തെത്തിയപ്പോഴാണ് വണ്ടിയിൽ ഒരു കുരങ്ങ് കയറി ഇരിക്കുന്നു, തമ്പിചേട്ടൻ അതിനെ ഓടിച്ചു വിടാൻ പോകുന്നത് കണ്ടു. ഓടിച്ചെന്നു വണ്ടിൽ കയറിയിരുന്നു. ഓടി വാടാ പോകാം എന്ന് പറഞ്ഞപ്പോ ഞങ്ങൾക്ക്  എല്ലാം മനസിലായി, പിന്നെ അവിടുന്ന് ആതിരപള്ളി പക്ഷെ സമയപരിധി കാരണം അവിടെ നിർത്തിയില്ല അപ്പോ തന്നെ സമയം നല്ലപോലെ താമസിച്ചു. അവിടുന്നു മത്സര ഓട്ടം ആയിരുന്നു.



അത് ചാലക്കുടി വന്ന് അവസാനിച്ചു. അവിടെ ഇറങ്ങി വെള്ളം കുടിച്ച് കഴിഞ്ഞ് വീണ്ടും മത്സരം തുടങ്ങി. 8.20 ഞങ്ങൾ തൊടുപുഴ ടൗൺ ബസ്സ്റ്റാന്റിൽ എത്തി, അങ്ങനെ സുകുമാരൻ ചേട്ടനെ വണ്ടിയിൽ കയറ്റി വിട്ടിട്ട് അവിടുന്ന് നേരെ ഞങ്ങൾ പാലവഴി കോട്ടയം എത്തി, ഇടയ്ക്കു ഞങ്ങൾ ഇറങ്ങി ആഹാരം കഴിച്ചു. അവിടുന്ന് നല്ല റോഡ് നോക്കി ചങ്ങനാശ്ശേരി നിന്നും ആലപ്പുഴക്ക് പോന്നു, ആലപുഴയിൽ നിന്നും തിരുവനന്തപുരത്ത് ഇതായിരുന്നു അടുത്ത പ്ലാൻ. ആലപ്പുഴയിൽ എത്തി ഓരോ കട്ടൻ ചായ കുടിച്ച് എന്നിട്ട് വീണ്ടും യാത്ര തുടർന്നു. ഏകദേശം രണ്ടു മണിയായപ്പോ ഞങ്ങൾ കായംകുളം എത്തി, എന്റെ കൈയ്യിൽ നിന്നും രണ്ടും പ്രാവശ്യം സ്റ്റിയറിംഗ് പോയി, അപ്പൊ തന്നെ ഞാൻ വണ്ടി സൈഡ് ആക്കി, ഇനീം ഓടിച്ചാൽ പണി പാലും വെള്ളത്തിൽ കിട്ടും എന്ന് എനിക്കുറപ്പായിരുന്നു, റോഡിനെ കുറ്റം പറഞ്ഞു റോഡ് ഈ കോലത്തിൽ കിടക്കുന്നതിനു കാരണക്കാർ ആരോ അവരുടെ വീട്ടുകാരേം തെറിയും പറഞ്ഞു ഞാൻ വണ്ടി തമ്പി ചേട്ടനെ ഏൽപ്പിച്ചു, പിന്നെ ഇടയ്ക്കിടയ്ക്ക് ഉണരുന്നത് തമ്പിചേട്ടന്റെ നിലവിളി കേൾക്കുമ്പോഴാണ് (ഉറങ്ങാതിരിക്കാൻ പാട്ട് പാടുന്നതാണ് പോലും). പിന്നെ ശ്രീകാര്യം എത്തിയപ്പോ ഞാൻ വീണ്ടും ഉണർന്നു. അവിടുന്ന് നേരെ ഞങ്ങൾ 4.15ന് ഓഫീസിൽ എത്തി. തട്ട് കടയിൽ ചെന്നു കട്ടൻ ചായേം കുടിച്ച് ഞങ്ങൾ പിരിയാൻ പ്ലാൻ ഇട്ടു. രാവിലെ ഫ്രഷ് ആയി കിടന്നപ്പോൾ സലേഷ് എന്നോട് ചോദിച്ചു ‘ചേട്ടായിയെ എങ്ങനെ ഉണ്ടായിരുന്നു നമ്മടെ യാത്ര'? ഞാൻ: ‘അടിപൊളിയായിരുന്നെടാ, നല്ല സ്ഥലങ്ങൾ നല്ല സുഖമുള്ള കാലാവസ്ഥ നല്ല ഡ്രൈവ് അങ്ങനെ മൊത്തത്തിൽ സൂപ്പർ'. സലേഷ്: ‘ഡ്രൈവ് ഓക്കേ, പക്ഷെ സ്ഥലങ്ങൾ എനിക്ക് അത്ര ഇഷ്ടമായില്ല, ഇതിനെക്കാളൊക്കെ നല്ലത് എന്റെ  വീടിന്റെ അടുത്തുള്ള സ്ഥലങ്ങളാണ്‘
ഇത് കേട്ട് ബോധം പോയതാണോ ക്ഷീണം കൊണ്ടാണോ എന്നറിയില്ല ഞാൻ പെട്ടന്ന് ഉറങ്ങി പോയി.

■



# ആവർത്തനങ്ങൾ



**ധന്യലാൽ**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്



നേരം വെളുത്തുവരുന്നതേയുള്ളൂ. അതിരാവിലെ തന്നെ സൈറ്റിലെത്തണം. ഇന്ന് മാത്രമാണദ്ദേഹം ഫ്രീയായിരിക്കുന്നത്. ഈ അവസരം നഷ്ടപ്പെടുത്തികൂടാ. നഷ്ടപ്പെട്ടാൽ അടുത്ത മീറ്റിംഗിനായി നാലുമാസം കാത്തിരിക്കണം. ലോക സഞ്ചാരിയാണ്. എണ്ണം പറഞ്ഞ എഴുത്തുകാരനും സംവിധായകനുമാണ്. അദ്ദേഹവുമായുള്ള അഭിമുഖം തന്റെ മാഗസിന് അത്ര വേണ്ടപ്പെട്ടതാണ്, തനിക്കും. തന്റെ കരാർ അവസാനിക്കാൻ രണ്ട് മാസം കൂടിയേ ബാക്കിയുള്ളൂ. എക്സ്ക്ലൂസീവായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ കരാർ ബ്രേക്ക് ചെയ്ത് പുറത്ത് പോകേണ്ടിവരും. രത്ന പലവിധ ചിന്തകളിലേക്ക് പറന്നു പോയി.

കാറിന്റെ വിൻഡോ ഗ്ലാസ്സിൽ പറ്റിപ്പിടിച്ച മഞ്ഞുതുള്ളികളിൽ കൗതുകം പൂണ്ട് രത്ന കാറിനകത്തുകൂടി അവയിലേക്ക് വിരൽ ചേർത്തു. ചെറിയ വൃത്തങ്ങളും പൊട്ടുകളും വരയ്ക്കാൻ ശ്രമിച്ചു. പെട്ടെന്നാണ് ആ ഗ്ലാസ്സുകൾ താഴ്ത്തപ്പെട്ടത്. ഡ്രൈവറുടെ വേലയാണ്. അകത്തേക്ക് അടിച്ചു കയറിയ മഞ്ഞു കാറ്റിലും വെള്ളത്തുള്ളികളിലും തണുപ്പ് ഭീകരമാം വിധം കൂടിയിരിക്കുന്നു. രത്ന തണുത്ത കാറ്റേറ്റത്തിന്റെ നീരസത്തിൽ ദേഷ്യത്തോടെ ഡ്രൈവറെ നോക്കി.



''എന്തിനാണ് ഗ്ലാസ്സ് താഴ്ത്തിയത്''

''മാഡം ഗ്ലാസ്സിൽ തട്ടിയപ്പോൾ ഞാൻ കരുതി താഴ്ത്തുവാനാണ് പറയുന്ന തെന്ന് അതാ.''

രത്നയ്ക്ക് ദേഷ്യം വന്നെങ്കിലും അവ ളൊന്നും പ്രതികരിക്കാൻ നിന്നില്ല. തെ റ്റ് തന്റെ ഭാഗത്താണെന്നവൾ തിരിച്ച റിഞ്ഞു. തന്റെ ചിത്രം വരയാണ് ഈ കുഴപ്പമുണ്ടാക്കിയത്. അടിച്ചുകയറുന്ന മഞ്ഞു കാറ്റേറ്റ് പുറത്തേക്ക് മിഴികൾ പായിച്ച് പിൻസീറ്റിലവൾ ചാരികിടന്നു. ഡ്രൈവർ ചില്ലുകൾ വേഗമുയർത്തി. തണുപ്പിൽ നിന്ന് രക്ഷപ്പെട്ട ആശ്വാസ മുണ്ടെങ്കിലും ഡ്രൈവറോട് അവൾക്ക് നീരസം തോന്നി.

ആ തണുപ്പിൽ കുറെ ദൂരം കൂടി ഓടിയ വണ്ടി എവിടെയോ എത്തിയിരിക്കുന്നു. അധികം ജനവാസമില്ലാത്ത ഏതോ ഭൂമിക. രത്ന പുറത്തേക്ക് തന്നെ നോ ക്കിയിരുന്നു. രാത്രിയവസാനത്തിൽ തുടങ്ങിയ യാത്രയാണ്. നേരം വെളു ത്തു വരുന്നു. തലേരാത്രി യാത്രാ തി രക്കിൽ ഒന്നും കഴിക്കാൻ കഴിഞ്ഞില്ല. വയർ കാലിയായി കിടക്കുന്നു. ഗ്യാസ് കയറി തുടങ്ങുന്നതിനുമുമ്പ് ഭക്ഷണം കഴിക്കണം. രത്ന ഡ്രൈവറോട് നല്ല റെസ്റ്റോറന്റ് നോക്കി കാർ നിർത്താൻ ആവശ്യപ്പെട്ടു.

''നല്ല കട അടുത്തെങ്ങുമില്ല മാഡം. ഒരു പത്തിരുപത് കിലോമീറ്റർ കഴി ഞ്ഞാൽ ടൗൺ ആണ്. അവിടെ ചെ ന്ന് കഴിച്ചാൽ മതിയോ''?

രത്നയ്ക്ക് ഡ്രൈവറോട് പക തോന്നി. വിശപ്പിനേക്കാൾ അവൾ അയാളുടെ ഉപദേശത്തെ വെറുത്തുപോയി. ''താൻ അടുത്തുകാണുന്ന ഹോട്ടലിൽ വണ്ടി നിർത്തണം. എത്ര ചെറിയ കടയാണെ ങ്കിലും സാരമില്ല''. ഡ്രൈവർ നീട്ടി ഒന്ന് മൂളി. അവളുടെ താൻ വിളിയും ധാർ ഷ്ട്യവും അയാൾക്കും പിടിച്ചമട്ടില്ല.

അഞ്ച് മിനിട്ടിനുള്ളിൽ തന്നെ ഡ്രൈ വർ രത്ന പറഞ്ഞതനുസരിച്ച് ഓല മെടഞ്ഞ് കെട്ടിയ നീലപടുത മുകളിൽ വിരിച്ച ഒരു കൊച്ചുകടയ്ക്ക് മുമ്പിൽ വണ്ടി നിന്നു.

''മാഡം ദാ ഇവിടുന്ന് കഴിക്കാം'', അത് പറഞ്ഞ് ഡ്രൈവർ പുറത്തേക്ക് ഇറങ്ങി.

രത്ന പറഞ്ഞ വാക്ക് തിരിച്ചെടുക്കാനാ വാതെ വിഷണ്ണയായി അയാളെ നോ ക്കി. അയാൾ ചെറു പുഞ്ചിരിയോടെ അവളെ അകത്തേക്ക് ക്ഷണിച്ചു. തനി ക്കെതിരെ മനപ്പൂർവ്വം ദ്രോഹം ചെയ്ത് വിജയിച്ച ഒരു ഭാവം അയാളിലുണ്ടോ എന്ന് രത്ന സംശയിച്ചു. അങ്ങനെയൊ ന്ന് കണ്ടെത്താൻ അവൾ അയാളെ സ സൂഷ്മം വിശദമായി തന്നെ ശ്രദ്ധിച്ചു. അയാളെ ശ്രദ്ധിച്ച് മുന്നോട്ട് നടന്നതി നാൽ കഴിഞ്ഞ് പോയ വഴികൾ അവൾ മറന്ന് പോയിരുന്നു. പല്ലെല്ലാം പൊഴി ഞ്ഞ ഒരു വൃദ്ധയുടെ മുഖം അയാളെ മറച്ച് അവൾക്ക് മുമ്പിലേക്ക് കടന്നു വന്നു. അവർ രത്നയെ നോക്കി മനോ ഹരമായി ചിരിച്ചു. അവൾക്ക് അവരു ടെ കണ്ണിലേക്ക് നോക്കാൻ നീരസം തോന്നി. അതൊരു 80കാരിയുടേതല്ലെ ന്ന് തോന്നുമാറ് തിളക്കം നിറഞ്ഞതാ യിരുന്നു. അവർക്കു പിന്നിലായി ഒരു ചെറുൻ കൂടി എത്തിയിരിക്കുന്നു. ഇ രയ്ക്കായി കാത്തിരുന്ന വേട്ടമൃഗത്തി ന്റെ ലക്ഷണങ്ങൾ ഇരുവരിലുമുണ്ടോ ...യെന്നവൾ സംശയിച്ചു. അവൾക്ക് എല്ലാവരെയും സംശയമാണ്. ഫൈസ് റീഡിംഗ്, മൈൻഡ് റീഡിംഗ് എന്നൊ ക്കെപ്പറഞ്ഞ് ചില സ്വാമിമാരുടെ ക്ലാസ്സു കളും പുസ്തകങ്ങളും സ്വജീവിതത്തിൽ പകർത്താൻ ശ്രമിച്ചതിന്റെ പ്രത്യാഘാ തമാണ് മുഖത്തു നോക്കി യാതൊരു ബന്ധവുമില്ലാതെ ചിന്തിക്കുക.

''ദാ ഇവിടിരിക്കാം കുഞ്ഞേ'' വൃദ്ധ അവിടെ നിരത്തിയിട്ടിരിക്കുന്ന ഡസ്കി നും ബെഞ്ചിനുമിടയിലെ അത്യാവശ്യം കൊള്ളാവുന്ന ഇടത്തേക്ക് ഇരിക്കാൻ ക്ഷണിച്ചു. പുറത്തെ കാഴ്ചയുടെ അത്ര മോശമവസ്ഥ അകത്തില്ലെന്നത് അവ ളെ അല്പം ആശ്വസിപ്പിച്ചു.

''കഴിക്കാനെന്താ വേണ്ടത്'' വൃദ്ധയിൽ നിന്നാണ് ചോദ്യം.

എന്തു വേണമെന്ന് ചോദിക്കുന്നു. ഈ കുടുസുകൂനാച്ചി ഇടത്ത് എന്താ ഇപ്പം കിട്ടുക. വൃത്തിയുള്ളതായിട്ട്. രത്ന വേവലാതിപ്പെട്ടു തുടങ്ങി. പെട്ടെന്ന് തോന്നിയ പകയിൽ കളിയാക്കന്നതു പോലെ രത്ന വൃദ്ധയോട് ചോദിച്ചു, ''ഇവിടെന്തുണ്ട്''.

''പഴം കഞ്ഞീം മീൻകറിയും മോരും കപ്പയും കാന്താരിയും, കപ്പ പുഴുങ്ങി യതും ഉണക്കമീൻ ചുട്ടതും''

രത്ന തരിച്ചിരുന്നു പോയി. പഴംക ഞ്ഞീം കപ്പയുമോ. ഈശ്വരാ ഇതേത് ലോകം. രത്നയ്ക്ക് ദേഷ്യം പെരുവിര ലിൽ തുമ്പിൽ നിന്ന് ജോനകനുറുമ്പ രിക്കുന്നതു പോലെ കയറി തുടങ്ങി. അലറി വിളിച്ച് ചീത്ത പറഞ്ഞ് പുറ ത്തേക്കിറങ്ങിപ്പോകണമെന്ന് മനസ്സ് ആഗ്രഹിച്ചു കൊണ്ടിരുന്നു. വെറും വയറുമായി എങ്ങനെ 20 കിലോമീറ്റർ താണ്ടും. അതിനുള്ള ശക്തി എന്താ യാലും തനിക്കില്ലെന്ന ബോധം മൂലം അവൾ തന്നിലേക്ക് തന്നെ ഒതുങ്ങി.

''പാലപ്പവും പന്നിക്കറിയും, ദോശയും വെള്ളച്ചമ്മന്തിയും മെനു തുടരുകയാ ണ്. ദോശയെന്ന് കേട്ടപ്പോൾ രത്നയ് ക്ക് ആശ്വാസം തോന്നി. കരയിൽ നിന്ന് വെള്ളത്തിലേക്ക് രക്ഷപ്പെട്ട മീനിന്റെ പോലൊരു ആശ്വാസം. ദോശയ്ക്കും വെള്ള ചമ്മന്തിയും കഴിക്കാമെന്ന തീ രുമാനത്തിലേക്കവളെത്തി. അവൾക്ക് മുമ്പിലേക്ക് വൃദ്ധ തൂവെള്ള ചമ്മന്തി യും ഭംഗിയാർന്ന ദോശയും വെച്ചു കൊടുത്തു. വൃദ്ധയുടെ പുറകെ വന്ന പയ്യൻ പല്ലുകൾ മുഴുവൻ പുറത്തുകാ ട്ടി ചിരിച്ചുകൊണ്ട് ഒരു ഗ്ലാസ്സ് കട്ടൻ കാപ്പിയും നൽകി. അവന്റെ ചിരിയിൽ അവൾക്ക് അറപ്പ് തോന്നി. ആ ഭാവം വിടാതെ തന്നെ അവൾ,

''പാൽചായ കിട്ടില്ലേ ഇവിടെ''

വൃദ്ധയും ചെക്കനും രത്നയെ തന്നെ നോക്കി ഒരു നിമിഷം നിന്നു. പിന്നീട് മറുപടി പറഞ്ഞത് വൃദ്ധയാണ്.

''ഇവിടെ കട്ടൻകാപ്പിയേ ഉള്ളൂ''-വൃദ്ധ പറഞ്ഞു.

''ഞാൻ കാപ്പി പറഞ്ഞില്ലാരുന്നല്ലോ''

''ഓ അതോ അത് ഫ്രീയാ മക്കളെ. എന്തോരം വേണേലും കുടിക്കാട്ടാ..''

രത്ന അത്ഭുതത്തോടെ വൃദ്ധയെ നോക്കി. കൂടെയുള്ള ചെക്കനാണ് എല്ലാം ചെയ്യുന്നത്. വൃദ്ധയ്ക്ക് ഭക്ഷ ണം കഴിപ്പിക്കൽ മാത്രമാണ് ജോലി. കട്ടൻ ഉണ്ടാക്കാനുള്ള പാത്രങ്ങളൊഴി കെ മറ്റൊന്നും അവിടെ കാണാത്തത് അവളെ അത്ഭുതപ്പെടുത്തി. പെട്ടെന്ന വൾ തന്റെ ഡ്രൈവറെപ്പറ്റി ചിന്തിച്ചു. ചുറ്റും നോക്കുമ്പോൾ തൊട്ടു പുറകി ലെ ബെഞ്ചിലിരുന്ന് പഴംകഞ്ഞി കുടി ക്കുന്ന ആയാളെ കണ്ടവൾക്ക് വീണ്ടും കലി കയറി. അത് പക്ഷേ ആദ്യ ദോശ കക്ഷണം വായിലെത്തുന്നതുവരെ മാ ത്രമേ നിലനിന്നുള്ളൂ. ദോശയ്ക്കൊ പ്പം ദേഷ്യവും അലിഞ്ഞില്ലാതായത് പോലെ. അത്ര മൃദുവായ രുചിയുള്ള ദോശ അവളുടെ ജീവിതത്തിലെ തന്നെ ആദ്യ സംഭവമായിരുന്നു.

വിശപ്പ് മാറി വരുന്ന അവസരത്തിൽ അവൾ ചുറ്റും നോക്കി. എല്ലാ ബെ ഞ്ചുകളും നിറഞ്ഞിരിക്കുന്നു. എല്ലാവ രുടെയും കണ്ണുകൾ ദോശ കഴിക്കുന്ന തന്നിലേക്ക് കാണുന്നത് വേഗമവൾ തിരിച്ചറിഞ്ഞു. അവൾ അവരെ നോ ക്കി. അവരുടെ പാത്രങ്ങളിലേയ്ക്കും. കഞ്ഞിയും കപ്പയും പല അളവിൽ പലതിലും കുഴഞ്ഞു കിടക്കുന്നു. ആ കടയിൽ താൻ മാത്രമാണ് ദോ ശ കഴിക്കുന്നതെന്ന കാര്യം അവളെ അത്ഭുതപ്പെടുത്തി. എങ്ങനെയോ കഴിച്ചു തീർത്ത് വേഗത്തിൽ കാശും കൊടുത്തവൾ നൽകിയ പണത്തിന്റെ ബാലൻസ് വാങ്ങാൻ പോലും നിൽ ക്കാതെ വേഗം പുറത്തിറങ്ങി.

കാഴ്ചയിൽ കട മോശമെങ്കിലും ഭക്ഷണം രുചികരമായിരുന്നു. അവർ എടുത്തോട്ടെ, പാവങ്ങൾ ഒരു സഹാ യമാകുമല്ലോ എന്ന് എല്ലാം മനസ്സിൽ ക

രുതി അവൾ കാറിനടുത്തേക്ക് നടന്നു. പെട്ടെന്ന് പിറകിൽ നിന്ന് ചൂളം വിളി കേട്ടു. അവൾ ബാക്കി വച്ചിട്ട് പോന്ന പണവുമായി മുമ്പ് കണ്ട പയ്യനെത്തിയിരിക്കുന്നു. തന്നെ ചൂളം കുത്തി വിളിച്ചതിൽ അവൾക്കവനോട് ദേഷ്യം തോന്നി. അവൻ അടുത്തെത്തി അതവൾക്ക് കൊടുത്തു. അവൾ അത് എടുത്തു കൊള്ളാൻ പറഞ്ഞെങ്കിലും മറുപടിയൊന്നും പറയാതെ കൈകൊണ്ടവൻ അത് നിരസ്സിച്ചു. അവൾക്ക് അവനോട് ദേഷ്യം തോന്നി. ഒരു അഭിമാനി വന്നിരിക്കുന്നു. പക്ഷേ അതേസമയം പല്ലുകൾ മുഴുവൻ പുറത്തുകാട്ടിയുള്ള അവന്റെ മാസ്റ്റർ പീസ് ചിരി ചിരിച്ച് അവൻ നേരെ എതിർ ദിശയിലേക്ക് കൈചൂണ്ടി. അവിടെയൊരു യത്തീംഖാനയുടെ വലിയ നേർച്ചപ്പെട്ടി അവൾ കണ്ടു. ഒരു ദാനധർമ്മി. ടിപ്പ് വേണ്ട പോലും. അവൾ മനസ്സിൽ കരുതി. അവനോടുള്ള വാശിക്ക് അവൾ അവന്റെ മുന്നിൽ നിന്നു തന്നെ പേഴ്സ് തുറന്ന് 50 രൂപകൂടിയെടുത്ത് നേർച്ചപ്പെട്ടിയ്ക്കു നേരെ നടന്നു. റോഡ് മുറിച്ചു കടന്ന് പണം പെട്ടിയിൽ നിക്ഷേപിച്ചു. അപ്പോൾ എതിർവശത്തു നിന്ന ചെറുക്കൻ അവളെ വിരലുയർത്തി അഭിനന്ദിച്ചു. രത്ന എന്തിലോ വിജയം നേടിയവളെപ്പോലെ റോഡ് കടന്ന് കാറിനടുത്തേക്ക് നോക്കി. ഇടയ്ക്ക് ഇടംകണ്ണിട്ടവൾ ചെക്കനെ ഒരിക്കൽ കൂടി നോക്കി. അവന്റെ ഓവർ സ്മാർട്ട് കാരണം അത്ര പണം നഷ്ടമായതിൽ അവന് നിരാശയുണ്ടോ എന്നറിയുകയായിരുന്നു അവളുടെ ലക്ഷ്യം. പ്രത്യേകിച്ച് ഒരു ഭാവവും ആ മുഖത്ത് കാണാതെ അവൾ വിഷണ്ണയായി. പകയോടെ തന്നെ അവൾ കാറിൽ കയറി ഇരുന്നു. ഡ്രൈവർ വണ്ടി എടുത്തു. ആ കൂര പിന്നിലേക്ക് നീങ്ങി തുടങ്ങി. അവസാനം ഒരു ബോർഡ് മാത്രം കാണാമെന്നായി ''കഞ്ഞിക്കട''– ''കഞ്ഞിക്കടയെന്നാണോ ആ കടയുടെ പേര്'' അവൾ ഡ്രൈവറോട് തിരക്കി.

''അതേ മാഡം. ഭയങ്കര ഫെയിമസാ ആ കട. ഭയങ്കര പണക്കാരാ . പണ്ട് കഞ്ഞിക്കട മാത്രമായിരുന്നു. ഇപ്പം ഒരുപാട് സ്ഥാപനങ്ങളും ഹോട്ടലുകളുമൊക്കെയുണ്ട്. ടൗണിലെ ചിത്തിരമാൾ ഇവരുടേതാ''. രത്നയ്ക്ക് തന്റെ അഹന്ത ബലൂണിലൊരു കുത്തു കിട്ടിയത് പോലെ തോന്നി.

''ആ ചെക്കനില്ലെ അവനെ അവരാ മുന്നിൽ കാണുന്ന യത്തീംഖാനയിൽ നിന്ന് ദത്തെടുത്തതാണ്. അവനെ കിട്ടിയതിനു ശേഷമാ കച്ചവടം കൂടി അവരൊന്നു പച്ചപിടിച്ചത്. എന്നാലും അവരാ കഞ്ഞിക്കട പൂട്ടിയില്ല. അവിടുത്തെ പഴം കഞ്ഞീം കപ്പേം കഴിക്കാൻ വരാത്ത സിനിമാക്കാരും രാഷ്ട്രീയക്കാരും വ്യവസായികളുമില്ല. ഭയങ്കര സ്വാദാ. കാശ് വാങ്ങില്ലവർ. ഇഷ്ടമുള്ളത് കൊടുത്താ മതി. പണക്കാർ കൊടുക്കുന്നത് മുഴുവൻ യത്തീഖാനയിലേക്ക് സംഭാവന കൊടുക്കും''. ഡ്രൈവർ പിന്നെയും എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. രത്ന തന്റെ അല്പത്തരമോർത്ത് മനസ്സ് മുറിഞ്ഞവളായിപ്പോയിരുന്നു. ഒന്നു വേണ്ടാരുന്നു. അവരുടെ നാലയൽവക്കത്ത് നിൽക്കാൻ ത്രാണിയില്ലാത്ത താൻ കാണിച്ച അഹങ്കാരമോർത്തവൾ ഉരുകി. പഠിച്ചതെല്ലാം തെറ്റിയിരിക്കുന്നു. ആർക്കും ആരെയും അളക്കാനാവില്ല. ഒന്നും വേണ്ടായിരുന്നു.

പിന്നെ മാഡം ആ ചെക്കൻ പൊട്ടനാ, എന്ന വാചകമാണവളെ വീണ്ടും ഉണർത്തിയത്. അതുകേട്ടവൾ നടുങ്ങിപ്പോയി. ഒരു ലക്ഷണം പോലും അവശേഷിപ്പിക്കാതെ ഒരു വായാടിയെപ്പോലെ അവൻ അഭിനയിച്ചു തകർത്തിരിക്കുന്നു. പെട്ടെന്ന് അവൾക്കവനോട് അലിവു തോന്നി. ഊമയായ അനാഥൻ. എങ്കിലും അവനു വന്നു ചേർന്ന ഭാഗ്യം അത് അത്ഭുതാവഹം തന്നെ. വീണ്ടും അവിടെ കയറണം. മനസ്സിലവൾ കുറിച്ചിട്ടു. പെട്ടെന്ന് അവന്റെ കണ്ണുകളെപ്പറ്റി അവൾ ഓർമ്മിച്ചു. അവയിൽ അലിവു നിറഞ്ഞു നിന്നിരുന്ന പോലെ അവൾക്ക് തോന്നി. അതവളെ കരയിച്ചു.

പണ്ടും ഇതേപോലെ ഒരാൾ തന്നെ കരയിച്ചിട്ടുണ്ട്. ഗ്രാമത്തിലെ സ്കൂളിൽ നിന്ന് പെട്ടെന്ന് ഒരുനാൾ നഗരത്തിലെ സ്കൂളിലേക്ക് പറിച്ചു നടപ്പെട്ട നാളുകൾ. അന്ന് താൻ 3–ാം ക്ലാസ്സിലാണ്. തീരെ കുട്ടി. കൂട്ടുകാരെ കിട്ടിതുടങ്ങുന്നതേയുള്ളൂ. ഒരു ദിവസം മൈതാനത്ത് കളിച്ചു കൊണ്ടിരിക്കുമ്പോൾ ആൺകുട്ടികളുടെ മുകൾ ഭാഗം കെട്ടി മറയ്ക്കാത്ത മൂത്രപ്പുരയിൽ നിന്ന് പുക ഉയർന്ന് വരുന്നതു കണ്ട് ഭയന്ന് അക്കാര്യം ടീച്ചറോട് പറഞ്ഞു. ടീച്ചറെത്തി മൂത്രപ്പുരയിലെ ആൺകുട്ടികളെ കൈയോടെ പിടികൂടി. അതിൽ 4–ാം ക്ലാസ്സുകാരൻ അരുണും ഉണ്ടായിരുന്നു. അരുണിനെ കണ്ടതും അടക്കി വച്ചിരുന്ന പക പുറത്തിറങ്ങി. വന്ന അന്നു മുതൽ അവൻ പിറകെയുണ്ട്. ഒരു അസംബ്ലി ദിവസം പ്രാർത്ഥനാ ഗാനം ചൊല്ലിയിറങ്ങുമ്പോഴാണ് ആദ്യമായി അവനെ ശ്രദ്ധിക്കുന്നത്. നരച്ച ബ്രൗൺ നിക്കറും ക്രീം ഷർട്ടുമിട്ടവൻ തന്നെ തന്നെ തുറിച്ചു നോക്കുന്നു. കണ്ണുകൾ പറിക്കുന്നേയില്ല. പിന്നെയൊരിക്കൽ മഴ നനഞ്ഞ മുറ്റത്ത് തെന്നി വീണ് മുട്ട് പൊട്ടിയപ്പോൾ അരുണാണ് വന്ന് എഴുന്നേൽക്കാൻ സഹായിച്ചത്. അവന്റെ കൈകളിലേക്ക് വേദനയോടെ കൈ വെയ്ക്കുമ്പോൾ അത്ര ചെറുപ്രായത്തിലും കൈ വിറച്ചു. പല്ലുകൾ മുഴുവൻ കാട്ടി ചിരിച്ച് അവനെന്തോ പറയാൻ തുടങ്ങുമ്പോഴേക്കും വേദന സഹിച്ച് കൊണ്ട് താൻ ഓടി ക്ലാസ്സിൽ കയറി. അസംബ്ലിയിൽ സത്യപ്രതിഞ്ജ ചൊല്ലില്ലാ, പ്രാർത്ഥനാ ഗാനം പാടില്ലാ. എന്തെങ്കിലും ചോദിച്ചാൽ വെളുക്കെ വെളുക്കെ ചിരിക്കും. ഇന്ന് അവൻ ടീച്ചറിന്റെ കയ്യിൽപ്പെട്ടിരിക്കുന്നു. നല്ല അവസരം തന്നെ. ഞാൻ ഓടി ടീച്ചറിന്റെ അരികിലെത്തി.

''ടീച്ചറേ, ദാ ഈ ചെക്കനാ എല്ലാരേം വിളിച്ച് ടോയ്‌ലറ്റിൽ കേറ്റി ബീഡി വലിപ്പിച്ചേ. അവൻ എല്ലാരേം വിളിച്ചോണ്ട് പോണത് ഞാൻ കണ്ടതാ. വലിയെടാ, വലിയെടാന്ന് പറഞ്ഞ് നിർബന്ധിച്ച് വലിപ്പിക്കുകയായിരുന്നു.''

ടീച്ചർ എന്നെ ഒന്ന് സൂക്ഷിച്ചു നോക്കി. ''നീ പറയുന്നത് സത്യമാണോ'', അതേ. ടീച്ചർ തന്നെയൊന്ന് സൂക്ഷിച്ചു നോക്കി, ''അതേ ടീച്ചർ ഞാൻ കണ്ടതാ'', കൈ നീട്ടി പറഞ്ഞതും അടി വീണതും ഒരുമിച്ചായിരുന്നു. ഞാൻ അമ്പരന്ന് നിൽക്കുമ്പോൾ ടീച്ചറിന്റെ ശബ്ദം വീണ്ടും പുറത്തു വന്നു.

''സംസാരിക്കാൻ വയ്യാത്ത ഈ കുഞ്ഞാണല്ലോ വലിക്കെടാന്ന് പറഞ്ഞ് ഇവരെ വലിപ്പിച്ചത്'', ചോദ്യം തീരും മുമ്പ് പാവാട ചേർത്ത് അടുത്ത അടി കിട്ടി. അടിയേക്കാൾ വേദന അവൻ സംസാരിക്കില്ലെന്ന അറിവായിരുന്നു അവളെ നോവിച്ചത്. ''വേണ്ടായിരുന്നു'', വെറുതെ നുണ പറഞ്ഞു. കുറ്റബോധം കൊണ്ട് മനസ്സുരുകിയത് പോലെ അന്നത്തെ അതേ ഉരുക്കം ഇന്നും. അതിൽ നിന്ന് മോചനം നേടാൻ ഒരുപാട് കാലമെടുത്തു. ഇന്നും അതേപോലൊരു വിഷമം. കണ്ണു നനയൽ. ഇതിൽ നിന്ന് രക്ഷ നേടാൻ തിരികെ വരുമ്പോൾ അവിടെ കയറണം. ആ വൃദ്ധയെയും പയ്യനെയും കാണണം. ജീവിതത്തിൽ ചിലതെല്ലാം ആവർത്തിക്കപ്പെടും. അവ തടയാൻ ആർക്കുമാവില്ല. എന്തു വന്നാലുമെല്ലാം ആസ്വദിക്കണം. ഇതും. രത്ന ആ പ്രഭാതത്തെപ്പറ്റി വീണ്ടും വീണ്ടും ഓർത്തുക്കൊണ്ടിരിക്കവെ അവൾക്കു തോന്നി ഇത് തന്റെ മാഗസിന് ഒരു സ്പെഷൽ സ്റ്റോറിക്കുള്ള വകയാണ്. എന്നാലും തന്റെ മാഗസിന്റെ കച്ചവടതന്ത്രങ്ങളിലേയ്ക്ക് ഒരു കഥ പോലെ ഈ സംഭവത്തെ തിരികി കയറ്റാൻ അവൾക്ക് മനസ്സുവന്നില്ല. പകരം ജീവിതം ആവർത്തിച്ചു തന്ന ആ കണ്ണുനീരിനെ അവൾ ആദരവോടെ ആസ്വദിച്ചു. ഒരു അനുഷ്ഠാനം ആവർത്തിക്കുന്ന പോലെ. ■

# ലോകത്തിന്റെ അമ്മ

അൽബേനിയയിൽ ജനിച്ചു ഭാരതത്തിന്റെയും പിന്നീട് ലോകത്തിലെ 150ൽപ്പരം രാജ്യങ്ങളിലെ അശരണർക്കു അമ്മയായ മദർ തെരേസ വിശുദ്ധ ആയി പ്രഖ്യാപിക്കപ്പെടുമ്പോൾ ആ കനിവിന്റെ ദൈവനിയോഗത്തെ ഇവിടെ സ്മരിക്കുകയാണ്.



തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വാർദ്ധക്യങ്ങൾക്കു മകളായും വേരുകൾ തിരിച്ചറിയാതെ വലിച്ചെറിയപ്പെടുന്ന അനാഥബാല്യങ്ങൾക്കും അമ്മയായും കൽക്കട്ടയിലെ തെരുവുകളിൽ സ്നേഹത്തിന്റെയും കനിവിന്റെയും പൂക്കൾ വിരിയുന്ന പൂന്തോട്ടം നിർമ്മിച്ച അമ്മ പിന്നീട് ‘ലോകത്തിന്റെ അമ്മ’ ആവുകയായിരുന്നു. കുഷ്ഠരോഗികളുടെ മുറിവുകൾ കെട്ടിവച്ചു അവരെ ആശ്ലേഷിച്ചു സുഖപ്പെടുത്തുമ്പോൾ അശരണതയുടെയും അനാഥത്വത്തിന്റെയും മനസ്സുകളിലെ മുറിവുകൾ കൂടിയാണ് അമ്മ ശുശ്രൂഷിച്ചത്. ലോകത്തിനു ഇനി ഇതുപോലൊരു ദൈവീകരൂപം ഉണ്ടാവും എന്ന് വിശ്വസിക്കുക പ്രയാസം.

മനുഷ്യൻ എന്ന ഒറ്റ ജാതിക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച അമ്മയുടെ പുഞ്ചിരിക്ക് മുന്നിൽ 100 കോടി പ്രണാമം.






# പ്രതിഷേധസമരം




ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ നടപ്പാക്കുക, അധികാര വടംവലിയിൽ വഴിമുട്ടിനിൽക്കുന്ന സി.ഡി.റ്റിനെ രക്ഷിക്കുക, അഴിമതിനിയമം അവസാനിപ്പിക്കുക, കോഴനിയമങ്ങൾ റദ്ദുചെയ്യുക എന്നീ പ്രധാന ആവശ്യങ്ങൾ മുൻനിർത്തി സി.ഇ.എ. 2016 നവംബർ 25-ന് സി.ഡി.റ്റ് മെയിൻ ഓഫീസിനുമുമ്പിൽ പ്രതിഷേധസമരം നടത്തി. സി.ഇ.എ. പ്രസിഡന്റ് സ. കടകംപള്ളി സുരേന്ദ്രൻ ഉത്ഘാടനം ചെയ്ത സമരപരിപാടിയെ അഭിസംബോധന ചെയ്തുകൊണ്ട് സ.














രാജേന്ദ്രകുമാർ (സി.പി.എം. ജില്ലാ കമ്മിറ്റിയംഗം), സ. ഹരികുമാർ (കോവളം എ.ഡി. സെക്രട്ടറി), സ. എ.ജെ.സുക്കാൾണോ (എ.ഡി. മെമ്പർ), സ. ജയൻ, സ. അനൂപ്, സ. സത്യൻ, സ. ഇബ്രാഹിം കുഞ്ഞ്, സ. ഉദയൻ, വിവിധ സർവീസ് സംഘടനാ ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു. സി.ഇ.എ. ജനറൽ സെക്രട്ടറി സ. ബി. സതീശൻ സ്വാഗതവും വൈസ് പ്രസിഡന്റ് സ. സജി നാരായണൻ നന്ദിയും രേഖപ്പെടുത്തി.






























# പ്രതിഷേധസമരം



ഷിജില മോഹൻ
ട്രെയിനി, സൈബർശ്രീ

# നിറങ്ങൾ



നിറങ്ങളാണെനിക്ക് ചുറ്റിലും
നീ..നീലയെന്ന എന്നോളം പോന്ന സത്യത്തിന്റെ
തുടിപ്പുകൾ, എന്നെയറിയിച്ചുകൊണ്ടിരിക്കുന്ന നിറങ്ങൾ
പ്രണയത്തിന്റെ നനുത്ത നൂലുകളാൽ ഞാൻ നെയ്തെടുത്ത
മന്ത്രകോടിക്ക്
എന്റെ ഹൃദയരക്തത്തിന്റെ നിറം
എന്ന ഉത്തരത്തോടൊരു വാക്കിനു..
ഉടലിലെ ഉയിരിന്റെ ശുഭ്രതയുടെ നിറം
നീയല്ലാതൊന്നുമേ..
ആരുമേ എനിക്കില്ലെന്ന പ്രിയമാർന്നവളെന്ന
തിരിച്ചറിവിന് എന്റെ നൊമ്പരങ്ങളുടെ
നിറം
നിറങ്ങളാണെനിക്ക് ചുറ്റിലും
നീ എന്റേത് മാത്രമെന്ന്
നീ ഞാൻ തന്നെയെന്ന്
സദാ എന്നെ ഓർമ്മിപ്പിക്കുന്ന നിറങ്ങൾ



വിപിൻ
മാർക്കറ്റ് ട്രെയിനി, സൈബർശ്രീ

# നിഴൽ

വെളിച്ചം നിറഞ്ഞ മുറിയിൽ അയാൾ ഒറ്റയായി, ഞാൻ നിഴലുകളെ തോൽപ്പിച്ചിരിക്കുന്നു. അയാൾ ഉറക്കെ ചിരിച്ചു. ചിരിയുടെ അലകടലിന്റെ അവസാനത്തിൽ പണ്ടൊരു കിഴവൻ കടൽ തിരകളോട് പറഞ്ഞ വാക്കുകൾ ചുവരിൽ ദുർബലമായിക്കിടന്ന നിഴൽ അയാളോട് പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു: നിനക്കെന്നെ തോൽപ്പിക്കാം പക്ഷെ നശിപ്പിക്കാനാവില്ല അപ്പോൾ മുതൽ അയാൾ ഒറ്റയല്ലാതായി



# കടൽ

അമൃത ബി.
D/o. ബിനു, സൈബർശ്രീ)



എന്തു മനോഹരിതയാർന്ന കടൽ
ആ കടൽക്കരയുടെ ശാന്തത
എന്റെ മനസ്സിനെയുണർത്തുന്നു
എന്തിനോ വേണ്ടി താളം പിടിക്കുന്ന തിരമാലകൾ
എന്തിനോ വേണ്ടി ആഞ്ഞുവീശുന്ന കടൽക്കാറ്റ്
ആർക്കോവേണ്ടിയുദിച്ചുവരുന്ന സൂര്യൻ
എന്തിനൊക്കെയോ വേണ്ടി പാറിപറക്കുന്ന പക്ഷികൾ
ഞാനും ആർക്കോ വേണ്ടി എന്തിനോ വേണ്ടി
എന്റെ ഉള്ളിലിരിക്കുന്ന മനസ്സിനെ
ഉണർത്താനായി ഇവിടെക്കൊരു തിരമാലയായി



**പ്രീത എസ്.നായർ**
സൈബർശ്രീ

# പുത്രദുഃഖം

മനുഷ്യനായ് പിറന്നവൻ മാനസം പിളർന്നവൻ
നിറത്തിനാധീനനായ് ജാതിയും തിരിച്ചവൻ
നിറത്തിനധീനമായ് തൊഴിലും പകുത്തവർ
തൊഴിലിനാധീനനായ് ജാതിയും പുലർത്തിയോൻ

ദൈവത്തെ മറയാക്കി മതത്തെ തിരിച്ചവൻ
മതത്തിൽ വേറിട്ടൊന്ന് ദൈവത്തെ മാനവൻ
ദൈവത്തിൻ വചനങ്ങൾ മാറ്റി മറിച്ചവൻ
ദൈവത്തിൻ പേരിൽ പുതു നിയമം തീർക്കുന്നവൻ

മതത്തിൻ രൂപത്തിൽ ദൈവത്തെ കാണുന്നവൻ
മതങ്ങൾ തൻ മേൽത്തിരിനാധികാരം പേറുന്നവൻ
ജാതിയും മതവും തീർത്ത മാനസ വിഭ്രാന്തിയിൽ
മാനവൻ ഭൂമിയെ കുരുതിക്കളമായ് തീർക്കുന്നല്ലോ

അമ്മതൻ നെഞ്ചിൽ തന്നെ താണ്ഡവമാടുന്നവൻ
അമ്മതൻ നെഞ്ചകം തന്നെ പോർക്കളമാക്കുന്നവൻ
മക്കൾ തൻ പോരു കണ്ടു നെഞ്ചകം നീറുന്നൊരാ-
അമ്മതൻ ദുഃഖം അണയാത്തൊരഗ്നിയായ് മാറിടുന്നു.





ഷെജിത്കുമാർ ആർ,
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

# ഗുണ്ടർട്ടിന്റെ സ്വന്തം നാട്

തിരൂർ തുഞ്ചൻ പറമ്പിലെ മലയാള ഭാഷയുടെ പിതാമഹനായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ പേരിലുള്ള മലയാള സാഹിത്യ മ്യൂസിയം വിപുലീകരണവുമായ് ബന്ധപ്പെട്ട് സി-ഡിറ്റ് കുറേ അധികം ഡോക്യുമെന്ററികൾ തയ്യാറാക്കി വരികയാണ്. ഡോക്യുമെന്ററിയുടെ ചിത്രീകരണവുമായി ബന്ധപ്പെട്ട് കേരളം മുഴുവൻ യാത്രയിലാണ് ഞങ്ങൾ. സി-ഡിറ്റിന്റെ കമ്മ്യൂണിക്കേഷൻ ഡിവിഷനിൽ ജോലി കിട്ടിയതിൽ ഏറ്റവും വലിയ ഗുണം മനോഹരമായ ഇത്തരം യാത്രകളിൽ പങ്കാളി ആകാൻ സാധിക്കുന്നു എന്നുള്ളതാണ്. മ്യൂസിയത്തിലേക്കുള്ള ഡോക്യുമെന്ററികളിൽ ഒരെണ്ണം മലയാളത്തിന്റെ വളർത്തച്ഛനും മലയാള അച്ചടിയുടെ പിതാവുമായ റവറന്റ് ഡോ. ഹെർമൻ ഗുണ്ടർട്ടിനെക്കുറിച്ചുള്ളതാണ്.

എ ഡി 1814ൽ ജർമ്മനിയിലെ ലെസ്റ്റഡ്ഗഡിൽ ജനിച്ച ഹെർമ്മൻ ഗുണ്ടർട്ട് തന്റെ 22-ാം വയസ്സിൽ ഒരു നിയോഗം പോലെയാണ് ഇന്ത്യയിൽ എത്തിപ്പെട്ടത്. ഗുണ്ടർട്ടിന്റെ പിതാവായ ലുഡ്‌വിഗ് ഗുണ്ടർട്ട് പ്രസിദ്ധീകരിച്ചിരുന്ന ഒരു മാസികയിലെ വിചിത്ര ചിത്രങ്ങളിലൂടെയാണ് ഗുണ്ടർട്ട് ആദ്യമായ് ഇന്ത്യയെ അറിയുന്നത്. എ ഡി 1836ൽ മതപ്രചരണാർത്ഥം ഇന്ത്യയിൽ (മദ്രാസ്സിൽ) എത്തിയ ഗുണ്ടർട്ട് മംഗലാപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബാസ്സൽ ഇവാഞ്ചലിക്കൽ മിഷനിൽ അംഗമായി. മദ്രാസ്സിൽ നിന്നും മംഗലാപുരത്തേക്കുള്ള തന്റെ യാത്രക്കിടയിലാണ് ആദ്യമായ് അദ്ദേഹം മലയാള ഭാഷ കേൾക്കുന്നത്. തമിഴും, തെലുങ്കും, കന്നടയും, പ്രാകൃത മലയാളവും അടങ്ങിയ ദ്രാവിഡഗോത്രത്തിലെ മലയാള ഭാഷയോട് കൗതുകം തോന്നിയ അദ്ദേഹം ഒരു വർഷത്തിനു ശേഷം തലശ്ശേരിയിലേക്ക് താമസം മാറുകയായിരുന്നു.

തലശ്ശേരിയിലെ ജഡ്ജി ആയിരുന്നു തോമസ്സ് സ്ട്രെയ്ഞ്ച്. അദ്ദേഹം താമസ്സിച്ചിരുന്ന ഇല്ലിക്കുന്നിലെ ബംഗ്ലാവ് ഗുണ്ടർട്ടിന് താമസ്സിക്കുന്നതിനും മിഷനറി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുമായ് നൽകുകയുണ്ടായി. തലശ്ശേരി-കുയ്യാലി പുഴയുടെ തീരത്ത് കാറ്റിന്റെ ഗതിക്കൊപ്പം സംഗീതം പൊഴിക്കുന്ന ഇല്ലിക്കാടുകൾക്ക് നടുവിൽ തല ഉയർത്തി നിൽക്കുന്ന ഈ ബംഗ്ലാവ് ഇന്ന് മലയാള ഭാഷാ സ്നേഹികളുടെ തീർത്ഥാടന കേന്ദ്രമാണ്. ഷൊർണ്ണൂർ സി എസ്സ് ഐ സഭയ്ക്ക് കീഴിലുള്ള ഈ ബംഗ്ലാവിൽ ഇന്ന് എൻ ടി ടി എഫ്ന്റെ പ്രാദേശിക പഠന കേന്ദ്രമാണ് പ്രവർത്തിക്കുന്നത്. അത്യധികം ആഹ്ലാദത്തോടെ ചിത്രീകരണത്തിനായ് എത്തിയ ഞങ്ങൾക്ക് സി എസ് ഐ സഭയുടെ അനുവാദം ഇല്ലാതെ ഇവിടം ചിത്രീകരിക്കാനാകില്ല എന്ന മറുപടിയാണ് ലഭിച്ചത്. മലയാളത്തിന്റെ ആദ്യ പത്രങ്ങളായ രാജ്യസമാചാരവും പശ്ചിമോദയവും പിറവി എടുത്ത മലയാള ഭാഷയ്ക്ക് അച്ചടി ഭാവം കൈവന്ന ഈ ഭൂമിക ചിത്രീകരിക്കാനാകാതെ ഗുണ്ടർട്ടിനെക്കുറിച്ചുള്ള ഡോക്യുമെന്ററി പൂർത്തിയാക്കാനാകില്ല.

ഡോക്യുമെന്ററി സംവിധായകനായ സപ്നേഷ് ചേട്ടൻ പലരെയും വിളിച്ച് അനുവാദത്തിനായ് അന്വേഷിക്കുന്നുണ്ടായിരുന്നു. ഇതിനിടയിലാണ് ഡോ ജോളി ഫ്രാൻസിസ് എന്ന സി എസ് ഐ പുരോഹിതന്റെ നമ്പർ തലശ്ശേരിയിലെ ചരിത്ര പ്രസിദ്ധമായ ബാസ്സൽ ഇവാഞ്ചലിക്കൽ മിഷന്റെ സ്കൂളിലെ അദ്ധ്യാപകനിൽ നിന്നും അദ്ദേഹത്തിന് ലഭിക്കുന്നത്. ഉടൻ തന്നെ ഫാദറെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ സ്കൂളിന് സമീപത്തെ വീട്ടിലേക്ക് വരാൻ ആവശ്യപ്പെട്ടു. ഞങ്ങൾ അവിടെ എത്തുമ്പോൾ, ഗുണ്ടർട്ടിനേയും മലയാള ഭാഷയേയും ആരാധിക്കുന്ന ലളിത വസ്ത്രധാരിയായ ഒരു സാധാരണക്കാരൻ ഞങ്ങളേയും കാത്ത് സ്കൂൾ പരിസരത്ത് നിൽക്കുന്നുണ്ടായിരുന്നു. പ്രായം തളർത്താത്ത ആവേശവുമായി ഗുണ്ടർട്ടിനെക്കുറിച്ചും അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും ഏറെ വാചാലനായ ആ മനുഷ്യൻ പിറ്റേ ദിവസം ഇല്ലിക്കുന്നിലെ ബംഗ്ലാവിൽ കാണാമെന്നു പറഞ്ഞ് ഞങ്ങളെ യാത്രയാക്കി. അടുത്ത ദിവസം ഇല്ലിക്കുന്നിൽ എത്തിയ ഞങ്ങൾ പുരോഹിത വേഷധാരിയായ ഫാദർ ജോളി ഫ്രാൻസിസിന്റെ സഹായത്താലും അദ്ദേഹത്തിന്റെ വിവരണത്തോടും കൂടി ഗുണ്ടർട്ട് താമസ്സിച്ചിരുന്ന ആ ബംഗ്ലാവും അതിനോട് ചേർന്ന് അദ്ദേഹം പുരോഹിതനായിരുന്ന മനോഹരമായ നെട്ടൂർ ദേവാലയവും മുഴുവനായും ഞങ്ങൾ ചിത്രീകരിച്ചു. ഗോഥിക് നിർമ്മാണ ചാരുതയുള്ള ആ

ദേവാലയവും പരിസരവും ഒരു തവണയെങ്കിലും കണ്ടിരിക്കേണ്ട ഇടം തന്നെയാണ്. ഇവിടെ വച്ചാണ് ഗുണ്ടർട്ട് മലയാള ഭാഷയുടെ തലവര മാറ്റിയ മലയാള ഭാഷാ വ്യാകരണ ഗ്രന്ഥം രചിച്ചത്. ദൈവനിയോഗം പോലെ ഞങ്ങളോടൊപ്പം ചേർന്ന ഫാ.ജോളി ഫ്രാൻസിസിൽ നിന്നും ഗുണ്ടർട്ട് നെട്ടൂരിൽ സ്ഥാപിച്ച നെയ്ത്തുശാലയെക്കുറിച്ചും അച്ചടിശാലയെക്കുറിച്ചും പ്രാഥമിക ശുശ്രൂഷകേന്ദ്രത്തെക്കുറിച്ചും അറിയാൻ കഴിഞ്ഞു. ഒരു കാലത്ത് തലശ്ശേരിയിൽ നിന്നും പല രാജ്യങ്ങളിലേക്കായി വ്യാപിച്ച ഇല്ലിക്കുന്ന് തോർത്ത് ഗുണ്ടർട്ടിന്റെ നെയ്ത്തു ശാലയിൽ നിന്നാണ് പിറവി എടുത്തത്. ഫാ.ജോളി ഫ്രാൻസിസിനോട് യാത്ര പറഞ്ഞ് ഞങ്ങൾ പോയത് ചൊക്ലി കവിയൂർ ദേശത്തെ ഊരാച്ചേരി ഗുരുക്കന്മാരുടെ ആരൂഢത്തിലേക്കാണ്.

ഗുണ്ടർട്ടിന് മലയാള ഭാഷയുടെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ചത് ഊരാച്ചേരി ഗുരുക്കന്മാരാണ്. ഊരാച്ചേരി ഗുരുക്കന്മാർ എഴുതിയ താളിയോല ഗ്രന്ഥങ്ങളും എഴുത്താണിയും മുൻ ഫോക്‌ലോർ അക്കാദമി ചെയർമാനായ കവിയൂർ രാജഗോപാലൻ മാഷിന്റെ നേതൃത്വത്തിൽ പ്രവൃത്തിക്കുന്ന ഊരാച്ചേരി ഗുരുക്കൾ സ്മാരക കേന്ദ്രത്തിൽ ഇന്നും ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. ഊരാച്ചേരി വല്യ ഗുരുക്കളുടെ എഴുത്താണിയിൽ നിന്നും ഗുണ്ടർട്ടിന്റെ അച്ചടിശാലയിലെ കല്ലച്ചിലേക്ക് പകർത്തപ്പെട്ട പദങ്ങളിൽ നിന്നാണ് മലയാള അച്ചടി ഭാഷ പിറവി എടുക്കുന്നത്. ഇവിടം ചിത്രീകരണം പൂർത്തിയാക്കി ഊരാച്ചേരി ഗുരുക്കന്മാർ ഉപയോഗിച്ച ചതുരക്കിണറിൽ നിന്നും തെളിനീർ കോരിക്കുടിച്ച് ഞങ്ങൾ യാത്ര തിരിച്ചത് തലശ്ശേരി കോട്ടയിലേക്കാണ്.

അതിപ്രാചീനമായ തലശ്ശേരിയുടെ നഗരവീഥികളിൽ ഇന്നും പഴമകൾ തലയുയർത്തി നിൽക്കുന്നു. ഒരു കാലത്ത് മലബാറിനേയും കേരളത്തേയും വിദേശ രാജ്യങ്ങളുമായ് വിളക്കി ചേർത്ത തുറമുഖ പട്ടണത്തിലെ കൂറ്റൻ പാണ്ടിക ശാലകൾക്ക് നടുവിലൂടെ യാത്ര ചെയ്ത് കടൽ പാലവും ചിത്രീകരിച്ച് ഞങ്ങൾ തലശ്ശേരി കോട്ടയിൽ എത്തി. എഡി 1708ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി നിർമ്മിച്ച കടലിനോട് ചേർന്ന് കിടക്കുന്ന ഈ കോട്ടയുടെ മുകളിൽ നിന്നും ഞങ്ങൾ കടൽ തീരത്തോട് ചേർന്ന് നിൽക്കുന്ന സെന്റ് ജോൺസ് ആംഗ്ലിക്കൻ ദേവാലയം ചിത്രീകരിച്ചു. ഈ ദേവാലയം നിൽക്കുന്ന സ്ഥലത്താണ് എഡ്വേർഡ് ബ്രണ്ണൻ എന്ന നാവികൻ കപ്പൽ ഛേദത്താൽ മൃതപ്രാണനായി തീരമണഞ്ഞത്. ബ്രണ്ണൻ പിന്നീട് ഗുണ്ടർട്ടിനോടൊപ്പം ചേർന്ന് തലശ്ശേരിയിലെയും മലബാറിലെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. സമകാലികരായിരുന്ന എഡ്വേർഡ് ബ്രണ്ണനും, ഹെർമ്മൻ ഗുണ്ടർട്ടും തലശ്ശേരിയുടെ സംസ്കാരത്തിനും മലയാളഭാഷയ്ക്കും നൽകിയ സംഭാവനകൾ വിവരിക്കാനാകാത്തതാണ്.


എഡ്വേർഡ് ബ്രണ്ണൻ തനിക്ക് രണ്ടാം ജന്മം നൽകിയ ഈ സ്ഥലത്ത് തന്നെ ഒരു പള്ളി പണിയണം എന്ന് തന്റെ വിൽപത്രത്തിൽ രേഖപ്പെടുത്തിയിരുന്നു. സെന്റ് ജോൺസ് ആംഗ്ലിക്കൻ ദേവാലയം പണിയുന്നതിനുള്ള തുകയും ഇതിൽ വകയിരുത്തിയിരുന്നു. കര കയറി വന്ന നാവികന് കടലിറങ്ങി പോയ മരണത്തിന് ഒരു സ്മാരകം. കടലിനഭിമുഖമായ് ഒരു ദേവാലയം അതാണ് സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് (ഇംഗ്ലീഷ് പള്ളി). ഈ മനോഹര ദേവാലയ മുറ്റത്ത് പടർന്ന് പന്തലിച്ച് കായ്ച്ചു കിടക്കുന്ന അത്തിമരം ഹൃദ്യമായ കാഴ്ചയാണ്. ഇതിന്റെ സമീപത്താണ് ബ്രണ്ണന്റെ അന്ത്യവിശ്രമ സ്ഥലം.

ഞങ്ങൾ പിന്നീട് പോയത് തലശ്ശേരി ക്രിക്കറ്റ് സ്റ്റേഡിയത്തോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള ഗുണ്ടർട്ടിന്റെ പൂർണ്ണകായ പ്രതിമ ചിത്രീകരിക്കാനാണ്. ജീവൻ തോമസ്സ് എന്ന ശിൽപിയുടെ കരവിരുതിന്റെ പ്രൗഢിയിൽ ഡോ.ഹെർമൻ ഗുണ്ടർട്ട് തന്റെ ഇഷ്ടദേശമായ തലശ്ശേരിയിൽ തലയുയർത്തി നിൽക്കുന്നു.

മലയാള ഭാഷാ സാഹിത്യം, പഴമ എന്നിവയെക്കുറിച്ച് ആധികാരിക പഠനങ്ങൾ നടത്തിയ ഗുണ്ടർട്ട് മലയാളത്തിന്റെ എക്കാലത്തെയും മികച്ച ചരിത്ര ഗ്രന്ഥങ്ങളായ കേരളോത്പ്പത്തി, കേരളപ്പെരുമ എന്നിവ ഉൾപ്പെടെ 13-ാളം പുസ്തകങ്ങൾ രചിച്ചു. അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ സംഭാവനയായ മലയാള ഭാഷാ നിഘണ്ടുവിൽ പദങ്ങളുടെ അർത്ഥം മാത്രമല്ല പ്രയോഗ വൈചിത്യവും, പദനിഷ്പത്തിയും വ്യക്തമാക്കുന്നു. ഏത് മലയാളിയേക്കാളും മലയാളത്തെ സ്നേഹിച്ച ജർമ്മൻ മിഷനറിയായ റവ.ഡോ.ഹെർമൻ ഗുണ്ടർട്ടിന്റെ സംഭാവനയാണ് നാമിന്നേറെ ആഘോഷിക്കുന്ന "Kerala, God's own country" എന്ന ആപ്തവാക്യം. മലയാള ഭാഷയ്ക്ക് ഇത്രയേറെ സംഭാവനകൾ നൽകിയ ഹെർമ്മൻ ഗുണ്ടർട്ടിന് ഉചിതമായ ഒരു സ്മാരകം ഇനിയും മലയാള മണ്ണിൽ ഉണ്ടായിട്ടില്ല എന്നത് നാമോരോരുത്തരും ചിന്തിക്കേണ്ട കാര്യമാണ്.

മലയാള ഭാഷയുടെ ആദ്യ പൊടിപ്പുകൾ തേടി സംവിധായകൻ സപ്നേഷ് വരച്ചലിനും ക്യാമറാമാൻ ജിതിൻ മാത്യുവിനുമൊപ്പം ഞങ്ങൾ ചുവർ ചിത്രങ്ങളാൽ സമൃദ്ധമായ പ്രാചീന ക്ഷേത്രമായ തൊടിക്കുളം ശിവക്ഷേത്രത്തിലേക്ക് യാത്രതിരിച്ചു. ■





**Kalarenjith J.S.**
OIP production




**Prathibha**
CyberSri



**Ruparani,**
Cybersri



**Jacob sunil**
CDSP..Courses Division



**Abhishek**
CyberSri



**Shiju P.S**
C.V.G.Courses Division



# പറയാൻ മറന്നത്

**അ**ന്ന് നല്ല മഴയുള്ള ദിവസമായിരുന്നു. നല്ല തണുപ്പുള്ളതിനാൽ പുതപ്പ് തലവഴി വലിച്ചു മൂടി ചുരുണ്ട് കിടന്നുറങ്ങാൻ തുടങ്ങി. അപ്പോഴാണ് കാതടപ്പിക്കുന്ന ഒരു ശബ്ദം .....മായേ..... മായേ........., മണിയെത്രയായെന്നാ വിചാരം ഇന്ന് സ്കൂളിൽ പോകേണ്ടതല്ലേ ? ... ഹൊ.... നശിപ്പിച്ചു. നല്ലൊരു സ്വപ്നമായിരുന്ന. ഈ അമ്മയ്ക്ക് വിളിച്ചുണർത്താൻ കണ്ട നേരം എന്നു പറഞ്ഞു കൊണ്ടവൾ പുറത്തേക്കുപോയി. കുളിച്ചു വൃത്തിയായി യൂണിഫോമൊക്കെ ഇട്ട് വന്നപ്പോഴേക്കും അമ്മ അവൾക്കുള്ള കാപ്പി തയ്യാറാക്കി കഴിഞ്ഞിരുന്നു. മേശപ്പുറത്ത് ആവി പറക്കുന്ന ചായയും ദോശയും......... ഇതെന്താ ‘‘ ഈ വീട്ടിൽ ഇന്നലെയും ദോശയായിരുന്നല്ലോ? എന്നുമൊരു ദോശ എന്നു പിറുപിറുത്തുകൊണ്ട് അവൾ ദേഷ്യത്തോടെ ബാഗുമെടുത്ത് പുറത്തേക്കിറങ്ങി.

മുറ്റത്തു നോക്കിയപ്പോൾ ചെടിച്ചട്ടിയിൽ ചുവന്ന റോസപൂത്തു നിൽക്കുന്നു. ചുവന്ന റോസാപ്പൂക്കൾ മായയ്ക്ക് വളരെ ഇഷ്ടമായിരുന്നു. അവളാ പൂവിനെ ഒന്നു തലോടിയ ശേഷം അവിടെ നിന്നിറങ്ങി നടക്കാൻ തുടങ്ങി. അപ്പോഴാണ് തൊട്ടടുത്ത വീട്ടിൽ ഒരു ലോറിയും പിന്നെ കുറച്ച് ആൾക്കാരും കൂടി നിൽക്കുന്നതുകണ്ടു. തൊട്ടപ്പുറത്തായി ഒരു കാറും നിർത്തിയിട്ടിരിക്കുന്നു. കണ്ടിട്ട് പുതിയ താമസക്കാരാണെന്നു തോന്നു എന്നു ചിന്തിച്ചു കൊണ്ടവൾ വേഗം സ്കൂളിലേക്ക് നടക്കാൻ തുടങ്ങി.

സയൻസ് ടീച്ചർ അന്ന് മഷിത്തണ്ടിനെക്കുറിച്ചാണ് പഠിപ്പിച്ചത്. എല്ലാവരും മഷിത്തണ്ട് കണ്ടിട്ടുണ്ടോ ? ടീച്ചർ ചോദിച്ചു. ചിലർ പറഞ്ഞു കണ്ടിട്ടുണ്ട്. ചിലർ കണ്ടിട്ടില്ല എന്നും. ടീച്ചർ ഒരു മഷിത്തണ്ട് ചെടി ക്ലാസിൽ കൊണ്ടുവന്നു എല്ലാവർക്കും കാണിച്ചു കൊടുത്തു. എന്നിട്ടവർക്കു ഹോംവർക്കും കൊടുത്തു. മഷിത്തണ്ടിന്റെ പ്രത്യകതകളെക്കുറിച്ച് സയൻസ് ഡയറിയിൽ രേഖപ്പെടുത്തുക.

വൈകിട്ട് സ്കൂൾ വിട്ടുവന്ന മായ അമ്മയോട് ചോദിച്ചു. ‘‘ അമ്മേ അടുത്ത വീട്ടിൽ താമസക്കാർ വന്നോ? ങാ.. വന്നൂന്നാ തോന്നുന്നെ.... അവിടെ ചില ബഹളങ്ങളൊക്കെ കേൾക്കുന്നുണ്ട്, പക്ഷേ പുറത്തെങ്ങും ആരെയും ഇതുവരെ കണ്ടില്ലാ. നീയിപ്പൊ അങ്ങോട്ടൊന്നും പോകണ്ട. വന്ന് വേഷം മാറി വല്ലതും കഴിക്കാൻ നോക്ക് ’’ ഇത്രയും പറഞ്ഞുകൊണ്ട് അമ്മ അടുക്കളയിലേക്ക് പോയി.



**സുസ്മിത**
ഡി.ഡി.എം.പി



മഷിത്തണ്ട് അന്വേഷിച്ചു മായ തൊടിയിലേക്കിറങ്ങി. തൊടിയിലൂടെ നടക്കുമ്പോഴും അവളുടെ മനസിൽ ആ വാടകവീടായിരുന്നു. ആരാവാം അവിടത്തെ പുതിയ താമസക്കാർ ഒന്നു പോയി നോക്കിയാലോ ? അല്ലെങ്കിൽ വേണ്ട നേരം സന്ധ്യയാകാറായി. വിളക്ക് കത്തിക്കാനുള്ളതാ. വെറുതെ അമ്മയെ ദേഷ്യം പിടിപ്പിക്കണ്ട. അങ്ങനെ അവൾ കുറച്ച് മഷിത്തണ്ടുകളുമെടുത്ത് വീട്ടിലേക്കു നടന്നു. മഷിത്തണ്ടുകളെ ഒരു കുപ്പിയിൽ വെള്ളമൊഴിച്ച് അതിലേക്ക് ഇട്ട് അവളുടെ മുറിക്കുള്ളിൽ കൊണ്ടുവച്ചു.

സന്ധ്യക്ക് വിളക്കു കൊളുത്തി പ്രാർത്ഥിച്ചശേഷം അവൾ പഠിക്കാനിരുന്നു. ജനലിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ തൊട്ടടുത്ത വീട്ടിലും വെളിച്ചം കാണുന്നുണ്ടായിരുന്നു. ഇത്രയും നാൾ ഇരുൾ മൂടികിടന്നിരുന്ന ആ വീട് വെളിച്ചത്തിൽ കണ്ടപ്പോൾ ഒരു പ്രത്യേക ഭംഗി തോന്നി. ജനലിലൂടെ ആ കാഴ്ച കണ്ടാസ്വദിച്ചു നിൽക്കുമ്പോഴാണ് പെട്ടെന്നത് സംഭവിച്ചത്. ' കറന്റ് പോയി' ചുറ്റിലും കൂരിരുട്ട് ആ ഇരുട്ടിൽ തപ്പുന്നതിനിടയിൽ എന്തോ ഒന്ന് പച്ചനിറത്തിൽ തിളങ്ങുന്നതായി അവളുടെ ശ്രദ്ധയിൽപ്പെട്ടു. അവൾ പതിയെ അതിനടുത്തേക്ക് നീങ്ങാൻ തുടങ്ങി. അപ്പോഴേക്കും കറന്റും വന്നു. കറന്റുവന്നപ്പോഴാണ് മനസ്സിലായത് ആ തിളങ്ങിയത് മഷിത്തണ്ടായിരുന്നു എന്നത്. ഇരുട്ടിൽ തിളങ്ങുന്ന മഷിത്തണ്ടിനെക്കുറിച്ച് അവൾ തന്റെ സയൻസ് ഡയറിയിൽ രേഖപ്പെടുത്തി.

പിറ്റേ ദിവസം രാവിലെ അവൾ സ്കൂളിലേക്കു പോകും വഴി ആ വീട്ടിലേക്കു നോക്കുന്നുണ്ടായിരുന്നു. ടീച്ചർ പഠിപ്പിച്ചുകൊണ്ട് നിൽക്കുമ്പോൾ ക്ലാസിലേക്ക് ഹെഡ്മാസ്റ്റർ ഒരു കുട്ടിയേയും കൂട്ടി കടന്നുവന്നു. എന്നിട്ട് പറഞ്ഞു 'ഇത് മനു ഇനി മുതൽ ഇവൻ ഈ ക്ലാസിലാ'. ടീച്ചർ മനുവിനെ പരിചയപ്പെടാൻ തുടങ്ങി. കൂട്ടത്തിൽ മായയും അവനെ പരിചയപ്പെട്ടു. വൈകിട്ട് സ്കൂൾ വിട്ടപ്പോൾ മനുവിനെയും കാത്ത് അച്ഛൻ സ്കൂൾ വരാന്തയിൽ നിൽക്കുന്നുണ്ടായിരുന്നു. മനു അച്ഛന് മായയെ പരിചയപ്പെടുത്തികൊടുത്തു. 'ഇത് മായ, ഞങ്ങളെ വീടിന്റെ തൊട്ടപ്പുറത്താണ് താമസം' ആഹാ... നിനക്ക് കൂട്ടായല്ലൊ, ഇനി മുതൽ നിങ്ങളൊന്നിച്ച് പൊയ്ക്കൊള്ളുമല്ലൊ എന്ന് അച്ഛൻ പറഞ്ഞു. പിറ്റേ ദിവസം മുതൽ അവർ ഒരുമിച്ചായിരുന്നു സ്കൂളിലേക്ക് പൊയ്ക്കൊണ്ടിരുന്നത്.

അങ്ങനെ കുറെ വർഷങ്ങൾ കടന്നു പോയി. സ്കൂൾ ജീവിതമൊക്കെ അവസാനിച്ചു. മായ നാട്ടിലെ കൊളേജിൽ ഡിഗ്രിക്ക് ചേർന്നു. മനുവിനാകട്ടെ എം.ബി.ബി.എസ്സിന് അഡ്മിഷൻ കിട്ടിയത് ബാഗ്ലൂരിലെ കോളേജിലാണ്. അങ്ങനെ മനു എല്ലാവരോടും യാത്ര ചോദിച്ചു. ഇനി നമ്മൾ എങ്ങനെയാ കാണുക? നിനക്കെന്നെ കാണണമെന്ന് തോന്നുമ്പോൾ ആകാശത്തിലേക്ക് നോക്കുക. അവിടെ കാണുന്ന ഒറ്റയ്ക്ക് തിളങ്ങി നിൽക്കുന്ന ഒരു നക്ഷത്രമുണ്ട് അതാണ് ഞാൻ അവിടെ നിന്ന് ഞാൻ നിന്നെ നോക്കി ചിരിച്ചു കൊള്ളാം. ഇത്രയും പറഞ്ഞ് അവൾ പൊട്ടിച്ചിരിച്ചു. മനു ബാംഗ്ലൂരിലേക്ക് പോയെങ്കിലും ഇടയ്ക്കിടയ്ക്കുള്ള കത്തുകളായിരുന്നു അവർക്കിടയിലെ ഏക ആശ്വാസം. പെട്ടെന്നൊരു ദിവസം മനുവിന് മായയുടെ കത്ത് കിട്ടി. വെറും രണ്ടുവരി മാത്രമായിരുന്നു. ആ കത്തിൽ എനിക്കു നിന്നെയൊന്നു കാണണം വരുമ്പോൾ ഒരു ചുവന്ന റോസാപ്പൂവും കൊണ്ടുവരണം. കത്ത് വായിച്ച മനുവിന് ഇത് അവളുടെ ഒരു കുസൃതിയായേ തോന്നിയുള്ളു എങ്കിലും അവൻ അവളെ കാണാനായി യാത്ര പുറപ്പെട്ടു. യാത്രയിലുടനീളം അവൻ ആലോചിച്ചു എന്തിനായിരിക്കാം അവളിപ്പോൾ ഇങ്ങനെ ആവശ്യപ്പെട്ടത്. ഇത്രയും നാൾ ഞാൻ മനസിലൊളിപ്പിച്ചിരുന്നത് അവൾ എങ്ങനെയൊ അറിഞ്ഞു. ഇന്ന് എന്തായാലും അവളോട് എല്ലാം തുറന്നു പറയണം എന്ന് തീരുമാനിച്ചുറച്ചായിരുന്നു അവൻ ട്രെയിനിറങ്ങിയത്.

മായയുടെ വീട്ടിലെത്തി മനുവിന് അവിടെയെന്താണ് നടക്കുന്നതെന്ന് മനസ്സിലായില്ല. മുറ്റത്ത് അപ്രതീക്ഷിതമായി ഒരാൾക്കൂട്ടം ആൾക്കൂട്ടത്തിനിടയിലൂടെ നടന്ന് അവൻ വീടിന്റെ വരാന്തയിലെത്തി, വരാന്തയിൽ ചുവന്ന പട്ടു പുതച്ച് വാഴയിലയിൽ കിടത്തിയിരിക്കുന്ന മായയെ അവൻ ഒരു നോക്കു കണ്ടു. അവൾക്കായി കൊണ്ടുവന്ന ചുവന്ന റോസാപ്പൂവ് അവളുടെ കാൽക്കൽ വച്ച് അവൻ നടന്നുനീങ്ങി.

കളിവാക്കാണെങ്കിലും അവളുടെ വാക്കുകൾ അന്നു മുതൽ യാഥാർത്ഥ്യമായി. പിന്നീടുള്ള ഓരോ ദിവസങ്ങളിലും അവൻ ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കി നിൽക്കുമായിരുന്നു. അവൾ പറഞ്ഞ ആ നക്ഷത്രം അവനെ മാത്രം നോക്കി അപ്പോഴും ചിരിക്കുന്നുണ്ടായിരുന്നു. എല്ലാം മായപോലെ.......

■



**രാജേശ്വരി ആർ.**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

# സൂര്യതപസ്വിനി

**ചെ**ളിയിലാണുനിൻ ജന്മമെങ്കിലും
നിൻവാസം തേവർതൻ തിരുനെറ്റിയിൽ...
ദേവകൾതൻ ശിരസ്സിലമർന്നതും നീ തന്നെ
ബ്രഹ്മപീഠവും നീ തന്നെ അല്ലെ...

നീലജലാശയ ചേറിൽ വേരൂന്നി ചമ്രപത്രങ്ങളായ്
ഗർവ്വോടെ ശിരസ്സൊന്നുയർത്തി കൈക്കൂപ്പി-
സൂര്യനെ പകലന്തിയോളം ധ്യാനിച്ചിരിക്കുമീ...
നിന്നെയാണ് സൂര്യനേറെ ഇഷ്ടം.

സുന്ദരഭാവനയേറീടുകിൽ കവിതൻ-
ചിത്തത്തിൽ നിൻ ചാരുതയോർത്തീടുമാദ്യം തന്നെ
രാമായണത്തിലും ശാകുന്തളത്തിലും
നിന്നെവർണ്ണിച്ചവരരേറെ തന്നെ....

അമ്മതൻമടിയിൽ കുഞ്ഞോമനപൈതങ്ങൾ
പുഞ്ചിരി തൂകി കളിച്ചീടും പോലെ -
നീലത്തടാകത്തിങ്കലങ്ങിങ്ങായ്  മൊട്ടിട്ടു-
നിൽക്കുന്ന നിൻ ചാരുത കണ്ടാൽ
വാനിലെ താരകങ്ങളൂഴിയിൽ
വന്നുപതിച്ചതായ് തോന്നിപോകും....

പൂത്തുവിടർന്നു വിലസും നിൻസൗരഭ്യം
പാരിൽ പരന്നീടവെ-
ഭൃംഗങ്ങളൊക്കെയും പ്രേമാദ്രഭാവത്താൽ
ഉൻമത്തചിത്തരായ് ചാരത്തണഞ്ഞീടുന്നു...

സൗരഭ്യ പൂമ്പൊടി നുകർന്നീടുവാൻ
ഭൃംഗങ്ങളെത്തീട്ടും പ്രണയാദ്രമായ്-
നിൻ മിഴികളപ്പോഴും  അർക്കനുനേരെ തന്നെ....
നിൻ ജന്മസാഫല്യനിറവതല്ലേ...

തമസിനെമറയ്ക്കുന്ന സൂര്യനെ പ്രണയിച്ച-
പുഷ്പമേ... അതിനാലാവാം നിൻപേർ താമര...






# About Fully Free (Free as in Freedom) GNU/Linux distributions



**Tanzeem M.B.**
Informatics Division

This write-up is about the GNU/ Linux distributions that are entirely free as in freedom. All of the distributions that follow are installable to a computer's hard drive; most can be run live (a live CD/DVD/USB is that which can be used to boot the OS even without getting installed in the hard disk drive). The Free Software Foundation(FSF) recommends and endorses these GNU/Linux distros( distro is a short form/ pet name for distributions), although FSF do not try to judge or compare them based on any criterion other than freedom; therefore, FSF list them in alphabetical order. FSF encourage you to read these brief descriptions and to consult their respective web sites and other information to choose the one best for you. These distros are ready-to-use full systems whose developers have made a commitment to follow the Guidelines for Free System Distributions.

**Free System Distribution Guidelines**

(GNU FSDG) The purpose of these guidelines is to explain what it means for an installable system distribution (such as a GNU/Linux distribution) to qualify as free (libre), and help distribution developers make their distributions qualify. These guidelines are not complete. FSF have mentioned the issues they are aware of now, but they're sure there are more. FSF will add them when they come across them. The Fedora Project has helped FSF in focusing these policies, and allowing to use their own distribution license guidelines as a basis for the GNU FSDG Document.

**Complete Distros**

The Free Software Foundation's list of distributions is a guide for systems you can install in a computer. Therefore, it only includes distributions that are complete in themselves and ready to use. If a distribution is incomplete — if it requires further development, or presupposes installing other software as well — then it is not listed here, even if it is free software. An exception to this requirement and to the self-hosting requirement above is for small system distributions, which are distros designed for devices with limited resources, like a wireless router

for example. Free small system distributions do not need to be self-hosting or complete, because it is impractical to do development on such a system, but it must be devel-

opable and buildable on top of a free complete system distribution from our list of distributions, perhaps with the aid of free tools distributed alongside the small system distribution itself.

**License Rules**

"Information for practical use" includes software, documentation, fonts, and other data that has direct functional applications. It does not include artistic works that have an aesthetic (rather than functional) purpose, or statements of opinion or judgement. All information for practical use in a free distribution must be available in source form. ("Source" means the form of the information that is preferred for making changes to it.) The information, and the source, must be provided under an appropriate free license ( https://www.gnu.org/philosophy/free-sw.html ) . FSF evaluate specific licenses and list our determinations in our license list ( https://www.gnu.org/licenses/license-list.html ) , with separate sections for licenses that are suitable for software, documentation, fonts, and other useful works. If such a work is released under a disjunction of licenses, the work is free as long as at least one of its licenses is free; the system developers should follow the terms of the applicable free license(s) when they distribute and/or modify it. A free system distribution must not steer users towards obtaining any nonfree information for practical use, or encourage them to do so. The system should have no repositories for nonfree software and no specific recipes for installation of particular nonfree programs. Nor should the distribution refer to third-party repositories that are not committed to only including free software; even if they only have free software today, that may not be true tomorrow. Programs in the system should not suggest installing nonfree plugins, documentation, and so on. A free system distribution should be self-hosting. This means that you must be able to develop and build the system with tools that the system provides you. As a result, a free



system distribution cannot include free software that can only be built by using nonfree software. There's a lot of code in most free system distributions today; the amount of effort it would take to audit it all directly is impractical for most teams. In the past, some nonfree code has accidentally been included in free system distributions. FSF don't delist distributions because of this; instead, FSF only ask that a distribution's developers make a good faith effort to avoid including nonfree software, and commit themselves to removing such programs if any are discovered. Certain kinds of license situations merit special attention for people creating or considering free software distributions; those are discussed in the sections below.

Nonfree Firmware Some applications and drivers require firmware to function, and sometimes that

**They vary from country to country, they're often worded so as to make it hard to tell what they do or don't cover, and it isn't easy to tell which ones are valid. Therefore, FSF don't generally ask free system distributions to exclude software because of possible threats from patents**

firmware is distributed only in object code form, under a nonfree license. FSF call these firmware programs "blobs." On most GNU/Linux systems, you'll typically find these accompanying some drivers in the kernel Linux. Such firmware should be removed from a free system distribution.

Blobs can take many forms. Sometimes, they will be provided in separate files. Other times, they may be incorporated into the source of the driver itself—for example, it could be encoded as a large array of numbers. But no matter how it's encoded, any nonfree firmware needs to be removed from a free system. (To be clear, not every array of numbers in a driver is firmware. It's important to understand the purpose of the data before deciding whether or not it's appropriate for a free system.) Brian Brazil, Jeff Moe, and Alexandre Oliva have developed a series of scripts to remove nonfree firmware ( http://www.fsfla.org/svn/fsfla/software/linux-libre/scripts/ )from a stock version of the Linux kernel. You may find them helpful if you would like to develop your own free GNU/Linux distribution—although FSF recommend joining development of an existing free distro rather than fragmenting effort by starting a new one. The complete source for a blob-free version of the Linux kernel is also available; you can learn more about this project from the Free Software Directory (http://directory.fsf.org/project/linux/).

Non-functional Data Data that isn't functional, that doesn't do a practical job, is more of an adornment to the system's software than a part of it. Thus, FSF don't insist on the free license criteria for non-functional data. It can be included in a free system distribution as long as its license gives you permission to copy and redistribute, both for commercial and non-commercial purposes. For example, some game engines released under the GNU GPL have accompanying game information—a fictional world map, game graphics, and so on—released under such a verbatim-distribution license. This

kind of data can be part of a free system distribution, even though its license does not qualify as free, because it is non-functional.

Trademarks Trademarks are associated with some software. For example, the name of a program may be trademarked, or its interface may display a trademarked logo. Often, the use of these marks will be controlled in some way; in particular, developers are commonly asked to remove references to the trademark from the software when they modify it. In extreme cases, these restrictions may effectively render the program non-free. It is unfair for someone to ask you to remove a trademark from modified code if that trademark is scattered all throughout the original source. As long as the practical requirements are reasonable, however, free system distributions may include these programs, either with or without the trademarks. Similarly, the distribution itself may hold particular trademarks. It is not a problem if modification requires removal of these trademarks, as long as they can readily be removed without losing functionality. However, it is unacceptable to use trademarks to restrict verbatim copying and redistribution of the whole distribution, or any part.



Documentation All the documentation in a free system distribution must be released under an appropriate free license. Additionally, it must take care not to recommend nonfree software. In general, something that helps people who already use nonfree software to use the free software better with it is acceptable, but something that encourages users of the free software to install nonfree software is not. For example, a free system distribution may have documentation for users setting up dual boot systems. It could explain how to access filesystems of the proprietary operating system, import settings from it, and so on. That would be helping people install a free system distribution on a machine which already has proprietary software, which is good. What would be unacceptable is for the documentation to give people instructions for installing a nonfree program on the system, or mention conveniences they might gain by doing so. For a borderline case, a clear and serious exhortation not to use the nonfree program would move it to the acceptable side of the line.

Patents It is effectively impossible for free software developers and distributors to know whether or not a given piece of software infringes any patents: there are too many of them, they vary from country to country, they're often worded so as to make it hard to tell what they do or don't cover, and it isn't easy to tell which ones are valid. Therefore, FSF don't generally ask free system distributions to exclude software because of possible threats from patents. On the other hand, FSF also don't object if a distributor chooses to omit some software in order to avoid patent risk.

No Malware The distro must contain no DRM, no back doors, and no spyware.

Commitment to Correct Mistakes Most distribution development teams don't have the resources to exhaustively check that their distribution meet all these criteria. Neither do FSF. So FSF expect distros to occasionally contain mistakes: nonfree software that slipped through, etc. FSF don't reject a distribution over mistakes. Our requirement is for the distribution developers to have a firm commitment to promptly correct any mistakes that are reported to them.

Maintenance To be listed, a distribution should be actively maintained, and should give the GNU Project a clear and specific way to report problems of nonfree software that FSF find out about. It should also inform us when the problems FSF have reported are fixed.

Name Confusion FSF will not list a distribution whose name makes confusion with nonfree distributions likely. For example, if Foobar Light is a free distribution and Foobar is a nonfree distribution, FSF will not list Foobar Light. This is because FSF expect that the distinction between the two would be lost in the process of communicating the message.

In particular, the principal name of the free distribution ("Foobar", in this example) should not be part of the name of any nonfree distribution. Some people have thought of adding the name "GNU" to a free distro name to distinguish it from a nonfree one. This has two problems. First, the two names would not be sufficiently different, since the principal word in both names would be the same. Second, this would promote a misunderstanding of what "GNU" means. GNU is an operating system, typically used with Linux as the kernel, and essentially all so-called "Linux" distributions are really GNU/Linux distributions. In this scenario, both versions are GNU/Linux, and it would be misleading to omit "GNU" from the name of one of them.

*(to be continued)*

# രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർക്കു യാത്രയയപ്പ്















2012 മെയ് മുതൽ സി-ഡിറ്റ് രജിസ്ട്രാർ ആയി സേവനം അനുഷ്ഠിച്ച് മാതൃവകുപ്പായ കോളേജിയറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലേക്കു തിരികെ ജോലിയിൽ പ്രവേശിച്ച ഡോ.എസ്.എ.ഷാജഹാനും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സ്ഥാനത്തു നിന്നും വിരമിച്ച ശ്രീമതി സൂസമ്മ മത്തായിക്കും മെയ് 31 ന് തിരുവല്ലം മെയിൻ ഓഫീസിൽ വച്ച് സമുചിതമായ യാത്രയയപ്പ് നൽകി. ശ്രീ.ജി.ജയരാജ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വിവിധ വകുപ്പുതലവൻമാർ ജീവനക്കാരുടെ പ്രതിനിധികൾ എന്നിവർ യാത്രാമംഗളങ്ങൾ നേർന്നു. സി.ഇ.എയുടെ ഉപഹാരം ജനറൽ സെക്രട്ടറി സ. ബി.സതീശൻ ഇരുവർക്കും നൽകി.











സി-ഡിറ്റ് മെയിൻ ഓഫീസിൽ അക്കൗണ്ട്സ് വിഭാഗത്തിൽ ഓഫീസ് അസിസ്റ്റന്റായിരുന്ന ശ്രീ. അനൂപ് വി.എസ്. തലശ്ശേരി മലബാർ കാൻസർ സെന്ററിൽ ജോലി ലഭിച്ചതിനെ തുടർന്ന് സി-ഡിറ്റിൽ നിന്നും രാജിവച്ചു. ശ്രീ.അനൂപിന് സി-ഡിറ്റ് മെയിൻ ഓഫീസിൽ വച്ചു ജൂൺ 20 നു നൽകിയ യാത്രയയപ്പിൽ സി.ഇ.എയുടെ ഉപഹാരം ജനറൽ സെക്രട്ടറി സ.ബി.സതീശൻ സമ്മാനിച്ചു. യാത്രയയപ്പു സമ്മേളനത്തിൽ രജിസ്ട്രാർ ശ്രീ. ജി. ജയ രാജ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. രമേഷ് ചന്ദ്രൻനായർ തുടങ്ങിയവർ പ്രസംഗിച്ചു.

*Best compliments*

# Max Technologies

Kowdiar, Thiruvananthapuram
0471-6008899

# നീ

വേർപെടുത്താനൊരുക്കമല്ലാത്ത
രണ്ടിളം ചുണ്ടുകൾക്കിടയിൽ
ഞെരിഞ്ഞമരുന്ന കവിതയാകണം നമുക്ക്
നിലാവുനേർത്ത പട്ടുമെത്തയിൽ
നിനവുകളുരുളുമ്പോൾ പൊട്ടിച്ചെറിയപ്പെടുന്നത്
നിബന്ധനകളില്ലാത്ത ലോകത്തെ
സ്വാർത്ഥത നിറഞ്ഞ പ്രണയം മാത്രമാകണം
നിന്റെ സ്വപ്നങ്ങളിലുറങ്ങുമ്പോഴും
നിന്റെ പുഞ്ചിരിയുണരുമ്പോഴും
ഇടനെഞ്ചിലെ നനുത്തരോമങ്ങളെണ്ണി-
നമുക്കീ ഇരവുപകലുകൾ കഴിച്ചുതീർക്കാം..



**അനുഷ**
ട്രെയിനി, സൈബർശ്രീ

# അഗ്നി



പാതിവഴിയിൽ
വിരഹത്തിൻ തീരത്ത്
ഒരു വാക്ക് മിണ്ടാതെ പോയ നിനക്കായ്
ഇനിയൊരു ജന്മം ഞാൻ
അഗ്നിയായ് പിറക്കാം
ജീവിച്ചിരുന്നപ്പോൾ
നീ തരാത്ത സ്നേഹത്തിൻ
സുഖമറിയുവാൻ
നിന്റെ ജീവിതപാതയിൽ
സ്നേഹത്തിൻ വിളക്കാകുവാൻ
ഇറ്റുവീഴുന്ന കണ്ണുനീർ
ആരും കാണാതെ ഒളിപ്പിച്ചു
നിന്റെ താലികെട്ടിൽ
മുന്നിലെ നിലവിളക്കിൻ എരിയാം
ഒടുവിലൊരു ദിവസം
തെക്കെ തൊടിയിലെ
മാവിൻ വിറകിൽ
നീ ആർക്കും വേണ്ടാതെ
വെറും ശവമായ് ഉറങ്ങുമ്പോൾ
എന്റെ ചൂടുള്ള കരങ്ങളാൽ
നിന്നെ മാറോട് ചേർത്ത്
നിന്റെ മേനിയിൽ അന്ത്യചുംബനം നൽകി
നിന്നോട് ചേർന്ന്
നിന്നിൽ അലിഞ്ഞു
ഒരുപിടി ചാരമായ്
ഞാനാകണം..
ഇപ്പോൾ വിട നൽകൂ
നിൻ ഓർമ്മകളുമായി ഞാൻ
ഈ മണ്ണിൽ ഞാൻ ഉറങ്ങട്ടെ...



**നിത്യ ഡി.കെ**
ട്രെയിനി, സൈബർശ്രീ



**ദേശബന്ധു,**
ഡി.ഡി.എം.പി.

# ആർദ്ര



ആർദ്ര മോളെ..അമ്മ വിളിച്ചു. കുട്ടിയുടുപ്പും പാവാടയുമിട്ട് ചിണുങ്ങിക്കൊണ്ടവൾ ഓടിവന്ന് അമ്മയുടെ അടുത്ത് നിന്നു. അമ്മ അവളെ തിരിച്ചു നിർത്തി മുടിചൂകി കൊണ്ടു പറഞ്ഞു. ടൂർ പോകുന്നതൊക്കെ കൊള്ളം എപ്പോഴും ടീച്ചർമാരുടെ കൺവെട്ടത്തുണ്ടാകണം. ഒറ്റയ്ക്ക് എങ്ങോട്ടും പോവരുത്. പരിചയമില്ലാത്ത ആരോടും സംസാരിക്കരുത്. ആരെന്ത് തന്നാലും വാങ്ങി കഴിക്കരുത്. എല്ലാ കാര്യങ്ങളും വളരെ ശ്രദ്ധിച്ച് ചെയ്യണം. ഒന്ന് നിർത്തി അമ്മ ചോദിച്ചു- നീ എന്താ ആലോചിക്കുന്നത്. പെൺകുട്ടികളുടെ മുടിക്ക് ഇത്ര നീളം വേണ്ടായിരുന്നു. ഇത് പിന്നി കെട്ടുന്നതിനിടയിൽ എന്തൊക്കെ കാര്യങ്ങൾ കേൾക്കണം. ഇത് കേട്ട് അടുത്തിരുന്ന അച്ഛൻ മെല്ലെ ഒന്നു ചിരിച്ചു. മോള് സുന്ദരി പെണഅ◌കുട്ടിയല്ലേ. വളർന്ന് വരുലല്ലേ അതാ അമ്മ ഇതൊക്കെ പറയുന്നത്. അമ്മ അവളുടെ മുടി പിന്നിക്കെട്ടി ബാഗുമെടുത്ത് കൊടുത്ത് കൂട്ടുകാരോടൊപ്പം യാത്രയാക്കി. കൂട്ടത്തിൽ മുതിർന്ന ഒരു പെൺകുട്ടിയോട് അമ്മ വിളിച്ചു പറഞ്ഞു, മോളേ ആദ്രേ ഒന്ന് സൂക്ഷിച്ചോളണേ.അടങ്ങി ഒതുങ്ങി നടക്കണേ മോളേ...അപ്പോൾ അച്ഛൻ എഴുന്നേറ്റ് ചെന്ന് ആർദ്രയെ എടുത്ത് മെല്ലെ അവളുടെ ചെവിയിലെന്തോക്കെയോ പറഞ്ഞു. കവിളിലൊരു ഉമ്മയും കൊടുത്ത് അവളെ യാത്രയാക്കി. ഭാര്യയോടായി പറഞ്ഞു, ആർദ്ര നല്ല അടക്കവും ഒതുക്കവുമുള്ള പെൺകുട്ടിയാ..അമ്മയ്ക്ക് അത് മതിയായിരുന്നു. അഭിമാനിക്കാൻ ഒപ്പം അച്ഛൻ പറഞ്ഞു. നീ പിന്നിലേക്ക് വലിച്ച് കെട്ടിയത് അവളുടെ മുടി മാത്രമല്ല അവളുടെ മനസ്സാണ്. ആഗ്രഹങ്ങളാണ്, സ്വപ്നങ്ങളാണ്.

കാഴ്ചകൾ കണ്ട് നഗരത്തിന്റെ ഏറ്റവും തിരക്ക് കൂടിയ ഒരു ജംഗ്ഷനിലേക്ക് ആർദ്രയും കൂട്ടുകാരികളും എത്തി. പൊതുവെ എല്ലാത്തിനോടും പേടിയും ടെൻഷനുമുള്ള കൊച്ച് പെൺകുട്ടിയാണ് ആർദ്ര. അവളുടെ അമ്മ അവളെ വളർത്തിയതങ്ങനെയാണ്. വിരൽത്തുമ്പ് വിടാതെ അമ്മ എന്നും അവളെ ചേർത്ത് പിടിച്ചിരുന്നു. ഭയവും ഭക്തിയും ബഹുമാനവുമുള്ള പെൺകുട്ടിയായി വളർത്തി. തനിച്ചൊരു കാര്യം ചെയ്യാൻ അവൾക്കാവില്ലായിരുന്നു. പക്ഷേ ചിറകുകൾ നഷ്ടപ്പെടുമ്പോഴാണ് പറന്നണയാനുള്ള ദൂരം കാണുന്നത്. വലിയൊരു റോഡ് മുറിച്ച് കടന്ന് അപ്പുറത്തെത്തുക എന്ന

ത് ആർദ്രയെ സംബന്ധിച്ച് വലിയൊരു കടമ്പയായിരുന്നു. അവൾ നോക്കി ഇരുഭാഗത്തുനിന്ന് ചീറിപ്പാഞ്ഞ് വരുന്ന വലുതും ചെറുതുമായ വാഹനങ്ങൾ. വണ്ടികളുടെ ഇരമ്പലും പുകയും ഹോണടി ശബ്ദവും അവളെ ഭയപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. ഒരിക്കലും തനിക്കീ റോഡ് മുറിച്ച് കടക്കാനാവില്ല എന്നവൾ മനസ്സുകൊണ്ട് ഉറപ്പിച്ചു. പതിയെ പിൻവാങ്ങി അടുത്തെങ്ങാനും സീബ്രാവരകളുണ്ടോ എന്ന് കണ്ണുകൾ കൊണ്ട് പരതി. ഇല്ല അടുത്തെങ്ങുമില്ല.

ഒടുവിൽ മനസ്സില്ലാ മനസ്സോടെ കൂട്ടുകാരുടെ കൈയും പിടിച്ച് കണ്ണുമടച്ച് റോഡ് മുറിച്ച് കടക്കാൻ അവൾ തുനിഞ്ഞിറങ്ങി. പലവട്ടം കാലുകൾ പിന്നോട്ട് വച്ചെങ്കിലും കൂട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങി അവൾ നടന്നു. വാഹനങ്ങളുടെ വരവിന്റെ വേഗത കണക്കുകൂട്ടി അവർ നടന്നു. കുറച്ചെത്തിയപ്പോഴേക്കും ആർദ്ര കണ്ണ് തുന്ന് ചെറുതായൊന്ന് നോക്കി. ഹോണടിച്ചുകൊണ്ട് വേഗത്തിൽ വരുന്ന വണ്ടി കണ്ട് അവൾ കൂട്ടുകാരുടെ കൈവിടുവിച്ച് തിരിഞ്ഞോടി. നിരാശയോടെ നിന്നു. കൂട്ടുകാർ മറുസൈഡിലെത്തി. അവളെ വിളിച്ചു വേഗം വാ പോകണം. ഒന്നും ചെയ്യാനാവില്ല എന്ന നിസ്സഹായാവസ്ഥയിൽ  അവൾ പകച്ചു നിന്നു. കൂടെ അമ്മയുണ്ടാകണം എന്ന്  ആഗ്രഹിച്ചിതല്ലാതെ തനിയെ റോഡ് മുറിച്ച് കടക്കണം എന്നവൾക്ക് തോന്നിയില്ല. പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള മനോധൈര്യം അവൾക്കില്ലായിരുന്നു. ആരുടെയെങ്കിലും കൈപിടിച്ച് അവരോടൊപ്പം റോഡ് മുറിച്ച് കടക്കാൻ കൂട്ടുകാരികൾ വിളിച്ച് പറഞ്ഞു. ഒന്നിനും പറ്റാതെ ധൈര്യം മുഴുവൻ ചോർന്നു പോയി അവൾ നിന്നു. ചുറ്റുമുള്ള എല്ലാവരും തന്നെ തന്നെ നോക്കുന്നതായി ആർദ്രയ്ക്ക് തോന്നി. ചിലർ നോക്കി ചിരിക്കുകയും കൂട്ടുകാരിൽ ചിലർ കളിയാക്കാനും തുടങ്ങി. അവളുടെ കണ്ണ് നിറഞ്ഞു വിങ്ങിപ്പൊട്ടി കരയും എന്ന അവസ്ഥയായി. കണ്ണിലേക്ക് ഇരുട്ട് കയറി തലകറങ്ങി ഇപ്പോ വീഴും എന്ന് തോന്നി. പെട്ടെന്നാണ് അവളുടെ കണ്ണുകഅള അത്ഭുതത്തോടെ എവിടെയോ പതിഞ്ഞത്. ചുണ്ടുകളിൽ വിടർന്ന പുഞ്ചിരിയോടെ അവളത് നോക്കി നിന്നു.

കണ്ണിന് കാഴ്ചയില്ലാത്ത ഒരാൾ മറുഭാഗത്തുനിന്ന് റോഡ് മുറിച്ച് നടന്നവരുന്നു. അയാൾ കറുത്ത ഒരു കണ്ണട വച്ചിട്ടുണ്ട്. കൈയിൽ നീട്ടിപ്പിടിച്ച വടി. കാത് കൂർപ്പിച്ചു വച്ച് വാഹനത്തിന്റെ ശബ്ദത്തിനനുസരിച്ച് അയാൾ അതിന്റെ വേഗത മനസ്സിൽ കാണുന്നുണ്ടെന്ന് തോന്നും. വാഹനമോടിക്കുന്നവരിൽ പലരും അയാൾക്ക് കടന്ന് പോകാനായി വണ്ടി നിർത്തിക്കൊടുത്തു. പതിയെ അയാൾ നടന്ന് വന്ന് ആർദ്രയുടെ തലയിൽ കൈവച്ച് തലോടി കടന്നു പോയി. സ്വപ്നത്തിലൊരു ദൈവദൂതൻ വന്നത് പോലെയാണ് ആർദ്രയ്ക്ക് തോന്നിയത്. എവിടെ നിന്നോ അവൾക്കൊരു ധൈര്യം കിട്ടി. ഒരു അന്ധന് തനിയെ ഈ റോഡ് മുറിച്ച് കടക്കാമെങ്കിൽ തനിക്കെന്തുകൊണ്ട് പറ്റില്ല. അപ്പോഴാണ് വീട്ടിൽനിന്നും ഇറങ്ങാൻനേരം അച്ഛൻ ചെവിയിൽ പറഞ്ഞ കാര്യം അവളോർത്തത്. അടക്കവും ഒതുക്കവുമുള്ള പെൺകുട്ടിയായി വളർന്നാൽ അടങ്ങി ഒതുങ്ങി ജീവിച്ച് മരിക്കാമെന്നല്ലാതെ സ്വപ്നങ്ങളും ആഗ്രഹങ്ങളും നേടിയെടുക്കാൻ സാധിക്കില്ല. ഓർത്തെടുത്ത അച്ഛന്റെ വാക്കുകൾ അവൾക്ക് ആത്മവിശ്വാസം പകർന്നു.

ആർദ്ര കണ്ണുകളടച്ച് മെല്ലെ ഒരു ദീർഘനിശ്വാസമെടുത്തു. റോഡിന്റെ മറുസൈഡിൽ നിന്ന് തന്നെ വിളിക്കുന്ന കൂട്ടുകാരികളെ നോക്കി പുഞ്ചിരിച്ചു. കാലെടുത്ത് മുന്നിലേക്ക് വച്ചു. പെൺകുട്ടി എന്ന പേരിൽ തന്റെ സ്വാതന്ത്ര്യത്തിന് തടസ്സം നിന്ന എല്ലാ ചങ്ങലകളും വലിച്ച് പൊട്ടിച്ചുകൊണ്ടായിരുന്നു ആ ചുവടുവയ്പ്. ഇത്തവണ ചീറിപ്പാഞ്ഞ് വരുന്ന വണ്ടികൾ അവളെ ഭയപ്പെടുത്തിയില്ല. വാഹനങ്ങളുടെ ഇരമ്പലും ഹോണടി ശബ്ദവും അവൾ കേട്ടില്ല. അവൾക്ക് മുന്നിൽ തനിക്ക് പിന്നിടേണ്ട വഴി മാത്രമായിരുന്നു. റോഡ് മുറിച്ച് കടന്നവൾ കൂട്ടുകാരുടെ അടുത്തെത്തി. അവർ ആർദ്രയെ കെട്ടിപ്പിടിച്ചു. വേഗത്തിൽ മുന്നോട്ട് നടന്ന് പോയി. ആർദ്ര തിരിഞ്ഞു നോക്കി കടന്നു വന്ന വഴി നോക്കി പുഞ്ചിരിച്ചു. ധൈര്യം തന്ന് കടന്ന് പോയ അന്ധനെ നോക്കി അവിടെയെങ്ങും കണ്ടില്ല.

വൈകുന്നേരം വീട്ടിലെത്തി നടന്നതെല്ലാം അവൾ അച്ഛനോട് പറഞ്ഞു. അച്ഛൻ അവളോട് പറഞ്ഞു, നമുക്ക് വിധിച്ചിട്ടുള്ള അതിർവരമ്പുകളിൽ നിന്നാൽ അവിടെ തന്നെ നിൽക്കുകയേ ഉള്ളൂ. അതിർവരമ്പുകൾ ലംഘിക്കാനുള്ള ധൈര്യം കാണിക്കുമ്പോഴാണ് ജീവിക്കാനുള്ള ആത്മവിശ്വാസം കിട്ടുന്നത്. പറന്നുയരാൻ ആഗ്രഹിക്കുന്നവരെ പിന്നോട്ട് വലിക്കുന്ന നൂലാണ് ഇന്നത്തെ സമൂഹം. സ്വാതന്ത്ര്യത്തിനും സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും തടസ്സമായി പിന്നോട്ട് വലിക്കുന്ന ഈ നൂലുകൾ പൊട്ടിച്ചു കളയണം.

■




# അന്തർദേശീയ
# വനിതാദിനാചരണം







സി.ഇ.എ. വനിതാ സബ്ബ്കമ്മിറ്റി 2016 മാർച്ച് 14ന് അന്തർദ്ദേശീയ വനിതാദിനാചരണം സംഘടിപ്പിച്ചു. വൈ.എം.സി.എ. ഹാളിൽ നടന്ന ചടങ്ങ് സംസ്ഥാന സ്ത്രീ പഠനകേന്ദ്രം ഡയറക്ടർ ഡോ. പി.എസ്. ശ്രീകല ഉദ്ഘാടനം നിർവഹിച്ചു. ബഹു. സി-ഡിറ്റ് രജിസ്ട്രാർ ഡോ. എസ്.എ. ഷാജഹാൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി. സൂസമ്മ മത്തായി, സി.ഇ.എ. സെക്രട്ടറി സഖാവ് ബി. സതീശൻ എന്നിവർ ആശംസകളർപ്പിച്ചു. ഏഷ്യാനെറ്റ് സ്ത്രീശക്തി പുരസ്കാരം നേടിയ









# അന്തർദേശീയ വനിതാദിനാചരണം

സി-ഡിറ്റ് സഹപ്രവർത്തകയായ ശ്രീമതി. സന്ധ്യാപ്രജിന് വനിതാ സബ്കമ്മിറ്റിയുടെ ഉപഹാരം ഡോ. പി.എസ്. ശ്രീകല സമർപ്പിച്ചു. വനിതാ സബ്കമ്മിറ്റി കൺവീനർ സഖാവ് പ്രേംസുജ അദ്ധ്യക്ഷത വഹിച്ചു. വനിതാ സബ്കമ്മിറ്റിയംഗങ്ങളായ സഖാവ് സരിത, സഖാവ് നിലീന എന്നിവർ സംസാരിച്ചു. സഖാവ് റീജ കൃതജ്ഞത പറഞ്ഞു.












# അന്തർദേശീയ
# വനിതാദിനാചരണം


















# സിനിമ : പുതുമുഖ സംവിധായകരിലൂടെ



**ജിഷ്ണു**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

**സി**നിമ ഒരു വിസ്മയമാണ്. ജനമനസ്സുകളിൽ ആഴത്തിൽ പതിയാൻ സിനിമയോളം വലിയ മാധ്യമം മറ്റൊന്നില്ല. ലോക സിനിമ ചരിത്രത്തിൽ മലയാള സിനിമ ജന്മമെടുക്കുന്നത് 1928ലാണ്. ജെ സി ഡാനിയലിന്റെ വിഗതകുമാരനിലൂടെ. വിഗതകുമാരൻ ഒരു നിശ്ശബ്ദ ചിത്രമായിരുന്നുവെങ്കിലും, സാങ്കേതിക വിദ്യയുടെ വളർച്ച സിനിമയുടെ വളർച്ചയ്ക്കും കാരണമായി. നിശബ്ദ ചിത്രങ്ങളിൽ നിന്ന് ശബ്ദ ചിത്രങ്ങളിലേക്കും, ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമകളിൽ നിന്ന് കളർ സിനിമയിലേക്കും ഈ വിസ്മയം വളർന്നു. സിനിമ എന്നത് ഒരാളുടെ മാത്രം നിർമ്മിതിയല്ല. മറിച്ച് ഒരു കൂട്ടം ആൾക്കാരുടെ സമുചിതമായ കലാവിരുതിലൂടെ പിറവിയെടുക്കുന്ന ഒന്നാണ്. സംവിധായകന്റെ മികവാണ് സിനിമയുടെ വിജയം. തിരക്കഥയെ തന്റെ മനസ്സിൽ ചലിക്കുന്നൊരു ചിത്രമായി കാണാനുള്ള കഴിവാണ് സംവിധായകന്റെ പ്രാഥമിക മികവ്. സിനിമയുടെ ആകൃതി നിർണ്ണയിക്കുന്നത് സംവിധായകനെന്ന് പറയേണ്ടി വരും.

പ്രഗത്ഭരായ ഒട്ടനവധി സംവിധായകരിലൂടെ വളർന്നു വന്നതാണ് നാം ഇന്നു കാണുന്ന സിനിമ. ഇതിൽ ക്ലാസ്സിക് സംവിധായകരുണ്ട്, റിയലിസ്റ്റിക് സംവിധായകരുമുണ്ട്. അതിൽ എടുത്തു പറയേണ്ട ചില പ്രഗത്ഭരായ സംവിധായകരാണ്– 1950 മുതൽ മൂന്ന് പതിറ്റാണ്ടുകാലം മലയാള സിനിമയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടിയ രാമുകാര്യാട്ട്. കേരളത്തിലെ ഏങ്ങണ്ടിയൂരിൽ ജനിച്ച ഇദ്ദേഹത്തിന്റെ ഏറ്റവും മികച്ച ചിത്രമായിരുന്നു ദേശീയ അവാർഡ് നേടിയ, ചെമ്മീൻ. കൂടാതെ ഇദ്ദേഹത്തിന്റെ ഏറ്റവും പ്രശംസിക്കപ്പെട്ട ചിത്രം 1950–ൽ പുറത്തിറങ്ങിയ നീലക്കുയിലാണ്. കൂടാതെ കെ ജി ജോർജ്ജ്, ഭരതൻ, പി പത്മരാജൻ, ജി അരവിന്ദൻ, എ കെ ലോഹിതദാസ്, അടൂർ ഗോപാലകൃഷ്ണൻ, എം ടി വാസുദേവൻനായർ, സത്യൻ അന്തിക്കാട്, പ്രിയദർശൻ, ഐ വി ശശി, ഹരിഹരൻ തുടങ്ങിയവരെല്ലാം മലയാള സിനിമയ്ക്ക് അവരുടേതായ സംഭാവന നൽകിയവരാണ്.












ഓരോ സംവിധായകർക്കും അവരുടേതായ സംവിധാന ശൈലിയുണ്ടാകും. അതനുസരിച്ചാകും സിനിമയുടെ ആകൃതി നിർണ്ണയിക്കപ്പെടുന്നത്. പത്മരാജന്റെ സിനിമകളിൽ പ്രകടനാത്മകമായ (expressive direction style) സംവിധാനമാണ് പ്രേക്ഷകർക്ക് ലഭിക്കുന്നത്. എന്നാൽ അരവിന്ദൻ സിനിമകളെടുത്താൽ സാധാരണ സിനിമാ അവതരണത്തിൽ നിന്ന് മാറി ഒരു പ്രത്യേക കഥാ അവതരണ രീതി നമുക്ക് കാണാൻ സാധിക്കും. ഇതുപോലെ ഓരോ സംവിധായകരും അവരുടേതായ ശൈലിയിൽ സിനിമകൾ ചിട്ടപ്പെടുത്തി എടുക്കുന്നവരാണ്.

ഇന്ന് മലയാള സിനിമ ഒരുപാട് വളർന്ന് കഴിഞ്ഞിരിക്കുന്നു. സാങ്കേതിക വിദ്യയുടെ വളർച്ച സിനിമയുടെ വളർച്ചയ്ക്കും ആക്കം കൂട്ടി. കൂടാതെ യുവസംവിധായകരുടെ കാൽവയ്പ് മലയാള സിനിമയ്ക്ക് പുത്തൻ പ്രതീക്ഷകൾ നൽകുന്നു. യുവസംവിധായകരുടെ കടന്നു വരവ് മലയാള സിനിമയിൽ വലിയൊരു ചലനം സൃഷ്ടിക്കുകയാണ് ചെയ്തത്. പാരമ്പര്യമായി മലയാള സിനിമയിൽ കണ്ട് വരുന്ന കഥാവതരണ ശൈലിയെ തിരുത്തിക്കുറിച്ചുക്കൊണ്ട് പുതിയതും അസാധാരണവുമായ ആവിഷ്കാര രീതിയിലേക്ക് മലയാള സിനിമയെ ഉത്തേജിപ്പിച്ചത് ഈ യുവസംവിധായകരാണ്. ഇത്തരം ന്യൂ ജനറേഷൻ സിനിമകളുടെ ഉള്ളടക്കം, സാധാരണക്കാരുടെ അല്ലെങ്കിൽ നമ്മുടെ തന്നെ ജീവിത സാഹചര്യങ്ങളുമായി സാമ്യമുള്ളവയായിരിക്കും. ഇത്തരം പ്രതിപാദന രീതി ഇന്നത്തെ യുവസമൂഹത്തിൽ ഉണ്ടാക്കുന്ന സ്വാധീനം ചെറുതല്ല. അതുകൊണ്ടു തന്നെ ഇന്നത്തെ സിനിമകൾ കലാസൃഷ്ടി എന്നതിലുപരി വാണിജ്യ സൃഷ്ടിക്ക് അധിഷ്ഠിതമായതാണ് എന്ന് പറയേണ്ടി വരും. എങ്കിലും കലാമൂല്യം ഉള്ളതും തികച്ചും വാണിജ്യാടിസ്ഥാനത്തിൽ പുറത്തിറങ്ങുന്നതുമായ സിനിമകൾക്ക് ഇന്ന് ജനപ്രീതി ഏറെയാണ്. ഇത്തരം സിനിമകൾ സംവിധാനം ചെയ്യുന്ന യുവസംവിധായകരെ പ്രേക്ഷകർ ഏറെ ഇഷ്ടപ്പെടുന്നു എന്നത് തന്നെയാണ് വാസ്തവം.

**1. അൽഫോൻസ് പുത്രൻ**

ഹ്രസ്വ ചിത്ര സംവിധാനത്തിലൂടെ മലയാള സിനിമയിലേക്ക് കടന്ന് വന്ന പ്രതിഭയാണ് അൽഫോൻസ് പുത്രൻ. സംവിധായകൻ എന്നതിലുപരി ഇദ്ദേഹം തിരക്കഥാകൃത്തും ചിത്രസംയോജകനും എന്നതാണ് ഇദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്. നേരം എന്ന ദ്വിഭാഷ ചിത്രത്തിലൂടെ തമിഴിലും മലയാളത്തിലും തന്റേതായ വ്യക്തിമുദ്ര സ്ഥാപിച്ച ഇദ്ദേഹം കാല്പനികതയുടെ കഥ പറഞ്ഞ പ്രേമം എന്ന സിനിമയിലൂടെ സിനിമാരംഗത്ത് തന്റേതായ സ്ഥാനം ഉറപ്പിച്ചു. പ്രേക്ഷകരെ തിരശ്ശീലയ്ക്ക് മുമ്പിൽ പിടിച്ചിരുത്തുന്ന തരത്തിലുള്ള സിനിമാ ചിത്രീകരണ ശൈലി നമുക്ക് ഇദ്ദേഹത്തിൽ കാണാൻ സാധിക്കും. സ്വാഭാവികമായ സംഭാഷണശൈലിയാണ് ഇദ്ദേഹത്തിന്റെ സിനിമകളുടെ മറ്റൊരു സവിശേഷത. നർമ്മത്തിനു



വേണ്ടി കഥയെ വ്യതിചലിപ്പിക്കാതെ കഥയിലൂടെ നർമ്മം സ്വാഭാവികമായി കടന്നു വരുന്ന സംവിധാന ശൈലിയാണ് ഇദ്ദേഹത്തിന്റേത്. ഇനിയും വളരെയേറെ നല്ല സംഭാവനകൾ മലയാള സിനിമ പ്രേക്ഷകർ ഇദ്ദേഹത്തിൽ നിന്ന് പ്രതീക്ഷിക്കുന്നു.

**2. അമൽ നീരദ്**

സത്യജിത് റേ ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിൽ നിന്ന് ബിരുദം നേടി മലയാള സിനിമയിലേക്ക് കാൽവയ്പ് നടത്തിയ സംവിധായകൻ ആണ് അമൽ നീരദ്. നായക പ്രാധാന്യമുള്ള സിനിമകളാണ് ഇദ്ദേഹത്തെ മറ്റുള്ള സംവിധായകരിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. ഹോളിവുഡ് ശൈലിയിൽ സിനിമ സംവിധാനം ചെയ്യുന്നതിൽ ഇദ്ദേഹം ഏറെക്കുറെ വിജയിച്ചിട്ടുണ്ട് എന്ന് നമുക്ക് പറയാൻ സാധിക്കും. ഇദ്ദേഹത്തിന്റെ പ്രധാനമായും എടുത്ത് പറയേണ്ട ഒന്നാണ് സിനിമകളിലെ ആക്ഷൻ സ്വീക്വൻസുകൾ. ആക്ഷൻ രംഗങ്ങൾ ചിത്രീകരിക്കുന്നതിൽ പ്രത്യേകം തത്പരനായ ഇദ്ദേഹത്തിന്റെ സിനിമകൾ മറ്റ് ആക്ഷൻ സിനിമകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. തന്റെ ആദ്യ സിനിമയായ ബിഗ് ബിയിലൂടെ തന്നെ മലയാള സിനിമയിൽ തന്റേതായ വ്യക്തിഗത സ്ഥാനം നേടിയെടുക്കാൻ ഇദ്ദേഹത്തിന്



സാധിച്ചു. ഇയ്യോബിന്റെ പുസ്തകം ഇദ്ദേഹത്തിന്റെ മികവിന് ഉത്തമ ഉദാഹരണമാണ്.

**3. വിനീത് ശ്രീനിവാസൻ**

അച്ഛന്റെ പാത പിന്തുടർന്ന്, മലയാള സിനിമയിൽ വേരുറപ്പിച്ച മികച്ച ഒരു കലാകാരനാണ് വിനീത് ശ്രീനിവാസൻ. സംവിധാനത്തിലുപരി തിരക്കഥാരചന, അഭിനയം, ഗാനാലാപനം, ഗാനരചന എന്നീ മേഖലകളിൽ അദ്ദേഹത്തിനുള്ള കഴിവ് പ്രേക്ഷകർ തൊട്ടറിഞ്ഞിട്ടുള്ളതാണ്. സാധാരണക്കാരന്റെ ജീവിതം സ്വാഭാവികമായ ആവിഷ്കരണത്തിലൂടെ ജനങ്ങളുടെ മുമ്പിൽ പ്രദർശിപ്പിക്കുന്ന ശൈലിയാണ് ഇദ്ദേഹത്തിന്റേത്. പാരമ്പര്യമായി തനിക്ക് ലഭിച്ച കലാമികവ് പ്രേക്ഷകർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നത് തന്നെയാണ് ഇദ്ദേഹത്തിന്റെ സിനിമകൾ എന്ന് നമു



ക്ക് പറയേണ്ടിയിരിക്കുന്നു. മലയാള സിനിമയിലേക്കുള്ള ഇദ്ദേഹത്തിന്റെ കടന്നു വരവ്, സിനിമാ പ്രേക്ഷകരെ നല്ല സിനിമകളിലേക്ക് ആകർഷിക്കാൻ കാരണമായി എന്ന് പറയാം. മലയാള സിനിമാ രംഗത്ത് ഇനിയും തിളങ്ങാൻ കഴിയുന്ന പ്രതിഭ തന്നെയാണ് വിനീത് ശ്രീനിവാസൻ.

**4. അഞ്ജലി മേനോൻ**

ലണ്ടൻ ഫിലിം സ്കൂളിൽ നിന്നും ബിരുദം കരസ്ഥമാക്കി മലയാള സിനിമയുടെ മണ്ണിലേക്ക് കാലെടുത്തു വെച്ച മികച്ച ഒരു സംവിധായകയും അതിലുപരി ഒരു മികച്ച തിരക്കഥാകൃത്തുമാണ് അഞ്ജലി മേനോൻ. ഹ്രസ്വ ചിത്ര സംവിധാനത്തിലൂടെയും ഡോക്യുമെന്ററികൾ സംവിധാനം ചെയ്തുമുള്ള പരിചയമാണ് അഞ്ജലിയെ മലയാള സിനിമയിലേക്ക് ആകർഷിച്ചത്. തിരക്കഥാകൃത്ത് എന്ന നിലയിൽ അഞ്ജലി മേനോൻ ഏറെ തിളങ്ങിയ ചിത്രമായിരുന്നു ഉസ്താദ് ഹോട്ടൽ. ഈ സിനിമ മലയാള പ്രേക്ഷകരിൽ വലിയൊരു ചലനം സൃഷ്ടിച്ചു. അതിനേ ശേഷം വന്ന ബാംഗ്ലൂർ ഡേയ്സ്, രക്തബന്ധത്തിന്റെ കഥ പറഞ്ഞ ചിത്രത്തിനു തിരക്കഥയും, സംവിധാനവും ചെയ്ത് വലിയൊരു വിജയം കൊയ്യാൻ അഞ്ജലിയ്ക്ക് സാധിച്ചു. ഈ സിനിമയുടെ സംവിധാനത്തിന് 2015-ലെ സൗത്ത് ഫിലിം ഫെയർ അവാർഡ് അഞ്ജലി കരസ്ഥമാക്കുകയും



ചെയ്തു. സഹോദര ബന്ധങ്ങളുടെ കഥ പറഞ്ഞ സിനിമ, നർമ്മം ചാലിച്ചു തിരശ്ശീലയിൽ എത്തിക്കുന്നതിൽ ഈ സംവിധായിക വിജയിക്കുക തന്നെ ചെയ്തു. നാളത്തെ മലയാള സിനിമയുടെ വാഗ്ദാനമായി നമുക്ക് ഈ സംവിധായികയെ കാണാൻ സാധിക്കും.

**5. എബ്രിഡ് ഷൈൻ**

സംവിധായകനായി അരങ്ങേറിയ തന്റെ ആദ്യ സിനിമയിലൂടെ തന്നെ മികച്ച അരങ്ങേറ്റ സംവിധായകനുള്ള കേരള സംസ്ഥാന അവാർഡ് നേടിയെടുത്ത വ്യക്തിത്വമാണ് എബ്രിഡ് ഷൈൻ. 1983 എന്ന സിനിമ സംവിധാനം ചെയ്ത് മലയാള സിനിമാ രംഗത്തേക്ക് കടന്നു വന്ന ഇദ്ദേഹം, തന്റെ ആദ്യ സിനിമയിലൂടെ തന്നെ പ്രേക്ഷക ലക്ഷങ്ങളെ ത്രസിപ്പിക്കുന്നതിൽ വിജയിച്ചു. ക്രിക്കറ്റിന്റെ പശ്ചാത്തലത്തിൽ ഒരു സാധാരണക്കാരന്റെ കഥ പറഞ്ഞ സിനിമ, മലയാള സിനിമാ പ്രേക്ഷകരെ ആവേശത്തിലാഴ്ത്തി. വ്യത്യസ്തമായ



അവതരണശൈലി തന്നെയാണ് ഈ സംവിധായകനേയും വേറിട്ട് നിർത്തുന്നത്. സംവിധായകൻ എന്നതിലുപരി ഇദ്ദേഹം ഒരു ഫാഷൻ ഫോട്ടോഗ്രാഫറും മികച്ച തിരക്കഥാകൃത്തും കൂടിയാണ്. ഗൃഹാതുരത്വം ഉണർത്തുന്ന 1983 സിനിമയ്ക്ക് ശേഷം നർമ്മം കലർത്തി പോലീസ്കാരന്റെ കഥ പറഞ്ഞ ആക്ഷൻ ഹീറോ ബിജു, പ്രേക്ഷക ശ്രദ്ധ നേടി തിയേറ്ററുകളിൽ നിറഞ്ഞ സദസ്സുകളിൽ പ്രദർശനം നടത്തി. കച്ചവട വിജയം നേടി. മലയാള സിനിമയുടെ അവിഭാജ്യഘടകമാകാൻ ഇദ്ദേഹത്തിന് കൂടുതൽ കാത്തിരിക്കേണ്ടി വരില്ല.

**6. രഞ്ജിത്ത് ശങ്കർ**

പാസഞ്ചർ എന്ന മലയാള സിനിമ സംവിധാനം ചെയ്താണ് രഞ്ജിത്ത് ശങ്കർ, സിനിമാരംഗത്ത് അരങ്ങേറ്റം കുറിച്ചത്. ആദ്യ സിനിമയിലൂടെ തന്നെ തനിക്ക് കിട്ടിയ പ്രേക്ഷക പിന്തുണ നിലനിർത്തുന്നതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. പ്രതിസന്ധികളെ അതിജീവിച്ച് ജീവിത വിജയം നേടിയ



ഒരു വിക്കന്റെ കഥ പറഞ്ഞ സു സു സുധിവാത്മീകം എന്ന ചിത്രത്തിനു നിരൂപക പ്രശംസയോടൊപ്പം വലിയ വിജയം നേടാനായി. വ്യത്യസ്തമായ കഥാഖ്യാന രീതിയാണ് ഇദ്ദേഹത്തിന്റെ സവിശേഷതയായി എടുത്തു പറയാവുന്നത്. ഇനിയും ഒരു പിടി നല്ല സിനിമകൾ പ്രേക്ഷകർക്ക് സമ്മാനിക്കാൻ ഇദ്ദേഹത്തിനു കഴിയുമെന്ന് സുനിശ്ചിതം പറയാൻ സാധിക്കും.

**7. ജിത്തുജോസഫ്**

മലയാള സിനിമ ഇന്നുവരെ കണ്ടതിൽ ഏറ്റവും മികച്ച വിജയം കൈവരിച്ച ദൃശ്യം എന്ന സിനിമയുടെ സംവിധായകനാണ് ജിത്തു ജോസഫ്. പോസിറ്റീവ് എന്ന സിനിമയിലൂടെ മലയാള സിനിമാ രംഗത്തേക്ക് കടന്നു വന്ന ഇദ്ദേഹം ഒരു പിടി നല്ല മലയാള സിനിമകൾ ഇതിനോടകം മലയാള സിനിമയ്ക്ക് സമ്മാനിച്ചിട്ടുണ്ട്. പ്രേക്ഷകരെ



തിരശ്ശീലയിലയ്ക്ക് മുന്നിൽ പിടിച്ചിരുത്തുന്ന തരത്തിൽ പ്രേക്ഷകരിൽ ആകാംക്ഷയുടെ മുൾമുന തീർത്ത് ആവേശഭരിതരാക്കുന്ന തരത്തിലാണ് ജിത്തു ജോസഫ് തന്റെ സിനിമകളെ വേറിട്ടു നിർത്തുന്നത്. ഇതിന് ഉത്തമ ഉദാഹരണമാണ് മെമ്മറീസും ദൃശ്യവും. വ്യത്യസ്തമായ കഥാവിഷ്കാര രീതിയാണ് തിരക്കഥാകൃത്തും സംവിധായകനും ആയ ഇദ്ദേഹത്തെ മറ്റു സംവിധായകരിൽ നിന്നും വേറിട്ടു നിർത്തുന്നത്. ഒരു സിനിമയ്ക്ക് വേണ്ട എല്ലാ ചേരുവകളും നമുക്ക് ജിത്തു ജോസഫിന്റെ സിനിമകളിൽ കാണാൻ സാധിക്കും. ഒരു ക്ലൈമാക്സ് കൊണ്ട് പോലും പ്രേക്ഷകരെ ചിന്തിപ്പിക്കാനും സന്തോഷിപ്പിക്കാനും ഈ സംവിധായകനു കഴിവുണ്ട്.

**8. ആഷിഖ് അബു**

പരസ്യ സംവിധാനങ്ങളിലൂടെ മലയാള സിനിമ രംഗത്തേക്ക് കടന്ന് വന്ന സംവിധായകനാണ് ആഷിഖ് അബു. അഞ്ച് വർഷക്കാലം സംവിധായകൻ കമലിന്റെ അസിസ്റ്റന്റായിരുന്ന ഇദ്ദേഹം 2009ൽ പുറത്തിറങ്ങിയ 'ഡാഡികൂൾ' എന്ന സിനിമയിലൂടെ സ്വതന്ത്ര സംവിധായകൻ ആയി. സംവിധായകൻ എന്ന



നിലയിൽ ഇദ്ദേഹത്തിന്റെ പ്രേക്ഷക പിന്തുണ നേടിയ രണ്ട് ചിത്രങ്ങളാണ് സാൾട്ട് ആന്റ് പെപ്പറും, 22 ഫീമെയ്ൽ കോട്ടയവും. സമകാലിക പ്രസക്തിയോടെ ചിത്രീകരിച്ച 22 ഫീമെയ്ൽ കോട്ടയം ഇദ്ദേഹത്തിന്റെ സംവിധായക മികവിനെ എടുത്തു കാണിക്കുന്ന ഒന്നാണ്. അതുപോലെ തന്നെ വേറിട്ട കഥ പറഞ്ഞ റാണി പത്മിനിയിലും അദ്ദേഹത്തിന്റെ സംവിധായക മികവ് നമുക്ക് കാണാൻ സാധിക്കും.

**9. സമീർ താഹിർ**

ബിഗ് ബി എന്ന മലയാള സിനിമയിലൂടെ ഛായാഗ്രാഹകനായി കടന്നു വന്നതാണ് സമീർ താഹിർ. ഫോട്ടോഗ്രാഫിയിൽ ആഗ്രഹം തോന്നിയ ഇദ്ദേഹം കല്യാണ ആൽബ നിർമ്മാണ



ത്തിലൂടെ പരസ്യ സംവിധാനത്തിലെത്തുകയും അതിലൂടെ സിനിമാ സംവിധാന രംഗത്തേക്ക് മാറുകയാണുണ്ടായത്. സ്വതന്ത്ര സംവിധായകനായി ചാപ്പാകുരിശ് എന്ന ചിത്രത്തിലൂടെ ഇദ്ദേഹം മലയാള സിനിമാ രംഗത്ത് ചുവടുറപ്പിച്ചു. സാധാരണ ജീവിത സംഭവങ്ങളെ ആസ്പദമാക്കി പുറത്തിറങ്ങിയ ചാപ്പാക്കുരിശ് വളരെയേറെ പ്രേക്ഷക ശ്രദ്ധ പിടിച്ചു പറ്റി. നീലാകാശം പച്ചകടൽ ചുവന്ന ഭൂമി മലയാളത്തിലെ എക്കാലത്തെയും മികച്ച റോഡ് മൂവികളിലൊന്നായി കരുതപ്പെടുന്നു. 2016ൽ പുറത്തിറങ്ങിയ ഇദ്ദേഹത്തിന്റെ കലി എന്ന മലയാള സിനിമ ബോക്സോഫീസിൽ വളരെയേറെ വിജയം കൊയ്തു.

**10. രാജീവ് രവി**

1997 പൂനൈ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഛായാഗ്രഹണത്തിൽ ബിരുദം നേടിയ ഇദ്ദേഹം 1998ൽ പ്രണയവർണങ്ങൾ എന്ന മലയാള സിനിമയുടെ അസിസ്റ്റന്റ് ക്യാമറാമാൻ ആയി സിനിമാരംഗത്തേക്ക് വന്നു. 2001ൽ പുറത്തിറങ്ങിയ ചാന്ദ്നി ബാർ എന്ന ഹിന്ദി സിനിമയിലൂടെ സ്വതന്ത്ര ഛായാഗ്രാഹകനായി ഇദ്ദേഹം മാറി. സംവിധായകൻ



എന്ന നിലയിൽ ഇദ്ദേഹം ചുവടുറപ്പിച്ചത് അന്നയും റസൂലും എന്ന മലയാള സിനിമയിലൂടെയാണ്. അതിനുശേഷം പുറത്തിറങ്ങിയ ഞാൻ സ്റ്റീവ് ലോപ്പസും, കമ്മട്ടിപ്പാടവും സാധാരണ ജീവിതത്തിലെ ഏടുകളെ പ്രതിനിധീകരിച്ചുള്ളവയായിരുന്നു. ഗാങ്ങ്സ് ഓഫ് വസേപ്പൂർ, ഉട്താ പഞ്ചാബ് എന്നീ സിനിമകളുടെ ഛായാഗ്രഹണത്തിലൂടെ ഇന്ത്യ മുഴുവൻ അറിയുന്ന ഒരു ക്യാമറാമാനായി ഇദ്ദേഹം മാറി.



**11. ആർ എസ് വിമൽ**

ആദ്യ സിനിമയിലൂടെ തന്നെ സംവിധാന രംഗത്ത് തന്റെ മികവ് തെളിയിച്ച അതുല്യ പ്രതിഭയാണ് ആർ എസ് വിമൽ. 2015ൽ പുറത്തിറങ്ങിയ എന്നു നിന്റെ മൊയ്തീൻ എന്ന ഒറ്റ ചിത്രത്തിലൂടെ സംവിധാനരംഗത്ത് ചുവടുറപ്പിച്ച ഇദ്ദേഹം, യഥാർത്ഥ ജീവിതകഥയെ ആസ്പദമാക്കിയാണ് ഈ ചിത്രം പുറത്തിറങ്ങിയത്. ഈ സിനിമയുടെ ഓരോ രംഗവും ചിത്രീകരിച്ചിരിക്കുന്നത് വീക്ഷിച്ചാൽ തന്നെ നമുക്ക് ഇദ്ദേഹത്തിന്റെ സംവിധാനമികവ് തിരിച്ചറിയാൻ സാധിക്കും. അത്രയ്ക്ക് കൃത്യതയോടെയാണ് സിനിമയുടെ ഓരോ ചട്ടക്കൂടും അദ്ദേഹം ചിത്രീകരിച്ചിരിക്കുന്നത്. ടെലിവിഷൻ രംഗത്ത് നിന്നും സിനിമാരംഗത്തേക്ക് കടന്നുവന്ന ഇദ്ദേഹം മികച്ച ഒരു കലാപ്രതിഭയാണ്.



**12. ലിജോജോസ് പെല്ലിശ്ശേരി**

നടനായ ജോസ് പെല്ലിശ്ശേരിയുടെ മകനായ ലിജോ ജോസ് പെല്ലിശ്ശേരി നായകൻ എന്ന സിനിമയിലൂടെയാണ് സംവിധായകനായി സിനിമാരംഗത്തേക്ക് കടന്നുവന്നത്. ഒരു കഥകളി നടന്റെ പ്രതികാരകഥ പറഞ്ഞ നായകൻ പ്രേക്ഷകർക്കിടയിൽ വലിയ ചലനം ഉണ്ടാക്കി. അതിനു ശേഷം വന്ന ആമേൻ എന്ന ചിത്രം അദ്ദേഹത്തന്റെ കരിയറിലെ ഒരു വഴിത്തിരിവായി മാറി. ആവിഷ്കരണ രീതിയിലുള്ള വേറിട്ടു നില്പ് ഈ സിനിമയെ മറ്റ് സിനിമകളിൽ നിന്ന് മാറ്റി നിർത്തുന്നു. പ്രതീകാത്മകമായി ചിത്രീകരിച്ച ഈ ചിത്രം അദ്ദേഹത്തിന്റെ കരിയറിലെ ഏറ്റവും വലിയ വിജയമായി മാറി. 2015ൽ പുറത്തിറങ്ങിയ കോമിക് ത്രില്ലറായ ഡബിൾബാരൽ ആവിഷ്കരണ രീതിയിൽ ഹോളിവുഡ് സിനിമകളോട് സാമ്യം പുലർത്തി.

**13. സലിം അഹമ്മദ്**

ട്രാവൽ ആൻഡ് ടൂറിസത്തിൽ ഡിപ്ലോമ എടുത്ത സലിം അഹമ്മദ്. സിനിമ എന്ന തന്റെ സ്വപ്നത്തെ സാക്ഷാത്കരിക്കാൻ ത്രിശ്ശൂരിലെ



സ്കൂൾ ഓഫ് ഡ്രാമ ഒരു വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അബുവിന്റെ വ്യത്യസ്തമായ ജീവിതകഥ വരച്ചു കാട്ടിയ ആദാമിന്റെ മകൻ അബുവിലൂടെയുള്ള ഇദ്ദേഹത്തിന്റെ കടന്നുവരവ് ഇരുകൈയും നീട്ടിയാണ് മലയാളക്കര സ്വീകരിച്ചത്. അത് പോലെ തന്നെ അദ്ദേഹത്തിന്റെ സംവിധായക മികവ് എടുത്തുകാട്ടിയ മറ്റൊരു ചിത്രമാണ് പത്തേമാരി. പത്തേമാരി വഴി ഗൾഫിലേക്ക് പോയ ഒരു പ്രവാസി അനുഭവിച്ച കഷ്ടപാടുകളും ദുരിതങ്ങളും പ്രേക്ഷകരുടെ കണ്ണ് നനയ്ക്കും വിധം അദ്ദേഹം ആവിഷ്കരിച്ചു.



**14. മാധവ് രാംദാസ്**

ഡോക്യുമെന്ററിയിലൂടെയും ഹ്രസ്വ ചിത്ര സംവിധാനങ്ങളിലൂടെയും മലയാള സിനിമാ സംവിധാന രംഗത്തേക്ക് കടന്ന് വന്ന വ്യക്തിത്വമാണ് മാധവ് രാംദാസ്. 2011ൽ പുറത്തുവന്ന മേൽവിലാസം എന്ന സിനിമയിലൂടെയാണ് മാധവ് രാംദാസ് മലയാള സിനിമ രംഗത്തേക്ക് വന്നത്. ഒരു കോടതി മുറിയിൽ അരങ്ങേറുന്ന നാടകീയ രംഗങ്ങൾ വളരെ മനോഹരമായി ഈ സിനിമയിൽ ആവിഷ്കരിച്ചിരിക്കുന്നു. അതിനുശേഷം വന്ന മെഡിക്കൽ സസ്പെൻസ് ത്രില്ലറായ അപ്പോത്തിക്കിരി പ്രേക്ഷകർക്കിടയിൽ മികച്ച കൈയടി നേടി.

ഒരു പറ്റം നല്ല സംവിധായകരെ സമ്മാനിച്ചിട്ടുള്ള മലയാള സിനിമയുടെ ഭാവി ഇനി ഈ യുവസംവിധായകരുടെ കൈകളിലാണ്. ഒരു കലാസൃഷ്ടി എന്നതിലുപരി വാണിജ്യ വത്കരിക്കപ്പെട്ട സിനിമ ഇന്ന് യുവസംവിധായകരുടെ കൈകളിൽ സുരക്ഷിതമാണ് എന്ന ഉറപ്പ് ഏതൊരു പ്രേക്ഷകനും യാതൊരു സംശയവും കൂടാതെ ഉറപ്പിച്ച് പറയാൻ കഴിയുന്ന ഒന്നാണ്. അന്നും ഇന്നും എന്നും മലയാള സിനിമ ലോക പ്രേക്ഷകർക്ക് മുന്നിൽ തലയുയർത്തി നിൽക്കുമെന്ന് നിസ്സംശയം പറയാം.

■



# വിദൂരതയിലേക്കൊരു യാത്ര

ഞാൻ പിൻവാങ്ങുകയാണ് ജീവിച്ചിരിക്കുന്നതിന്റെ
ഉത്തരവാദിത്തങ്ങളിൽനിന്ന്
നഷ്ടപ്പെട്ടു പോയവരോടോ നഷ്ടങ്ങൾ വരുത്തിയവരോടോ പരിഭവങ്ങളില്ലാതെ
ഇതെന്റെ വിധിയാണ്
ഞാനിത് സ്വീകരിക്കുന്നത് ജീവിതത്തോടുള്ള വെറുപ്പുകൊണ്ടോ ഭയം കൊണ്ടോ അല്ല..
മറിച്ച് മോഹം കൊണ്ടാണ്
മരണത്തോടുള്ള മോഹം കൊണ്ടത്
ഇനി ഞാൻ മറ്റൊരു ലോകത്തായിരിക്കും
ഞാൻ സ്വപ്നം കണ്ടതായുള്ള എന്റേത് മാത്രമായ ലോകത്ത്..

സ്വജിഷ് പി.പി
ട്രെയിനി, സൈബർശ്രീ





നിഖിൽ,
ട്രെയിനി, സൈബർശ്രീ

# വിധവ



നീ ഒരൊറ്റ സന്ധ്യയാമത്തിൽ
കറുപ്പ് പടരുന്നു
താലി ചരടുകൾ അഴിയുന്നു
സ്വപ്നങ്ങളും പ്രതീക്ഷകളും
നിന്റെ ചിതയിൽ കത്തി അമരുന്നു ഞാൻ
വെള്ള വസ്ത്രത്തിനുള്ളിലെ
വിധവയായ് മാറി
കവിതകളും മഴയും പറഞ്ഞ
പൊരുത്തം ഇന്നില്ലാ
ആയുസ്സിന്റെ പുസ്തകത്തിലെ
കാലന്റെ വേഷം ആണെനിക്ക്
പതിയുടെ കാലന്റെ വേഷം
നീ തന്ന കുഞ്ഞുമായ് ജീവിതവഴിയിൽ
പകച്ചു നിൽക്കുന്നു ഞാൻ
മറ്റുള്ളവർക്ക് ഒരു അപശകുനമായ്
കുറ്റപ്പെടുത്തലുകൾക്ക് മാത്രം
ഇനിയൊരു ജീവിതമെന്തിനു
തളരാതെ പിടിച്ചു നിന്നാലും
കൊത്തി പറിക്കുന്ന കണ്ണുകളും
സംശയത്തിന്റെ കുത്തുവാക്കുകളും
എനിക്ക് നേരെ ഉയരുന്നു
എന്റെ ദുഃഖങ്ങൾ കാണാതെ
എല്ലാം നല്ലതിനെന്നും പറയുന്നു
ദൈവമേ നീയും കണ്ണടച്ചിരിക്കുകയാണോ?



# ആത്മവിദ്യാലയമേ..! നന്ദി!



**അഖിൽ പ്രഭാകരൻ**
ഡി.ഡി.എം.പി

**വി**ദ്യ എന്ന ലോകത്തിൽ അക്ഷരമെന്ന വാക്ക് കൊണ്ട് പലതായി തിരിച്ചു - അവയിൽ സൗഹൃദം എന്ന വിശ്വാസവും പ്രണയം എന്ന ആദ്യാനുരാഗവും അവ നഷ്ടമാക്കിയ നിമിഷങ്ങളും. കൂടാതെ രാഷ്ട്രീയം പ്രസ്ഥാനവും ചരിത്രം എന്ന സ്നേഹവും നൽകി ഞങ്ങളെ ലോകമെന്ന ചുറ്റുപാടിൽ തലയുയർത്തി നിൽക്കാൻ സഹായിച്ച എന്റെ കലാലയമേ കഴിഞ്ഞു പോയ വർഷങ്ങളിൽ നീ ഞങ്ങൾക്ക് നൽകിയത് വിദ്യ മാത്രം ആയിരുന്നില്ല. വേദനിക്കുന്ന മനസ്സുകളഇൽ സൗഹൃദത്തിന്റെ സാന്ത്വനങ്ങൾ പകരാനും, ധാർമ്മികതയ്ക്കുവേണ്ടി പൊരുതാനും ഒക്കെയുള്ള ഊർജ്ജവും കൂടിയാണ്. ആ കാലഘട്ടങ്ങൾ നിന്റെ മേൽവിലാസത്തിൽ അറിയപ്പെട്ടിരുന്നത് ഒരു സ്വകാര്യ അഹങ്കാരമായിരുന്നു.

കഴിഞ്ഞുപോയ നിമിഷങ്ങൾ ഒന്നും ഇനി തിരിച്ചുകിട്ടിയില്ല എന്നു അറിഞ്ഞപ്പോൾ അവയിൽ ചിലത് എങ്കിലും നഷ്ടമാകാതെ ഇരിക്കാൻ ഞങ്ങൾ ആഗ്രഹിച്ചു. അത് നിന്നെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ മാത്രം ആയിരുന്നില്ല. ഞാൻ ഇവിടെ നിന്നും പോകണം എന്ന് അറിയുമ്പോൾ ഒരുപാട് വേദനക്കിമായിരുന്നു. പക്ഷേ ഇവിടെ ചിലവഴിച്ച കാലയളവ് അതിനേക്കാൾ എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കും അത് ആ വേദനയെ അകറ്റും.

സ്ഥിരം വൈകി എത്തുന്നവരുടെ കേട്ടുമടുത്ത ന്യായീകരണങ്ങളോടൊപ്പം, വല്ലപ്പോഴും കേൾക്കുന്ന ബുജികളുടെ സത്യസന്ധമായ കാരണങ്ങളും ഇറക്കിവിടുമ്പോൾ സിനിമ ടിക്കറ്റ് കിട്ടുമോ എന്ന് സംശയിക്കുന്ന സുഹൃത്തുക്കൾ ഉള്ളതുപോലെ തന്നെ അപേക്ഷകൾകൊണ്ട് അദ്ധ്യാപകനെ കീഴടക്കി തിരികെ കയറി ക്ലാസിൽ ഇരിക്കുന്ന കൂട്ടുകാരും ഉണ്ട്. മുൻ ബഞ്ചിൽ നോക്കിയാൽ ബുജികളെ കാണാം. 2,3 ബഞ്ചുകളിൽ പകൽ മാന്യൻമാരെ കാണാം. 4,5 ബഞ്ചുകളിൽ കാമുകൻമാരെ കാണാം. അവസാന ബഞ്ചുകളിൽ സൗഹൃദം അറിയുന്ന സുഹൃത്തുക്കളെ കാണാം എന്നത് പൊതുവെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ഇത് അധ്യാപകർക്കും അറിയുന്നത് കൊണ്ടാകും ക്ലാസിൽ എവിടിരുന്നാലും നമുക്കുള്ള ചോദ്യ

ങ്ങൾ നമ്മളെ തേടി എത്തുന്നത്.

പഠനത്തിനുള്ള സമയം പകുത്ത് എടുത്ത് എഴുതി പ്രണയലേഖനങ്ങളും ആഘോഷങ്ങളിൽ സമയം കണ്ടെത്തി നെയ്തുകൂട്ടിയ സ്വപ്നങ്ങളും, കൂട്ടുകാരിൽ നിന്നു മാറി ഒറ്റയ്ക്കു നൽകിയ പുഞ്ചിരിയും എല്ലാത്തിനും ഒടുവിൽ അവൾക്കായ് മാത്രം കരുതിവച്ച ഒരു കുഞ്ഞു ഹൃദയവും, അതിൽ ഒത്തിരി സ്നേഹവും വെറുതെയായിരുന്നു എന്നറിയുന്ന നിമിഷം മുതൽ ശത്രുവായ് കാണുന്ന അവളാണ് പിന്നീട് ബാങ്ക് പാസ്‌വേർഡ് ആയും, മകളുടെ പേരായും ഒക്കെ അവനോടൊപ്പം ഉണ്ടാകുക.

വിപ്ലവം നഷ്ടമാക്കിയ ചില കൂട്ടുകാരുടെ സത്യം മനസ്സിലാക്കി ബിയർ പോരാ മദ്യം തന്നെ ഇടനില വേണം എന്നത് കലാലയം കൈയടിച്ച് സമ്മതിക്കുന്ന പരമാർത്ഥം.


ഇതൊക്കെയാണെങ്കിലും 60 ദിവസങ്ങൾ പഠനത്തിനായി വിട്ടുകൊടുക്കുന്നു കലാലയമക്കൾ. അവിടെ ഉഴപ്പില്ല പഠിത്തം മാത്രം. എല്ലാവർക്കും പരീക്ഷ കടൽ നീന്തി കടക്കാൻ പറ്റില്ല കുറച്ചു വൈകിയാണെങ്കിലും എല്ലാവരും അക്കരെ എത്തും. കാരണം ഈ കടലിന്റെ ചുഴി അറിയുന്നവരാണ് കലാലയമക്കൾ.

ആദ്യമായി ഞങ്ങൾ എല്ലാവരും നിന്നിലേക്ക് എത്തിയത് തനിച്ചായിരുന്നു. ഓരോ ദിനവും നിമിഷവും സുഹൃത്തുക്കളും സുഹൃത്ബന്ധങ്ങളും നീ ഞങ്ങൾക്ക് നൽകി. അവയിൽ പരിചയപ്പെട്ടു പോയ മുഖങ്ങൾ പലരും നീ ഞങ്ങളെ ഓർമ്മപ്പെടുത്തുമായിരുന്നു.

ഞങ്ങൾ അറിഞ്ഞിരുന്നില്ല. അവ എല്ലാം നഷ്ടമാകാൻ ഉള്ളതായിരുന്നു എന്ന് നമ്മിൽ കാണുമ്പോൾ ഉള്ള പുഞ്ചിരിച്ച മുഖവും അളിയാ നാളെ കാണാം എന്നുപറഞ്ഞ സുഹൃത്തുക്കളിലും വേർപാടിന്റെ മിഴിനീർത്തുള്ളികൾ മാത്രമായിരുന്നു. ഒടുവിൽ എല്ലാം നഷ്ടമായപ്പോഴും വേദനിക്കുന്ന ഒരുപാട് ഹൃദയങ്ങൾക്ക് പുതുമയുടെ ലോകം തേടി ഞങ്ങൾ പോയി.

ഇനി ഒരു അവസരമുണ്ടായാൽ അല്ല ഉണ്ടായില്ല എങ്കിലും 25 വർഷത്തിന്റെ അപ്പുറം ജീവിച്ചിരിക്കുന്ന നമ്മൾ എല്ലാവരും തമ്മിൽ ബന്ധപ്പെടാൻ ഉണ്ടായിരുന്നില്ല എങ്കിൽ പോലും ഇവിടെ ഈ കലാലയത്തിൽ എത്തിച്ചേരണം, പൂർവ്വവിദ്യാർത്ഥി എന്ന അവകാശത്തോടെ തന്നെ എത്തണം. കുടുംബസമേതം തന്നെ എത്തണം. നഷ്ടമായ പലതും തിരിച്ചുപിടിക്കണം എന്ന ആശ്വാസം മാത്രം ബാക്കിവച്ച് നമുക്ക് ഇനി ജീവിച്ച് തുടങ്ങാം. ഇത്രനാളും നമുക്കു വേണ്ടി ജീവിച്ചു കുടുംബത്തിന് വേണ്ടി, നിന്നോടുള്ള കടപ്പാടുകൾ മാത്രം ബാക്കി നിൽക്കെ, വീണ്ടും ഒരു യാത്രകൂടി. ആത്മവിദ്യാലയമേ നന്ദി.. ഒരായിരം നന്ദി..

■





# ഓണാഘോഷം

## കമ്മ്യൂണിക്കേഷൻ കോഴ്സ് ഡിവിഷൻ










കമ്മ്യൂണിക്കേഷൻ കോഴ്സ് ഡിവിഷന്റെ ഓണാഘോഷം ആഗസ്റ്റ് 25-ാം തീയതി കവടിയാർ കോഴ്സ് കേന്ദ്രത്തിൽ നടത്തുകയുണ്ടായി. കോഴ്സ് ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട രജിസ്ട്രാർ ജയരാജ് അവർകൾ നേതൃത്വം നൽകിയ ആഘോഷത്തിൽ ജീവനക്കാരും വിദ്യാർത്ഥികളും ഒത്തൊരുമിച്ച് ആഹ്ലാദപൂർവ്വം പങ്കെടുത്തു. അത്തപ്പൂക്കളവും ഓണസദ്യയും ഒരുക്കി. ആഘോഷത്തിൽ സി.ഇ.എ. സെക്രട്ടറി സഖാവ് ബി. സതീശൻ, സഖാവ് ഗോപീകൃഷ്ണൻ എ.ആർ എന്നിവർ പങ്കുചേർന്നു. ഓണം ഭാഗ്യസമ്മാന നറുക്കെടുപ്പിൽ ശ്രീ. മനോജ്രാമൻ, ഡോ. ഷിറാസ് ബാവ, ശ്രീ. ജിബി പി. എബ്രഹാം എന്നിവർ സമ്മാനാർഹരായി.



# സ്നേഹപൂക്കളം




മനസ്സിനുള്ളറയിലുള്ളൊരു
പൂക്കളം തീർത്തു ഞാനാ
വാടാമലർ ചേർത്തുവെച്ചൊരു
സ്നേഹപൂക്കളം
പുലർകാലസന്ധ്യയിൽ കുളിച്ചൊരുങ്ങി
കൂട്ടുകാരോടെ നിന്നു ഞാനാ-
ജന്മാന്തര ബന്ധത്തിൻ പൊരുൾതേടി
വറ്റാത്ത സ്നേഹത്തിൻ
നീരുറവയാലൊരുക്കിയ
സപ്തവർണങ്ങളാലൊന്നായ്
നിരത്തിയാ തൂശനിലയിൽ ഉത്സാഹത്തോടെ
ഒത്തൊരുമിച്ചിരുന്നുണ്ണാനുള്ളോരാ കൊതിയോടെ
കഴിയുമീ ഓണസദ്യതൻ രസമറിയാൻ
വൈകരുതേ ഇനിയും.

വി.ടി. രശ്മി
w/o Sudheer
Communication Group

# ഉറക്കം



കരിയില പക്ഷികൾ
കാറ്റത്ത് പറക്കുന്നതും
തൂക്കണാം കുരുവി
തൂങ്ങിയാടുന്നതും
എപ്പോഴുമെന്റെ ഉറക്കം കെടുത്തുന്നു.

വണ്ണാത്തി കിളിയും
വാലാട്ടി പക്ഷിയും
വേനലിൽ വേദനയോടെ നോക്കുന്നതും
എന്റെ ഉറക്കം കെടുത്താറുണ്ട്.

വയൽ ചെടികൾക്കു മീതെ
വാകമരം വാ നോക്കി നിൽക്കുന്നതും
പലപ്പോഴൊക്കെ ഉറക്കം കെടുത്താറുണ്ട്.



എല്ലാം പഴയതു പോലെ തന്നെയുണ്ട്
പക്ഷെ ഓർക്കുമ്പോൾ മാത്രമേ
പലതും ഉറങ്ങാറുള്ളൂ
ദീർഘ ദർശനം നടത്താൻ
കഴിയാത്ത വിധം

ബിജുകുമാർ എൻ
മെയിൻ ഓഫീസ്





# സോളാർപ്ലാന്റ് കമ്മീഷൻ ചെയ്തു

കണ്ണൂർജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്ത് ആഫീസിൽ സ്ഥാപിച്ച സോളാർ പവർ പ്ലാന്റ് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കമ്മീഷൻ ചെയ്തു. പഞ്ചായത്ത് ഓഫീസിലെ മുഴുവൻ വൈദ്യുത ഉപകരണങ്ങളും ഇതോടെ സൗരോർജ്ജത്തിലൂടെയായിരിക്കും പ്രവർത്തിക്കുക. സംസ്ഥാനത്തെ ഇരുപതിലധികം ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ഇതിനോടകം സി-ഡിറ്റിന്റെ ഗ്രീൻ എൻജി ആൻഡ് ടെക്നോളജി ഡിപ്പാർട്ടുമെന്റ് സൗരോർജ്ജപ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

# മഹേഷ്പഞ്ചുവിന് ഇരട്ടമധുരം



2009-ൽ സി-ഡിറ്റിൽ ചീഫ് കോ-ഓർഡിനേറ്ററായി ജോലിയിൽ പ്രവേശിച്ച മഹേഷ്പഞ്ചുവിന് ഇത് അംഗീകാരങ്ങളുടെ കാലം. 2015-ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡിൽ ഏറ്റവും മികച്ച ബയോഗ്രഫിക്കൽ ചിത്രത്തിനുള്ള അംഗീകാരം ലഭിച്ചത് മഹേഷ്പഞ്ചു സംവിധാനം നിർവഹിച്ച ഡ്രാമാനുജം എന്ന ഡോക്യുമെന്ററി ചിത്രത്തിനാണ്. ഈ അംഗീകാരത്തിന്റെ മധുരം ഒഴിയുന്നതിനുമുമ്പ് മഹേഷ്പഞ്ചുവിനെ തേടി അടുത്ത അംഗീകാരവും എത്തി. സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി സ്ഥാനം. 16 ഡോക്യുമെന്ററി ചിത്രങ്ങളും മൂന്ന് ശ്രദ്ധേയമായ ഷോർട്ട്ഫിലിമുകളും സംവിധാനം ചെയ്ത നാടകപ്രവർത്തകൻ കൂടിയായ മഹേഷ്പഞ്ചുവിന് ഏറ്റവും മികച്ച സെക്രട്ടറിമാരിൽ ഒരാളായി മാറാൻ സിൻലെറ്റിന്റെ എല്ലാവിധ ആശംസകളും നേരുന്നു.




# മനോജ്കാനയ്ക്ക് വീണ്ടും പുരസ്കാരം



ചായില്യം എന്ന പ്രഥമസിനിമയിലൂടെ മലയാള സിനിമയിൽ തന്റേതായ ഇടം രേഖപ്പെടുത്തിയ സംവിധായകനാണ് മനോജ്കാന. സി-ഡിന്റെ കണ്ണൂർ റീജിയണൽ സെന്ററിൽ പ്രോഗ്രാം പ്രൊഡ്യൂസറായ മനോജ്കാന നാടകരംഗത്ത് നിന്നും വന്ന സിനിമാ സംവിധായകനാണ്. 2012ൽ ചായില്യം എന്ന സിനിമയിലൂടെ മികച്ച കഥയ്ക്കുള്ള സംസ്ഥാനപുരസ്കാരം, മികച്ച സിനിമയ്ക്കുള്ള പത്മരാജൻ പുരസ്കാരം, മികച്ച നവാഗത സംവിധായകനുള്ള ഹസൻകുട്ടി പുരസ്കാരം(IFFK) എന്നിവ നേടിയ മനോജ് കാനയുടെ അടുത്ത ചിത്രമായ അമീബ , ദേശീയ തലത്തിൽ അംഗീകാരങ്ങൾ വാങ്ങിയ സിനിമയാണ്. നിരവധി ചലച്ചിത്രോത്സവങ്ങളിൽ പ്രദർശിപ്പിക്കപ്പെട്ട കാസർഗോട്ടെ എന്റോസൾഫാൻ ദുരന്തബാധതരുടെ കഥ പറഞ്ഞ അമീബയിലൂടെ സംസ്ഥാന സർക്കാരിന്റെ 2015ലെ ഏറ്റവും മികച്ച രണ്ടാമത്തെ ചിത്രത്തിന്റെ സംവിധായകൻ എന്ന അംഗീകാരം മനോജ്കാനയെ തേടി വന്നിരിക്കുകയാണ്. സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ അംഗമായ മനോജ്കാനയ്ക്ക് സീൻലെറ്റിന്റെ അഭിനന്ദനങ്ങൾ



# ദൃശ്യവിസ്മയങ്ങളുടെ ഡിജിറ്റൽ ലോകം

**രാജേഷ് കുമാർ എ.ആർ**
കമ്മ്യൂണിക്കേഷൻ വിഭാഗം

കലയുടെ വിവിധ രൂപങ്ങൾ ആധുനിക ലോകത്ത് ആസ്വാദകരെ അതിശയിപ്പിച്ചു കൊണ്ടിരിക്കുന്നു. വരകളും വർണ്ണങ്ങളും രൂപങ്ങളും ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അവിശ്വസനീയമായ വിസ്മയം സൃഷ്ടിക്കുന്നു. പ്രാചീന സമ്പ്രദായങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായതും താരതമ്യേന ലളിതമായതുമായ പല നൂതന വിദ്യകളും ഇന്ന് ആയിരക്കണക്കിനാളുകൾക്ക് ഉപജീവന മാർഗ്ഗമായി മാറിയിരിക്കുന്നു. വരും കാലങ്ങളിൽ സ്ക്രീനിൽ കാണുന്നത് നേരിട്ട് അനുഭവമാക്കുന്ന വിർചൽ റിയാലിറ്റികളുടെ ലോകമാണ്. ഭാവനകളെ സ്വതന്ത്രമായി പറത്തിവിട്ട് അതിനെ മികച്ച ഒരു കലാസൃഷ്ടിയാക്കി മാറ്റുകയെന്നത് കലാകാരൻമാർ സാധ്യമാക്കുന്നത് വിവിധ മാധ്യമങ്ങളിലൂടെയാണല്ലോ. ചിത്രകല, ശില്പകല, അനിമേഷൻ തുടങ്ങി എല്ലാ മേഖലകളിലും ഡിജിറ്റൽ വത്ക്കരണം നടക്കുമ്പോൾ അതിന്റെ മനോഹാരിത ഒട്ടും ചോർന്നു പോകാത്ത വിധത്തിൽ ഇന്ന് അവയെ നിർമ്മിക്കുവാൻ സാധിക്കുന്നു. ഇതിന്റെ പിന്നിലെ സാങ്കേതിക വശങ്ങൾ പലതും ഏതൊരു തുടക്കക്കാരനും മനസ്സിലാകുന്ന വിധത്തിൽ ലളിതമായിത്തീർന്നിരിക്കുന്നു.

വരകളെയും വർണ്ണങ്ങളെയും ഡിജിറ്റലൈസേഷൻ നടത്തി സ്കീനിലും അച്ചടി മാധ്യമത്തിലും പകർത്തുന്ന പ്രക്രീയ എന്നതിലുപരി അവയുടെ മൂല്യവും അതുപോലെ പുന:സൃഷ്ടിക്കാൻ സാധിക്കുന്നു. സിനിമകളിലൂടെ നാം കാണുന്ന അത്ഭുത ദൃശ്യങ്ങൾക്ക് പിന്നിലെ സാങ്കേതികത അത്ഭുതാവഹമാണ്. കമ്പ്യൂട്ടറുകൾ കണക്കുകൂട്ടൽ യന്ത്രങ്ങളായി ആവിഷ്ക്കരിക്കപ്പെട്ട കാലത്ത് ഒരിക്കലും അത് ഇത്തരത്തിൽ വൈവിധ്യമാർന്ന മേഖലകളിൽ വ്യാപിക്കുമെന്ന് അതിന്റെ സൃഷ്ടാക്കൾ പോലും കരുതിയിരുന്നില്ല. ചിത്രകാരന്മാരും, ശില്പികളും ഒടുവിൽ ഈ വിദ്യയെ അംഗീകരിക്കുകയും അവരുടെ പ്രവർത്തന മാധ്യമമാക്കി ഇതിനെ മാറ്റുകയും ചെയ്തു. ഇന്ന് ഡിജിറ്റൽ മാധ്യമത്തിൽ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവർക്ക് കഴിയുന്നതിനു പിന്നിലെ കാരണം ഇതിന്റെ ലളിതമായ പ്രവർത്തന രീതിയാണ്. കലാകാരന്മാരുടെ ആവശ്യം അറിഞ്ഞ് അവർക്കാവശ്യമായ സോഫ്റ്റ് വെയറുകളുടെ ഭാഷയിൽ പറഞ്ഞാൽ ടൂളുകൾ നിർമ്മിച്ച് നിലവിലുള്ളതിനേക്കാളും മികച്ചത് എന്ന അവകാശവാദത്തോടു കൂടി നിരവധി സോഫ്റ്റ് വെയറുകൾ അനുദിനം രംഗപ്രവേശം ചെയ്തു കൊണ്ടിരിക്കുന്നു. ഒരുദാഹരണം



പറഞ്ഞാൽ ഫോട്ടോഷോപ്പ് എന്നത് ഫോട്ടോ എടുക്കുന്ന സ്ഥാപനം അല്ല മറിച്ച് അത് കമ്പ്യൂട്ടറിൽ ചിത്രസന്നിവേശം ചെയ്യുന്ന സംവിധാനം ആണെന്ന് അറിയാത്തവർ വിരലിലെണ്ണാവുന്നവർ മാത്രം. അച്ചടി രംഗത്ത് ഡിജിറ്റൽ വിപ്ലവം നടക്കുന്ന കാലത്തു തന്നെ ദൃശ്യ മാധ്യമത്തിലും അതു സംഭവിച്ചു. സിനിമ എന്ന മാധ്യമത്തിലൂടെ പുതിയ വിസ്മയങ്ങൾ വന്നെത്തിയപ്പോൾ അതിന്റെ വാണിജ്യ സാധ്യതയും വർധിച്ചു. ഇന്റർനെറ്റിന്റെ വ്യാപനത്തോടു കൂടി ആ രംഗത്തും പുതിയ ശൈലികൾ ആവിഷ്ക്കരിക്കപ്പെട്ടു. ആദ്യകാലത്ത് വാൾട്ട് ഡിസ്നിയുടെ വരയത്ഭുതങ്ങൾ കണ്ട് പുളകിതരായവർ ഇന്ന് ഇതൊക്കെ യഥാർത്ഥമാണോ ആതോ സൃഷ്ടിച്ചതോ എന്ന സംശയത്തിലാണ്. ഫോട്ടോ റിയലിസ്റ്റിക് ആയി ഡിജിറ്റൽ രീതിയിൽ സൃഷ്ടിച്ച ചലിക്കുന്നതും അല്ലാത്തതുമായ കഥാപാത്രങ്ങൾ അരങ്ങു വാഴുന്ന കാലഘട്ടമാണിന്ന്.


ഈ വിർചൽ ലോകത്തിന്റെ സാങ്കേതിക വശങ്ങൾ ലളിതമായി മനസ്സിലാക്കുവാൻ ശ്രമിക്കാം. 2D, 3D എന്നിങ്ങനെ പ്രധാനമായും രണ്ട് രീതികളാണുള്ളത്. നീളവും വീതിയും മാത്രം പ്രദർശിപ്പിക്കുന്നതാണ് 2D. അതായത് ചിത്രങ്ങളുടെ കനം അഥവാ ഉള്ളളവ് കാണാൻ പറ്റുന്നില്ല. ടോം ആന്റ് ജെറി കഥാപാത്രങ്ങൾ ഉദാഹരണം. ചിത്രങ്ങളുടെ ഉള്ളളവ് പ്രകടിപ്പിക്കുന്ന കഥാപാത്രങ്ങൾ അടങ്ങുന്നതാണ് 3D. ജുറാസിക് പാർക്കിലെ ദിനോസറുകൾ ഉദാഹരണം. വിഷ്വൽ ഇഫക്റ്റ് എന്ന പേരിലറിയപ്പെടുന്ന ഈ വിദ്യയിൽ അത്ഭുതങ്ങൾ കാണിക്കാൻ സാധിക്കും. സ്പൈഡർമാൻ, ബാറ്റ്മാൻ, സൂപ്പർമാൻ, തുടങ്ങിയ 'മാൻ' മാരും, ദിനോസറുകൾ, അന്യഗ്രഹജീവികൾ, സൂക്ഷ്മ ജീവികൾ, പ്രകൃതി ദൃശ്യങ്ങൾ, കെട്ടിടങ്ങൾ, കാറ്റ്, മഞ്ഞ്, മഴ, തീ, വെള്ളം അങ്ങിനെ അഭിനയിക്കുവർ ഒഴിച്ച് മറ്റെല്ലാം ഡിജിറ്റലായി മാറിയിരിക്കുന്നു. നിർമ്മാണച്ചെലവിന്റെ പകുതുയലധികവും ഡിജിറ്റലൈസേഷനായി മാറ്റിവെച്ചിരുക്കുന്നു. ഹോളിവുഡിനു മാത്രം സാധ്യമായിരുന്ന ഇവയൊക്കെ പതിയെ പതിയെ ലോകമെമ്പാടും വ്യാപിക്കുകയും ചെയ്തു. തത്ഫലമായി ഭാവനാസമ്പന്നരായ മികച്ച കലാകാരൻമാരും സാങ്കേതിക വിദഗ്ധരും ഉള്ളിടങ്ങളിലൊക്കെ ഇത്തരം സൃഷ്ടികൾ ഉണ്ടാകുന്നു. നമ്മുടെ രാജ്യത്ത് ഇപ്പോൾ അതേ നിലവാരത്തിലുള്ള സിനിമകളും ദൃശ്യങ്ങളും വന്നു തുടങ്ങി. അവയിൽ പലതും പൂർണ്ണമായും തദ്ദേശീയമായി നിർമ്മിക്കപ്പെട്ടവയെന്നും കേൾക്കുമ്പോൾ, അഭിമാനിക്കാതെ തരമില്ല. സോഫ്റ്റ് വെയറുകളാണ് ഈ വിദ്യകൾ ഡിജിറ്റൈസ് ചെയ്യുവാൻ സഹായിക്കുന്നത്. പല തരത്തിലുള്ള രീതികളിൽ ചിത്രീകരിക്കുന്നവയെ ഒടുവിൽ സംയോജിപ്പിച്ച് ഒറ്റ ചിത്രമാക്കി മാറ്റുന്നു. അവയിൽ ശബ്ദമിശ്രണം നടത്തി എഡിറ്റ് ചെയ്ത് ഉത്പന്നം പുറത്തിറങ്ങുന്നു. 3D സോഫ്റ്റ് വെയറുകൾ ഇവയിൽ പ്രധാനഭാഗം കൈകാര്യം ചെയ്യുന്നു. വസ്തുക്കളെയും, കഥാപാത്രങ്ങളെയും യഥാർത്ഥമാണെന്ന് തോന്നുന്ന വിധത്തിൽ സൃഷ്ടിക്കുന്നത് ഇവയുടെ സഹായത്തോടെയാണ്. മോഡലിംഗ്, ടെക്സ്ചറിംഗ്, അനിമേഷൻ, ലൈറ്റിംഗ്, റെൻഡറിംഗ് എന്നിവ ഇവയിൽ ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങളാണ്. ഇവയോരോന്നും നിർമ്മാണ ഘട്ടങ്ങളാണ്. ഓരോ ഘട്ടത്തിലും അതാതു മേഖലയിലെ വിദഗ്ധരായ കലാകാരൻമാർ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ 3D ആയി നിർമ്മിക്കുവാൻ റഫറൻസ് ആയി നേരിട്ട് ചിത്രീകരിക്കുന്ന ഫോട്ടോകൾ, വീഡിയോകൾ, കൈ കൊണ്ട് വരച്ച ചിത്രങ്ങൾ എന്നിവ ഉപയോഗിക്കുന്നു. ഇങ്ങനെ ലഭിക്കുന്നവയെ കോംപോസിറ്റിംഗ് എന്ന പ്രക്രീയയിലൂടെ സംയോജിപ്പിക്കുന്നു.ഇതിനായി നിരവധി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നു. ഓരോ ഷോട്ടുകളായി ഇവയെല്ലാം സോഫ്റ്റ് വെയറുകളുടെ സഹായത്തോടെ ഒറ്റ ചിത്രമായി പുറത്തിറക്കുന്നു. ഇന്ന് പെട്ടികളിലാക്കി കൊണ്ടുവരുന്ന ഫിലിമുകൾ കാത്ത് തീയേറ്ററിനു മുമ്പിൽ കാത്തിരിക്കുകയെന്നത് പഴങ്കഥയായി. അതും സാറ്റലൈറ്റ് വഴി ഡിജിറ്റലായി മാറിയിരിക്കുന്നു.

ഇന്റർനെറ്റിന്റെ വ്യാപനം സമസ്ത മേഖലകളിലേക്കും നടക്കുന്ന ഈ സമയത്ത് കലാസൃഷ്ടികളും കലാകാരൻമാരും ആ രംഗത്തും പ്രവർത്തിക്കുന്നു. ആയിരം വാക്കുകളേക്കാൾ വാചാലമാണ് ഒരു ചിത്രം എന്നു പറയുന്നുണ്ടല്ലോ. കലാസൃഷ്ടികൾ ഡിജിറ്റൽവത്ക്കരണം നടത്തുമ്പോൾ അവയെ ദുരുപയോഗം ചെയ്യപ്പെടുന്ന പ്രവണതയും വ്യാപകമായി നടക്കുന്നു. പണ്ടു

കാലങ്ങളിലേതു പോലെ കലാകാരന് ഇപ്പോഴും സൃഷ്ടിയുടെ മൂല്യത്തിനനുസരിച്ചുള്ള പ്രതിഫലം ഇതു മൂലം നഷ്ടപ്പെടുന്നു. ആർക്കു വേണമെങ്കിലും സൃഷ്ടി നടത്താമെന്ന സാഹചര്യം നിലവിലുണ്ടെങ്കിലും, കലാകാരൻമാർ അതു ചെയ്യുമ്പോൾ ഡിജിറ്റൽ രംഗത്ത് അത്ഭുതങ്ങൾ നടക്കുന്നു. ഒരു സൃഷ്ടി കലാകാരന്റെ ഭാവനയിലാണ് രൂപം കൊള്ളുന്നത്. ഭാവനയ്ക്കനുനസരിച്ച് സൃഷ്ടിയുടെ പരിപൂർണ്ണത നടത്തുവാൻ ഉതകുന്ന തരത്തിലുള്ള ഉപകരണങ്ങൾ ഡിജിറ്റൽ മേഖലയിൽ സോഫ്റ്റ് വെയറുകൾ നൽകുന്നു. 3ഡി പ്രിന്റിംഗ് എന്ന നൂതന ടെക്നോളജിയുടെ ആവിർഭാവത്തോടെ ത്രിമാന സ്വഭാവമുള്ള ശില്പങ്ങൾ ഇന്നു നിർമ്മിക്കാൻ സാധിക്കുന്നു. ഇന്റർനെറ്റിൽ കലാകാരൻമാർക്ക് ഇപ്പോൾ കൂട്ടായ്മയും, ലോകമെമ്പാടും സൃഷ്ടികൾ പ്രദർശിപ്പിക്കുവാനും വിൽപ്പന നടത്തുവാനും ഉതകുന്ന സാഹചര്യം ഡിജിറ്റൽ ലോകം ഒരുക്കിയിരിക്കുന്നു. പിക്സലുകൾ എന്ന അതിസൂക്ഷ്മ ഘടകങ്ങളാണ് ഇമേജുകളെ ഡിജിറ്റലാക്കുമ്പോൾ പൂർണ്ണത നല്കുന്നത്. ആധുനിക ഡിജിറ്റൽ ക്യാമറകളും, മൊബൈൽ ഫോണുകളും ഇന്ന് ചിത്രങ്ങളുടെ ഗുണനിലവാരം അവിശ്വസനീയമായ നിലവാരത്തിൽ എത്തിച്ചിരിക്കുന്നു.

ഡിജിറ്റൽ ലോകത്തിലെ വിസ്മയക്കാഴ്ചകൾ ശരിക്കും ഇനി വരാനിരിക്കുന്നതേയുള്ളൂ. അണിയറയിൽ നടക്കുന്ന നൂതന ഗവേഷണങ്ങൾ ഫലപ്രാപ്തിയിലെത്തുന്നതോടെ വരും നാളുകളിൽ ലോകം തന്നെ മാറിപ്പോകുന്നതായി കാണാം. അപ്പോഴും നാടിനോടൊപ്പം നടുവെ ഓടാതെ നിൽക്കുന്നവർ പിന്തള്ളപ്പെടും. സാങ്കേതിക വിദ്യ പുരോഗമിക്കുമ്പോൾ കലാകാരൻമാർ ഇതിനെ നവമാധ്യമമായി കരുതി അതിൽ വിസ്മയങ്ങൾ തീർക്കുന്നത് വരും തലമുറയ്ക്ക് പ്രചോദനമാകും. ■




KSPIFC – PERFORMING IN THE POWER & INFRASTRUCTURE DEVELOPMENT SECTOR SINCE 1998

FINANCING FOR

- VARIOUS PROJECT OF KSEB
- SUPPLIERS OF INPUTS / SERVICE PROVIDERS TO KSEB
- VIABLE MEDIUM POWER PROJECTS IN THE CONVENTIONAL AND NON-CONVENTIONAL ENERGY SECTOR / SOLAR POWER PLANT FOR INSTITUTIONS
- INFRASTRUCTURE PROJECTS-CONSTRUCTION OF COMMERCIAL COMPLEXES
- PURCHASE/MANUFACTURING OF POWER RELATED EQUIPMENTS
- SINGLE WINDOW CLEARANCE WITH COMPETITIVE INTEREST RATE

KSPIFC

Kerala State Power and Infrastructure Finance Corporation Limited
(A Government of Kerala Undertaking)
KPFC Bhavanam, Vellayambalam, Sasthamangalam (PO), Thiruvananthapuram – 695010
PH: 04171-2735533, 2735522 MD
E.MAIL : kspifc@asianetindia.com
Website : www.kspifc.com
FAX: 0471-2735511

Formerly Kerala Power Finance Corporation Ltd.

# വെളിച്ചം



നിന്റെ ജീവിതത്തിലേക്ക് ഒരു സൗഹൃദവെളിച്ചമായി
ഞാൻ വന്നത് നീ ഇരുട്ടിൽ എന്നോട്
ചോദിക്കാതെ അറിയാതെ മിഴിനിറഞ്ഞു നിന്നപ്പോഴാണ്...
ഇപ്പോൾ നീ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് എത്തിയിരിക്കുന്നു...
ഇനിയുള്ള പാത തിരഞ്ഞെടുക്കാൻ നിനക്ക് ഇന്ന് കഴിയും...
ഇരുട്ടിൽ മാത്രമാണ് അവനിയുടെ ആവശ്യകത..വെളിച്ചമേകാൻ
സൂര്യനുദിക്കുമ്പോൾ അവിടെ അവനിയുടെ വെളിച്ചമാണ്...




അഖില രാജു
ട്രെയിനി, സൈബർശ്രീ



**Deepa Rajesh**
Communication Group






# KINSHIP

*Mother Brain*
*Father Bone*
*Sister Eye*
*Brother Hand*
*Relatives Fingers*
*Friends Blood*
*Wherever It Injures,*
*First Blood Will Come.*
*So Love Your Friends*
*&*
*Keep Your Relationship*

# ரோஜாவின் நினைவுகள்

அன்பே உன் உதடு என்ன ரோஜா இதலா?
நான் தொட்டவுடன் மலர்ந்து உதிர்ந்து விடுகிறது..
உன் அழகோ ...!
என்னை கவர்கிறது
ஆனால்
உன் இலைமுள்ளோ என்னை கொல்கிறது
உன் அழகினை மட்டும் நினைவில்
கொள்ள நினைத்தேன்
ஆனால் என்னவோ ...!
நீ என்னை முள்ளால் தைத்த நினைவும் வருகிறது
உன்னை தண்ணீர் ஊற்றி வளர்த்த
என்னை கண்ணில்
நீர்த்தேங்க வைத்தாய்
ஏன் அடி கண்ணே ....!
உன் அழகினைக் கண்ட நான்
உன் வண்ணங்கள் என்ன னெ
அறிய மறந்தேன்.
அதனால் இப்போது
பித்தனாக அலைகிறேன் பெண்ணே ......!






ManiMaran T
Trainee, CyberSri



# റിയോ ഒളിമ്പിക്സിലെ പെൺകരുത്ത്



അഞ്ജിത ഗോവിന്ദ്,
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

സ്ത്രീകൾ വീട്ടിലിരിക്കേണ്ടവരാണെന്നും അവർ പ്രസവിച്ചാൽ മാത്രം മതിയെന്നും പ്രസംഗിച്ചു നടക്കുന്നവർക്കുള്ള ചുട്ട മറുപടിയായിരുന്നു 'റിയോ ഒളിമ്പിക്സ്'. 130 കോടി ഭാരത ജനതയുടെ അഭിമാനം കാക്കാൻ റിയോയുടെ വേദിയിൽ ആവേശകരമായ പോരാട്ടത്തിനൊടുവിൽ രണ്ട് പെൺ കരുത്തുകൾ തന്നെ വേണ്ടിവന്നു.

പി വി സിന്ധു, സാക്ഷിമാലിക്. ഈ രണ്ടു പേരുകളും ഇന്ന് ഇന്ത്യൻ ജനതയുടെ മനസ്സുകളിൽ വലിയ സ്ഥാനം പിടിച്ചു കഴിഞ്ഞു. ആദ്യ ഘട്ടങ്ങളിലുടലെടുത്ത ഇന്ത്യയുടെ നിരാശയെ അവസാനിപ്പിച്ചു കൊണ്ട് ഗുസ്തിയിൽ വെങ്കലം നേടി ഇന്ത്യയെ ഒളിമ്പിക്സിൽ സജീവമാക്കിയത് സാക്ഷി മാലിക് എന്ന ഹരിയാനക്കാരിയാണ്. വനിതാ ബാഡ്മിന്റൺ സിംഗിൾസിൽ ലോക ഒന്നാം നമ്പർ



താരമായ കരോളിന മാരിനുമായുള്ള പോരാട്ടത്തിൽ ഭാരതത്തിന് വെള്ളി മെഡൽ നേടിക്കൊടുത്ത പി വി സിന്ധു വെള്ളി മെഡൽ നേടുന്ന ആദ്യത്തെ ഇന്ത്യൻ വനിതയായി. ഭാരതത്തിന് സമാശ്വസിക്കാൻ ഇരു മെഡലുകൾ സമ്മാനിച്ച് രണ്ട് പെൺപുലികൾ മാത്രമായിരുന്നു റിയോ ഒളിമ്പിക്സിൽ ഉണ്ടായിരുന്നത്.

സാക്ഷിമാലിക് റിയോയിലെ ഇന്ത്യയുടെ ആദ്യമെഡൽ

റിയോ ഒളിമ്പിക്സിൽ ഇന്ത്യയ്ക്കായി ആദ്യ മെഡൽ നേടിയ ഈ 23കാരിയായിരുന്നു ഇന്ത്യയുടെ ആദ്യത്തെ ആശ്വാസം. വനിതകളുടെ 58kg free-style മത്സരത്തിൽ കിർഗിസ്ഥാന്റെ ഐസുലു ടിനിബെക്കോവയെ മലർത്തിയടിച്ചായിരുന്നു സാക്ഷിയുടെ വെങ്കലനേട്ടം. അതുവരെ റിയോ ഒളിമ്പിക്സിനെ നിരാശയോടെ നോക്കിയിരുന്ന ഇന്ത്യൻ ക്യാമ്പ് സാക്ഷിമാലിക്കിൽ ഉണർന്നാഘോഷിച്ചു. തിരിച്ചടികളും പ്രതിബന്ധങ്ങളും തളർത്താത്ത വീരതാരമാണ് സാക്ഷിമാലിക് എന്ന ഹരിയാനക്കാരി. റഷ്യയുടെ വലേറിയക്ക് മുന്നിൽ തോറ്റുപോയെങ്കിലും തളരാത്ത പോരാട്ട വീര്യത്തിലൂടെ സാക്ഷി ഇന്ത്യയ്ക്ക് റിയോയിലെ ആദ്യമെഡൽ സമ്മാനിച്ചു.

പുസർല വെങ്കിട്ട സിന്ധു എന്ന ഇതിഹാസം

ഹൈദ്രാബാദിൽ ജനിച്ച് ഇന്ത്യ നെഞ്ചിലേറ്റിയ 21കാരിയാണ് പി വി സിന്ധു. സിന്ധു സ്വയം തെരഞ്ഞെടുത്ത ഭാവിയായിരുന്നു ബാഡ്മിന്റൺ. രണ്ടു തവണ ലോക ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടി. 2013ൽ ഗ്രാൻ പീ ചാമ്പ്യൻഷിപ്പിൽ വിജയിച്ചു. കൂടാതെ ശ്വാങ്ഷുവിൽ നടന്ന ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് സിംഗിൾസിലും 2014 ഏഷ്യൻ ഗെയിംസിലും കോമൺവെൽത്ത് ഗെയിംസിലും വെങ്കലമെഡലുകൾ നേടി. ഇന്ത്യൻ വനിതാ ബാഡ്മിന്റൺ സൈന നെഹ്വാളിന്റെ പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. സൈനയുടെ പേരിനു ശേഷം ഇടയ്ക്കിടെ പരാമർശിച്ചു പോയ പേരായിരുന്നു സിന്ധുവിന്റേത്. മികച്ച ബാഡ്മിന്റൺ താരമായിരുന്നിട്ടും കൂടുതൽ ശ്രദ്ധിക്കപ്പെടാതെ പോയത് മീഡിയ കവറേജ് ഇല്ലാത്തതു കൊണ്ടോ, തൊലിയുടെ നിറം അല്പം മങ്ങിപോയതു കൊണ്ടോ ആവാം. എന്നാൽ സൈനയെ മറികടന്ന് സിന്ധു മുന്നേറി. ഇന്ത്യയുടെ പ്രതീക്ഷയിൽ മെഡൽ ഉറപ്പിച്ച് ലോക ഒന്നാം നമ്പർ താരമായ കരോളിന മാരിനെ പത്താം നമ്പറുകാരിയായ സിന്ധു പൊരുതി വെള്ളി മെഡൽ സ്വന്തമാക്കിയത് ഇന്ത്യൻ ഒളിമ്പിക്സ് ചരിത്രതാളുകളിൽ സുവർണ ലിപികളിലാണ് എഴുതപ്പെട്ടത്.

ഇന്ത്യയുടെ മറ്റൊരു അഭിമാനമാണ് ദീപകർമാക്കർ. ആർട്ടിസ്റ്റിക് ജിംനാസ്റ്റിക്സിൽ ഫൈനൽ യോഗ്യത നേടുന്ന ആദ്യ ഇന്ത്യൻ താരമാണ് ത്രിപുരക്കാരിയായ ദീപകർമാക്കർ. 52വർഷത്തിനു ശേഷമാണ് ഒരു ഇന്ത്യൻ ജിംനാസ്റ്റിസ്ക്സ് ഒളിമ്പിക്സിൽ യോഗ്യത നേടുന്നത്.

സ്ത്രീകൾ അബലകളും കഴിവില്ലാത്തവരുമാണ് എന്നുള്ള പുരുഷാധിപത്യ ചിന്താഗതിക്കെതിരെയുള്ള ഒരു മധുര പ്രതികാരമാണ് റിയോ ഒളിമ്പിക്സ്. ഇന്ത്യയിൽ സ്ത്രീകൾ നേരിടേണ്ടി വരുന്ന പ്രതിസന്ധികളും അവഗണനകളും വളരെ കൂടുതലാണ്. അതുകൊണ്ട് തന്നെ കായികരംഗത്തോട് മാത്രമല്ല സമൂഹത്തിനോടും അവർക്ക് പടവെട്ടി മുന്നേറേണ്ടതുണ്ട്.

ഏതവസരത്തിലാണ് സ്ത്രീകൾ അബലകളാകുന്നത്, കഴിവില്ലാത്തവരാകുന്നത് എന്ന് സ്വന്തം വീടുകളിൽ നിന്നും പരിശോധിക്കേണ്ടവയാണ്. അവിടെ നിന്നു മാത്രമേ ഇത്തരത്തിലൊരു ചിന്തയ്ക്ക് ഉത്തരം കിട്ടുകയുള്ളൂ. ഗുസ്തിയിൽ വെങ്കലം നേടിയ സാക്ഷിമാലിക് ഒരു സ്ത്രീയാണ്. കിർഗിസ്ഥാനിലെ ഐസലു ടിനിബെക്കോവയെ മലർത്തിയടിച്ചായിരുന്നു സാക്ഷിമാലികിന്റെ വെങ്കല നേട്ടം. എങ്കിൽ സ്ത്രീ എങ്ങനെയാണ് അബലയാകുന്നത്? അടുത്ത കാലത്ത് കാന്തപുരം എ പി അബൂബക്കർ മുസലിയാർ നടത്തിയ മതപ്രഭാഷണത്തിൽ സ്ത്രീകളെക്കുറിച്ച് ചില പരാമർശങ്ങൾ ഉണ്ടായി. ലോകത്ത് ഏറ്റവും കൂടുതൽ സർജറി നടത്തുന്ന ഡോക്ടർമാർ എല്ലാം പുരുഷന്മാരാണ്. സ്ത്രീകൾക്ക് വീട്ടിലിരുന്ന് കുട്ടികളെ നോക്കുന്നതിലാണ് പ്രാഗത്ഭ്യം ഉള്ളത്. അവർ ഒരിക്കലും അത്രത്തോളം ഉയർന്നിട്ടില്ല. കാരണം പുരുഷന്മാരുടെ മനക്കരുത്ത് സ്ത്രീകൾക്കില്ല. ലോകത്തെ പുരുഷന്മാരുടെ എണ്ണവും, മനക്കരുത്തും തേടിപോയ കാന്തപുരം ഇന്ത്യയെക്കുറിച്ചും കേരളത്തിനെക്കുറിച്ചും പഠിക്കേണ്ടതുണ്ട്. പി ടി ഉഷ, ഷൈനിവിൽസൺ, എം ഡി വത്സമ്മ, എ രാധികസുരേഷ്, കെ എം ബീനാമോൾ, അഞ്ചു ബോബി ജോർജ്ജ്, ചിത്ര കെ സോമൻ, പ്രിജ ശ്രീധരൻ, സിനി ജോസ്, ടിന്റു ലൂക്ക, മേഴ്സികുട്ടൻ എന്നിവർ എല്ലാം തന്നെ കേരളത്തിൽ നിന്നു പോയ ഇന്ത്യൻ താരങ്ങളാണ്. ഇവർ 1980കൾ മുതൽ ഭാരതത്തെ പ്രതിനിധീകരിച്ച് ഒളിമ്പിക്സിൽ മത്സരിച്ചവരാണെന്ന് വിസ്മരിക്കാൻ പാടുള്ളതല്ല. റിയോ ഒളിമ്പിക്സിൽ സ്ത്രീകൾ മാത്രമല്ല പുരുഷന്മാരും പങ്കെടുത്തിരുന്നു എന്നുകൂടി ഓർമ്മപ്പെടുത്തേണ്ടതുണ്ട്.

ശബരിമല പ്രവേശനവുമായി ബന്ധപ്പെട്ട് ചർച്ചകൾ സജീവമായിക്കൊണ്ടിരിക്കവേ പ്രയാർ ഗോപാലകൃഷ്ണൻ തനിക്ക് സ്ത്രീകളോടുള്ള മനോഭാവം വ്യക്തമാക്കിക്കൊണ്ട് ഒരു പ്രസ്മീറ്റ് നടത്തുകയുണ്ടായി. 10നു 50നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾ ശബരിമലയിൽ പ്രവേശിക്കുന്നത് കർശനമായി അദ്ദേഹം എതിർത്തു. സ്ത്രീകളുടെ ശുദ്ധി പരിശോധിക്കാൻ സ്കാനിംഗ് മെഷീൻ വരുന്ന കാലത്ത് സ്ത്രീകളെ ശബരിമലയിൽ പ്രവേശിപ്പിക്കാം എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. സ്ത്രീകളുടെ ശുദ്ധി പരിശോധിക്കുന്ന സ്കാനിംഗ് മെഷീൻകൊണ്ട് അദ്ദേഹം അർത്ഥമാക്കിയതെന്താണ്? ആർത്തവമാണോ, സ്ത്രീയുടെ അശുദ്ധി? ആർത്തവം എന്നത് സ്ത്രീ ശരീരത്തിലുണ്ടാകുന്ന മെറ്റാബോളിക് പ്രവർത്തനം മാത്രമാണ്. പുരുഷനിൽ നിന്നും വ്യത്യസ്തനായി അശുദ്ധി കൽപ്പിക്കാവുന്ന ഒന്നു തന്നെ സ്ത്രീകൾക്കില്ല. പത്തിനും അൻപതിനും ഇടയിൽ പ്രായമുള്ളവരെ ഒളിമ്പിക്സിൽ പങ്കെടുപ്പിക്കരുതെന്നൊരു ആചാരം കൂടി ഉണ്ടായിരുന്നെങ്കിൽ ഇന്ന് റി



യോ ഡി ജനീറോയുടെ വേദിയിൽ മറ്റു രാജ്യങ്ങൾക്കായി കയ്യടിച്ച് തലകുനിച്ച് ഭാരതത്തിന് തിരികെ പോരാമായിരുന്നു. സ്ത്രീ ശുദ്ധി പരിശോധിക്കാനുള്ള സ്കാംനിംഗ് മെഷീൻ ഒളിമ്പിക്സിൽ ഇല്ലാതിരുന്നത് ഭാഗ്യമായി നമുക്ക് കണക്കാക്കാം.

ഇന്ത്യൻ ഹൃദയത്തെ മുറിവേല്പിച്ച സംഭവമായിരുന്നു ഡൽഹി കൂട്ടമാനഭംഗ കേസ്. സ്ത്രീ വംശത്തോട് കാണിച്ച ഏറ്റവും വലിയ ക്രൂരത. സ്ത്രീ സംരക്ഷണം ഉറപ്പാക്കാൻ വേണ്ടി ജാതിമത ഭേദമന്യേ സ്ത്രീകൾ മുറവിളി കൂട്ടിയപ്പോൾ ആന്ധ്രാപ്രദേശ് കോൺഗ്രസ് പ്രസിഡന്റ് ബോട്സ സത്യനാരായണ കൂട്ടമാനഭംഗത്തെ ഒരു ചെറിയ സംഭവമായി ചിത്രീകരിച്ചു. സ്ത്രീകൾ സന്ധ്യ വൈകി പുറത്ത് യാത്ര ചെയ്യരുത് എന്ന് അദ്ദേഹം നിർദ്ദേശിച്ചു. സ്ത്രീകൾക്ക് യാത്രാ സ്വാതന്ത്ര്യം നിഷേധിച്ച് അവരെ വീട്ടിലിരുത്താൻ ആഗ്രഹിച്ചവർ ഒരിക്കലെങ്കിലും പെൺകരുത്തിന്റെ മെഡലുകൾ രാജ്യത്തിന്റെ അഭിമാനമായി കാണേണ്ടതില്ല.

"Sakshi Malik a reminder of what can happen if you don't kill a girl child". വീരേന്ദ്രൻ സേവാംഗിന്റെ വാക്കുകളാണിവ. അതേ, പെൺകുഞ്ഞുങ്ങളെ നശിപ്പിക്കാതിരുന്നാൽ എന്തുണ്ടാകുമെന്ന ഓർമ്മപ്പെടുത്തലാണ് സാക്ഷി. എന്നാൽ നമ്മുടെ രാജ്യത്തിന്റെ അവസ്ഥ ദയനീയമാണ്. പ്രതിദിനം 2000പെൺ ഭ്രൂണഹത്യകൾ ഇന്ത്യയിൽ നടക്കുന്നുവെന്നാണ് ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. പെൺഭ്രൂണഹത്യ നടത്തുന്ന രാജ്യങ്ങളിൽ ഇന്ത്യയ്ക്ക് നാലാം സ്ഥാനമാണ്. ഭ്രൂണം പെണ്ണാണെന്നറിഞ്ഞാൽ ഗർഭഛിദ്രം നടത്തി ആൺകുട്ടികളുടെ ജനനം ഉറപ്പാക്കുന്നതിൽ വിദ്യാസമ്പരായ ആളുകളും മുൻപന്തിയിലാണ്. ഇന്ത്യയിൽ പെൺകുട്ടികളോടുള്ള അവഗണന ഈ കണക്കുകളിൽ നിന്നു വ്യക്തമാകുന്നു. പെണ്ണായി പോയി എന്ന കാരണത്താൽ ഭ്രൂണഹത്യ ചെയ്ത് നശിപ്പിച്ച നാളത്തെ താരങ്ങളാകാമായിരുന്ന അവർ ജനിക്കാതെ പോയ നമ്മുടെ നേട്ടങ്ങൾ ആണ്.



"Sakshi Malik a reminder of what can happen if you don't kill a girl child".
Virendar Sehwag

പെൺകുട്ടികൾ കായികരംഗത്തേക്കിറങ്ങുന്നത് അഭിമാനക്ഷതമായിട്ടാണ് മാതാപിതാക്കൾ കാണുന്നത്. സിസ്റ്റമാറ്റിക് എജ്യൂക്കേഷനിലൂടെ അവർ കുട്ടികളെ ഡോക്ടർ, എഞ്ചിനീയർ തുടങ്ങിയ മേഖലകളിലേക്ക് വഴിതെളിച്ചു വിടുന്നു. അഥവാ കുട്ടികളെ സ്പോർട്സ് ഇനങ്ങളിൽ ചേർക്കുന്നുണ്ടെങ്കിൽ അത് ഗ്രേസ് മാർക്കിനു വേണ്ടിയോ സർക്കാർ ജോലി ലക്ഷ്യം വെച്ചോ ആയിരിക്കും. ഈയൊരു ചിന്താഗതിയാണ് മാറ്റപ്പെടേണ്ടത്. ഉന്നത വിദ്യാഭ്യാസം സ്ത്രീകൾക്ക് സ്വപ്നം കാണാൻ പോലും കഴിയാത്ത ഒരു കാലഘട്ടത്തിൽ നിന്ന് ഇന്ന് അവരെ വിദ്യാസമ്പന്നരാക്കുക എന്ന നിലയിൽ സമൂഹം മാറിയിട്ടുണ്ട്. പക്ഷേ വിദ്യാസമ്പന്നരായി, നല്ല ജോലി നേടി കുടുംബിനിയായി കഴിയുക എന്നതിനപ്പുറം മറ്റൊരു ചിന്ത ഉടലെടുക്കുന്നില്ല. അവിടെയാണ് നാം സൈന നെഹ്‌വാൾ, മേരികോം, കർണ്ണംമല്ലേശ്വരി, സിന്ധു പി വി, സാക്ഷിമാലിക് എന്നിവരെ കണ്ടു പഠി

ക്കേണ്ടത്. 2000 സിഡ്നി ഒളിമ്പിക്സിൽ കർണം മല്ലേശ്വരി ഭാരതത്തിനായി വെങ്കലം നേടി. പിന്നീട് 12 വർഷങ്ങൾക്കു ശേഷം ഒളിമ്പിക്സിൽ സൈന നെഹ്‌വാൾ ബാഡ്മിന്റണിലും, മേരികോം ബോക്സിംഗിലും വെങ്കലം നേടി. ഇപ്പോൾ സാക്ഷി മാലിക്കും ഭാരതത്തിനായി വെങ്കലം സമർപ്പിച്ചു. പി വി സിന്ധുവാകട്ടെ ഇന്ത്യയ്ക്ക് ആദ്യത്തെ വെള്ളി മെഡലും സമ്മാനിച്ചു. സ്വന്തം കഴിവുകളെ തിരിച്ചറിഞ്ഞ് അതിനെ പരിപോഷിപ്പിച്ച് രാജ്യത്തെ ഉന്നതപദവിയിൽ എത്തിക്കാൻ കഴിഞ്ഞ ഈ അഞ്ച് സ്ത്രീകളുടെ നേട്ടം എല്ലാ ഭാരത സ്ത്രീകൾക്കും ഒരു മാതൃകയാകട്ടെ.

റിയോ ഡീ ജനീറോയുടെ വേദിയിൽ പൊരുതി നേടിയെടുത്ത വിജയം സിന്ധുവിന്റേയും സാക്ഷിയുടേയും മാത്രമല്ല ഇന്ത്യൻ സ്ത്രീത്വത്തിന്റെ വിജയമാണ്. ഇവരുടെ നേട്ടങ്ങൾ രാജ്യത്തെ പരമോന്നത കായിക ബഹുമതിയായ ഖേൽരത്ന നൽകിയാണ് രാജ്യം ആദരിക്കുന്നത്. ഭാരത പതാകയെ റിയോ ഒളിമ്പിക്സിലെ പവിലിയനിൽ ഉയർത്തി പിടിച്ച ഈ പെൺപുലികൾ രാജ്യം നെഞ്ചിലേറ്റിയ പെൺകരുത്താണ്. ■











# കറുപ്പ്
## ഒരു നിറം മാത്രമാണ്



**സലേഷ് എം എസ്,**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്

**''നിങ്കണ കൊത്ത്യാലും ചോരേല്ലെ ചൊവ്വറെ
നാങ്കള കൊത്ത്യാലും ചോരേല്ലെ ചൊവ്വറെ
പിന്നെന്ന് ചൊവ്വറു കുലപിശക്ന്ന്
തീണ്ടികൊണ്ടല്ലേ കുലവിശ്ക്ന്ന്''**

**(പൊട്ടൻ തെയ്യം)**

ജാതി-മത-വർണ്ണ-വംശ നീചത്വങ്ങൾ വളരെ ശക്തിപ്പെടുന്ന ഈ കാലത്ത് മനുഷ്യർ എല്ലാം, സമന്മാരാണെന്നു വിളിച്ചു പറയുകയാണ് സിമോങ്ങ് മാനുവേലിന്റെ ഒളിമ്പിക്സിലെ സ്വർണ്ണം. ഏതൊരു കായിക മാമാങ്കവും ജാതി, മതം, വർഗ്ഗം, രാജ്യം എന്നീ വിവേചനങ്ങളെ മാറ്റി നിർത്തി, മനുഷ്യരെയെല്ലാം ഒരു കുടക്കീഴിൽ എത്തിക്കുന്നു. ഈ സ്വർണനേട്ടം കൊണ്ട് ഒളിമ്പിക്സ് അത് ഒന്നു കൂടി ഉറപ്പാക്കുന്നു. ഒളിമ്പിക്സിൽ നൂറു മീറ്റർ ഫ്രീ സ്റ്റൈൽ നീന്തലിൽ സ്വർണ്ണം നേടുന്ന ആദ്യത്തെ ആഫ്രോ-അമേരിക്കൻ നീന്തൽ താരമാണ് സിമോങ്ങ് മാനുവേൽ.

ഈ സ്വർണ്ണ നേട്ടം ചരിത്രത്തിൽ ഇടംപിടിക്കുന്നത് ഇതുകൊണ്ട് മാത്രമല്ല. അമേരിക്കയിൽ പൊതു നീന്തൽ കുളങ്ങളിൽ ആഫ്രോ-അമേരിക്കൻ വംശജർക്ക് നീന്താനോ, കുളമൊന്നു സ്പർശിക്കാനോ അനുവാദം ഉണ്ടായിരുന്നില്ല. ആ




ജനസമൂഹത്തിന്റെ പിൻഗാമിയായ ഒരു വനിത നീന്തൽ കുളത്തിൽ സ്വർണ്ണം നേടുമ്പോൾ അത് വെള്ളക്കാർക്കെതിരെയുള്ള മധുര പ്രതികാരമായി കാണാം. തങ്ങളുടെ വംശം അടിമകളായി നിൽക്കേണ്ടവരല്ലയെന്നും, മറിച്ച് രാജ്യത്തിന്റെ യശസ്സ് ഉയർത്താനും കഴിയുമെന്ന് സിമോങ്ങ് മാനുവേലിലൂടെ തെളിയിച്ചു.

1953–ൽ ലാസ്‌വേഗാസിലെ ഒരു നീന്തൽക്കുളത്തിൽ, ഹോളിവുഡിലെ ജനപ്രിയ താരങ്ങളിലൊരാളായ ഡോറോത്തി ഡാൻഫ്രിജ് എന്ന ആഫ്രോ വംശജ കാൽകൊണ്ട് തൊട്ടുപോയതിൽ ആ കുളത്തിലെ വെള്ളം വാർത്ത് കളഞ്ഞ് വെളുത്ത വർഗ്ഗക്കാരുടെ വംശശുദ്ധി നിലനിർത്തുകയാണ് അന്നത്തെ സമൂഹം ചെയ്തത്. അതുപോലെ 1964–ൽ സാമ്മി ഡേവിഡ് എന്ന കറുത്ത പാട്ടുകാരി ഫ്ളോറിഡ മോട്ടലിലെ നീന്തൽകുളത്തിൽ നീന്തിക്കുളിച്ചു എന്ന കാരണത്താൽ മോട്ടലിലെ മാനേജർ അവരെ അവിടെ നിന്ന് പുറത്താക്കുകയും, വെള്ളത്തിൽ ആസിഡ് ഒഴിക്കുകയും ചെയ്തു. അമേരിക്കൻ സമൂഹത്തിൽ ആഫ്രോ–അമേരിക്കൻസ് നീന്തൽ കൊള്ളില്ല എന്ന കെട്ടുകഥയും പ്രചാരത്തിൽ ഉണ്ട്. ഈ കെട്ടുകഥയ്ക്കും പൂർവികർ അനുഭവിച്ച യാതനകൾക്കും ഉള്ള ഒരു തക്ക മറുപടിയായ് ഈ സുവർണ നേട്ടത്തെ നമുക്ക് കാണാം.

പതിനാറാം നൂറ്റാണ്ടിൽ അടിമകളാക്കപ്പെട്ട് അമേരിക്കയിലെത്തിയ ആഫ്രിക്കക്കാരെയും അവരുടെ പിൻഗാമികളെയുമാണ് ആഫ്രോ അമേരിക്കൻ എന്നു വിളിക്കുന്നത്. അമേരിക്കയിലേക്ക് വെള്ളക്കാർ കുടിയേറ്റം ആരംഭിച്ചതുമുതൽ തന്നെ കറുത്തവരായ ആഫ്രിക്കക്കാരെ അടിമകളാക്കി കൊണ്ടുവരാൻ തുടങ്ങിയിരുന്നു. 1525–ൽ അടിമകളെ വഹിച്ചുകൊണ്ടുള്ള ആദ്യത്തെ കപ്പൽ അമേരിക്കയിൽ എത്തിയതായി കണക്കാക്കുന്നു. യഥാർത്ഥ അമേരിക്കക്കാരായ റെഡ് ഇന്ത്യക്കാരെ ആക്രമിച്ചു കീഴ്പ്പെടുത്തുന്നതിനും, അന്ന് ഉണ്ടായിരുന്ന ഭാരിച്ച ജോലികൾ ചെയ്യിക്കുന്നതിനുവേണ്ടിയാണ് വെള്ളക്കാർ അന്ന് ഇവരെ ഉപയോഗിച്ചത്. ഈ അടിമത്ത മനോഭാവമാണ് കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതിയിൽ ആഫ്രോ–അമേരിക്കക്കാർക്ക് എതിരെയുള്ള പീഢനങ്ങൾ ചെയ്യാൻ വെള്ളക്കാർക്ക് ശക്തി പകരുന്നത്. നവോത്ഥാന പ്രസ്ഥാനങ്ങളെക്കുറിച്ചും പോസ്റ്റ് മോഡേണിസത്തെക്കുറിച്ചും ചർച്ച ചെയ്യുകയും തർക്കിക്കുകയും ചെയ്ത കാലത്താണ് ഈ പീഢന പരമ്പകൾ നടന്നതെന്നതും ഒരു വസ്തുതയാണ്.

ഇന്ന് അമേരിക്കയിൽ ജീവിച്ചിരിക്കുന്ന ആഫ്രോ–അമേരിക്കക്കാർക്ക് (കഴിഞ്ഞ നൂറ്റാണ്ടിലൂടെ കടന്നുപോയവർ) ജീവിതത്തിൽ ഒരു പീഢനകഥയെങ്കിലും ഓർത്തെടുത്ത് പറയാനുണ്ടാകും. ഈ നൂറ്റാണ്ടിലെങ്കിലും ഇതെല്ലാം തച്ചുടച്ച് കളയാൻ ശ്രമിക്കുന്നവരാണ് അമേരിക്കൻ ട്രാക്ക് ആൻഡ് ഫീൽഡ് ഇതിഹാസതാരമായ ജെസി ഓവൻസ്, ബോക്സിംഗ് ഇതിഹാസം മുഹമ്മദ് അലി മുതൽ സിമോങ്ങ് മാനുവേൽ വരെ. അവരവരുടെ മേഖല വഴി അവർക്ക് ചെയ്യാൻ പറ്റുമെന്ന് കാണിക്കുകയും, അതിലൂടെ മനുഷ്യർ ഭൂമിയിൽ എന്ന വർഗ്ഗമേ ഉള്ളൂയെന്നും വീണ്ടും അവർ തെളിയിക്കുന്നു.

ഈ ഊർജ്ജമാണ് നമുക്ക് വേണ്ടത്. അത് നമ്മുടെ ഉള്ളിൽ ഉള്ള ജാതി–മത–വർഗ്ഗ–ലിംഗ വിവേചനങ്ങളെ കഴുകികളയാൻ പ്രചോദനമാകട്ടെ.

■






# CYBERKING TECHNOLOGIES PVT.LTD

41/3737A2, Near Vidyanikethan College , Providence Road Ernakulam , Kochi-682018

*Email: mail@cyberkingebiz.com , cyberkinggold@yahoo.com*

✓ Land Line : +91 484 645324 Mob: +91 9249400130 ✓

## AUTHORISED HP&DELL BUSINESS PARTNER



- **COMPUTER CONSUMABLES:**
  LASER TONER CARTRIDGES, INK CARTRIDGES(HP , CANON & SAMSUNG )

- **COMPUTER HARDWARE PRODUCTS:** COMPUTERS, LAPTOPS, SERVERS, WORKSTATIONS, LASER PRINTERS, MULTIFUNCTION PRINTERS, BARCODE PRINTER, LABEL PRINTERS, ID CARD PRINTERS, SCANNERS, COPIERS, BARCODE SCANNERS, UPS, PROJECTORS ,STORAGE MEDIA PRODUCTS ALL TYPES OF COMPUTER PRINTER CONSUMABLESAND ALL TYPES OF COMPUTER PERIPHERALS.
  (HP , DELL , CANON, SAMSUNG , EPSON & APC)

- **COMPUTER SOFTWARE PRODUCTS:**
  MICROSOFT SOFTWARES, INTERNET SECURITY SOFTWARES(KASPERSKY& QUICKHEAL ), OFFICE & HOME MANAGEMENT SOFTWARES

- NETWORKING PRODUCTS, CCTV SECURITY SYSTEM AND BUILDING MANAGEMENT SOLUTIONS.

- LAMINATION POUCHES

- **SUPPLY OF COMPUTERS ,PRINTERS& SCANNERS UNDER DGS&D CONTRACT**

**Branch office: Cyberking Technologies Pvt. Ltd**, TC.3/629(7), T.K.D Road, Muttada P.O, Thiruvananthapuram-695025, Mob: 9745200369,
*Email: cyberkinggold@yahoo.com, mail@cyberkingebiz.com*

# തിരിഞ്ഞു നോക്കുമ്പോൾ



**ശ്യാഗിൻ എടത്തനിൽ**
സി-ഡിറ്റിലെ മുൻ ജീവനക്കാരൻ

**ഒ**രു സ്ഥാപനത്തിൽ നിന്ന് പോയ ശേഷം ആ സ്ഥാപനത്തെക്കുറിച്ച് എഴുതുവാൻ ആവശ്യപ്പെടുന്നത് ഒരു പക്ഷെ ആദ്യമായിരിക്കാം. ഇങ്ങനെ ഒരു ഉദ്യമത്തിൽ പങ്കെടുക്കാൻ എനിക്ക് അവസരം തന്ന സീൻലെറ്റിന്റെ അണിയറപ്രവർത്തകരോട് നന്ദി അറിയിക്കുന്നു.

സി-ഡിറ്റിൽ ജോലി ചെയ്യുന്നതിനു മുൻപും, ജോലി ചെയ്യുമ്പോഴും, ടെക്നോപാർക്കിലെ ഒരു പ്രമുഖ കമ്പനിയിൽ ജോലി കിട്ടിയതിനു ശേഷവും (ഇന്നും) സി-ഡിറ്റ് കേരളത്തിൽ ഐ ടി ജൈന്റ് ആയിട്ടാണ് എന്റെ മനസ്സിൽ ഉള്ളത്. ജോലിക്കായുള്ള ആപ്ലിക്കേഷൻ ഫില്ല് ചെയ്തപ്പോഴാണ് ഐ ടി എന്നുള്ളത് ഇൻഫർമേഷൻ ടെക്നോളജി അല്ല എന്നും മറിച്ച് ഇമേജിംഗ് ടെക്നോളജി ആണെന്നും എനിക്ക് മനസ്സിലായത്. ബാംഗ്ലൂരിൽ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് സി-ഡിറ്റിൽ നിന്നുള്ള അപ്പോയിൻമെന്റ് ലെറ്റർ കിട്ടിയത്. നിയമനം കോൺട്രാക്ട് ആയിരുന്നെങ്കിലും കിട്ടിയപ്പോൾ വളരെയധികം സന്തോഷം തോന്നി. ജോയിൻ ചെയ്ത സമയത്ത് സ്ഥാപനത്തിന്റെ അന്തരീക്ഷം വളരെ പ്ലീസ്ഡ് ആയിരുന്നു.

ടെക്നിക്കൽ ബാക്ക് ഗ്രൗണ്ടിൽ നിന്നും വന്ന എനിക്ക് വളരെ എളുപ്പം സ്ഥാപനത്തിന്റെ പ്രവർത്തന മേഖലകളുമായി ഇണങ്ങി പോകാൻ കഴിഞ്ഞു. സുതാര്യകേരളമടക്കം ഒട്ടനവധി പ്രോഗ്രാമുകൾക്ക് ടെക്നിക്കൽ സപ്പോർട്ട് നൽകാൻ അവസരം ലഭിച്ചു. ദൂരദർശനിൽ സാങ്കേതിക സഹായം ശ്യാഹിൻ എന്ന ക്രെഡിറ്റ്സ് വായിച്ചപ്പോഴുണ്ടായ സന്തോഷം വളരെ വലുതാണ്.

എന്റെ കരിയറിലെ ടേണിംഗ് പോയിന്റാണ് സി-ഡിറ്റ്. ഇങ്ങനെ ഒരു സ്ഥാപനത്തിൽ വർക്ക് ചെയ്യാൻ കഴിഞ്ഞില്ലായിരുന്നുവെങ്കിൽ ഞാൻ സിസ്റ്റം അഡ്മിൻ ലെവലിൽ തന്നെ ജോലി നോക്കി കഴിയുമായിരുന്നു. പക്ഷെ സി-ഡിറ്റ് എനിക്ക് ശരിയായ കരിയർ കാണിച്ചു തന്നു. STQC യുടെ സഹായത്തോടെ Software testing lab തുടങ്ങിയപ്പോൾ അതിന്റെ ഒരു ഭാഗമാകാൻ ഞാൻ അങ്ങോട്ട് ആവശ്യപ്പെടുകയായിരുന്നു.

ഇപ്പോൾ പുറത്ത് നിന്നും സി-ഡിറ്റിനെ/അവിടത്തെ തൊഴിലന്തരീക്ഷത്തെ ഒന്നു തിരിഞ്ഞു നോക്കുമ്പോൾ ആദ്യം ജോയിൻ ചെയ്ത സമയത്തെ പ്രതീക്ഷയൊന്നും തന്നെ ഇപ്പോഴില്ല. പക്ഷെ ഒന്നുണ്ട് ഇത്രയേറെ സാധ്യതകൾ ഉള്ള ഒരു സ്ഥാപനം കുംഭകർണ്ണനെപോലെ ഉറങ്ങി കിടക്കുന്നതു കാണുമ്പോൾ എന്താ പറയുക. ദുഃഖവും വ്യസനവും ഒന്നുമല്ല മറിച്ച് അമർഷമാണ് തോന്നുന്നത്. കഴിഞ്ഞ 5വർഷം സി-ഡിറ്റിന്റെ ശവക്കുഴി തോണ്ടുന്നതിനുള്ള തയ്യാറെടുപ്പുകളായിരുന്നു സർക്കാർ നടത്തിയത്. ലാഭകരമായ ഒരു സ്ഥാപനത്തിനെ ലാഭകരമല്ലാതാക്കിയ ശേഷം അതിന്റെ പേരിൽ അടച്ചു പൂട്ടുക എന്ന വിദ്യ.

പ്രിയപ്പെട്ടവരേ ഒന്നാലോചിച്ചു നോക്ക്. ഏത് ടെക്നോളജിയുടെ കാര്യത്തിലാണ് സി-ഡിറ്റ് പിന്നിൽ നിൽക്കുന്നത്. വീഡിയോ പ്രൊഡക്ഷൻ, ഐ.ടി, ഇമേജിംഗ് ടെക്നോളജി എന്നു വേണ്ട സമസ്ത മേഖലകളിലും കയ്യൊപ്പ് ചാർത്താൻ സി-ഡിറ്റിനു കഴിഞ്ഞിട്ടുണ്ട്. മുൻകാല ചരിത്രം പരിശോധിച്ചാൽ ആർക്കും അത് മനസ്സിലാകും.

ഈ ഒരു അവസരത്തിൽ സി-ഡിറ്റിന്റെ കുറവ് എന്താണെന്ന് ആരെങ്കിലും ചോദിച്ചാൽ ഒന്നു മാത്രമേ ഞാൻ പറയുകയുള്ളൂ, തൊഴിലാളി സൗഹൃദമല്ല. മികച്ച പ്രൊഫഷണലുകളെ നിലനിർത്താൻ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ല. എല്ലാവർക്കും തുച്ഛമായ ശമ്പളം തന്നെയാണ് അടിസ്ഥാന പ്രശ്നം. മാന്യമായ വേതനം തൊഴിലാളികൾക്ക് നൽകാൻ കഴിയാത്തത് സ്ഥാപനത്തെ നയിക്കുന്നവരുടെ കഴിവുകേടായി മാത്രമേ കരുതാൻ നിവൃത്തിയുള്ളൂ. മറിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ പുതിയ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നത് യാഥാർത്ഥ്യമല്ലേ? ഈ വരുന്ന അഞ്ചു വർഷ കാലയളവിനുള്ളിൽ മികച്ച പ്രോജക്ടുകൾ ഏറ്റെടുത്ത് വിജയിപ്പിക്കുവാനും വരുമാനം വർദ്ധിപ്പിച്ച് എല്ലാത്തരം ജീവനക്കാരെയും സംരക്ഷിച്ച്, സേവന വേതന വ്യവസ്ഥകൾ ഉയർത്തി മറ്റുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാതൃകയായി മാറാൻ നമ്മുടെ സ്ഥാപനത്തിന് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുകയാണ്. കേരളത്തിലെ, ഇന്ത്യയിലെ തന്നെ ഐ.ടി ജൈന്റ് ആയി മാറാൻ സി-ഡിറ്റിന് കഴിയും. എല്ലാ സുഹൃത്തുക്കൾക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ. ■



## 2016 ലെ നിയമസഭ തെരഞ്ഞെടുപ്പിൽ സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ സാന്നിദ്ധ്യം









സി.ഇ.എ പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പ് വീഡിയോയും മറ്റു നിരവധി വൈവിധ്യമാർന്ന പ്രചരണ പ്രവർത്തനങ്ങളുമാണ് തെരഞ്ഞെടുപ്പിൽ സി.ഇ.എ നടത്തിയത്.

# ഹ്രസ്വ ചിത്രം
# പ്രദർശനത്തിന് തയ്യാറായി



► പ്രതിരോധ കുത്തിവയ്പ് പ്രചാരണം

ആരോഗ്യ വകുപ്പിന്റെ ഹ്രസ്വചിത്രത്തിൽ മോഹൻലാൽ വേഷമിടുന്നു



കുട്ടികളിലെ രോഗ പ്രതിരോധ കുത്തിവയ്പും കൗമാരക്കാരായ കുട്ടികളിൽ അയൺ ഗുളികകളുടെ ആവശ്യവും കുട്ടികളുടെ ജന്മാവകാശമാണെന്ന് ഓർമ്മപ്പെടുത്തി എൻ.എച്ച്.എം സി-ഡിറ്റുമായി ചേർന്ന് ചെയ്ത ഹ്രസ്വ ചിത്രങ്ങളുടെ പ്രകാശനം നടന്നു. മോഹൻലാൽ ആണ് ഈ ഹ്രസ്വ ചിത്രങ്ങളിൽ വാക്സിൻ എടുക്കുന്നതിന്റെ പ്രാധാന്യവും കൗമാരക്കാരായ കുട്ടികളിൽ അയൺ ഗുളികകൾ കഴിക്കേണ്ടുന്നതിന്റെ ആവശ്യകതയും ജനങ്ങളുമായി പങ്കുവെയ്ക്കുന്നത്. ഡിഫ്തീരിയ, ഹെപ്പറ്റൈറ്റിസ് ബി, വില്ലൻചുമ, പോളിയോ, അഞ്ചാംപനി തുടങ്ങിയ രോഗങ്ങളുടെ സൗജന്യ പ്രതിരോധ കുത്തിവെയ്പെടുക്കാൻ ആളുകൾ വിമുഖത കാട്ടുന്ന സാഹചര്യത്തിലാണ് ഈ ഹ്രസ്വ ചിത്രം തയ്യാറാക്കിയിരിക്കുന്നത്. കോഴിക്കോട് നടന്ന ചടങ്ങിൽ ആരോഗ്യമന്ത്രി കെ കെ ഷൈലജ ടീച്ചർ പരസ്യ ചിത്രത്തിന്റെ സി ഡി മോഹൻലാലിന് കൈമാറി നിർവഹിച്ചു. ചടങ്ങിൽ സി-ഡിറ്റ് രജിസ്ട്രാർ ശ്രീ ജി ജയരാജ്, ഹ്രസ്വ ചിത്ര സംവിധായകൻ രമേഷ് വിക്രമൻ എന്നിവർ പങ്കെടുത്തു.



# She



**P. Prathibha Babu**
Cybersri.

Friendship
Friendship is the gift from God.
I have lots of friends...
But among them one is my soul.
Eventhough, we quarrel among ourselves,
We can't be seperate for a long time.

is as sweet as an angel.
always has a smile in her face.
enlighted my path and gave me strength
is my precious gift from God.

In the vast sky she shines as a moon.
She helped me in my every tough time as a shadow.
Our Friendship is as vast as an ocean!

# മുൻപേ നടന്നവർ...

**മലയാളത്തിന് നഷ്ടങ്ങളുടെ വർഷമാണ് കടന്നു പോയത്. മഹാകവി ഒ എൻ വി കുറുപ്പ്, കാവാലം നാരായണ പണിക്കർ, മാർഗ്ഗി സതി, കല്ലേൻ പൊക്കുടൻ, ടി എ റസ്സാഖ്, കലാഭവൻമണി, കൽപ്പന, രാജേഷ് പിള്ള, ടി എൻ ഗോപകുമാർ തുടങ്ങി തങ്ങളുടെ മേഖലകളിൽ ആരുടേയും മനസ്സിൽ നിന്നു മായാത്ത ഒരു പിടി നല്ല ഓർമ്മകൾ സമ്മാനിച്ച ഒരുപിടി പ്രതിഭകളാണ് കടന്നു പോയത്. ഇവരിൽ ചിലരുടെ ജീവിത്തിലൂടെ ഒരു തിരിഞ്ഞു നോട്ടമാണിവിടെ.**



## ഒ.എൻ.വി കുറുപ്പ്

മലയാളത്തിന്റെ പ്രിയകവി ഒ.എൻ.വി കുറുപ്പ് 2016 ഫെബ്രുവരി 13ന് ആണ് ഓർമ്മയായത്. കവിതകളിലൂടെ മലയാള മനസ്സിൽ ഇടം കണ്ടെത്തി സിനിമാ ഗാനങ്ങളിലൂടെ കൊച്ചു കുട്ടികൾക്കു വരെ പരിചിതമായ എഴുത്തുകാരൻ. അദ്ധ്യാപകൻ, കവി, ഗാനരചയിതാവ് എന്നീ മേഖലകളിൽ ശ്രദ്ധേയനായ ഒ എൻ വി കുറുപ്പിനെ 1998ൽ പത്മശ്രീയും, 2007ൽ ജ്ഞാനപീഠ പുരസ്കാരവും, 2011ൽ പത്മവിഭൂഷണും നൽകി രാജ്യം ആദരിച്ചു. 1971ലും 1975ലും കേരള സാഹിത്യ അക്കാദമിയുടെ പുരസ്കാരം, 1982ൽ വയലാർ പുരസ്കാരം, 1990ൽ ഓടക്കുഴൽ പുരസ്കാരം, 1993ലെ ആശാൻ പുരസ്കാരം, 2007ലെ എഴുത്തച്ഛൻ പുരസ്കാരം, 2006ലെ വള്ളത്തോൾ പുരസ്കാരം എന്നീ ബഹുമതികൾക്കും കവി അർഹനായി. കവി എന്നിതനപ്പുറം മലയാള സിനിമാഗാന ശാഖയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഒ എൻ വി കുറുപ്പിന്റെ വൈശാലി എന്ന ചിത്രത്തിലെ ഗാനരചനയ്ക്ക് ദേശീയ ഫിലിം അവാർഡിൽ മികച്ച ഗാനരചനയ്ക്കുള്ള പുരസ്കാരം കരസ്ഥമാക്കി. 1973, 1976, 1977, 1979, 1980, 1983, 1984, 1986, 1987, 1988, 1989, 1990, 2008 എന്നീ വർഷങ്ങളിൽ മികച്ച ഗാനരചനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡുകൾക്ക് അർഹമായതും ഒ എൻ വിയുടെ രചനകൾ ആയിരുന്നു.



## കാവാലം നാരായണപ്പണിക്കർ

മണ്ണിന്റെ മണമുള്ള നാടൻപാട്ടിന്റെ ശീലുകളെ ആസ്വാദക മനസ്സിലേക്ക് തന്റേതായ ശൈലിയിലൂടെ ആവാഹിച്ച കാവാലം നാരാണണപണിക്കർ 2016 ജൂൺ 26നാണ് നമ്മെവിട്ട് പോയത്. നാടക സംവിധായകൻ, നടൻ, കവി എന്നീ നിലകളിൽ പ്രശസ്തനായ അദ്ദേഹം തന്റെ വ്യത്യസ്തമായ അവതരണ ശൈലിയിലൂടെ ആസ്വാദക മനസ്സിൽ ഇടം കണ്ടെത്തി. 26-ാളം നാടകങ്ങൾ രചിച്ച് സംവിധാനം ചെയ്ത ഇദ്ദേഹം കാളിദാസന്റെ സംസ്കൃത നാടകങ്ങളും ഷെയ്ക്സ്പിയറിന്റെ നാടകങ്ങളും തന്റേതായ രീതിയിൽ അരങ്ങിലെത്തിച്ച നാടകാചാര്യനാണ്. നാടകത്തിനായി സ്വന്തം ജീവിതം മാറ്റി വച്ച കാവാലം 'സോപാനം' എന്ന പേരിൽ നാടകസംഘടന രൂപീകരിച്ചു. 1983ൽ നാടക സംവിധാനത്തിനുള്ളപുരസ്കാരവും 2002ൽ നാടകമേഖലയിലെ സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും നൽകി സംഗീത നാടക അക്കാദമി ആദരിച്ചു. ഇവ കൂടാതെ 2007ൽ പത്മഭൂഷൺ പുരസ്കാരവും നൽകി ഭാരതം ഈ മഹാ പ്രതിഭയെ ആദരിച്ചു.



## മാർഗ്ഗി സതി

യുനെസ്കോയുടെ വേദിയിൽ നങ്ങ്യാർകൂത്ത് അവതരിപ്പിക്കാൻ അവസരം ലഭിച്ച അനുഗ്രഹീത കലാകാരിയാണ് മാർഗ്ഗിസതി. 2015 ഡിസംബർ ഒന്നിനായിരുന്നു ഈ കലാകാരിയുടെ അന്ത്യം. നങ്ങ്യാർകൂത്ത് കലാകാരി എന്നതിനപ്പുറം സ്വപാനം, ഇവൻ മേഘരൂപൻ, രാമാനം, ദൃഷ്ടാന്തം, നോട്ടം എന്നീ മലയാള ചിത്രങ്ങളിൽ അഭിനയിക്കുകയും ചെയ്തു. കലയ്ക്കായി ജീവിതം മാറ്റി വച്ച ഈ കലാകാരി സീതായനം, കണ്ണകീചരിതം, ശ്രീരാമ ചരിതം നങ്ങ്യാർകൂത്ത് എന്നീ പുസ്കങ്ങളും രചിച്ചു. അനുഗ്രഹീതയായ ഈ കലാകാരിയെ 2002ൽ കേരള സംഗീത നാടക അക്കാദമിയുടെ പുര

സ്കാരവും, 2008ൽ കലാദർപ്പണ പുരസ്കാരവും, 2008ൽ നാട്യരത്ന പുരസ്കാരവും നൽകി ആദരിച്ചു.



## കല്ലേൻ പൊക്കുടൻ

ജൈവവൈവിധ്യങ്ങളുടെ കലവറായ കണ്ടൽക്കാടുകളുടെ സംരക്ഷകൻ കല്ലേൻ പൊക്കുടൻ 2015 സെപ്തംബർ 27നാണ് അന്തരിച്ചത്. പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനുമായ കല്ലേൻ പൊക്കുടൻ 1989 മുതലാണ് കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി ജീവിതം മാറ്റിവച്ചത്. കണ്ടൽ പൊക്കുടൻ എന്ന പേരിലറിയപ്പെട്ടിരുന്ന ഇദ്ദേഹത്തിന്റെ പ്രവൃത്തികൾ പരിഗണിച്ച് വനമിത്ര പുരസ്കാരം, ഹരിത വ്യക്തി പുരസ്കാരം, പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി പുരസ്കാരം, എ.വി.അബ്ദുൾറഹ്മാൻഹാജി പുരസ്കാരം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം എന്നീ ബഹുമതികൾ ഇദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. കണ്ടൽ വനങ്ങളെക്കുറിച്ചും അവയുടെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങളെ ബോധവത്കരിക്കാൻ കേരളത്തിലങ്ങോളമിങ്ങോളം അദ്ദേഹം പഠന ക്ലാസ്സുകൾ നടത്തിയിരുന്നു. പരിസ്ഥിതി സംബന്ധിയായി പുറത്തിറങ്ങിയ പാപ്പീലിയോ ബുദ്ധ എന്ന സിനിമയ്ക്ക് തന്റേതായ സഹായങ്ങൾ നൽകുകയും ഇതിൽ അഭിനയിക്കുകയും ചെയ്തു. കല്ലേൻ പൊക്കുടന്റെ ജീവിതം ആധാരമാക്കി 2012ൽ 'സ്ഥലം' എന്ന സിനിമ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.



## ആനന്ദക്കുട്ടൻ

300-ാളം സിനിമകൾക്ക് ക്യാമറ ചലിപ്പിച്ച അനുഗ്രഹീത ഛായാഗ്രാഹകനായിരുന്നു ആനന്ദക്കുട്ടൻ. പ്രശസ്ത ക്യാമറാമാൻ കെ.രാമചന്ദ്രബാബുവിന്റെ സഹായിയായി സിനിമാ ജീവിതം ആരംഭിച്ച ആനന്ദക്കുട്ടൻ സ്വതന്ത്രമായി ആദ്യം ക്യാമറ ചലിപ്പിച്ചത് 1977ൽ പുറത്തിറങ്ങിയ മനസ്സിലൊരു മയിൽ എന്ന സിനിമയ്ക്കായാണ്. ഹിസ് ഹൈനസ് അബ്ദുള്ള, ഭരതം, കമലദളം, സദയം, ക്രോണിക് ബാച്ചിലർ എന്നീ സിനിമകൾക്ക് ക്യാമറ ചലിപ്പിച്ചത് ആനന്ദക്കുട്ടനായിരുന്നു. 2016 ഫെബ്രുവരി 14നായിരുന്നു ഈ അനുഗ്രഹീത കലാകാരൻ നമ്മെ വിട്ടു പിരിഞ്ഞത്.



## കല്പന

2016-ലെ മലയാള സിനിമയുടെ നഷ്ടങ്ങളിൽ ഏറെ വേദനയുണ്ടാക്കിയ മരണമായിരുന്നു പ്രിയനടി കൽപ്പനയുടേത്. നായികയായും, സഹനടിയായും, ഹാസ്യതാരമായും മലയാളിയുടെ പ്രിയപ്പെട്ടവളായി മാറിയ നടിയായിരുന്നു കല്പന. സിനിമാ ഹാസ്യമേഖലയിൽ വനിതകൾ അധികം കടന്നു വരാത്ത കാലത്ത് താൻ അവതരിപ്പിച്ച കഥാപാത്രങ്ങൾ എല്ലാം തന്നെ പ്രേക്ഷക മനസ്സിൽ പ്രതിഷ്ഠിച്ച നടിയായിരുന്നു കല്പന. അമിത അഭിനയത്തിന്റെ സാധ്യതകൾ തള്ളിക്കളഞ്ഞ് തന്റെ സ്വാഭാവികമായ അഭിനയ ശൈലി കൊണ്ട് സിനിമാ ചരിത്രത്തിൽ ഒരു സ്ഥാനം നേടാൻ കല്പനയ്ക്ക് കഴിഞ്ഞു.1977ൽ ഇറങ്ങിയ 'വിടരുന്ന മൊട്ടുകൾ' എന്ന സിനിമയിൽ ബാലതാരമായി അഭിനയിച്ചാണ് കല്പന സിനിമാ മേഖലയിലേക്ക് കടന്നു വന്നത്. 1980ൽ ജി അരവിന്ദൻ സംവിധാനം ചെയ്ത പോക്കുവെയിൽ എന്ന സിനിമയിലൂടെയാണ് ബാലതാരമെന്നത് മാറി മുഖ്യധാരാ സിനിമയിലേക്ക് കല്പന വന്നത്. ഇവിടം മുതൽ അവസാനമഭിനയിച്ച 'ചാർളി'യിൽ വരെ തന്റേതായ അഭിനയ ശൈലി കാത്തുസൂക്ഷിച്ചു കല്പന. തമിഴ് സിനിമയിലും തന്റെ സാന്നിദ്ധ്യമറിയിച്ച കല്പന കുടുംബകോടതി എന്ന സിനിമയിൽ കെ എസ് ചിത്രയോടൊപ്പം ഒരു ഗാനമാലപിക്കുകയും ചെയ്തു. 'ഞാൻ കല്പന' എന്ന പേരിൽ തന്റെ ജീവിതം ആത്മകഥയായി എഴുതിയ ഈ അനുഗ്രഹീത കലാകാരിയെ 60-ാമത് ദേശീയ ഫിലിം അവാർഡിൽ മികച്ച സഹനടിയ്ക്കുള്ള പുരസ്കാരവും തേടിയെത്തി. ആകസ്മികമായി കടന്നുവന്ന ഹൃദയ സ്തംഭനത്തിലൂടെ ഈ കലാകാരി 2016 ജനുവരി 25ന് നമ്മളോട് വിട പറഞ്ഞു.



## കലാഭവൻമണി

കഷ്ടപ്പാടിനെയും പരിവേദനങ്ങളെയും ഒരു ചെറുപുഞ്ചിരിയോടെ നിശ്ചയദാർഢ്യത്തോടെ നേരിട്ട് മലയാള സിനിമയിലെന്നല്ല ഇന്ത്യൻ സിനിമയിൽ തന്നെ തന്റേതായ സ്ഥാനമുറപ്പിച്ച അതുല്യ കലാകാരനായിരുന്നു കലാഭവൻമണി. നാടൻപാട്ടുകളുടെ തമ്പുരാൻ. പകരം വെയ്ക്കാനില്ലാത്ത

അഭിനയചാതുര്യം കൊണ്ട് സിനിമയിൽ പ്രത്യേകമായ സ്ഥാനം ഇദ്ദേഹം നേടിയെടുത്തു. കൊച്ചിൻ കലാഭവനിൽ മിമിക്രി കലാകാരനായാണ് മണി കലാമേഖലയിലെ തന്റെ ജീവിതം ആരംഭിച്ചത്. 1995ൽ പുറത്തിറങ്ങിയ അക്ഷരം എന്ന സിനിമയിൽ ഒരു ഓട്ടോറിക്ഷാ ഡ്രൈവറുടെ റോൾ അവതരിപ്പിച്ചു കൊണ്ടാണ് സിനിമാ രംഗത്തെത്തിയതെങ്കിലും സല്ലാപത്തിലൂടെയാണ് ശ്രദ്ധിക്കപ്പെടുന്നത്. പിന്നീട് വിവിധ ഭാഷകളിലായി 200-ാളം സിനിമകളിൽ അഭിനയിച്ച കലാഭവൻ മണിയുടെ ഹാസ്യതാരം എന്നത് മാറി സ്വഭാവ നടൻ എന്ന പേരിലുള്ള ആദ്യ സിനിമ വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനുമായിരുന്നു. അതിൽ മണി അഭിനയിച്ച അന്ധഗായകന്റെ കഥാപാത്രം എല്ലാവരുടെ മനസ്സിലും വിങ്ങലായ കഥാപാത്രമായിരുന്നു. ഇതിലെ കഥാപാത്രത്തിന് കലാഭവൻ മണിയ്ക്ക് ദേശീയ ഫിലിം അവാർഡിൽ പ്രത്യേക ജൂറി പുരസ്കാരവും ലഭിച്ചു. ഹാസ്യനടൻ, സ്വഭാവനടൻ, വില്ലൻ, ഗായകൻ, ഗാനസംവിധായകൻ എന്നീ അഭിനയത്തിന്റെ എല്ലാ മേഖലകളിലും തന്റെ സാന്നിദ്ധ്യമറിയിച്ചിരുന്ന ഈ അതുല്യപ്രതിഭ ഒട്ടേറെ ദുരൂഹതകൾ ബാക്കിയാക്കി 2016 മാർച്ച് 6ന് മലയാളത്തിന്റെ മണിനാദം നിലച്ചു.



### രാജേഷ് പിള്ള

എടുത്ത എല്ലാ സിനിമകളും ആഖ്യാന ശൈലിയിൽ വേറിട്ടു നിന്ന് തന്റേതായ ശൈലി കൊണ്ട് മലയാള സിനിമയിൽ മാറ്റങ്ങൾ കൊണ്ടു വന്ന പുതുമുഖ സംവിധായകനായ രാജേഷ് പിള്ളയുടെ അന്ത്യം 2016 ഫെബ്രുവരി 27നായിരുന്നു. 2005ൽ രാജേഷ് പിള്ളയുടെ സംവിധാനത്തിൽ പുറത്തിറങ്ങിയ ഹൃദയത്തിൽ സൂക്ഷിക്കാൻ മുതൽ അവസാനം പുറത്തിറങ്ങിയ വേട്ടവരെ തന്റേതായ ശൈലി പുലർത്തി പ്രേക്ഷകഹൃദയത്തിൽ സ്ഥാനം ഉറപ്പിച്ചിരുന്നു രാജേഷ് പിള്ള. അവയവദാനത്തിന്റെ മഹത്വം വിളിച്ചോതുന്ന രാജേഷ് പിള്ളയുടെ ട്രാഫിക്ക് മലയാള സിനിമയിലെ നവത രംഗത്തിന്റെ തുടക്കം കുറിച്ച സിനിമയെന്നാണ് വിലയിരുത്തപ്പെടുന്നത്.



### ടി.എ. റസ്സാഖ്

മലയാള സിനിമാ തിരക്കഥാകൃത്ത് ടി.എ.റസ്സാഖ് 2016 ഓഗസ്ത് 15നാണ് നമ്മളോട് വിടപറഞ്ഞത്. 30-ാളം സിനിമകൾക്ക് തിരക്കഥ നിർവഹിച്ച ടി എ റസ്സാഖിന്റെ തൂലികതുമ്പിൽ വിരിഞ്ഞ പ്രധാന ചലച്ചിത്രങ്ങളായിരുന്നു വിഷ്ണുലോകം, നാടോടി, ഗസൽ, താലോലം, ചിത്രശലഭം, പെരുമഴക്കാലം എന്നീ ചിത്രങ്ങൾ. 1996ൽ മികച്ച കഥയ്ക്കും തിരക്കഥയ്ക്കുമുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകൾ കരസ്ഥമാക്കിയത് ടി.എ.റസ്സാഖ് കഥയും തിരക്കഥയും രചിച്ച കാണാക്കിനാവ് എന്ന സിനിമയായിരുന്നു. പിന്നീട് 2002ൽ ആയിരത്തിൽ ഒരുവനും 2004ൽ പെരുമഴക്കാലവും കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകളിൽ മികച്ച കഥയ്ക്കുള്ള അവാർഡുകൾ കരസ്ഥമാക്കി.



### ജിഷ്ണു

മലയാള സിനിമയിലെ യുവനടന്മാരിൽ ശ്രദ്ധേയനായ നടനായിരുന്നു ജിഷ്ണു. ക്യാൻസർ രോഗബാധിതനായിരിക്കുമ്പോഴും ചിരിച്ചു കൊണ്ട് തന്റെ രോഗത്തെ നേരിട്ട ജിഷ്ണു പുതുതലമുറയ്ക്ക് പ്രചോദനമാണ്. വിരലിലെണ്ണാവുന്ന ചിത്രങ്ങൾ മാത്രമേ ചെയ്തിരുന്നൂവെങ്കിലും ചെയ്ത എല്ലാ ചിത്രങ്ങളിലും വ്യത്യസ്തമായ വേഷങ്ങളായിരുന്നു ജിഷ്ണുവിന്. ആദ്യ ചിത്രമായ നമ്മൾ മുതൽ അവസാനം അഭിനയിച്ച ട്രാഫിക്കിന്റെ ഹിന്ദി പതിപ്പിൽ വരെ ഈ വ്യത്യസ്തത ജിഷ്ണു കാത്തു സൂക്ഷിച്ചു. ഇതിൽ ട്രാഫിക്കിന്റെ ഹിന്ദി പതിപ്പിലെ ജിഷ്ണുവിന്റെ അഭിനയം എടുത്തു പറയേണ്ടതാണ്. ക്യാൻസർ രോഗം തന്നെ പിടിമുറുക്കി എന്നറിഞ്ഞു കൊണ്ട് അതിനോട് പടപൊരുതി ജിഷ്ണു അഭിനയിച്ച ചിത്രമായിരുന്നു ഇത്. 2016 മാർച്ച് 25ന് 36-ാമത്തെ വയസ്സിൽ ജിഷ്ണു നമ്മളോട് വിടപറഞ്ഞു.



### രാജാമണി


മലയാളിക്ക് മനസ്സിൽ തങ്ങി നിൽക്കുന്ന ഒരു പിടി നല്ല ഗാനങ്ങൾ സമ്മാനിച്ച സംഗീത സംവിധായകൻ രാജാമണി 2016 ഫെബ്രുവരി 14-നാണ് ഓർമ്മയായത്. പ്രശസ്ത സംഗീത സംവിധായകനായ ബി എ ചിദംബ

രനാഥിന്റെ മകനായ രാജാമണി തന്റെ 13-ാമത്തെ വയസ്സിൽ അച്ഛന്റെ ഭക്തിഗാന ആൽബമായ ഗംഗയാറു പിറക്കുന്നു എന്നതിൽ സഹായിയാണ് ഈ രംഗത്തേക്ക് വന്നത്. 1983ൽ തമിഴിൽ പുറത്തിറങ്ങിയ ഗ്രാമത്തുകിളികൾ എന്നതായിരുന്നു സ്വതന്ത്ര സംഗീത സംവിധായകനായി രാജാമണി നിർവഹിച്ച ആദ്യ സിനിമ. 1985ൽ പുറത്തിറങ്ങിയ നുള്ളിനോവിക്കാതെ എന്ന മലയാള സിനിമയുടെ ഗാനങ്ങൾ നിർവഹിച്ചുകൊണ്ട് രാജാമണി മലയാള ഗാനശാഖയിലേക്ക് വന്നു. ആറാം തമ്പുരാൻ എന്ന ചിത്രത്തിലെ ഗാനങ്ങൾക്ക് ഈണം പകർന്നതിന് സംസ്ഥാന ചലച്ചിത്ര അവാർഡും രാജാമണിയെ തേടിയെത്തി. മലയാള ഭാഷ കൂടാതെ തമിഴ്, തെലുങ്ക്, ഉറുദ്ദു എന്നീ ഭാഷകളിലെ ചിത്രങ്ങളിലെ ഗാനങ്ങൾക്കും സംഗീതം പകർന്ന ഇദ്ദേഹത്തിന്റെ മരണം സിനിമാശാഖയ്ക്ക് ഒരു തീരാ നഷ്ടമാണ്.




## രാധികാതിലക്

ദേവസംഗീതം പോലെ മലയാളി മനസ്സിൽ താൻ പാടിയ പാട്ടുകളിലൂടെ പുതിയൊരു ലോകം തീർത്ത ഗായികയായിരുന്നു രാധികാ തിലക്. താൻ പാടിയ എല്ലാ പാട്ടുകളും ആസ്വാദക മനസ്സിൽ തന്റെ ശബ്ദം കൊണ്ടൊരു സ്ഥാനം കണ്ടെത്താൻ സാധിച്ചാൽ അതാണ് ഒരു ഗായികയുടെ അല്ലയെങ്കിൽ ഗായകന്റെ ഏറ്റവും വലിയ അനുഗ്രഹം. ഇതിനു സാധിച്ച കലാകാരിയാണ് രാധികാതിലക്. 1989ൽ സംഘഗാനം എന്ന ലോഹിതദാസ് ചിത്രത്തിലൂടെ പിന്നണിഗാനരംഗത്ത് ചുവടുവച്ച ഈ കലാകാരി അവസാനമായി ഗാനമാലപിച്ചത് 1999ൽ പുറത്തിറങ്ങിയ ദീപസ്തംഭം മഹാശ്ചര്യം എന്ന സിനിമയ്ക്കായി ആയിരുന്നു. ക്യാൻസർ രോഗബാധിതയായ ഈ കലാകാരി 2015 സെപ്തംബർ 20ന് നമ്മളോട് വിടപറഞ്ഞു.



## ടി.എൻ. ഗോപകുമാർ

ടി എൻ ജി എന്ന ചുരുക്കപേരിൽ മാധ്യമ രംഗത്ത് നിറഞ്ഞ് നിന്ന വ്യക്തിയായിരുന്നു ടി എൻ ഗോപകുമാർ. മൂന്ന് പതിറ്റാണ്ടിലേറെ മാധ്യമരംഗത്തെ നിറസാന്നിദ്ധ്യമായ ടി എൻ ജിയെ മറ്റുള്ളവരിൽ നിന്നും വേറിട്ടു നിർത്തയത് 1000 എപ്പിസോഡുകൾ പിന്നിട്ട കണ്ണാടിയായിരുന്നു. ഏഷ്യാനെറ്റിൽ പ്രതിവാര സംപ്രേക്ഷണം നിർവഹിച്ചിരുന്ന കണ്ണാടിയുടെ തുടക്കം മുതലുള്ള അവതാരകനും ടി എൻ ജിയായിരുന്നു. ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ ഇൻ ചീഫ് ആയിരുന്ന ടി എൻ ജിയുടെ മരണം 2016 ജനുവരി 30നായിരുന്നു.



## ബാബുഭരദ്വാജ്

പ്രമുഖ മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ബാബുഭരദ്വാജ് അന്തരിച്ചത് 2016 മാർച്ച് 31നായിരുന്നു. തന്റെ വ്യത്യസ്തമായ രചനാശൈലിയിലൂടെ എഴുത്തുകാർക്കിടയിൽ സ്വന്തമായ ഇടം കണ്ടെത്തി ബാബു ഭരദ്വാജ്. എന്നും പളപളപ്പോടെ മാത്രം മലയാളി കണ്ടിരുന്ന പ്രവാസി മലയാളികളുടെ യഥാർത്ഥ ജീവിതം ആദ്യമായ് നമുക്ക് മുന്നിൽ വരച്ചു കാട്ടിയത് ബാബുഭരദ്വാജിന്റെ പ്രവാസിയുടെ കുറിപ്പുകളിലൂടെയായിരുന്നു. സിനിമാ മേഖലയിലും തന്റേതായ ശൈലിയിലൂടെ ഇടം കണ്ടെത്താൻ ഇദ്ദേഹത്തിനു സാധിച്ചു. എസ് എഫ് ഐയുടെ ആദ്യ ജോയ്ന്റ് സെക്രട്ടറിയും ആയിരുന്നു ബാബുഭരദ്വാജ്.


ഇരുളകറ്റാൻ വെളിച്ചം പകരാൻ
നമുക്കൊന്നായ്
കൈകോർക്കാം
എല്ലാവീട്ടിലും
വൈദ്യുതി
കേരളം
സമ്പൂർണ
വൈദ്യുതീകരണത്തിലേയ്ക്ക്...
KSEB
കേരളത്തിന്റെ ഊർജ്ജം
പബ്ലിക് റിലേഷൻസ്
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

बैंक ऑफ़ इंडिया

# Bank of India

*Relationships beyond banking.*

Festive Offer

**Home loan***

Rate of Interest-9.4%
Repayment- 30Years
Margin-15%
EMI per Lakh-Rs.834/-
Processing Charge- Nill



**Loan Against property***


Rate of interest- 11.2%
Repayment- 12years
Quantum- 500Lac
EMI per lakh- Rs. 1266/-
Processing Charge- 1%

**Vehicle Loan*(2&4 wheeler)**

Rate of Interest- 9.5%
Repayment- 7years
Margin- 0%
EMI per Lakh- Rs.1635/-
Processing Charge- Nill



# ചാമരൻ



### വിരമിച്ചിട്ടും VRS എടുത്ത മഹാൻ.

യാത്രയയപ്പും നൽകി, എല്ലാവർക്കും ഒരായിരം നന്ദിയും പറഞ്ഞു വീട്ടിൽ കൊണ്ടുവിടുകയും ചെയ്തു. പിറ്റേദിവസം ദാ നിൽക്കുന്നു ഗോർക്കി ഭവനിൽ. 'call man' വ്യവസ്ഥയിൽ ഒരു മഹാൻ. 'call man' എന്നാൽ വിളിക്കുമ്പോൾ വരുന്ന യാൾ.... പുളിമൂട്ടിൽ ഇറക്കത്ത് കോഴിക്കടയിൽ ഇരിക്കും. റൊട്ടി കടയിൽ നിന്നും വിളിക്കുമ്പോൾ വരും..വിളിയധികം ഇല്ലെങ്കിലും ശമ്പളം ഇരിപ്പടത്തിൽ കിട്ടും.

പക്ഷെ രണ്ടാമത്തെ കാലാവധി കഴിയാൻ നിൽക്കാതെ മഹാൻ ഒരാഴ്ചയ്ക്ക് മുമ്പായി VRS വാങ്ങിയെന്നും രാജി ഭീക്ഷണി മുഴക്കിയെന്നുമാണ് സംസാരം.

*-അയ്യോ സാറെ പോകല്ലേ!!*

### 'കുട' മാറ്റം വൈറലായി!!!

ഐ.ടി വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിന് അവധി കാലത്ത് കുട്ടികളെ ആകർഷിക്കാൻ പലതരം ഓഫറുകൾ നൽകാറുണ്ടത്രെ... ഓരോ വർഷവും പലയിനങ്ങളാണ്. ബാഗ്, സഞ്ചി, പെൻസിൽ, സ്ലേറ്റ് എന്നിങ്ങനെ ഏറ്റവും ഒടുവിൽ 'കുട'യാണത്രെ ഓഫർ. കുട മോഹിച്ച് ക്ലാസിൽ വന്ന പല ഐ.ടി. കൂട്ടുകാർക്കും കിട്ടിയത് പഴയ ബാഗും സഞ്ചിയുമൊക്കെയാണെന്ന്:

യഥാർത്ഥ പോപ്പിയെക്കാൾ വെല്ലുന്നതായിരുന്നത്രെ സി-ഡിറ്റ് പോപ്പി. അവധിക്ലാസ്സുകൾ പലത് കഴിഞ്ഞിട്ടും കണക്കു ശരിയാകാത്ത സി-ഡിറ്റ് 'കുട കൈമാറ്റം' സാമൂഹ്യ മാധ്യമങ്ങളിൽ വൈറലാണെന്ന്. നഗരത്തിലെ കോടതിക്ക് സമീപമുള്ള തിരുട്ട് ഗ്രാമത്തിൽ അന്വേഷണം തുടങ്ങിയെന്നും ജന*സംസാരം.*

*''കുടയുടെ പിടിയെങ്കിലും കണ്ടെത്തിയാൽ ഭാഗ്യം''*

### കായംകുളം കൊച്ചുണ്ണിയുടെ അത്ഭുതയാത്രകൾ?


അഭിനവ ഹൈ ടെക് കൊച്ചുണ്ണി അടിച്ചു മാറ്റിയത് TA, DA ഇനത്തിൽ ആയിരങ്ങളാണത്ര. വിവരാവകാശ ദാഹിയാണ് Hi-Tech TA, DA തട്ടിപ്പ് പുറത്താക്കിയത്. കായംകുളം - തിരുവനന്തപുരം, തിരുവനന്തപുരം - കായംകുളം അത്ഭുതപ്പെടുത്തുന്ന യാത്രകൾ. 31 ദിനങ്ങൾ ഇല്ലാത്ത മാസത്തിലും കൊച്ചുണ്ണി 31-ാം തീയതി യാത്രപോയത്രെ... വിവരദാഹിക്ക് ലഭിച്ച കണക്കും ഓഫീസിലെ കണക്കും തമ്മിൽ വൻ പൊരുത്തകേട് എന്ന്. സംഗതി പുറത്തായതോടെ കൊച്ചുണ്ണി മണ്ഡലം സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ബ്രാഞ്ച്, സൈബർ സെൽ എന്നിവ വഴി വിവരാവകാശിയുടെ കുടുംബത്തെ പൂട്ടാനുള്ള തീവ്രശ്രമത്തിലാണെന്നും കേൾവി.

*''കാട്ടിൽ തടിവെട്ടുമ്പോൾ നാട്ടിൽ ഇതെങ്കിലും വേണ്ടേ'!*

### പ്രമാദമായ ബംഗ്ളൂരു കംപ്യൂട്ടർ...

ബംഗ്ളൂരിൽ നിന്നും ആധുനിക കംപ്യൂട്ടറുകൾ കൊണ്ടുവന്ന് ഒരു CEP സെന്റർ തുടങ്ങി. ഒടുവിൽ സെന്ററും വിറ്റ് മുന്തിയ കംപ്യൂട്ടറുകളും വിറ്റു എന്നാണ് കേൾവി. ബംഗ്ളൂരിൽ നിന്നും വന്ന കംപ്യൂട്ടറിൽ ആകൃഷ്ടരായ സി-ഡിറ്റിന്റെ CEP നടത്തിപ്പുകാരിൽ ചിലർ കംപ്യൂട്ടറുകൾ പലതും വാങ്ങിയത്രെ. വാങ്ങിയ കംപ്യൂട്ടറിൽ കവർ ഒഴിച്ച് ബാക്കിയെല്ലാം പുതിയതായിവാങ്ങി വെക്കേണ്ടിവന്നു എന്നും സംസാരം. വിറ്റതും വാങ്ങിയതും നടത്തിപ്പുകാരായതിനാൽ പരാതിയില്ലെന്ന്.

*''പെരുമയിലല്ല പ്രവർത്തിയിലാണ് കാര്യം!!*




**ഒന്നാം നമ്പർ കാറിലെ ലിന്റു മോൻ...**

വഞ്ചിയൂർ ഹൗസ്സിൽ അടിച്ചുപിരിഞ്ഞ പാവം ലിന്റോ, തിരുവല്ലം കുന്നിൽ വന്നുപോകാൻ ഏറെ കഷ്ടപ്പെടുന്നുണ്ടത്രെ. ഒന്നാം നമ്പരിൽ രാവിലെ എത്തുന്ന മോൻ ഉടൻ സ്ഥലം കാലിയാക്കുമെങ്കിലും വൈകുന്നേരം ഒരു വരവു കൂടി വരുമെന്ന്... രണ്ട് നേരം ചന്ദ്രനെ വണങ്ങുകയും കണ്ണടക്കിടെയിലൂടെ ചന്ദ്രൻ ദർശനം നൽകുകയുമാണത്രെ പതിവ്. AC റൂം അനുവദിക്കാത്തതിനാൽ AC കാറിൽ കറങ്ങിയാണത്രെ അദ്ധ്വാനിക്കുന്നത്. വഴക്കടിച്ചു കളിച്ചുകൊണ്ടിരുന്ന അനിയൻ സ്ഥലം വിട്ടുപോയതിന്റെ സന്തോഷകണ്ണീരുമായി ഇരുപ്പാണത്രെ അണ്ണൻ.

*രോഗി ഇച്ഛിച്ചതും*
*വൈദ്യൻ കല്പിച്ചതും....!!*

**പേര മരമേ നീ പൂക്കരുതെ!!!**

നീ പൂക്കരുത്, പൂത്താൽ കായ്‌വരും, അത് വലുതാകും, വലുതായാൽ കിളികൾ കൊത്തിയും മനുഷ്യർ പറിച്ചും ഭക്ഷിക്കും. നിന്നെ വളർത്തുന്ന Real Estate Manager ക്ക് ഇത് ഇഷ്ടപ്പെടില്ല - നിന്നെ നശിപ്പിക്കും - നീ ഇവിടെ പലർക്കും തണലും, ഊണ് കഴിഞ്ഞാൽ ആശ്വാസത്തിനായുള്ള ഇരിപ്പിടവുമാണ്. നിന്റെ പേരിലാണ് ഇവിടെ ചിലർ അറിയപ്പെടുന്നത്. നീ ഭാവിയിൽ തിരുവല്ലത്തെ സ്മാരകമാകേണ്ടതാണ്. നീ നഷ്ടപ്പെടുന്നത് ഓർക്കാൻ പോലും കഴിയുന്നില്ല. നിന്നിലെ ഫലം ഞങ്ങൾക്കു വേണ്ട. എന്നും നീ ഒരു കൂട്ടായിരുന്നാൽ മതി. മരിക്കുംവരെ നിന്റെ സാമീപ്യം മാത്രമാണ് ഞങ്ങളുടെ സ്വപ്നം.

*''പേര മരമേ നീ പൂക്കരുത്.''*
*-പേര സംരക്ഷണ സമിതി*

**മൂവർസംഘത്തിന്റെ മാജി മാജിക്ക്**

അന്താരാഷ്ട്ര യുദ്ധമര്യാദകൾ ലംഘിച്ച് 28 വിപ്ലവം സംഘടിപ്പിച്ച സി-ഡിറ്റിലെ സൈനികത്തലവൻ 'ജി' യെ തുറങ്കിലടക്കാൻ ഉത്തരവിട്ട സാറിനു മുന്നിൽ സി-ഡിറ്റിലെ മൂവർ സഖ്യം ''അറിവില്ലാ പൈതമാണേ'' എന്ന കൂട്ടകരച്ചിൽ നാടകം അവതരിപ്പിച്ചുവത്രെ...'' തലവന്റെ മാപ്പ് എന്ന ഡിജിറ്റൽ ഷോയും മൂവർ സംഘത്തിന്റെ നിലവിളിയും പരിഗണിച്ച് 'തലയെടുക്കണ്ട കാലും കൈയ്യും അടിച്ചൊടിച്ചാൽ മതിയെന്ന്' ഉത്തരവ് മാറ്റിയതായും സംസാരം.

സംഘത്തിനെക്കുറിച്ചുള്ള ക്ലൂ. 'മോ' 'ദീ' 'രോ'.

അധികാരത്തിലിരിക്കുന്നവരെ കുരങ്ങ് കളിപ്പിക്കുന്നവർക്കും കളിക്കുന്നവർക്കും ഗുണപാഠം.

*''അധികാരം മനുഷ്യനെ മയക്കുന്ന കറുപ്പാണ്.''*
*-സ്വാമി വിവേകാനന്ദൻ.*

**ഡിജിറ്റൽ പാർക്കിൽ കുടിയൊഴിപ്പിക്കൽ...വാർത്ത**

വഴുതക്കാട്ടുള്ള ഡിജിറ്റൽ പാർക്കിൽ അനധികൃതമായി കടന്നുകയറി വിശാലമായ ക്യാബിനുകൾ സ്ഥാപിച്ച് കുടിയിരിക്കുന്ന മാന്യദേഹങ്ങളെ ഒഴിപ്പിച്ചു തുടങ്ങി. പാർക്കിലെ മൂന്നിൽ രണ്ട് ഭാഗവും വിവിധ ഇനം ഓഫീസറന്മാർക്കും ഡിജിറ്റൽ ഇന്ത്യ മാഡത്തിനും വിശാലമായി ഇരിക്കാൻ വളഞ്ഞു പിടിച്ച് ക്യാബിൻ കെട്ടുകയായിരുന്നു. പാവപ്പെട്ട ജീവനക്കാരെ പാർക്കിന്റെ രണ്ടറ്റത്തായി ഒതുക്കി ഇടുകയും ഭക്ഷണം പോലും കഴിക്കാൻ സ്ഥലം നൽകാതെ ലക്ഷങ്ങൾ ചിലവഴിച്ച് നിർമ്മിച്ച AC ക്യാബിനുള്ളൽ ചിലർക്കുമാത്രം ചടഞ്ഞിരിക്കാൻ പാർക്ക് ഒരുക്കിയതിനെതിരെ കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് നാട്ടുകാരിൽ നിന്നും പരാതികൾ പോയിട്ടുണ്ട്. സർക്കാർ വകയായ പാർക്കിലെ പൊതുസ്ഥലത്ത് നിർമ്മിച്ച ക്യാബിനുകൾ പൊളിച്ചുമാറ്റി മാഡം ക്യൂരിയുടെ പ്രതിമസ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നിരിക്കുകയാണ്.

*പ്ളാസ TV ക്കുവേണ്ടി ക്യാമറാമാൻ 'ശശി' കടലുണ്ടി*
*ക്കൊപ്പം ഭീപ ശ്രീവാരിയർ, വഴുതക്കാട്.*

**റഷ്യൻ തുർക്കികൾക്ക് പണിയില്ലെന്ന്....**

'പണി'യുടെ ആശാൻമ്മാരായ തുർക്കികൾക്ക് പണിത് പണിത് പണിയില്ലാതായെന്ന് സംസാരം. പരസ്പരം പണിയുന്നതിൽ ഗവേഷണം നടത്തുന്നതിനിടയിൽ മറ്റ് പണിക്കായി സമയം കിട്ടുന്നില്ലെന്ന പരാതിയുമുണ്ടത്രെ... പ്രധാന പണിക്കാരിൽ ചിലർ '60'ന്റെ പണിക്കായി ഓടി നടക്കുന്നു എന്നും മറ്റ് ചിലർ 8 ന്റെ പണിക്കായി ധ്യാനത്തിലുമാണെന്നാണ് കേൾവി. കിട്ടുന്ന പണികൾ അന്യദേശപണിക്കാർക്ക് മറിച്ചതും മിച്ചമുള്ളവ പണിതു കഴിഞ്ഞതുമാണത്രെ പണിയാശാന്മാർക്ക് പണിയില്ലാതാവാനുള്ള കാരണമെന്നും അശരീരി...

*''ചുവരുണ്ടെങ്കിലേ ചിത്രം വരക്കാനാകൂ.''*





**അമ്പലമുക്ക് കൃഷ്ണാ നീ താൻ തുണൈ...**

ചാടികളിയെടാ

കൊച്ചുകൃഷ്ണാ... എന്ന് പാടി കളിപ്പിച്ച മഹാൻമാരെയും മഹതികളെയും കാണാനില്ലെന്ന്. രാത്രിയും പകലും ഫോണിലും വീട്ടിലും ഓഫീസിലും സഹജസഞ്ചാരികളായി അടുക്കളയിൽ വരെ സഹായിച്ചിരുന്ന 'പീനട്ട്സു'കളെ ഒന്നും കേൾക്കാൻപോലും ഇല്ലെന്ന്; ദുർസ്വപ്നമായി പെൻഷനും ചില മുഖങ്ങളും കാണാൻ തുടങ്ങിയെന്നും, ഒന്നും കാണാതിരിക്കാൻ മന്ത്രവും ജപവുമായി ബാബു കണ്ഠനേര് ഒറ്റക്കുള്ള പരിഹാരക്രിയകളിലാണത്രെ.

*-അനുഭവം ഗുരു-*

**കായംകുളത്ത് പുതിയ പഞ്ചിംഗ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചു!!!**

അതിവിദഗ്ദമായ രീതിയിൽ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്താം. in-out എന്നിവയെല്ലാം കൃത്യമായി രേഖപ്പെടുത്താം. ആർക്കും എപ്പോഴും പഞ്ചാം, പഞ്ചിയതിനുശേഷം പുറത്ത് വാഴവെട്ട് ഉൾപ്പെടെ ഏതിനും പങ്കെടുക്കാം. എല്ലാവിവരങ്ങളും പ്രത്യേകതരം സോഫ്റ്റ്‌വെയർ അടങ്ങുന്ന പഞ്ചിംഗ് മിഷ്യൻ രഹസ്യമായി സൂക്ഷിക്കും. ആർക്കും രഹസ്യങ്ങൾ ചോർത്താനോ ഹാജർ നോക്കാനോ Data എടുക്കാനോ പഞ്ച് സമ്മതിക്കില്ല. തികച്ചും വന്വശ്വസിക്കാവുന്ന പഞ്ച്... ഈ സാമഗ്രിയെകുറിച്ചറിഞ്ഞ പല IT സ്ഥാപനങ്ങളും ഇത് വാങ്ങുന്നതിനും പിന്നിൽ പ്രവർത്തിച്ച വിദ്വാന്മാരെ ആദരിക്കാനും തയ്യാറെടുക്കുകയാണത്രെ...

തിരുവല്ലത്തു നിന്നും സ്ഥിരമായി പോകാറുള്ള ശാസ്ത്രസംഘം പരിശോധനയ്ക്കായി ഉടൻ നീങ്ങുമെന്നാണ് കേൾവി.

*''കൊട്ടിയില്ലെങ്കിലും പറ തോളിൽ കിടക്കട്ടെ''*

**ഡ്യൂട്ടിപാസ് മേള**

സാങ്കേതികവിദ്യാ നീട്ടൽ കക്ഷികളിൽ ചിലർ സ്ഥിരം മേളയിലാണന്ന്. വഞ്ചിയൂർ മുതൽ സംസ്ഥാനത്തിന്റെ പല ഭാഗത്തും നടക്കുന്ന വിവിധതരം മേളകളിൽ ഡ്യൂട്ടി ചെയ്ത് അവശരായി എത്തുന്ന നീട്ടൽ വിദ്വാന്മാർക്കും മഹതികൾക്കും ഡ്യൂട്ടിമേളയിൽ പാസ് വിതരണം നടത്താറുണ്ടത്രേ. നാരായണമന്ത്രം ചൊല്ലി വരുന്ന ഭക്തർക്ക് രാമാനുജകൃപയാൽ 'പാസ്' കടാക്ഷം.

*-നാരായണ നാരായണ*

**മഹേഷിന്റെ പ്രതികാരം**

സിനിമയിൽ നായകൻ ചെരിപ്പിടാതെ ശപഥം ചെയ്തുവെങ്കിൽ അർഹമായ ഇരിപ്പിടവും വേതനവും നൽകാതെ പീഡനവിധേയനായ നായകൻ നല്ലയിടവും നല്ല കൂലിയും കിട്ടാതെ ഇരിക്കില്ലെന്ന് ശപഥം ചെയ്തുവത്രേ. ഒടുവിലിതാ നല്ല ഇരിപ്പിടവും നല്ല കൂലിയും. 'ഞെട്ടിച്ച പഞ്ച്' സിനിമയിലെപ്പോലെ മലർത്തിയടിച്ച് നായകൻ വലിയ കസേരയിൽ ഉപവിഷ്ഠനായി.

*-കർമ്മഫലം*

**ചെവിയിൽ ചെമ്പരത്തിയുമായി പ്രോഗ്രാമികൾ.**

ടെക്നോപാർക്കിന്റെ മുറ്റത്ത് കഴുത്തിൽ കാർഡു തൂക്കി വന്നിറങ്ങുകയും പോകുകയും ചെയ്യുന്ന നല്ല ടെക്കികളെ കാണാം. ഇവിടൊരിടത്ത് പ്ളാസ പാർക്കിന്റെ മുന്നിൽ വിശേഷപ്പെട്ട ടെക്കികളെ കാണാം. ഒറ്റനോട്ടത്തിൽ ഫ്രീക്കന്മാരാണെന്ന് തോന്നും, സൂക്ഷിച്ചു നോക്കുമ്പോൾ കാണാം ചെവിയിൽ ചുവന്ന ചെമ്പരത്തിപൂവും നാലുവാക്കിന് അന്തംവിട്ട് ആകാശത്തേക്ക് നോക്കി നിൽക്കുന്ന തലമുടിയും കയറി ഇറങ്ങി കിടക്കുന്ന ഷർട്ടും വലിച്ചുകെട്ടിയ ലൂസ്സായ പാന്റും ഒക്കെയായി നിൽക്കുന്ന പ്രത്യേകതരം



ടെക്കികളായ പ്രോഗ്രാമികൾ. വഴിയാത്രക്കാരിൽ ചിലർ ഐ.ടി. പിച്ചക്കാരെന്ന് കരുതി ചില്ലറ വെച്ച് നീട്ടിയതായും കേൾവി.

*''തണ്ടിലേറ്റുന്നതും*
*മൈതാനം ആക്കുന്നതും ഭവാൻ'' -*

**ഇവളാണിവളാണ് മിടുമിടുക്കി**

വലതു ഭരിക്കുമ്പോൾ തട്ടിപ്പ് നേതാവിന്റെ വലംകൈ. വലിയ വനിതാ നേതാവ്. ഇടതുഭരിക്കുമ്പോൾ ചിലരുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരി. സർക്കാരിന്റെ പരാതി പരിഹാരക്കോട്ടയുടെ കാവൽക്കാരി. ഇടതുകൈയും വലതുകൈയും ഒരുപോലെയാണെന്നത്രെ മഹതിയുടെ പുതിയ കണ്ടെത്തൽ. തികഞ്ഞ ജനാധിപത്യ വിശ്വാസിയും ജനക്ഷേമ വാത്സല്യയുമായ മഹതിയുടെ സാന്നിദ്ധ്യമാണത്രെ സർക്കാരിന്റെ 100 ദിവസത്തെ ഇമേജിന്റെ പിന്നിലെ രഹസ്യം. സർക്കാരിനെതിരെ വരുന്ന ഓലകൾ കിളികൾമാർഗം വലതുകോട്ടകളിൽ എത്തിക്കുന്നതിന് ഇത്തരം 'സിന്ദൂര തങ്ക'ക്കുടങ്ങൾ വേണമെന്ന വാദവും ഉണ്ടത്രെ.

*-ജനാധിപത്യം നീണാൾ വാഴട്ടെ.*

**മാതൃകയായ വൈ പ്ര.'ജി'.**

തൊഴിലാളികളുടെ കഷ്ടതകൾ മാറ്റാനും ഭരണവർഗത്തിന്റെ ക്രൂരതകൾക്കുമെതിരെ രാജ്യത്താകെ കേന്ദ്ര സംസ്ഥാന 'ജി'കളുടെ നേതൃത്വത്തിൽ വൻ പണിമുടക്ക്. സി.ഡി.റ്റിലെ 'ജി'യൂണിയൻ, വൈസ് പ്രസിഡന്റ് ഉൾപ്പെടെ പല 'ജി'കളും ഓഫീസുകളിൽ ഹാജർ ഉറപ്പിച്ചുവത്രേ....

എന്തരടേ യൂണിയൻ എല്ലാം ഒരുചാൺ വയറിനുവേണ്ടിയല്ലേ?

*-കോൺഗ്രസ് ഉണങ്ങിയ മരം.*
*കെ. എം. മാണി*

**സി.എം.ഡി.യിൽ എച്ച്.ഒ.ഡി.യുടെ ഒഴിവ്**

സെന്റർ ഫോർ മണി അടിച്ചുമാറ്റൽ ഡിപ്പാർട്ടുമെന്റിൽ (CMD) വകുപ്പുമേധാവിക്ക് അപേക്ഷ ക്ഷണിക്കുന്നു.

യോഗ്യത: കൊറിയർ സർവീസിൽ ബിരുദാന്തര ബിരുദം, വെയ്സ്റ്റ് പേപ്പർ മാനേജ്മെന്റിൽ ഡിപ്ലോമ.

പ്രവർത്തിപരിചയം: ബാഗ് നിർമാണത്തിൽ കുറഞ്ഞത് 5 വർഷത്തെ പ്രരിചയം.

മുൻഗണന: 'ഭരത്' അവാർഡ് ലഭിച്ചവർക്കും ഏതെങ്കിലും സർക്കാർ അന്വേഷണ സംഘത്തിന്റെ പിടിയിൽപ്പെട്ടവർക്കും മുൻഗണന നൽകും. അടിച്ചുമാറ്റലിൽ പ്രാവീണ്യം അഭികാമ്യം.

പ്രായം: റിട്ടയർമെന്റില്ലാത്ത സ്ഥാപനമായതിനാൽ പ്രായം പരിധിയില്ല.


*-അഴിമതി നിരോധനവകുപ്പ്*

**ബീവിയും സോനുവും 'ബ്രോ'കളെന്ന്...**

അസഭ്യ വർഷപോരിനു ഇടവേള നൽകി കായംകുളത്തെ രണ്ട് മാന്യദേഹങ്ങൾ 'ഭായി'മാരായെന്ന് കേൾവി. മറ്റൊരു ശത്രുവിന്റെ വരവോടെ ജന്മവൈരികളായ മിത്രങ്ങൾ പെട്ടെന്ന് സഹോദരങ്ങൾ ആയിപ്പോയെന്നും കഴിഞ്ഞകാല പാണ്ഡങ്ങളുടെ കെട്ട് തൽക്കാലം അടച്ചുവെയ്ക്കുവാനുമാണത്രെ അന്താരാഷ്ട്ര ചർച്ചയിൽ ധാരണയായത്. കൊടുക്കൽ വാങ്ങൽ ഇടപാടുകൾ തീരുമ്പോഴും ബ്രോകളായി തുടരണേ അന്താരാഷ്ട്ര ഭഗവാനേ.




*''എല്ലാ ഭാരതീയരും*
*സഹോദരി സഹോദരന്മാരാണ്.''*




**വിടമാട്ടേ ഉന്നെ വിടമാട്ടേ!!!**

ഗോർക്കി ചേച്ചിയുടെ ദേഹത്ത് പിടികൂടിയ വിജിലൻസ് പ്രേതം വയലന്റായി തുടങ്ങിയത്രെ. പല ഉഗ്രമൂർത്തികളായ മന്ത്രവാദികളും പല ക്രിയകളും ചെയ്തു നോക്കിയെങ്കിലും 'ബാധ' ഒഴിപ്പിക്കാൻ കഴിയുന്നില്ലെന്ന്. ലോകപ്രശസ്തനായ ഒഴിപ്പിക്കൽ ആശാൻ മേൽപ്പാലം മോഹനതിരികൾ വന്ന് അദ്ദേഹത്തിന്റെ പ്രത്യേകതരം ചികിത്സാരീതിയായ 'മൈക്കിംഗ്' പ്രയോഗം നടത്തിയിട്ടും ബാധ മാറുന്നില്ലത്രെ പരമ്പരാഗതമായ ചില നാട്ടുരീതികളും ആധുനികരീതിയും ചേർത്ത് പ്രയോഗിക്കുന്ന വിദഗ്ദരെ രംഗത്തിറക്കാനുള്ള ശ്രമത്തിലാണത്രെ. പല ദിക്കിലായിരുന്ന് ചെറുതും വലുതമായ ദുർമന്ത്രവാദികൾ പ്രേതത്തിന് ശക്തിപകരുന്നതാണത്രെ ഫലം കാണാത്തത്. ഭയന്ന് വിറച്ച ദേശവാസികൾ കുരിശുപ്രയോഗത്തിലാണത്രെ പിടിച്ചു നിൽക്കുന്നത്.

*''ചത്തത് ഭീമനെങ്കിൽ*
*കൊന്നത് കീചകൻ തന്നെ.''*

**തിരുവല്ലത്ത് പടിഞ്ഞാറ് ഭാഗത്തുനിന്നും കാൽക്കുലേറ്ററിന്റെ നിലവിളി!!!**

പേ റിവിഷൻ താമസിക്കുന്നതു കാരണം ഒരു കാൽക്കുലേറ്ററാണ് ക്രൂരമായ മർദ്ദനത്തിന് വിധേയമാകുന്നത്. രണ്ട് AMമാരുടെ ദിനവുമുള്ള കൂട്ടലും കുറക്കലും കാരണം കാൽകുലേറ്ററിന്റെ പല ബട്ടനും ഇപ്പോൾ 'നോട്ട് വർക്കിംഗ്' ആയി കഴിഞ്ഞു. പേ -റിവിഷൻ ഇനിയും വൈകിയാൽ പാവം ഈ യന്ത്രം ആയുസ് എത്താതെ ചത്തുപോകും. AM മാരുടെ വിരലുകൾ പലതും തേഞ്ഞ് ചെറുതായി, ടെൻഷൻ കാരണം മെലിഞ്ഞും ക്ഷീണിച്ചും അവശരായെങ്കിലും പാവം യന്ത്രത്തിനെ വിടാൻ തയ്യാറല്ലത്രെ. യന്ത്രത്തിന്റെ നിലവിളിയും അന്ത്യശ്വാസവലിയും കേട്ടറിഞ്ഞ യന്ത്രാവകാശകമ്മീഷൻ നേരിട്ട് ഇടപെട്ടു എന്നാണ് കേൾവി.

*''കണക്കുകൾ മാത്രം കൂട്ടുന്നവർ മനുഷ്യ യന്ത്രം''*
*-കാർലോസ്-*

**അശോകചക്രവർത്തിക്കും സോളമൻരാജാവിനും കഷ്ടകാലം**

ഇന്ത്യൻ നാഷണൽ ട്രേഡ് കൊട്ടാരത്തിൽ നാട്ടുചട്ടമ്പിമാർ കടന്നുകയറി ചക്രവർത്തിയെയും രാജാവിനെയും ചവിട്ടി പുറത്താക്കിയെന്ന്. സോളമൻരാജാവിന്റെ പുത്രനും പടയാളികളും എത്തുമ്പോഴേക്കും ചെങ്കോലും കിരീടവും പിടിച്ചുവാങ്ങി ചക്രവർത്തിയെയും രാജാവിനെയും കരിമഠം കോളനി ഓടയിൽ തള്ളിയത്രേ...കൊട്ടാരത്തിലെ

കഠിനമായ വാട ശീലിച്ചിരുന്നതിനാൽ ഓട യിലെ അനുഭവം സുഖമായിരുന്നു എന്നു സംസാരം. പടിയടച്ചു പിണ്ഡം വയ്ക്കാൻ അനുവദിക്കാതെ ഇരുവരും ആളെക്കൂട്ടി വി പ്ലവം ആരംഭിക്കുവാനുള്ള ശ്രമത്തിലാണെ ന്നു കേൾവി.

*-ഉദരവിപ്ലവം 2015*

**മാനേജർ (വണ്ടി) ഞെരിപ്പടാ....**

വണ്ടികളെയും ഡ്രൈവർമാരെയും പാഠം പഠിപ്പിക്കാൻ 'കബാലി കണ്ഠൻ' തിരിമ്പി വന്തിട്ടേ.... ഇരിപ്പിടമില്ലാതെ എക്സ്ട്രാ എനർ ജിക്കായി ജനറേറ്റർ റൂമിൽ അതിക്രമിച്ചുകയ റിയ ഡ്രൈവർ കൂട്ടങ്ങളെ കബാലി സ്റ്റൈലിൽ ആക്ഷനിലൂടെ പുറത്താക്കിയെന്നും 'കബാ ലി' മേഖലയായി പ്രഖ്യാപിച്ചുവെന്നും കേൾ വി. വണ്ടികളെ മര്യാദ പഠിപ്പിക്കാൻ ആധുനിക അഭ്യാസമുറകൾ പ്രയോഗിക്കാനുള്ള പരിശീ ലനത്തിലാണത്രെ കബാലി മേജർ.

*-വരാനുള്ളത് വഴിയിൽ തങ്ങില്ല.*

**ക്യാന്റീനിൽ ദുർഗാദേവി അവതരിച്ചു!!**

വഴിപാടാണത്രെ പ്രത്യക്ഷപ്പെടാനുള്ള കാ രണം. ഹൈക്കോടതിയുടെ കാരുണ്യത്തിൽ ഫ്രീ സർവീസായി സേവിക്കുന്ന മാനേജർ സാറിനായിരുന്നു ഉറഞ്ഞുതുള്ളിയ ദേവിയു ടെ പ്രത്യേകതരം ഭാഷാപ്രയോഗത്തിലുള്ള അനുഗ്രഹം ലഭിച്ചത് എന്നാണ് കേൾവി. ചു റ്റുമുണ്ടായിരുന്ന പുതിയ ഭക്തജനങ്ങളാകെ പ്രസാദത്തിനുപോലും കാത്തുനിൽക്കാതെ ചെവിയും പൊത്തി സ്ഥലം വിട്ടു എന്നും സം സാരം. സെർവർ മാഡത്തിന്റെ ഭാവി നാളുകൾ പ്രവചിച്ചിട്ടാണാത്രെ അവതാരം മടങ്ങിയത്.

ദേവീകടാക്ഷത്തിനുശേഷം ക്യാന്റീനിലെ ഉണ്ണിയപ്പത്തിന് വലിപ്പം കൂടിയെന്നും കച്ച വടം ഉഷാറായെന്നുമാണ് വാർത്ത.

*-ദൈവങ്ങളെ വെറുതെ വിളിച്ചുവരുത്തരുത്*

**ഫിലോസഫർ 'വണ്ടി പ്രേതം' മടങ്ങി....**

തമിഴ്നാട്ടിലും തിരുവല്ലംകുന്ന് പ്രദേശത്തും കലിതുള്ളി നടന്നിരുന്ന വണ്ടിപ്രേതം നഗര ത്തിലേക്കു മടങ്ങി. പ്രേതങ്ങളിൽ തത്വജ്ഞാ നിയായ വണ്ടിപ്രേതത്തിന്റെ സഞ്ചാരവും കയറ്റിറക്ക് പ്രകടനവും ശ്രദ്ധേയമായിരു ന്നു. വണ്ടിപിടിത്തക്കാർക്ക് കൃത്യമായി ജോ ലി നൽകിയിരുന്ന പ്രേതത്തെ ഒഴിപ്പിക്കാൻ ഒരുസംഘം മന്ത്രവാദികൾ എത്തിയിരുന്നു. മുഖ്യകർമ്മിയുടെ പാലായനം പ്രേതത്തെ കൂ ടുതൽ വേതനിപ്പിച്ചു എന്നും നിരാശയിലാണ്ട വണ്ടിപ്രേതം നഗരത്തിലെ താവളത്തിലേക്കു മടങ്ങിയെന്നുമാണ് വാർത്ത.

*ആയുസ്മാൻ ഭവ*

**പൊട്ടാത്ത കളിക്കുടുക്ക!**

പണ്ട് ജാംബവാന്റെ കാലത്ത് കുറച്ചു പാവങ്ങൾ ചേർന്ന് ഒരു കുടുക്ക യുണ്ടാക്കി. ചിത്രങ്ങളടങ്ങിയ കളിക്കുടുക്ക മുതിർന്നവരും കുട്ടികളും കേരളത്തിലും ഡൽഹിയിലുമായി കുറേ വാങ്ങി നിക്ഷേപിച്ചു. ചിത്ര ങ്ങൾക്ക് വയസ്സാകുന്നില്ലെങ്കിലും കുടുക്ക പ്രായം കൊണ്ട് ക്ഷീണിച്ചു. പതിറ്റാണ്ടുകഴിഞ്ഞിട്ടും ഇപ്പോഴും കുടുക്കയും കൊണ്ട് ഡൽഹിക്കുപോ കുന്നുണ്ടത്രെ. ഡൽഹി മലയാളികൾ തളർന്നു. കുടുക്കപ്രേമികൾക്ക് ഇതു വെറുമൊരു കളിക്കുടുക്ക.

*-കുടുക്ക പഴയതായിരിക്കാം.*
*ഡൽഹി ഇന്നും ഡൽഹി തന്നെ!*

**സ്റ്റാറ്റസിനു പറ്റിയതല്ലെന്ന്...**

ട്രാൻസ് ടവറിൽ എം.വി.ഡി. പദ്ധതിയിലേക്ക് മാറ്റിയ മഹതിക്ക് അവി ടുത്തെ ജോലി തന്റെ സ്റ്റാറ്റസിനു ചേർന്നതല്ലെന്ന്. അപ്പോൾ ഋഷി പോക്കൻ: ''കഴിഞ്ഞ അഞ്ചുവർഷം അരിഞ്ഞുവീഴ്ത്തിയ പച്ചക്കറിക ളുടെ സ്റ്റാറ്റസ് അപാരം തന്നെ''.


സ്റ്റാറ്റസിനു ചേരാത്തതാണെങ്കിൽ എന്തിനു തുടരണം? കഴിഞ്ഞ ഭരണം സ്റ്റാറ്റസു നോക്കിയാണോ പാവങ്ങളെ മാറ്റിമറിച്ചത്?

അസ്വസ്ഥയായ മഹതി ഇഷ്ടപ്പെട്ട സ്ഥലത്തേക്ക് തിരിച്ചുപോയി സ്റ്റാ റ്റസ് സംരക്ഷിച്ചു.

*-''അനുഭവിക്കുന്നവർക്കേ വേദനയറിയൂ''...*

**ഇമെയിലേ നീയോ.....**

വഞ്ചിയൂർ രാജ്യത്ത് കൊറിയർ, ബാഗ് കുംഭകോണം നടത്തി ലക്ഷങ്ങൾ അടിച്ചുമാറ്റിയെന്ന് കഴിഞ്ഞ സർക്കാരിന്റെ ധനകാര്യവകുപ്പ് റിപ്പോർട്ട് ചെയ്ത അഴിമതിക്കേസിന്റെ പരിണാമഗുപ്തി കണ്ട് മൂക്കത്ത് വിരൽ വയ്ക്കുകയാണിന്ന് ഹജൂർകച്ചേരി നിവാസികൾ. കട്ടവനെ രക്ഷിക്കാൻ പഴുതുകൾ തലനാരിഴകീറി ഗവേഷണം നടന്ന അതിവേഗം ബഹുദൂ രം സർക്കാരിന്റെ അവസാനദിനങ്ങളിൽ ഒടുവിൽ കുംഭകോണത്തിന്റെ മൂലകാരണം കണ്ടുപിടിച്ചത്രേ. ''സി.ഡി.റ്റിലെ ജീവനക്കാർ സ്വകാര്യ ഇ-മെയിൽ ഔദ്യോഗികാവശ്യത്തിനു ഉപയോഗിക്കുന്നതാണ് സക ലവിധ അഴിമതിക്കും കാരണം''. പ്രശ്നപരിഹാരക്രിയയും അധികാ രികൾ നിർദേശിച്ചത്രേ. ''സി.ഡിറ്റിൽ മേലാൽ ഏവരും ഔദ്യോഗിക




ഇ-മെയിൽ മാത്രമേ ഉപയോഗിക്കാവൂ'' – അതോടെ അഴിമതിയുടെ സർവദോഷങ്ങളും തീരും. സ്ഥിരമായി നടന്നുവരുന്ന തട്ടിപ്പുകൾ അഴിമ തിഗണത്തിൽ പെടുന്നതല്ലായെന്നും മന്ത്രിസാർ ഫയലിൽ കാണിച്ചത്രേ.

*പുല്ലുവിളയിൽ നട്ടപ്പാതിരാനേരത്ത് വൃദ്ധയായ വീട്ടമ്മയെ ആക്രമി ച്ച് ജീവനെടുക്കാൻ തെരുവുനായ്ക്കളെ പ്രേരിപ്പിച്ചത് വീട്ടമ്മ കൈ*

*യിൽ നോൺവെജുമായി വെളിക്കിറങ്ങിയതാണെന്നു പറഞ്ഞ മന്ത്രിക്കൊച്ചമ്മ ഇതിലും എത്രയോ ഭേദം.*

### അണ്ണൻ വീണ്ടും 'ശകുനി'യായി

സി.ഡി.റ്റിൽ ഓണാഘോഷം ആലോചിക്കാൻ മാനേജ്മെന്റ് ഒരു യോഗം വിളിച്ചത്രേ. യോഗസമയം ഉച്ചയ്ക്ക് 12.30. ഒരു മണിക്ക് പിരിഞ്ഞ യോഗത്തിന്റെ മിനിട്സ് മൂന്നുമണിയോടെ എല്ലാവർക്കും ഇ-മെയിലിൽ കിട്ടുന്നു. ഇനിയാണ് അങ്കം തുടങ്ങുന്നത്.

അന്നേദിവസം വൈകിട്ട് ഒരു സമ്മേളനത്തിൽ പങ്കെടുത്തു പ്രസംഗിക്കവേ ഓഫീസ് സമയത്ത് ഓണാഘോഷം നടത്തുന്നതിലെ അനൗചിത്യം ബഹു. മുഖ്യമന്ത്രി സൂചിപ്പിക്കുന്നു. മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടയുടൻ ശകുനിയണ്ണന് മനസ്സിൽ ലഡ്ഡു പൊട്ടി. സടകുടഞ്ഞെണീറ്റ അണ്ണൻ ഓണാഘോഷപരിപാടി മിനിട്സുമായി പത്രം ഓഫീസുകളിലേക്കു പാഞ്ഞു. ചെയർമാനായ മുഖ്യമന്ത്രിയെ ധിക്കരിച്ചു സി.ഡി.റ്റിൽ ഓണാഘോഷം നടത്താൻ തീരുമാനിച്ചു എന്നു പത്രവാർത്ത വരുത്താൻ അണ്ണൻ പിടിപ്പതു നോക്കി. ഇതിലൂടെ മാനേജ്മെന്റിനെ സമൂഹമധ്യേ അവഹേളിക്കുകയായിരുന്നു കാഞ്ഞബുദ്ധി. പക്ഷേ, 'വിവരദോഷി'കളായ പ്രമുഖ പത്രങ്ങളെല്ലാം തന്നെ ഇപ്പം ശരിയാക്കിത്തരാമെന്നു പറഞ്ഞു വേറെ പണിക്ക് പോയി. എന്നാൽ വെള്ളയമ്പലം മുതൽ ശാസ്തമംഗലം വരെ 'കനത്ത' പ്രചാരമുള്ള ഒരു സമ്പൂർണ ദിനപ്പത്രത്തിൽ പിറ്റേന്ന് നാലുകോളം വാർത്ത അച്ചടിച്ചുവന്നത്രേ. തീർന്നില്ല. മിനിട്ട്സിലെ അണ്ണന്റെ പേരു വെട്ടി മറ്റൊരു ഉന്നതന്റെ പേരും തിരുകിക്കയറ്റി. പണ്ടേ തിരുകൽ ആണല്ലോ അറിയാവുന്ന പണി. വാർത്ത ആരും കാണാഞ്ഞിട്ടോ എന്തോ അണ്ണന്റെ പണി പാളി. അങ്ങനെ അണ്ണൻ വീണ്ടും ശകുനിവേഷം കെട്ടിത്തുടങ്ങിപോലും.

*ജാത്യാലുള്ളതു തൂത്താൽ പോവില്ലല്ലോ.*
*ഇതു 'ശരി'യാവില്ല മച്ചാനേ....*

### അസ്ഥാന വിവരദാഹി മലേഷ്യയിൽ

സി.ഡി.റ്റിൽ 'കാങ്ക്രസു'ം നാട്ടിൽ 'സംഘി'യുമായി നടക്കുന്ന മോഹനകുമാരനു ഈയിടെയായി വിവരദാഹം തീരുന്നില്ലത്രേ. സി.ഡി.റ്റിൽ പണിയെടുക്കുന്ന പാവങ്ങളുടെ ജാതകം, സി.ഡി.റ്റിൽ ആദ്യം വന്ന ദിവസം ഇട്ടിരുന്ന ഡ്രെസ്സിന്റെ നിറം ഇത്യാദിയാണ് കുമാരന് ഇപ്പോൾ അറിയേണ്ടത്. പർച്ചേസിങ്ങിലെ തട്ടിപ്പ്, കമ്മീഷനടിയൊക്കെ ബോറടിച്ചുതുടങ്ങിയ കുമാരൻ സൈബർ വിവരങ്ങൾ കൂടുതൽ അറിയുവാനായി മലേഷ്യയിൽ കുടുംബസമേതം അന്വേഷണം തുടങ്ങിയതായി FB വാർത്ത.

*നല്ലതിനായി ദാഹിക്കൂ.*

### ഇന്നേയ്ക്ക് ദുർഗ്ഗാഷ്ടമി...

തെരഞ്ഞെടുപ്പിനു തൊട്ടടുത്ത ദിവസങ്ങളിലെ തിരുവല്ലം രാജസദസ്സ്. രാജപ്രമുഖൻ സിംഹാസനത്തിൽ അസ്വസ്ഥനായിരിക്കുന്നു. തോഴിമാർ വെജിറ്റബിളും പഴങ്ങളുമായി രംഗപ്രവേശം ചെയ്യുന്നു. രാജപ്രമുഖന്റെ മുന്നിൽ ജി-28 എന്ന ഹജൂർ വിളംബരം കാണാം. വിളംബരം വായിച്ച തോഴിപ്രമുഖ രാജപ്രമുഖനോട് മൊഴിഞ്ഞു: ''ഈ വിളംബരം തിരുവല്ലം രാജ്യത്തു നടപ്പാക്കാൻ രാജകൽപ്പന പുറപ്പെടുവിക്കണം''. പുറമേനിന്നും അകമേനിന്നും ഭീഷണിയുള്ളതിനാൽ രാജപ്രമുഖന്റെ മുഖത്ത് വൈമനസ്യം. എന്നാൽ നിശ്ചയദാർഢ്യവും കാണാം. രാജപ്രമുഖൻ വഴങ്ങുന്ന ലക്ഷണം കാണാഞ്ഞ് സഹികെട്ട തോഴി മുടിയഴിച്ചിട്ട് അലറിപോലും: ''ഇന്നേക്ക് ദുർഗാഷ്ടമി...രണ്ടുനാൾ കഴിഞ്ഞാൽ എനക്കു പരീക്ഷ. പരീക്ഷകഴിഞ്ഞു ഞാൻ വരുമ്പോൾ വിളംബരം പുറപ്പെടുവിച്ചിരിക്കണം. ഇല്ലെങ്കിൽ....

തോഴിയുടെ ഉഗ്രശാസനയിൽ അടിതെറ്റി വിളംബരം പുറപ്പെടുവിച്ച് രാജഭരണം പോയി വഴിയാധാരമായി അമ്പലത്തറയിൽ അഭയം തേടിയ രാജപ്രമുഖനെ മുഖം കാണിക്കാൻ തോഴിമാരിൽ ഒന്നിനെപ്പോലും കണ്ടില്ലെന്നു വിലാപകാവ്യം.

*'തോഴി'യാൽ 'ഏറ്റ തൊഴി'.*

വിശേഷങ്ങളുടെ ബാഹുല്യവും വലിയ മറവിയും ലേശം പരിമിതി നിർബന്ധിക്കുന്നുണ്ട്. എങ്കിലും പങ്കുവയ്ക്കാൻ കഴിഞ്ഞവയിലുള്ള പരിഭവങ്ങളും ആക്രമണങ്ങളും പാരകളും പ്രതീക്ഷിക്കുന്നു.

ആരോടും ശത്രുതയില്ലാത്ത നിങ്ങളുടെ സ്വന്തം,
**പാമരൻ**

സാങ്കേതിക പ്രശ്നങ്ങൾ ഏതുമില്ലാതെ
ഏറ്റവും ലളിതവും ആകർഷകവുമായ

# കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നു

കേരളത്തിലെ മറ്റു പിന്നോക്ക, മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്
പുത്തൻ സാങ്കേതിക വളർച്ചയുടെ ഗുണഫലങ്ങൾ സേവനങ്ങളിലൂടെ നൽകുന്ന സ്ഥാപനം



പതിനാലു ജില്ലാ ഓഫീസുകൾക്ക് പുറമേ 6 ഉപജില്ലാ ഓഫീസുകൾ
(വണ്ടൂർ, തിരൂർ, പട്ടാമ്പി, ചേലക്കര, ഹരിപ്പാട്, വർക്കല)
സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, ലഘു വായ്പ തുടങ്ങിയ അനേകം വായ്പാ പദ്ധതികൾ
സമ്പൂർണ്ണ ഓൺലൈൻ സംവിധാനം
നാളിതുവരെ 1808 കോടിയിൽപ്പരം രൂപയുടെ വായ്പാ വിതരണം
3.54 ലക്ഷത്തോളം ഗുണഭോക്താക്കൾ
എസ്. ബി. ടി. യുടെ 700 ൽ പരം ശാഖകളിലൂടെ തിരിച്ചടവിനുള്ള സൗകര്യം
ദേശീയതലത്തിൽ മികച്ച പ്രകടനത്തിനുള്ള നിരവധി പുരസ്കാരങ്ങൾ

വായ്പകൾക്കും കൂടുതൽ വിവരങ്ങൾക്കും ജില്ലാ / ഉപജില്ലാ ഓഫീസുമായി ബന്ധപ്പെടുക

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

(ഒരു കേരള സർക്കാർ സ്ഥാപനം)

KSBCDC

മൂന്നാം നില, സെന്റിനൽ, പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം-35
ഫോൺ: 0471-2577550, 2577539, 2577540 ഫാക്സ്: 0471-2577539 വെബ്സൈറ്റ്: www.ksbcdc.com
(ദാരിദ്ര്യത്തിൽ നിന്നും പിന്നോക്കാവസ്ഥയിൽ നിന്നും മോചനം ലക്ഷ്യമിട്ട് 1995ൽ സ്ഥാപിച്ചത്)
കേരളത്തിലെ മറ്റു പിന്നോക്ക, മതന്യൂനപക്ഷ വിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കായുള്ള സ്ഥാപനം